ആദാൻ
പ്രദാൻ

# ആദ്യത്തെ രാജാവ്
# അർദ്ധം-അപൂർണ്ണം

180
3746

ജഗദീശ്ചന്ദ്ര മാഥൂർ
മോഹൻ രാകേഷ്



3786

അന്തർഭാരതീയ പുസ്തകമാല

# ആദ്യത്തെ രാജാവ്
# അർദ്ധം-അപൂർണ്ണം

3786

# ആദ്യത്തെ രാജാവ്
# അർദ്ധം—അപൂർണ്ണം

ജഗദീശ്ചന്ദ്ര മാഥൂർ

മോഹൻ രാകേഷ്

വിവർത്തനം

വി. ഡി. കൃഷ്ണൻ നമ്പ്യാർ

**നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ**

ന്യൂദൽഹി

1982 (Saka 1903)

© ജഗദീശ്ചന്ദ്ര മാഥൂർ

© അനിതാ രാകേഷ്

മലയാള വിവർത്തനം :

© നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ 1976

Original: PEHLA RAJA, ADHE—ADHURE (Hindi)

Malayalam Title: ADYATE RAJAVU, ARDHAM—APOORNAM

രൂ. 9.00

Published by: The Director, National Book Trust, India
A—5, Green Park. New Delhi—110 016
and Printed at Jayamatha Training Institute Press,
Nalanchira, Trivandrum

# അവതാരിക

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം നമ്മുടെ രാജ്യത്തെ രചനാത്മക പ്രവർത്തനങ്ങളിൽ ഒരു പ്രത്യേക ഉണർവ്വുണ്ടായിട്ടുണ്ടെന്ന കാര്യം ആരും നിഷേധിക്കുമെന്നു തോന്നുന്നില്ല. ഏതാണ്ട് എല്ലാ സർഗ്ഗകലകളിലും മുമ്പെങ്ങും ഉണ്ടാകാത്തവണ്ണം ചൈതന്യത്തിന്റെയും അനുഭവത്തിന്റെയും പുതിയ ചക്രവാളം ഉയർന്നു, നാടകവും സ്റ്റേജും ഇതിനു് അപവാദമായിരുന്നില്ല; എന്നുമാത്രമല്ല, ഹിന്ദിയെ സംബന്ധിച്ചിടത്തോളം, ആദ്യമായി നാടകം സർഗ്ഗപ്രതിഭകളെ അങ്ങോട്ടു് ആകർഷിച്ചു. ഇതിനു മുമ്പു നാടകം ഏറിയകൂറും പാഠപുസ്തകങ്ങൾക്കായി മാത്രമേ എഴുതപ്പെട്ടിരുന്നുള്ളൂ, അവയ്ക്കു സ്റ്റേജുമായി ഒരു ബന്ധവും ഇല്ലായിരുന്നു. കാരണം ഹിന്ദിക്കു സ്വന്തമായി ഒരു സ്റ്റേജുണ്ടായിരുന്നില്ല. തന്മൂലം ആ നാടകങ്ങളൊക്കെ സ്റ്റേജിന്റെ ആവശ്യങ്ങളും സാധ്യതകളും കണ്ടുകൊണ്ടുള്ളവയായിരുന്നില്ല. നാടകത്തെ സംഭാഷണങ്ങളിൽക്കൂടിയുള്ള കഥയുടെ പര്യായമായി എഴുത്തുകാർ കരുതി. സ്റ്റേജിന്റെ അഭാവത്തിൽ അവർക്കു് തങ്ങളുടെ അനുഭവത്തെ നാടകത്തിന്റെ ചട്ടക്കൂട്ടിൽഒതുക്കാനോ അവതരിപ്പിക്കാനോ കഴിഞ്ഞില്ല. ജീവത്തായ അരങ്ങിലല്ലാതെ ജീവിതത്തിന്റെ ശരിയായ നാടകീയരൂപം കാട്ടാനോ, ജീവിതാനുഭവങ്ങളുടെ സ്റ്റേജ് സാധ്യതകളെ പൂർണ്ണമായി ഉൾക്കൊള്ളാനോ കഴിയില്ല.

സ്റ്റേജിന്റെ അഭാവം സ്വാതന്ത്ര്യത്തിനു മുമ്പ് എഴുതപ്പെട്ട എല്ലാ ഹിന്ദി നാടകങ്ങളിലും പ്രകടമാണ്. ഇതിനു് അപവാദം ഭാരതേന്ദു ഹരിശ്ചന്ദ്രനും, ഒരു പരിധിവരെ ജയശങ്കർപ്രസാദും മാത്രമേയുള്ളു. ഭാരതേന്ദുവിന്റെ നാടകങ്ങളിൽ അതുവരെയുള്ള ഏതാണ്ട് എല്ലാ സ്റ്റേജ് പാരമ്പര്യങ്ങളുടെയും സ്വാധീനം കാണാം. അദ്ദേഹം സ്റ്റേജുമായി അടുത്ത ബന്ധം പുലർത്തിപ്പോന്നിരുന്നു

വ്യക്തികൂടിയായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിൻെറ കൃതികളിൽ സംവേദനത്തോടൊപ്പം രൂപപരമായ വ്യക്തതയും ഉണ്ട്. പ്രസാദിൻെറ നാടകങ്ങളിൽ ഭാവതീവ്രത തീർച്ചയായും കൂടും. പക്ഷെ, ഒപ്പം റൊമാൻറിക് കാവ്യദർശനത്തിൻെറ വിസ്താരവും ശബ്ദബാഹുല്യവും കൂടിയുണ്ടാവും. അദ്ദേഹത്തിൻെറ നാടകങ്ങളിൽ പാർസി സ്റ്റേജിൻെറ സ്ഥിരം ടെക്നിക്കുകൾ ധാരാളമായി പ്രയോഗിച്ചിട്ടുണ്ട്, പക്ഷെ സക്രിയമായ അരങ്ങുമായി അടുത്ത ബന്ധം ഇല്ലാതിരുന്നതുകൊണ്ട് ആ നാടകങ്ങളിൽ വിഷയപരവും രൂപപരവും ആയ ഏകാഗ്രതയും മുറുക്കവും വേണ്ടുവോളമില്ല.

പിന്നീടു വന്ന നാടകകൃത്തുക്കളാണെങ്കിൽ സ്റ്റേജുമായി പൂർണ്ണമായും അകന്നുപോയി. ലക്ഷ്മീനാരായൺ മിശ്രയുടെ പ്രശ്നനാടകങ്ങളും ഹരികൃഷ്ണ പ്രേമിയുടെയും വൃന്ദാവൻലാൽവർമ്മയുടെയും ചരിത്രനാടകങ്ങളും സേഠ്ഗോവിന്ദദാസിൻെറയും ഉദയശങ്കർ ഭട്ടിൻെറയും റിയലിസ്റ്റിക് സാംസ്കാരിക നാടകങ്ങളും—എല്ലാം ഏറെക്കുറെ സംഭാഷണങ്ങളിൽ കൂടി എഴുതിയ കൊച്ചുനോവലുകളാണ്. അവയുടെ ഉപയോഗം പാഠപുസ്തകങ്ങളുടെ പരിധിവരെയുള്ളതാണും.

സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഈ സ്ഥിതി മാറി. ബാഹ്യവും ആന്തരികവുമായ പല കാരണങ്ങളാലും സ്റ്റേജിൻെറ കാര്യത്തിൽ അഭിവൃദ്ധിയുണ്ടായി. പുതിയപുതിയ നാടകസമിതികൾ രൂപംകൊണ്ടു. പുതിയപുതിയ സംവിധായകരും നടന്മാരും ഹിന്ദി പ്രദേശത്തെ പല നഗരങ്ങളിലും, വിശേഷിച്ചു ദില്ലി, കൽക്കത്ത, ബോംബെ തുടങ്ങിയ മഹാനഗരങ്ങളിൽ, നാടകം കളിക്കാനായി മുമ്പോട്ടുവന്നു. ഈ പ്രേരണകൊണ്ട് എഴുതപ്പെട്ട ആദ്യ നാടകങ്ങൾ സ്റ്റേജിനു പററിയവയായിരുന്നു. പക്ഷേ അവയിലെ ജീവിതാനുഭവം വളരെ അർത്ഥവത്തോ അഗാധമോ ആയിരുന്നില്ല. ഉപേന്ദ്രനാഥ് അശ്കിൻെറ നാടകങ്ങൾ ഏറെക്കുറെ ഇക്കൂട്ടത്തിൽപ്പെടും.

പക്ഷേ ക്രമേണ സ്റേറജിൻെറയും, അതിൽ പ്രവർത്തിക്കുന്നവരുടെ പ്രതിഭയുടെയും സമ്മർദ്ദം കരുത്തുററ എഴുത്തുകാരെ നാടകത്തിലേക്കു് ആകർഷിച്ചു. അങ്ങനെ ഹിന്ദിനാടകം സമകാലിക സത്യവും, ആ സത്യത്തെ പൂർണ്ണശക്തിയോടും വ്യാപ്തിയോടുംകൂടി അവതരിപ്പിക്കാൻ പററിയ ഭാഷയും അന്വേഷിച്ചു. ഇങ്ങനെ സ്റേറജിൻെറ സാധ്യത വർധിച്ചു. ഒപ്പം നാടകത്തിൻേറയും.

ഈ പ്രക്രിയയോടൊപ്പം, സൃഷ്ടിപരമായ ഏതു പ്രവത്തനത്തിനും പരമപ്രാധാന്യം ഉള്ള മറെറാരു ഘടകം അടുത്ത കാലത്തു് കൂടിച്ചേരുകയുണ്ടായി—പാരമ്പര്യത്തിൻെറ അന്വേഷണം. സ്റേറജിൻെറ കാര്യത്തിൽ ഈ അന്വേഷണം വളരെ അടിസ്ഥാനപരമായ പ്രാധാന്യം ഉള്ളതാണ്. കാരണം ആശയപ്രകാശനത്തിനുള്ള മററു വ്യക്തിപ്രധാനങ്ങളായ സാഹിത്യ രൂപങ്ങളിൽ നിന്നും ഭിന്നമായി, നാടകത്തിൽ, മുമ്പിലുള്ള കാണികളുമായി ആശയവിനി

മയം നടക്കുന്നു. ഇങ്ങനെ കാണികൾ അനിവാര്യമായിത്തന്നെ സൃഷ്ടിപരമായ പ്രതികരണത്തിന്റെ അവശ്യഘടകമായിത്തീരുന്നു. അതുകൊണ്ട് നാടകകൃത്തും നടന്മാരും ഏതെങ്കിലും ഒരു നിലവാരത്തിൽ തങ്ങളുടെ പ്രേക്ഷകരുടെ പരമ്പരാഗതമായ സാംസ്കാരിക പശ്ചാത്തലവുമായി അഗാധബന്ധം അഥവാ താദാത്മ്യം പുലർത്താത്തിടത്തോളം, അവരുടെ സർഗ്ഗസിദ്ധികൊണ്ടു വലിയ പ്രയോജനം ഉണ്ടാവില്ല.

ഹിന്ദി സ്റേറജിന്റെ വികാസവുമായി ബന്ധപ്പെട്ട ഈ പ്രധാന പ്രശ്നങ്ങളെപ്പററി ചിന്തിക്കുന്ന സ്വാതന്ത്ര്യോത്തര ഹിന്ദി നാടക കൃത്തുക്കളിൽ ജഗദീശ്ചന്ദ്രമാഥുരും മോഹൻ രാകേശും പ്രമുഖരാണ്. പലതുകൊണ്ടും ഈ രണ്ടു നാടകകൃത്തുക്കളുടെയും പ്രവർത്തനം, ഹിന്ദി നാടകത്തിനു്, രാജ്യത്തെ ആകെക്കൂടിയുള്ള നാടക സാഹിത്യത്തിന്റെ പരിപ്രേക്ഷ്യത്തിൽ, മാന്യമായ ഒരു സ്ഥാനം നേടിക്കൊടുത്തു. ജഗദീശ്ചന്ദ്രമാഥുർ, ഏകാങ്ക നാടകങ്ങളിൽ കൂടി, ഹിന്ദി നാടകത്തിനു സംവേദനക്ഷമമായ നല്ല ഭാഷയും സക്ഷമമായ സ്റേറജും അമ്പതുകളിൽത്തന്നെ കണ്ടെത്തി. മോഹൻ രാകേശിന്റെ നാടകങ്ങളാകട്ടെ, പിന്നീടുള്ള നേട്ടങ്ങളുടെ പട്ടികയിൽപ്പെടുന്നു.

ജഗദീശ്ചന്ദ്രമാഥുറിന്റെ മൂന്നു പൂർണ്ണ നാടകങ്ങളേ ഇതുവരെ പ്രസിദ്ധം ചെയ്തിട്ടുള്ളു—'കൊണാർക്കു്', 'ശാരദിയാ', 'പഹ്ലാ രാജാ' (ആദ്യത്തെ രാജാവു്). ഈ മൂന്നു നാടകങ്ങളിലും മാഥുർ കഴിഞ്ഞ കാലത്തിന്റെ മാധ്യമത്തിൽകൂടി സമകാലിക ജീവിതസത്യം അന്വേഷിക്കുന്നു. പക്ഷേ പല നിലയ്ക്കും അദ്ദേഹത്തിന്റെ സേവനം ചരിത്രപരമായ പ്രാധാന്യം ഉള്ളതാണ്. ആദ്യമായി അദ്ദേഹത്തിന്റെ നാടകങ്ങളിലാണ് ശക്തമായ നാടകീയ സംയോജനവും, അർത്ഥവത്തായ നാട്യഭാഷയും രൂപംകൊണ്ടതു്. വിഭിന്ന നിലവാരം പുലർത്തുന്നതാണെങ്കിലും ആ ഭാഷ, സംസാരഭാഷയുടെ തൊട്ടടുത്തു നിൽക്കുന്നു. ഹിന്ദിയിലെ മററു നാടകകൃത്തുക്കൾ ചെറിയ ചെറിയ ഉപരിതല പ്രശ്നങ്ങളിൽ അലഞ്ഞു നടന്നപ്പോൾ, മാഥുർ വ്യക്തിയുടെ അഗാധവും തീവ്രവുമായ ധർമ്മസങ്കടങ്ങളും മാനസിക സങ്കർഷങ്ങളും തന്റെ നാടകങ്ങളിൽ അവതരിപ്പിക്കാൻ ശ്രമിച്ചു. 'കൊണാർക്കി'ലും 'ശാരദിയ'യിലും സർഗ്ഗശക്തിയുള്ള വ്യക്തിയുടെ മാനസിക അന്തർദ്വന്ദ്വങ്ങളും, ബാഹ്യലോകവുമായുള്ള ഏററുമുട്ടലും അതിൽനിന്നുണ്ടാകുന്ന പ്രശ്നങ്ങളും കാണാം. ഇതു് ഒരുപക്ഷേ ഹിന്ദി സാഹിത്യരംഗത്തെ വലിയ ഒരു സംഭവമാണ്. കാരണം ഇക്കാലത്തെ എല്ലാ കാവ്യങ്ങളിലും കഥാസാഹിത്യത്തിലും ഇതു വിവിധ രീതികളിൽ പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് രാകേശിന്റെ 'ആഷാഡ്കാ ഏക് ദിന്നി'ലും ഇതു കാണാം, നാടകത്തിലാദ്യമായി ഈ അന്തർസംഘർഷം അവതരിപ്പിച്ച് നാടകരചനയെ സാഹിത്യത്തിന്റെ പ്രധാന ധാരയുമായി കൂട്ടിച്ചേർക്കാനുള്ള ആരംഭം കുറിച്ചു എന്നതാണ് ജഗദീശ്ചന്ദ്രമാഥുറിന്റെ മഹത്വം.

'പഹ്ലാ രാജാ' (ആദ്യത്തെ രാജാവ്) അദ്ദേഹത്തിൻെറ മൂന്നാമത്തെ നാടകമാണ്. ഇതിൽ അദ്ദേഹം തൻെറ ആദ്യത്തെ രണ്ടു നാടകങ്ങളേക്കാൾ കുറെക്കൂടി പഴയ കാലത്തേക്കു പോയിരിക്കുകയാണ്. വൈദിക കാലത്തിൻെറ പരിപ്രേക്ഷ്യത്തിൽ രാജാവും വ്യക്തിയും, അധികാരവും സ്വാതന്ത്ര്യവും വർഗ്ഗഗതസ്വാർത്ഥവും നീതിയും തുടങ്ങിയുള്ള അടിസ്ഥാനപരമായ സമകാലിക പ്രശ്നങ്ങൾ ഈ നാടകത്തിൽ അവതരിപ്പിച്ചിരിക്കുന്നു. വിഷയ വസ്തുവിൻെറ സന്ദർഭഗ്വണംകൊണ്ടു് ഈ നാടകം വളരെ വിശേഷമാണ്.

ജഗദീശ്ചന്ദ്രമാഥുറിനു് ഇന്നാട്ടിലെ നാടക പാരമ്പര്യത്തിൽ താൽപര്യമുണ്ടു്. അദ്ദേഹം പാരമ്പര്യത്തിൻെറ കണ്ണികളെ പല രീതിയിൽ അന്വേഷിക്കാറുമുണ്ടു്. 'പഹ്ലാ രാജാ'യിലും ഈ അന്വേഷണത്തിൻെറ തെളിവു കിട്ടും. അദ്ദേഹം 'മിത്തി'നെ ഒരേ സമയം പല അർത്ഥത്തിൽ ധ്വനിപ്പിക്കാറുണ്ടു്, ഇതിനായി അദ്ദേഹം പരമ്പരാഗതമായ നാടക വിശ്വാസങ്ങളും, രീതികളും, യുക്തികളും ഉപയോഗിച്ചിരിക്കുന്നു. സൂത്രധാരനും നടിയും, സമാന്തര കാര്യ വ്യാപാരങ്ങളും, ദേശകാലത്തിൻെറ സാങ്കല്പിക സംയോജനവും മററും ഉദാഹരണങ്ങളാണ്. ഇങ്ങനെ ഒരു പുതിയ നാടകരൂപം അന്വേഷിക്കുകയും, അതിനുവേണ്ടി പരമ്പരാഗതമായ യുക്തികൾ സമാവേശിപ്പിക്കുകയും ചെയ്യുന്ന 'പഹ്ലാ രാജാ' സമകാലിക ഹിന്ദി നാടകങ്ങളിൽ കൗതുകകരമായ ഒരു പരീക്ഷണമാണ്.

പക്ഷെ, താൻ ഒരു പുതിയ നാടകരൂപത്തിൻെറ അന്വേഷണത്തിൽ കുരുങ്ങിപ്പോയതു കാരണം, കഥാവസ്തുവിനെയും അതിനു രൂപം കൊടുക്കുന്ന പാത്രങ്ങളെയും വേണ്ട ആഴത്തിൽ സൂക്ഷ്മമായി കാണാൻ നാടകകൃത്തിനു് കഴിഞ്ഞിട്ടില്ലെന്നു തോന്നുന്നു. 'പഹ്ലാ രാജാ'യിൽ സന്ദർഭങ്ങൾ സംയോജിപ്പിച്ചതു തീർച്ചയായും നാടകീയമായിട്ടുണ്ടു്. പക്ഷേ അദ്ദേഹം യുക്തികളുടെ പുതുമയിൽ കുരുങ്ങി കിടക്കുന്നു, അഥവാ സ്ഥിതിവിശേഷങ്ങളുടെ അന്തർദ്വന്ദ്വങ്ങൾ അവതരിപ്പിക്കുമ്പോൾ അവയുടെ അർത്ഥവ്യാപ്തി കണ്ടെത്താതിരിക്കുന്നു. തന്മൂലം ഒരു ഉപരിപ്ളവമായ നാടകീയത്വമേ ഉണ്ടാകുന്നുള്ളു. നാടക പാരമ്പര്യത്തിൻെറ സൂക്ഷ്മ വിദ്യാർത്ഥിയും പരിശ്രമശാലിയും ആയതുകൊണ്ടു്, അദ്ദേഹത്തിൻെറ നാട്യസംയോജനത്തിൽ—വിശേഷിച്ചും, പാത്രങ്ങളുടെയും സന്ദർഭങ്ങളുടെയും കാര്യത്തിൽ—പലയിടത്തും പാർസി സ്റ്റേജിൻെറ സ്വാധീനം കാണാം. അതുപോലെതന്നെ റേഡിയോ പ്രക്ഷേപണവുമായി വളരെക്കാലം പല രീതിയിലും ബന്ധപ്പെട്ടതുകൊണ്ടു്, അദ്ദേഹത്തിൻെറ നാടകങ്ങളിൽ ശബ്ദങ്ങൾക്കും ശബ്ദപ്രഭാവത്തിനും വലിയ സ്ഥാനമുണ്ടു് വിഷയത്തിൻെറ സാർത്ഥകത്വം, സന്ദർഭഗ്വണം, പുതിയ നാടകരൂപത്തിനുവേണ്ടിയുള്ള ആത്മാർത്ഥമായ അന്വേഷണം എന്നിവയെപ്പോലെ, നാടകീയ തീവ്രതയും വിസ്ഫോടകത്വവും കൂടി ഉണ്ടായിരുന്നെങ്കിൽ 'പഹ്ലാ രാജാ' കുറെക്കൂടി മഹത്തായ കൃതി ആയിത്തീർന്നേനേ,

ഭാഷയുടെ കാര്യത്തിൽ 'പഹ്‌ലാ രാജാ' രസകരമാണ്. ഇതിൽ പരമ്പരാഗതമായ സാഹിത്യ ഭാഷയോടും കാവ്യാത്മക പ്രയോഗങ്ങളോടുമൊപ്പം സംസാരഭാഷയും പ്രയോഗിച്ചിട്ടുണ്ട്. പലയിടത്തും റൊമാൻറിക് സ്വാധീനം കാണാം എന്നതിൽ സംശയമില്ല. ഹിന്ദിയിലെ സമകാലിക സർഗ്ഗരചനകളിലെപ്പോലെ എല്ലാം വെട്ടിത്തുറന്നു പറയുന്ന രീതി ഇതിലില്ല; എങ്കിലും സ്വാഭാവികതയും നാടകീയ സംക്ഷേപവും വേണ്ടുവോളം ഉണ്ട്. മൊത്തത്തിൽ 'പഹ്‌ലാ രാജാ' ഹിന്ദി നാടകത്തിന്റെ പല സാധ്യതകളും തുറന്നു കാട്ടുന്നുണ്ട്.

യഥാർത്ഥത്തിൽ ഹിന്ദി നാടക രചനയ്ക്ക് ഏററവും കൂടുതൽ ശക്തിയും മഹത്വവും ലഭിച്ചത് മോഹൻ രാകേശിന്റെ നാടകങ്ങളിൽ നിന്നാണ്. അദ്ദേഹത്തിന്റെയും പൂർണ്ണനാടകങ്ങൾ മൂന്ന് എണ്ണമാണുള്ളത്—നാലാമത്തേത് അടുത്തുതന്നെ പ്രസിദ്ധം ചെയ്യേക്കും. ആദ്യത്തെ രണ്ടു നാടകങ്ങളിലും—'ആഷാഢ് കാ ഏക് ദിൻ'–ലും 'ലഹരോം കേ രാജഹംസ്''ലും ജഗദീശ്ചന്ദ്രമാഥുറിന്റെ നാടകങ്ങളിലെപ്പോലെ കഴിഞ്ഞ കാലത്തിന്റെ, പശ്ചാത്തലത്തിൽ ആധുനിക വ്യക്തിയുടെ ആന്തരിക സംഘർഷം അവതരിപ്പിച്ചിരിക്കുകയാണ്. 'ആഷാഢ് കാ ഏക് ദിൻ' ഒരുവശത്ത് എഴുത്തുകാരന്റെ അന്തർദ്വന്ദ്വം—സൃഷ്ടിപരമായ പ്രവത്തനവും സ്നേഹവും തമ്മിലുള്ള അന്തർവിരോധം–വരച്ചുകാട്ടുമ്പോൾ മറുവശത്ത്, എഴുത്തുകാരന്റെ ഈ അനിശ്ചിതാവസ്ഥയുടെ ചുഴിയിൽപ്പെട്ട ഒരു പാവം പെണ്ണിന്റെ–പ്രണയത്തിനുവേണ്ടി സ്വയം സമർപ്പിക്കപ്പെട്ട ഒരു സ്ത്രീയുടെ–ജീവിതദുരന്തം അവതരിപ്പിക്കുന്നു. 'ലഹരോം കേ രാജഹംസ'ത്തിൽ അനേകതരത്തിലുള്ള ആകർഷണങ്ങളുംസമ്മർദ്ദങ്ങളുംകൊണ്ടു ചുററിയ മനുഷ്യൻ, സ്വന്തം നിലനിൽപും സ്വന്തം മാർഗവും തിരഞ്ഞെടുക്കുന്നു. അങ്ങനെ ഈ രണ്ടു നാടകങ്ങളും കഴിഞ്ഞ യുഗങ്ങളിലെ പരിചിതരായ കഥാപാത്രങ്ങളെപ്പററിയുള്ളതാണെങ്കിലും, അടിസ്ഥാനപരമായി ഇന്നത്തെ മനുഷ്യന്റെ പ്രയാസങ്ങളും, കുണ്ഠിതങ്ങളും, സംത്രാസവും അവതരിപ്പിക്കുന്നവയാണ്. രാകേശിന്റെ നാടകരചനയുടെ ഒരു മേന്മ, അദ്ദേഹം പ്രധാന കഥാവസ്തുവിന്റെകൂടെ, പ്രാസംഗികമായി ആചാരങ്ങളിലും മനസ്സിലുമുള്ള മററു പല അന്തർവിരോധങ്ങളെയും സ്പർശിക്കുന്നു എന്നതാണ്. "ആഷാഢ് കാ ഏക് ദിന്നി"ൽതന്നെ എഴുത്തുകാരനും രാജ്യവും തമ്മിലും, ആത്മപ്രകാശനവും രാജാധികാരവും തമ്മിലുമുള്ള സംഘർഷത്തിന്റെ ചിത്രണം കാണാം. ജീവിതത്തിലെ മററു പല സമകാലിക പ്രശ്നങ്ങളോടൊപ്പം ജീവിതത്തിൽ അനുസ്യൂതമായി കാണപ്പെടുന്ന വൈഷമ്യങ്ങളും എടുത്തുകാട്ടിയിട്ടുണ്ട്.

പല നിലയ്ക്കും 'ആഷാഢ് കാ ഏക് ദിൻ' രാകേശിന്റെ നാടകങ്ങളിലെന്നല്ല, ആധുനിക ഹിന്ദി നാടകത്തിലെതന്നെ, സമൃദ്ധവും സംവേദനക്ഷമവുമായ കൃതിയാണ്. പക്ഷേ പാത്രങ്ങളും സന്ദർഭങ്ങളും കഴിഞ്ഞകാലത്തെ

യായതുകൊണ്ട് അതിന്റെ പൂർണ്ണമായ അർത്ഥവ്യാപ്തി വേണ്ട വികാരതീവ്രതയോടെ ഉൾക്കൊള്ളുവാൻ കഴിഞ്ഞിട്ടില്ല. രാകേശിന്റെ മൂന്നാമത്തെ നാടകമായ 'ആധേ–അധൂരെ' (അർദ്ധം—അപൂർണ്ണം)യിൽ ഇക്കാര്യം അദ്ദേഹം സാധിച്ചിട്ടുണ്ട്. സമകാലിക ജീവിതത്തിലെ വൈരുദ്ധ്യങ്ങളെ ശരിക്കു തുറന്നുകാട്ടാനുള്ള ശ്രമമാണ് ഈ കൃതി. തന്മൂലം ഇതു് വളരെ പ്രചാരവും ജനസ്വാധീനവും നേടി. 'ആധേ–അധൂരെ'യുടെ പ്രദർശനവും പ്രസിദ്ധീകരണവും കഴിഞ്ഞപ്പോൾ രാകേശിന്റെ നാടകപ്രതിഭക്കു വ്യാപകമായ അംഗീകാരം ലഭിക്കുകയുണ്ടായി. 'ആധേ–അധൂരെ'യിലും രണ്ടു മുൻനാടകങ്ങളിലെപ്പോലെ സ്ത്രീ–പുരുഷ ബന്ധങ്ങളും, അവരുടെ ആവശ്യങ്ങളും, വൈരുധ്യങ്ങളും കണ്ടെത്താനുള്ള ശ്രമംതന്നെ കാണാം.

'ആധേ–അധൂരെ'യിലെ സാവിത്രി ഇടത്തരം കുടുംബത്തിലെ ഉദ്യോഗസ്ഥയായ കുടുംബിനിയാണ്. അവൾ തനിക്കു് ഒരു പൂർണ്ണജീവിതവും പൂർണ്ണപുരുഷനും ആഗ്രഹിക്കുന്നു. പൂർണ്ണതയെപ്പററിയുള്ള അവളുടെ സങ്കല്പം തികച്ചും വൈയക്തികമാണെന്നു മാത്രമല്ല, വൈരുദ്ധ്യപൂർണ്ണവും, ഒരു പരിധിവരെ ആത്മഹത്യാപരവും കൂടിയാണ്. അവളുടെ അന്വേഷണവും ആഗ്രഹവും അവളുടെതന്നെ, ജീവിതത്തെ തകർക്കുകയും അപൂർണ്ണമാക്കുകയും ചെയ്യുന്നു. അവൾ ഏതൊക്കെ പുരുഷന്മാരുമായി സമ്പർക്കത്തിലേർപ്പെട്ടു് തന്റെ ആവശ്യം നിറവേറിക്കാണാൻ ആഗ്രഹിച്ചുവോ അവരൊക്കെ അവളെ നിരാശപ്പെടുത്തിയതിൽ ആശ്ചര്യമില്ല, അവരുടെയൊക്കെ മുഖം മൂടി വെവ്വേറെയാണെങ്കിൽക്കൂടി, എല്ലാവരുടെയും മുഖം ഒന്നുതന്നെയാണെന്നു അവൾക്കു തോന്നുന്നു. താൻ ജീവിക്കുന്ന വ്യക്തിപരവും സാമൂഹ്യവുമായ ചുററുപാടുകളുടെ വലയത്തിൽനിന്നു അവൾക്കു് മോചനമില്ല. തന്നെയല്ല, തന്റെ മകളുടെ ജീവിതത്തിലും അതു് പുനരാവർത്തിക്കുമെന്നു് അവൾക്കു തോന്നുന്നു. സാവിത്രിയുടെയും മഹേന്ദ്രനാഥിന്റെയും ബന്ധത്തിലുണ്ടാകുന്ന ശൈഥില്യം അവരുടെ കുടുംബജീവിതത്തെ പാടേ തകർക്കുന്നു. ഈ നാടകം നമ്മുടെ സമകാലിക ജീവിതയാഥാർത്ഥ്യത്തിന്റെ ഒരു പ്രത്യേകവശം അവതരിപ്പിക്കുന്നതുകൊണ്ടു്, സാധാരണ പ്രേക്ഷകർക്കു് ഇതിൽ പലയിടത്തും സ്വന്തം ജീവിതത്തിന്റെ ഏകദേശരൂപം കാണാൻ കഴിയുന്നു. അവർ അതിൽ ലയിച്ചുചേരുന്നു.

ഈ പ്രമേയത്തിനു വലിയ ആഴമോ പുതുമയോ ഇല്ല എന്നതു ശരിതന്നെ. സമകാലിക ജീവിതത്തിൽ സ്ത്രീ–പുരുഷ ബന്ധങ്ങൾ തകരുന്നതോ, രൂപം കൊള്ളുന്നതോ അഥവാ അവയിൽ പരസ്പര വൈരുദ്ധ്യങ്ങൾ ഉയർന്നുവരുന്നതോ സംബന്ധിച്ചുള്ള സൂക്ഷ്മവും വിസ്ഫോടകവുമായ ഒരു സത്യവും ഇതിൽ അവതരിപ്പിച്ചിട്ടില്ല. പക്ഷേ സീമിതമാണെങ്കിൽക്കൂടി നാടകത്തിലെ യാഥാർത്ഥ്യം വിശ്വസനീയവും രോചകവുമാണ്. മററു ഹിന്ദി നാടകങ്ങളുമായി ഒത്തുനോക്കുമ്പോൾ, ആരെയും എളുപ്പം ആകർഷിക്കാനുള്ള ശക്തി ഇതിനുണ്ടു്.

നാടകത്തിന്റെ മറെറാരു മേന്മ ഇതിലെ ഭാഷയാണ്. 'ആധേ-അധൂരെ' യിലെ പ്രയോഗങ്ങരം സ്റ്റേജിലേക്കു ശക്തിമത്തും, സംസാരിക്കാൻ എളുപ്പമുള്ളതും, സ്വാഭാവികവുമാണെന്നു മാത്രമല്ല, ഹിന്ദി നാടകങ്ങളിൽ വളരെ ചുരുക്കമായി മാത്രം കാണാറുള്ള സൂക്ഷ്മതയും ചെത്തിമിനുക്കലും, ഏകാഗ്രതയും, ആശയവിനിമയ ശക്തിയും ഇതിൽ കാണാം. രാകേശ് രൂപപരമായ ഒരു പുതുമയും ഇതിൽ ഉരംക്കൊള്ളിച്ചിട്ടുണ്ട്—ഒരേ നടൻതന്നെ അഞ്ചു പുരുഷപാത്രങ്ങളുടെ ഭാഗം അഭിനയിക്കുക. മുഖംമൂടി വെവ്വേറെ ആണെങ്കിൽകൂടി മുഖം വാസ്തവത്തിൽ ഒന്നുതന്നെയാണെന്നും, പ്രശ്നം ഏതെങ്കിലും ഒരു പുരുഷന്റെയോ ഒരു സ്ത്രീയുടെയോ മാത്രമല്ലാതെ, ഏതു പുരുഷന്റെയോ ഏതു സ്ത്രീയുടെയോ ആകാം എന്നും കാണിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ഈ യുക്തികൊണ്ട് സ്റ്റേജിനു് ഒരു പുതിയ മാനം ലഭിച്ചിരിക്കുന്നു. പക്ഷേ നാടകത്തിൽ ഏതു് അനുഭവത്തെ ഏതു രൂപത്തിൽ അവതരിപ്പിച്ചിരിക്കുന്നുവോ, അതു് അത്രയും വ്യാപകവും സാർവ്വജനീനവും അല്ലാത്തതുകൊണ്ട്, രൂപപരമായ പുതുമയിൽകവിഞ്ഞ അർത്ഥം ഈ യുക്തികൊണ്ട് കിട്ടുന്നില്ല. എന്നു മാത്രമല്ല, പലനിലയ്ക്കും നാടകത്തിന്റെ സീമിതമായ ശക്തി പൂർണ്ണമായും പകർന്നുകൊടുക്കാൻ ഇതു തടസ്സമാകുകയും ചെയ്യുന്നു. അപ്പോരം പ്രേക്ഷകന്റെ, അഥവാ, വായനക്കാരന്റെ ശ്രദ്ധ മറെറാരിടത്തേക്കു തിരിയുന്നു. എങ്കിലും മൊത്തത്തിൽ നാടകത്തിന്റെ രൂപം അതിന്റെ യഥാതഥമായ ചട്ടക്കൂട്ടിനുള്ളിൽ വേണ്ടത്ര ഏകാഗ്രവും ശക്തിമത്തും ആണ്. അതിന്റെ നിർമ്മാണത്തിൽ കരവിരുതും കാണാം. ഇക്കാരണത്താലാണ് 'ആധേ-അധൂരെ' അവതരിപ്പിച്ചിട്ടുള്ളിടത്തൊക്കെ അതു വളരെ വിജയകരമായി തീർന്നതു്. രാജ്യത്തെ അനേകം ഭാഷകളിൽ ഉണ്ടായ ഇതിന്റെ പരിഭാഷകരംക്കു് വളരെ ജനപ്രീതി നേടാൻ കഴിഞ്ഞതും ഇതുകൊണ്ടാണ്. മോഹൻ രാകേശിന്റെ 'അധേ-അധൂരെ', അതിന്റെ എല്ലാ കുറവുകളോടുംകൂടിത്തന്നെ, സമകാലിക ഭാരതീയ സ്റ്റേജിലെ എടുത്തുപറയത്തക്ക ഒരു മഹത്കൃതിയാണെന്നതിൽ സംശയം വേണ്ട.

ഹിന്ദിയിലെ നാടക രചന കഴിഞ്ഞ 15-20 വർഷങ്ങളായി ഏതൊക്കെ ചുററുപാടുകളിൽകൂടി കടന്നുപോയോ, അതിന്റെ എല്ലാ ദൗർബല്യങ്ങളും ശക്തിയും ഈ രണ്ടു നാടകങ്ങളിൽ കാണാം. കുറെക്കാലമായി, ഹിന്ദിക്കു് സ്വന്തമായി, നിയമബദ്ധവും വികസിതവുമായ സ്റ്റേജില്ലായിരുന്നു. അതുകൊണ്ട് ഹിന്ദി നാടകകൃത്തിനു സൗകര്യവും ഉണ്ടായിരുന്നു. ബംഗാളിലും, മറാഠിയിലും, ഗുജറാത്തിയിലും മററും നാടകകൃത്തുക്കരംക്കു സാധാരണ ചെയ്യേണ്ടിവന്നതുപോലെ, അയാരംക്കു് വ്യാവസായിക സമ്മർദ്ദംകൊണ്ടും തന്റെ കൃതി കീറിമുറിക്കുകയും, വികൃതമാക്കുകയും ചെയ്യേണ്ടിവന്നില്ല. മറെറാന്നു്, ഏതെങ്കിലും പുതിയ എഴുത്തുകാരനു് നാടകം എഴുതിത്തുടങ്ങത്തക്കവണ്ണം പരിഷ്കൃതവും ഫലപ്രദവുമായ ഉപകരണങ്ങളൊന്നും കിട്ടാനില്ലായിരുന്നു എന്നതാണ്. ഇന്നത്തെ ഹിന്ദി നാടകകൃത്തു് യഥാർത്ഥ നാടകങ്ങ

ളിലെപ്പോലെ, മനുഷ്യ സ്വഭാവത്തെ നിയന്ത്രിക്കുന്ന ആഭ്യന്തരവും ബാഹ്യവുമായ ശക്തികളെ തൻെറ കൃതിയിൽ സംയോജിപ്പിക്കാനാഗ്രഹിക്കുന്നു. കൂടാതെ പടിഞ്ഞാറൻ നാടകങ്ങളുടെ വെറും അനുകരണമാകാതെ, ഏതെങ്കിലും അഗാധതലത്തിൽ, നമ്മുടെ രാജ്യത്തിൻെറ പരമ്പരാഗതമായ സൗന്ദര്യബോധവും നാടകപാരമ്പര്യവും കൂട്ടിയിണക്കിയ ഒരു പുതിയ നാടകരൂപം കണ്ടെത്താനായി അയാൾ ഉഴലുന്നു. ഒരു തരത്തിൽ ഇതു് വിപുലമായ പ്രേക്ഷക സമൂഹവുമായി ബന്ധപ്പെടാനും തൻെറ അഭിപ്രായം അവരിലേക്കു എത്തിപ്പാനുമുള്ള ആവശ്യം കൂടിയാണു്. ലോകത്താകമാനം, നാടകത്തിൻെറ രൂപം മാറിക്കൊണ്ടിരിക്കുന്നതിനിണങ്ങുമാറു് സിനിമ, ടെലിവിഷൻ എന്നിവപോലുള്ള സാമൂഹ്യ മാധ്യമങ്ങളുമായുള്ള മൽസരത്തിൽ, അവയിൽ നിന്നും ഭിന്നമായി സ്വയം നിലനില്ക്കുന്നതിനു് ഇതു് അനിവാര്യമാണുതാനും. 'ആധേ-അധൂരെ' (അർദ്ധം-അപൂർണ്ണ)യും 'പഹ്ലാ രാജാ' (ആദ്യത്തെ രാജാവു്)യും ഹിന്ദി നാടകരചനയിലെ ഈ രണ്ടു പ്രവണതകളെയും സൂചിപ്പിക്കുന്നു.

—നേമിചന്ദ്ര ജൈൻ

# ആദ്യത്തെ രാജാവു്

പല സുഹൃത്തുക്കളും എന്നോടു ചോദിച്ചു—''താങ്കളുടെ പുതിയ നാടകം ഐതിഹാസികമാണോ പൗരാണികമാണോ അതോ യഥാതഥമോ?''

ഓരോ നാടകകൃത്തിനെയും അയാളുടെ അനുഭവസീമയിലുള്ള പ്രശ്നങ്ങളും പരിതഃസ്ഥിതികളും ആണു് അസ്വസ്ഥമാക്കുന്നതു്. അവയെ വെളിച്ചത്തു കൊണ്ടുവരാനായി അയാൾ കഥാപാത്രങ്ങളും സന്ദർഭങ്ങളും അന്വേഷിക്കുന്നു. അവയെ അയാൾ സ്റ്റേജിന്റെ പരിധിക്കുള്ളിൽ ഒതുക്കുന്നു.

ഇതുതന്നെയാണു് ഞാൻ ഈ നാടകത്തിൽ ചെയ്തിട്ടുള്ളതു്.

പ്രധാന കഥാപാത്രങ്ങളും സന്ദർഭങ്ങളും ഞാൻ പൗരാണിക സാഹിത്യത്തിൽനിന്നും വൈദിക സാഹിത്യത്തിൽനിന്നും സ്വീകരിച്ചു. പക്ഷേ അതുകൊണ്ടുമാത്രം ഇതിനെ പൗരാണികനാടകമെന്നു പറയാൻ നിവൃത്തി ഇല്ല. പശ്ചാത്തലത്തിലെ കുറെ ഭാഗങ്ങളും കുറെ സൂത്രങ്ങളും മോഹംജദാരോ—ഹാരപ്പാ സംസ്കാരത്തിന്റെ അവശിഷ്ടങ്ങളുമായി ബന്ധപ്പെട്ടതാണു്. പക്ഷേ അതുകൊണ്ടും ഇതു് ഐതിഹാസികനാടകം ആകുന്നില്ല. കുറെ സംഭാഷണം ആധുനികഗ്രാമ്യഭാഷയിലാണു്. പാട്ടുകളിൽ നാടൻ ശൈലിയുടെ സ്വാധീനം ഉണ്ടു്. പക്ഷേ അതുകൊണ്ടു മാത്രം നാടകത്തെ റിയലിസ്റ്റിക് നാടകമായി കണക്കാക്കാൻ പറ്റില്ല.

ഈ നാടകത്തിൽ ഞാൻ നിബന്ധിപ്പിച്ചിരിക്കുന്ന പ്രശ്നങ്ങൾക്ക് വൈദിക—പൗരാണിക സാഹിത്യങ്ങൾ, പുരാവസ്തു ഗവേഷണം, ചരിത്രം, നാടൻ പാട്ടുകൾ, ഗ്രാമ്യഭാഷ എന്നിവയിൽനിന്നൊക്കെ പ്രതീകങ്ങൾ ലഭിച്ചിട്ടുണ്ട്.

ആ പ്രശ്നങ്ങൾ തികച്ചും ആധുനികമാണ്. അവ ഞാൻ നേരിട്ടനുഭവിച്ച യാഥാർത്ഥ്യങ്ങളാണ്.

അപ്പോൾ ഈ നാടകം പൗരാണികമല്ല, ഐതിഹാസികമല്ല, യഥാതഥമല്ല. ഇതു് ഒരു മോഡേൺ അലിഗറി—ആധുനിക അന്യോക്തിയുടെ നാടകരൂപം—ആണ്.

ഞാൻ പറയുന്നതു് പുതിയകാര്യമൊന്നുമല്ല. ബർണാഡ്ഷാ (ജോൺ ഓഫ് ആർക്ക്), ക്രിസ്റ്റോഫർ ഫ്രൈ (ദി ഫസ്റ്റ് ബോൺ), ഡി. എച്ച്. ലോറൻസ് (ഡേവിഡ്), ജോ എനൽഹി (ട്രോജൻ വാർ), ബ്രേഖ്ത്ത് (ഗലീലിയോ) തുടങ്ങി അനേകം ആധുനികനാടകകൃത്തുക്കൾ പ്രാചീനകഥാപാത്രങ്ങളും സന്ദർഭങ്ങളും പരിതഃസ്ഥിതികളും ഉപയോഗിച്ച് സ്റ്റേജിൽ സമകാലിപ്രശ്നങ്ങൾ അപഗ്രഥിച്ചിട്ടുണ്ട്. ഒരു അത്യാധുനിക ഇററാലിയൻ ഫ്ലിം ഡയറക്ടർ—പാസ്സോളിനി—അടുത്ത കാലത്തു ക്രിസ്തുവിന്റെ ജീവിതത്തെ ഉപജീവിച്ച് ആധുനിക ജീവിതത്തിലെ അസാംഗത്യങ്ങളിലേക്കു വെളിച്ചം വീശിയിട്ടുണ്ട്.

'ആദ്യത്തെ രാജാവും' അതുപോലെയുള്ള ഒരു പരീക്ഷണ നാടകമാണ്.

അത്യന്തം സങ്കോചത്തോടും വിനയത്തോടും കൂടി ഞാൻ സഹൃദയരായ കാണികളുടെയും വായനക്കാരുടെയും മുമ്പിൽ ഈ പരീക്ഷണം അവതരിപ്പിക്കുകയാണ്. കാരണം വർദ്ധിച്ചു വരുന്ന പ്രായവും അനുഭവങ്ങളും ഉണ്ടായിട്ടും പരീക്ഷണം നടത്താനുള്ള ആവേശം എന്നെ പിടികൂടിയിട്ടുണ്ട്. എങ്കിലും ആവേശത്തിന്റെയും ഉത്സാഹത്തിന്റെയും കൊടുംകാററു് ഇപ്പോൾ എന്നെ പറത്തിക്കൊണ്ടു പോകാറില്ല. മുമ്പു ഞാൻ വെല്ലുവിളിയോടെ എന്റെ കൃതികളുടെ പുതുമ ഉച്ചൈസ്തരം ഉദ്ഘോഷിക്കുമായിരുന്നു.

രാധാകൃഷ്ണ പ്രകാശനിലെ ശ്രീ ഓംപ്രകാശ് തുടർച്ചയായി സ്നേഹവും നിർബന്ധവും കാണിച്ചില്ലായിരുന്നെങ്കിൽ ഒരു പക്ഷേ ഈ നാടകം വെളിച്ചം കാണുകയില്ലായിരുന്നു. അദ്ദേഹം തോൽവി സമ്മതിച്ചില്ല. അതിനു ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന്റെ വിജയം തന്നെ എന്റെ നേട്ടവും.

ജഗദീശ് ചന്ദ്രമാഥുർ

എൻെറ തലമുറയിലെ യുവജനങ്ങളെ വല്ലാ
തെ സ്വാധീനിച്ചിരുന്ന അലഹബാദിലെ
ജവാഹർലാൽ നെഹ്റുവിൻെറ ഓർമ്മയ്ക്ക്!

# കഥാപാത്രങ്ങൾ

| | |
|---|---|
| സൂത്രധാരൻ | നടി |
| ഗർഗ്ഗൻ | സുനീഥാ |
| അത്രി | ദാസി |
| ശുക്രാചാര്യൻ | |
| സൂതൻ | |
| മാഗധൻ | |
| വൃദ്ധ | |
| കവഷൻ | അർച്ചന |
| ആദ്യത്തെ പ്രമാണി | ഉർവ്വി |
| രണ്ടാമത്തെ പ്രമാണി | |
| മൂന്നാമത്തെ പ്രമാണി | |
| മററു ഗ്രാമീണർ | |

## ഒന്നാം അങ്കം

പ്രകാശം സൂത്രധാരനിൽ കേന്ദ്രീകരിച്ചിരിക്കുന്നു. സൂത്രധാരൻ കാണികളെ സംബോധന ചെയ്യുന്നു )

സൂത്രധാരൻ—ശാസ്ത്രജ്ഞന്മാരേ! ചന്ദ്രനെയും നക്ഷത്രങ്ങളെയും കീഴടക്കാൻ വെമ്പൽ കൊള്ളുന്ന നിങ്ങളുടെ വേഗതയേറിയ കുതിരക്കുളമ്പുകൾക്ക് യാത്രയ്ക്കുവേണ്ടുന്ന അപാരശക്തി കൊടുക്കുന്ന ഈ ഭൂമിയെ അറിയാത്ത സാധു ശാസ്ത്രജ്ഞന്മാരേ! വരൂ എൻെറ കൂടെ, തലകുനിക്കൂ.

കവികളേ! ഉല്ലാസത്തിൻേറയും വിലാസത്തിൻേറയും വേദനയുടേയും വ്യഥയുടേയും ആനന്ദത്തിൻേറയും വിഷാദത്തിൻേറയും ഏതു് ഉത്താളതരംഗങ്ങളിലും നേരിയ ജലകണങ്ങളിലും ആണോ നിങ്ങളുടെ ഭാവനാമഴവില്ല് വിടരുന്നതു്, അവയെ നിയന്ത്രിക്കുന്ന കൈകളെ അറിയാത്ത പാവം കവികളേ! വരൂ, എന്നോടൊപ്പം അഞ്ജലീബദ്ധരായി നില്ക്കൂ.

ദാർശനികന്മാരേ! ക്ഷണത്തിൽ യുഗങ്ങളെ ചൈതന്യവത്താക്കുകയും അതലശൂന്യത്തിൽ നിശ്ശബ്ദഗർജ്ജനം ചെയ്യുകയും ചെയ്യുന്ന നിങ്ങളുടെ ജിജ്ഞാസയുടെ ഒളിമിന്നൽ ഏതു ഭയങ്കര കാർമേഘങ്ങൾക്കുള്ളിൽനിന്നും ബ്രഹ്മാണ്ഡത്തിലേക്കു പായുന്നുവോ, ആ മേഘങ്ങളുടെ ജനനി ആരാണെന്നു് അറിയാൻ പാടില്ലാത്ത പാവം ദാർശനികന്മാരേ! വരൂ എന്നോടൊപ്പം സ്വരം ഉയർത്തൂ.

വരൂ, പ്രതിഭയുടേയും ഭാവനയുടേയും മനനത്തിൻേറയും മാനസപുത്രന്മാരേ, വരൂ! നമുക്കെല്ലാവർക്കും ഒന്നിച്ചു വന്ദിക്കാം.

(നടി പ്രവേശിക്കുന്നു)

നടി കൊള്ളാം, നാടകം ആരംഭിക്കുമ്പോൾ ആരെങ്കിലും ഇക്കാലത്തു് പ്രാർത്ഥിക്കാറുണ്ടോ?.

സൂത്രധാരൻ—ആധുനികയാണു്, മോഡേൺ ആണു്, സമ്മതിച്ചു. പക്ഷെ ഒരു കാര്യം ഓർക്കൂ.

നടി—നിങ്ങൾ യാഥാസ്ഥിതികനായ സൂത്രധാരൻെറ, കൺസർവേററീവ് ഡയറക്ടറുടെ വേഷം ധരിച്ചു് സ്റ്റേജിൽ വന്നിരിക്കുകയാണു്. അല്ലേ? പക്ഷേ എൻെറ ആര്യപുത്ര! പെരുമ്പറ മുഴങ്ങുന്നിടത്തു് ഓലപ്പീപ്പിയുടെ ശബ്ദംപോലെ നിങ്ങൾ ഒരാളുടെ പ്രാർത്ഥന ആരു കേൾക്കാനാണു്?

സൂത്രധാരൻ—നടി, അതുകൊണ്ടാണു് ഞാൻ ആഹ്വാനം ചെയ്യുന്നതു് ശാസ്ത്രജ്ഞന്മാരേയും കവികളേയും ചിന്തകരേയും വിളിച്ചുപറയുന്നതു്, വരൂ എന്റെ കൂടെ തലകുനിച്ചു്, കൈകൂപ്പി, ഒരേ സ്വരത്തിൽ............

നടി—ഭേഷ്—ഇക്കാലത്തെ സയൻറിസ്ററും പോയററും ഫിലോസഫറും നിങ്ങളുടെ കൂടെ പരമാത്മാവിനെ വന്ദിക്കുമെന്നു നിങ്ങൾ കരുതുന്നോ? പരമാത്മാവിന്റെ അസ്തിത്വം ആരും നേരംപോക്കായിപ്പോലും കണക്കാക്കാത്ത കാലം! ഭേഷ്!

സൂത്രധാരൻ—ഞാൻ പരമാത്മാവിനെ സ്തുതിക്കുകയല്ലായിരുന്നു.

നടി—എങ്കിൽ പിന്നെ, ആ ശക്തി ബിന്ദു............

സൂത്രധാരൻ—സ്പുട്നിക്കും അപ്പോളോവും ചന്ദ്രനിൽ ഇറങ്ങുന്നതു് ഏതു ശക്തികൊണ്ടാണോ......

നടി—ആ ജലരാശി............

സൂത്രധാരൻ—കവിയുടെ ഭാവന ഉയരുന്നതു് ഏതിന്റെ ഉല്ലാസത്തിലാണോ............

നടി—ചിന്തയുടെ ആ മേഘലങ്ങൾ............

സൂത്രധാരൻ—അവ ഉയരുമ്പോൾ അറിവിന്റെ കൊള്ളിയാൻ മിന്നും അവ എവിടെ താമസിക്കുന്നു? അവയുടെ ഉത്ഭവം എവിടെയാണു്....? എവിടെയാണു്........

നടി—എവിടെയാണു് അവയുടെ താമസം? എവിടെയാണു് അവയുടെ ഉത്ഭവം?

സൂത്രധാരൻ—ഉയർന്നുവരുന്ന ഈ ചോദ്യത്തിന്റെ നദിയിൽ ഉത്തരങ്ങളുടെ പാലം പലവട്ടം പണിതു....അപ്പോഴൊക്കെ അതു തകരുകയും ചെയ്തു.

നടി—എന്നിട്ടും ചോദ്യങ്ങളുടെ ഒഴുക്കു തുടർന്നുകൊണ്ടിരുന്നു.

സൂത്രധാരൻ—ഉത്തരം അലഞ്ഞു നടക്കുന്നു....ഇന്നേക്കു് ഏതാണ്ടു് നാലായിരം വർഷം മുമ്പു നടന്നപോലെ.

നടി—എവിടെ?

സൂത്രധാരൻ—ബ്രഹ്മാവർത്തത്തിൽ

നടി—ബ്രഹ്മാവർത്തമോ?

സൂത്രധാരൻ—യമുനയ്ക്കു പടിഞ്ഞാറു് സരസ്വതീനദിയും ദൃഷദ്വതിയും ചേരുന്നിടത്തു്.

നടി—സരസ്വതിയും ദൃഷദ്വതിയും—ഇന്നവയുടെ ഓർമ്മ മാത്രമേ ബാക്കിയുള്ളല്ലോ.

സൂത്രധാരൻ—പക്ഷേ അന്നു്? അന്നു ബ്രഹ്മാവർത്തത്തിൽ പലതും സംഭവിച്ചു...... പലതും അക്രമം, വിപ്ളവം, കൊലപാതകം........

(ഗംഭീര വാദ്യസംഗീതം)

(പ്രകാശം സൂത്രധാരനിലും നടിയിലും നിന്നകന്നു് സ്റ്റേജിൻെറ മദ്ധ്യഭാഗത്തു് വ്യാപിക്കുന്നു. ബ്രഹ്മാവർത്തത്തിൽ സ്ഥാനേശ്വരത്തിനടുത്തുള്ള ഒരു കുന്നും ചവിട്ടു പടികളും അവയുടെ മുകളിൽ ഒരു തറയും സ്റ്റേജിൻെറ ഏററവും പുറകിലായി കാണുന്നു. അതിന്മേൽ മനുഷ്യശരീരത്തിൻെറ അളവിലുള്ള ഒരു പേടകത്തിൽ ആപാദചൂഡം വസ്ത്രങ്ങളിൽ പൊതിഞ്ഞ ഒരു ശവശരീരം. വലതുഭാഗത്തുനിന്നും സുനീഥാ വന്നു നില്ക്കുന്നു. പ്രകാശം അവളെ പിൻതുടർന്നു് അവളിൽ കേന്ദ്രീകരിക്കുന്നു. നിശ്ചയദാർഢ്യത്തോടു കൂടിയ മുഖഭാവവും നിർദ്ദയമായ കണ്ണുകളും. അവളുടെ പുറകെ കൈയിൽ വിളക്കുമായി ദാസി.)

സുനീഥാ—വിളക്കു് ഇവിടെ വയ്ക്കൂ.

(ദാസി പെട്ടിയുടെ ഒരു വശത്തു വിളക്കു വയ്ക്കുന്നു)

സുനീഥാ—മുഖത്തുനിന്നും വസ്ത്രം മാററൂ.

(ദാസി ശവത്തിൻെറ മുഖത്തുനിന്നും വസ്ത്രം മാററുന്നു. വേനിൻെറ മുഖം കാണുന്നു. തൻെറ സുഷുപ്ത ദുഃഖത്തിൻെറ ബഹിർഗമനം എന്ന മട്ടിൽ സുനീഥാ ദീർഘശ്വാസം വിടുന്നു.)

സുനീഥാ—ഇന്നു് അമാവാസിയാണോ?

ദാസി—ദേവീ!

സുനീഥാ—ഇരുപത്തെട്ടു പകലും രാത്രിയും!...എന്നിട്ടും എന്തു സജീവമായി തോന്നുന്നു ഈ ശരീരം!

ദാസി—അത്ഭുതം!.....ദേവിയുടെ ലേപനത്തിൻെറ അത്ഭുതശക്തി തന്നെ!

സുനീഥാ-(കൈ ഉയർത്തി സ്വരം മാററി മറേറതോ ലോകത്തോടു പറയുന്ന മട്ടിൽ.)

അല്ലയോ മൃത്യുലോകത്തെ ദേവന്മാരേ!........തരൂ, എൻെറ പ്രതാപിയായ മകൻ വേനിൻെറ പ്രാണൻ തിരിച്ചു തരൂ, ഞാൻ അവൻെറ ശരീരത്തു് ഈ അത്ഭുത ശക്തിയുള്ള ലേപനം പുരട്ടി, അവൻെറ പ്രാണൻ തിരിച്ചു സ്വീകരിക്കാൻ തയ്യാറാക്കിയിരിക്കുന്നു....വരൂ, വേനിൻെറ ആത്മാവേ തിരിച്ചുവരൂ! (കോമളസ്വരത്തിൽ) എൻെറ മോനേ തിരിച്ചു വരൂ!

ദാസി—എന്നും ദേവി ഇതുതന്നെ പറയുന്നു. എന്നിട്ടു് ഒരു ഫലവും ഉണ്ടായില്ല.

സുനീഥാ—ഇന്നു നല്ലവണ്ണം നോക്കൂ......എന്തെങ്കിലും സ്പന്ദനമോ ചലനമോ ഉണ്ടോ എന്നു്?

ദാസി—(ശവത്തിൽ കൈ ഓടിച്ചുകൊണ്ടു്)........എങ്ങും ഒന്നും ഇല്ല ! പക്ഷേ ദേവി!....ഞാൻ മുമ്പും ഭവതിയോടു് പറഞ്ഞല്ലോ. കുശപ്പുല്ലുകൊണ്ടുള്ള ഈ ചരടു് കഴുത്തിൽനിന്നു മാററണം.

സുനീഥാ—തിരിച്ചെത്തുന്ന പ്രാണന്നു് ചരടുകൊണ്ടുള്ള ഈ കെട്ടു് കടക്കാൻ കഴിയില്ലെന്നു നീ കരുതുന്നോ!........നിൻെറ സംശയമാണു്. ഏതായാലും വരൂ........ഇന്നു് ഇതു മാററിക്കളയാം.

(ദാസി കഴുത്തിൽനിന്നു പുല്ലുകൊണ്ടുള്ള ചരടു് മാററുന്നു.)

ദാസി—മുനിമാർ കുശപ്പുല്ലിൻെറ ഈ ചരടിൽ മാരകമായ മന്ത്രങ്ങൾ ജപിച്ചിരുന്നു, ദേവീ ! (ചരടു് സുനീഥയ്ക്കു കൊടുക്കുന്നു.)

സുനീഥാ— (ചരടു് തൂക്കിയിടുന്നു, പ്രകാശത്തിൽ അതിൻെറ ക്രൂരമായ തിളക്കം) മാരകമായ മന്ത്രങ്ങളേ ! ........അല്ല മാരകമായതു് മുനിമാരുടെ കൈകളാണു്—അവരാണു് ഇരുണ്ട രാത്രിയിൽ ഉറങ്ങിക്കിടന്ന നരസിംഹത്തിൻെറ കഴുത്തു് ഈ ചരടുകൊണ്ടു് ഞെരിച്ചു കൊന്നതു്. (നിന്നിട്ടു്)........ഇതാ ദാസി ........കുന്നിൻെറ താഴ്വരയിൽ ചെന്നു കുഴി കുഴിച്ചു് ഇതു നട്ടു പിടിപ്പിക്കൂ.

ദാസി—നട്ടു പിടിപ്പിക്കുകയോ ! (എടുക്കുന്നു.)

സുനീഥാ—അതെ, സത്യത്തിൽ ഈ പുല്ലിൽ മന്ത്രശാപമുണ്ടെങ്കിൽ ബ്രഹ്മാവർത്തത്തിലെ ഈ മണ്ണിൽ പാപത്തിൻെറ കാടു് പടർന്നു പിടിക്കും.

ദാസി—അതു ഇപ്പോഴും വളരുന്നുണ്ടു്. കൊള്ളക്കാർ ആശ്രമങ്ങളും യാഗശാലകളും ആക്രമിക്കുന്നു. രക്ഷിക്കാൻ ആരുമില്ല.

സുനീഥാ—(അദൃശ്യനായ ആളിനെ സംബോധന ചെയ്യുന്ന മട്ടിൽ) ശുക്രാചാര്യരേ! കരുതിയിരിക്കൂ ! നിങ്ങൾ ഇനി അനുഭവിക്കാൻ കിടക്കുന്നതേയുള്ളൂ. നിങ്ങൾക്കും, ഗർഗ്ഗൻ, അത്രി തുടങ്ങിയ നിങ്ങളുടെ അനേകം ദുഷ്ട സഹപ്രവർത്തകർക്കും! (ദാസിയോടു്) എന്താ നിൽക്കുന്നതു്?........പോകൂ!

ദാസി—വരാൻ താമസമുണ്ടാകും! ഭവതീ........

സുനീഥാ—ഞാൻ ഇവിടെത്തന്നെ നിൽക്കാം! കേൾക്കൂ !...... ഈ വിളക്കു കൊണ്ടുപോകൂ!......(ശക്തിയായി) കൊണ്ടുപോകൂ!......

(ദാസി സാവധാനം പോകുന്നു)

മൃത്യുലോകത്തെ ദേവന്മാരെ! ഇരുട്ടിൻെറ കിളിക്കൂട്ടിൽ പ്രാണൻെറ പക്ഷിയെ തിരിച്ചയക്കൂ.

(ഇരുട്ടു്, പ്രകാശം വീണ്ടും നടിയിലും സൂത്രധാരനിലും പതിക്കുന്നു)

നടി—പ്രാണൻ തിരിച്ചു കിട്ടാൻ മൃത്യുവിനോട് അപേക്ഷിക്കുകയോ? അതു് എന്തു് വിചിത്രമാണു്!

സൂത്രധാരൻ—യാതൊരാശ്ചര്യവുമില്ല, നടീ! മൃത്യു ഒരു കലാകാരനാണു്. അയാളുടെ കൈകളിൽ ജീവിതഖനിയിലെ പരുക്കൻ കല്ലുകൾ തിളങ്ങുന്ന രത്നങ്ങളായി മാറും.

നടി—തെററു്! കല മൃത്യുവിൻെറ അല്ല. ആദരാഞ്ജലികളും പ്രശംസയുമാകുന്ന പോളീഷുകൊണ്ടു് മരിച്ചവരുടെ മണ്ണുപോലും സ്വർണ്ണമാക്കിതീക്കുന്ന ആളുകളില്ലേ, അവരുടെ നാക്കിൻെറ കലാചാതുര്യമാണതു്.

സൂത്രധാരൻ—അല്ല, നടി. നാക്കു് കലാകാരൻെറ ഉളിയല്ല. നാക്കു് ഏററവും വലിയ മുറിവേല്പിക്കുന്ന ആയുധമാണു്.

നടി—നിങ്ങൾ പറയുന്നതു് മുനിമാരുടെ നാക്കു്—അവരുടെ ശാപങ്ങളും മന്ത്രങ്ങളും—കൊണ്ടാണു് വേൻ മരിച്ചതെന്നാണോ? ആ ചരടുകൊണ്ടു് അയാളുടെ കഴുത്തു് ഞെരിക്കയല്ലായിരുന്നോ?

സൂത്രധാരൻ—എന്നു ഞാൻ എപ്പോൾ പറഞ്ഞു? പക്ഷേ ഇന്നത്തേപ്പോലെ തന്നെയായിരുന്നു അന്നും എന്നു ഓർക്കൂ. ശാപത്തിൻേറയും മന്ത്രത്തിൻേറയും അതായതു് പ്രസംഗങ്ങളുടേയും മുദ്രാവാക്യങ്ങളുടേയും മറവിൽ വാളും കുരുക്കും കൊണ്ടുള്ള ദുഷ്പ്രവൃത്തികൾ നടന്നിരുന്നു.

നടി—പക്ഷേ ചിലപ്പോഴൊക്കെ ഈ ആയുധങ്ങൾ വ്യർത്ഥമാകാറുണ്ടു്.

സൂത്രധാരൻ—ഉണ്ടു്. ആയുധങ്ങൾ നശിച്ചുപോയിട്ടുണ്ടു്. മുനിമാരുടെ അലർച്ച എന്ന മഹാസമുദ്രം, തീരത്തെ മണലിൽ വരച്ച വരകൾ കാററടിച്ചു മാഞ്ഞുപോയി.

(വീണ്ടും സ്റ്റേജിൽ പ്രകാശം. ഇരുട്ടിൻെറ മറവിൽ ഒരുവശത്തുനിന്നും ഗർഗ്ഗനും മറുവശത്തുനിന്നു് അത്രിയും പ്രവേശിക്കുന്നു)

ഗർഗ്ഗൻ—ആരു് ശുക്രാചാര്യരോ?

അത്രി—ഞാൻ അത്രിയാണു്, ഗർഗ്ഗൻ

ഗർഗ്ഗൻ—ഇവിടെയാണു് കാണാമെന്നു പറഞ്ഞതു്—താഴ്വരയ്ക്കടുത്തു് ശുക്രാചാര്യരെ കണ്ടോ?

അത്രി—ഇല്ല.

ഗർഗ്ഗൻ—കാര്യം വല്ലതും, നടന്നോ?

അത്രി—ഇല്ല. തെക്കും കിഴക്കുമുള്ള ജനപദങ്ങളിലെ ഗ്രാമങ്ങൾതോറും അന്വേഷിച്ചുനടന്നു........അനേകം ഗ്രാമത്തലവന്മാരെ കണ്ടു........പക്ഷേ ആരും ചെവി കൊടുക്കുന്നില്ല ...ദുഷ്ടൻെറ ശവവും പൂജാപുഷ്പമായിതീർന്നിരിക്കുന്നു. അത്ഭുതംതന്നെ.

ഗർഗ്ഗൻ—അതുതന്നെ. പടിഞ്ഞാറുള്ള ഗ്രാമീണർ എന്നോടു പറഞ്ഞു—നിങ്ങളൊക്കെത്തന്നെയാണ് വേനിനെ കൊന്നത്. നിങ്ങൾതന്നെ നിങ്ങളുടെ ആശ്രമങ്ങളും യാഗങ്ങളും രക്ഷിക്കാനുള്ള ഏർപ്പാടു ചെയ്യൂ.

അത്രി—കൊന്നതോ? ലോകനിന്ദകൊണ്ട് സ്വയം നശിച്ചയാളിനെ ഗർജ്ജനംകൊണ്ടു നശിപ്പിച്ചതു് കൊല്ലലാണോ?

ഗർഗ്ഗൻ—സത്യത്തിൽ അങ്ങയുടെ മുദ്രാവാക്യങ്ങൾ ദിഗന്തങ്ങളുടെ രോഷം നിറഞ്ഞ ഗർജ്ജനങ്ങളായിരുന്നു.

(അത്രി മുദ്രാവാക്യം വിളിക്കുന്ന ഭാവം അനുകരിച്ചുകൊണ്ട്)

''ദുഷ്ടാ, ദുരാചാരി........''

അത്രി—''നരകം അർഹിക്കുന്നവനേ!......''അതെ, ഞാൻ മുദ്രാവാക്യം വിളിക്കുകയും ജനക്കൂട്ടം ഉറക്കെ ഏററു പറയുകയും ചെയ്തു ''ഓ, വേൻ—നരാധമാ:.......''

ഗർഗ്ഗൻ—'ദുഷ്കർമ്മങ്ങൾ നിൻെറ യമനാണ്''

അത്രി—നെയ്യ് അർപ്പിച്ചാലുടൻ യാഗാഗ്നി കത്തിക്കാളുന്നതുപോലെ! ഞാൻ ചോദിച്ചു—ഹോമ സംസ്ക്കാരങ്ങളിൽ ജാതിയുടെ പ്രാണൻ സ്ഥിതി ചെയ്യുന്നു. ദേവന്മാരുടെ കൃപ ഞങ്ങൾക്കമൃതമാണ്. ആര്യജാതിയുടെ പവിത്ര രക്തമാണ് ഞങ്ങളുടെ അഭിമാനം. ആ പ്രാണഘാതകൻ ആ അമൃത ശോഷകൻ, ആ അഭിമാന ധ്വംസകൻ അങ്ങനെയുള്ള ആ നാണംകെട്ട പാപി ജീവിച്ചിരിക്കണോ!....ഒരിക്കലുമില്ല! ഒരിക്കലുമില്ല! ഒരിക്കലുമില്ല!... ആകാശം മുഴവൻ മുഴങ്ങി!

(ക്ഷണനേരത്തേക്കു മൗനം)

ഗർഗ്ഗൻ—എന്നിട്ടിപ്പോൾ?....എന്തു ശൂന്യം!

അത്രി—നമ്മുടെ നിർദ്ദേശമനുസരിച്ച് സമുദ്രത്തിൽ വേലിയേററമുണ്ടാവില്ല.

ഗർഗ്ഗൻ—ജനതയുടെ മനസ്സിൽ മൗനം വ്യാപിച്ചപോലെ തോന്നുന്നു.

അത്രി—മുമ്പൊരിക്കലും ഇങ്ങനെതന്നെ സംഭവിച്ചു. പക്ഷേ അന്ന് മുനിമാരുടെ മനസ്സിലാണ് മൗനം വ്യാപിച്ചതു്.

ഗർഗ്ഗൻ—എപ്പോൾ?

അത്രി—ഓർത്തുനോക്കൂ.

ഗർഗ്ഗൻ—(ആലോചിച്ചുകൊണ്ട്) ഇരുപതുകൊല്ലം പഴയ കാര്യങ്ങൾ എന്തിനു പറയുന്നു, അത്രി?

അത്രി—ഈ ദുരാചാരിയായ വേൻ അന്ന് എല്ലാവരുടേയും മുമ്പിൽവച്ച് തൻെറ പിതാവായ അംഗനെ അപമാനിച്ചു, കളങ്കപ്പെടുത്തി....എന്നിട്ടു നമ്മൾ

മുനിമാരുടെ വായിൽനിന്നും ഒരക്ഷരംപോലും അന്നു പുറത്തു വന്നില്ല....രാജ്ഞ രാമാനം അംഗൻ ബ്രഹ്മാവർത്തം ഉപേക്ഷിച്ചു ഹിമാലയത്തിലെ ത്രിഗർത്ത വനങ്ങളിൽ എവിടെയോ പോയൊളിച്ചു. പക്ഷേ നമ്മരം മുനിമാർ മൗനം പാലിച്ചു.

ഗർഗ്ഗൻ—നമ്മരം എങ്ങനെ ആ വഴക്കിൽ ഇടപെടും? ആ അനാര്യ നിഷാദ സ്ത്രീക്കുവേണ്ടി അച്ഛനും മകനും തമ്മിൽ തെററി......

അത്രി—അവളെ വേൻ ആദ്യം സ്വന്തമാക്കിയിട്ട് ഒടുവിൽ പാലിലെ ഈച്ചപോലെ വലിച്ചെറിഞ്ഞു. അവരം ആത്മഹത്യചെയ്യാൻ നിർബന്ധിത യായി.

(ശുക്രാചാര്യർ പ്രവേശിക്കുന്നു)

ശുക്ര—പക്ഷേ അവരം ആത്മഹത്യ ചെയ്തില്ല, അത്രി!

ഗർഗ്ഗൻ—ശുക്രാചാര്യൻ! അങ്ങ് വന്നോ?

ശുക്ര—വന്നിട്ടു കുറേ നേരമായി. പക്ഷേ, കുറേനേരം നിങ്ങളുടെ സംഭാഷണം കേരംക്കുകയായിരുന്നു........

അത്രി—ഒളിച്ചുനിന്നു കേരംക്കുക ഭൃഗുവംശക്കാരുടെ പഴയ സ്വഭാവമാണ്.

ശുക്ര—ഞങ്ങരം ഭൃഗുവംശക്കാർ സൂക്ഷ്മത കൈക്കൊള്ളാറുണ്ട് എന്നു സമ്മതിക്കുന്നു. നിങ്ങരം ആത്രേയന്മാർ ശബ്ദത്തെ ആശ്രയിക്കുന്നു.

ഗർഗ്ഗൻ—അവരം ആത്മഹത്യ ചെയ്തില്ലെങ്കിൽ പിന്നെ എവിടെപ്പോയി?

ശുക്ര—അംഗൻ പോയ ഹിമാലയത്തിലെ ത്രിഗർത്തത്തിലുള്ള ആ വനത്തിൽതന്നെ. അംഗൻതന്നെയാണ് അവരംക്ക് അഭയം നൽകിയതും. അവരംക്കും അവളുടെ ഗർഭത്തിലുള്ള വേനിൻെറ ശിശുവിനും.

ഗർഗ്ഗൻ—വേനിൻെറ ജാരസന്താനം! ആര്യകുലരക്തം ദുഷിപ്പിച്ചു! അങ്ങ് എന്താണ് ഈ പറയുന്നതു് ശുക്രാചാര്യാ!

അത്രി—ഇതിനു എന്തെങ്കിലും തെളിവ്?

ശുക്ര—ഞാൻതന്നെയാണ് അവളെ രാത്രിയിൽ അങ്ങോട്ടയച്ചതു്. വേനിൻെറ രാക്ഷസസന്താനം ബ്രഹ്മാവർത്തത്തിൽനിന്ന് അകന്നിരിക്കട്ടെ എന്നു കരുതി....... പക്ഷേ ഇന്നു കേട്ടു......

ഗർഗ്ഗൻ—എന്തു്?

ശുക്ര—ഹിമാലയത്തിലെ ത്രിഗർത്തത്തിൽനിന്നും ഒരു വീരയോദ്ധാവ് ബ്രഹ്മാവർത്തത്തിൽ എത്തിയെന്ന്.

ഗർഗ്ഗൻ—രാക്ഷസനോ?

ശുക്ര—അല്ല. വെള്ളനിറമുള്ള ആര്യൻ. പക്ഷേ അയാളുടെകൂടെ ഒരു കറുത്ത രാക്ഷസനുമുണ്ട്.

അത്രി—അങ്ങയോട് ഇതു ആരു പറഞ്ഞു?

ശുക്ര—സൂതനും, മാഗധനും.

ഗർഗ്ഗൻ—സൂതമാഗധന്മാർ ഇവിടെയോ? സരസ്വതീ തടത്തിൽ നമ്മുടെ അഭാവത്തിൽ ആശ്രമം സംരക്ഷിക്കുന്ന ജോലി വിട്ടിട്ട് ഇവിടെ വന്നോ?

അത്രി—എനിക്കു നേരത്തെതന്നെ അറിയാമായിരുന്നു. സൂതമാഗധന്മാരെക്കൊണ്ട് സ്തുതി ചൊല്ലിക്കാം, പ്രശസ്തി പാടിക്കാം, പക്ഷേ ആശ്രമത്തെ സംരക്ഷിക്കുന്നതിൽ അവർക്കു എങ്ങനെ താൽപര്യം ഉണ്ടാകും?

ശുക്ര—നോക്കു അവർ വന്നിട്ടുണ്ട്. കാരണം......നമ്മുടെ ആശ്രമത്തെ സരസ്വതീ നദിക്കപ്പുറമുള്ള കള്ളന്മാരും കൊള്ളക്കാരും ചേർന്നു ഭയങ്കരമായി ആക്രമിച്ചു.

ഗർഗ്ഗൻ—ആശ്രമത്തെ ആക്രമിച്ചുവെന്നോ?

ശുക്ര—ഭയങ്കര ആക്രമണം.

അത്രി—എങ്കിൽ നാം ഇവിടെ എന്തു ചെയ്യുകയാണ്? നമുക്കു ഉടൻ തിരിച്ചുപോകണം, ഉടൻ.

ഗർഗ്ഗൻ—അതെ, തിരിച്ചുപോകാം, ശുക്രാചാര്യരെ. എനിക്കു അർച്ചനയെപ്പററിയാണു ചിന്ത.

അത്രി—ഗർഗ്ഗൻ, അപ്സരകന്യകയെ സ്വന്തം മകളെപോലെ സൂക്ഷിക്കുന്നതുവഴി അങ്ങ്, ആശ്രമത്തിൻെറ രക്ഷ ഏറെ പ്രയാസമാക്കിയിരിക്കുന്നു.

ഗർഗ്ഗൻ—അവളെ കഴിവതും വേഗം ഒരു ആര്യയുവാവിനെക്കൊണ്ടു വിവാഹം ചെയ്യിക്കണം എന്നാണ് ഞാൻ ആഗ്രഹിക്കുന്നതു്....പക്ഷേ കൊള്ളക്കാരുടെ ഈ ആക്രമണം.

ശുക്ര—അതു ചിന്തിച്ചു ബുദ്ധിമുട്ടേണ്ട......ആശ്രമത്തിൽനിന്നും ഓടി അർച്ചനയും ഇവിടെയെങ്ങാനും എത്തിക്കാണും എന്നു സൂതമാഗധന്മാർ പറഞ്ഞു......ഞാൻ അവളെ അന്വേഷിക്കാൻ അവരെ വിട്ടിരിക്കുകയാണ്.

അത്രി—നാം എന്തു ഭയങ്കര ചുഴിയിൽപെട്ടിരിക്കുന്നു!......ആശ്രമത്തിന്മേൽ ആക്രമണം, ഇവിടെ അക്രമിയായ വേനിൻെറ ശവശരീരവും ജനങ്ങളുടെ ഉദാസീനതയും!

ശുക്ര—ചിലപ്പോൾ ഭയങ്കര ചുഴിക്കുളളുതന്നെ നമ്മെ രക്ഷപ്പെടുത്തുന്ന തീരം കാണും. ആചാര്യന്മാരെ...ഞാൻ പോംവഴി കാണുന്നുണ്ട്.

അത്രി—എന്തു്?

(അണിയറയിൽ ചെറിയ ബഹളം. ചിലങ്കയിട്ട കാലുകഠം ഓടുന്ന ശബ്ദം.)

ഗർഗ്ഗൻ—കേഠക്കൂ. അതു കേഠക്കൂ ചിലങ്കയുടെ ശബ്ദം ..........എന്തു്, എന്തു്, അർച്ചന ഇവിടെ വന്നോ?

ശുക്ര—ആരാ അതു്?

(ഓടിക്കിതച്ചുകൊണ്ടു് ദാസി വരുന്നു. അവളെ പിൻതുടർന്നുകൊണ്ടു് സൂതമാഗധന്മാരും)

ഗർഗ്ഗൻ—അല്ലാ, ഈ സ്ത്രീ......

സൂതൻ—ഈ മന്ത്രവാദിനിയെ തടയൂ. തടയൂ.

മാഗധൻ—(വേഗം അങ്ങേവശത്തു ചെന്നിട്ടു ദാസിയുടെ വഴി തടയുന്നു) മന്ത്രജാലംകൊണ്ടു് ഞങ്ങളെ കുരുക്കിൽപെടുത്താൻ ശ്രമിക്കുകയായിരുന്നു ഈ സ്ത്രീ.

(ദാസി മററൊരു ഭാഗത്തുകൂടി പോകാൻ ശ്രമിക്കുന്നു. പക്ഷേ ഗർഗ്ഗനും അത്രിയുംകൂടി ആ വഴി തടയുന്നു)

സൂതൻ—ആചാര്യൻ, ഇവളുടെ കൈയ്യിൽനിന്നും ആ ചരട വാങ്ങു.

ദാസി—ഇല്ല, ഇല്ല. ഞാൻ ചരട തരുകയില്ല,

ശുക്ര—ശാഠ്യം പിടിക്കരുതു നാരീ, ഞങ്ങഠം അഞ്ചുപേരുണ്ടു്. നിങ്ങഠം ഒററയും.

(ദാസി നിവൃത്തി ഇല്ലാതെ ചുററുപാടും നോക്കുന്നു. ശുക്രാചാര്യർ മുമ്പോട്ടു ചെന്നു ചരട തട്ടിയെടുക്കുന്നു.)

ദാസി—ഇതു ബലപ്രയോഗമാണു്.

ശുക്ര—(ചരട നോക്കിക്കൊണ്ടു്) അതുതന്നെ. ആ ചരട തന്നെ! സൂതമാഗധന്മാരെ, ഇവളെ നിങ്ങഠം എങ്ങനെ കണ്ടുമുട്ടി?

മാഗ—താഴ്‌വാരത്തിനടിയിൽ കുഴി കുഴിച്ചു് ഇതു മുളപ്പിക്കാൻ ശ്രമിക്കുകയായിരുന്നു ഇവഠം.

സൂത—ഭയങ്കര മന്ത്രങ്ങളും ജപിക്കുന്നുണ്ടായിരുന്നു.

ശുക്ര—എന്തിനു്?

ദാസി—ഒരു ദിവസം അങ്ങയുടെ ഭയങ്കര മന്ത്രങ്ങഠംകൊണ്ടു് ശാപഗ്രസ്തമായതാണു് ഈ ചരടു്, മുനിശ്രേഷ്ഠാ!

അത്രി—അപ്പോഠം ഇതാണു സുനീഥയുടെ പ്രതികാരം.

ദാസി—അങ്ങു് എങ്ങനെ കരുതുന്നുവോ, അങ്ങനെ.

ഗർഗ്ഗൻ—ഈ ചരടിനു പകരം സുനീഥാദേവി തൻെറ പുത്രൻെറ അസ്ഥികരം കഴിച്ചിടാൻ നിർദ്ദേശിച്ചിരുന്നെങ്കിൽഅതു് എല്ലാവർക്കും നന്മ ചെയ്യുമായിരുന്നു.

ദാസി—ആചാര്യൻ, അങ്ങയുടെ വായിൽനിന്നും ദേവീ എന്ന പ്രായോഗ വല്ലാതെ തോന്നുന്നു.

ശുക്ര—വാചാലയായ ദാസീ! ഞങ്ങരം അവരെ കാണാൻ ആഗ്രഹിക്കുന്നു വെന്നു നിങ്ങളുടെ സ്വാമിനിയോടു ചെന്നു പറയു.

ദാസി—(അല്പം പരിഹാസത്തോടെ) സ്വാഗതം, പുരുഷമേധയജ്ഞത്തിലെ പുരോഹിതന്മാർക്കു സ്വാഗതം!

അത്രി—അഹങ്കാരി സ്ത്രീ!........

ശുക്ര—(അത്രിയെ തടഞ്ഞുകൊണ്ടു്) നിങ്ങളുടെ സ്വാമിനിയെ കാണാൻ ഏതു വഴിയിൽക്കൂടി പോകണം?

ദാസി—നിങ്ങരം, അമാവാസിയിലെ ഇരുട്ടിൽ മുമ്പുതന്നെ ആ വഴി കണ്ടുപിടിച്ചതാണു് മുനിവരന്മാരേ!

ശുക്ര—ഇന്നു ഞങ്ങളുടെ വഴി മറെറാന്നാണു്, ദാസീ! സുനീഥയോടു പറയു, ഞങ്ങരം അവരോടു വഴക്കിടാനല്ല, ഒരു അഭ്യർത്ഥനയുമായിട്ടാണു് വരുന്നതു് എന്നു്!.... ഇന്നു രാത്രിതന്നെ സംസാരിക്കാൻ സന്ദർഭം തന്നാൽ നന്നായിരിക്കും! പോകു....ആ, ഒരു കാര്യംകൂടി. കുശപ്പുല്ലുകൊണ്ടുള്ള ഈ ചരടു ഇനി ശാപമല്ല, യശസ്സിൻെറ പ്രതീകമായിരിക്കും എന്നു് അവരോടു പറയു....

(ദാസി പോകുന്നു. അല്പനേരത്തെ മൗനം)

അത്രി—ഇതൊക്കെ എന്താണു് ശുക്രാചാര്യർ! നാം സുനീഥയോടു അഭ്യർത്ഥിക്കാനല്ലല്ലൊ ഇവിടെ വന്നതു്! ...ഏതെങ്കിലും യുക്തികൊണ്ടു് അഹങ്കാരിയായ ആ സ്ത്രീയിൽനിന്നും പാപിയായ വേനിൻെറ ശവം വാങ്ങാനല്ലേ നാം വന്നതു്.

ശുക്ര—തീർച്ചയായും!....പക്ഷേ അതിനുമുമ്പു് സൂതനും മാഗധനും പറയുന്നതു കേരംക്കു.

ഗർഗ്ഗൻ—അർച്ചനക്കു എന്തു പററി സൂതൻ?

സൂത—എല്ലാവരും ചിന്നിച്ചിതറിപ്പോയി. കുമാരി അർച്ചന ഈ വഴി വരുന്നതു കണ്ടതാണു്.

മാഗ—കാട്ടുതീയോ അതോ കൊള്ളക്കാരോ. നിമിഷനേരംകൊണ്ടു നമ്മുടെ ആശ്രമം ചുട്ടു ചാമ്പലായി.

സൂത—അസംഖ്യം ആളുകളുടെ കാലുകളിൽനിന്നും ഉയർന്ന പൊടിപടലത്തിൽ യാഗശാലയിലെ പുക, ബ്രഹ്മത്തിൽ മുമുക്ഷുവിൻെറ ആത്മാവു പോലെ ലയിച്ചുചേർന്നു.

അത്രി—നിങ്ങറം ജീവനോടെ രക്ഷപ്പെട്ടതു് അത്ഭുതം തന്നെ.

സൂത—ആ ശൂരന്റെ പരാക്രമമായിരുന്നു, ആചാര്യൻ!

മാഗ—അദ്ദേഹവും അദ്ദേഹത്തിന്റെ കൂട്ടകാരനും മിന്നൽപോലെ ആകാശത്തിന്റെ ഏതോ കോണിൽനിന്നും ഇറങ്ങിവന്നു.

സൂത—അവരുടെ കുതിരകറം ഇന്ദ്രന്റെ വജ്രായുധവും അഗ്നിയുടെ ജ്വാലയുമായിരുന്നു. അവരുടെ അമ്പുകറം വരുണന്റെ പ്രചണ്ഡമായ തിരമാലകളും.... കൊള്ളക്കാർ നിന്നനില്പിൽ തണുത്തു താഴെ വീണു. കുറെപ്പേർ ഓടിക്കളഞ്ഞു. ഞങ്ങറക്കു ജീവൻ തിരിച്ചു കിട്ടി.

ശുക്ര—നിങ്ങറം അയാളോടു അവിടെ തങ്ങാൻ പറഞ്ഞില്ലേ?

സൂത—പറഞ്ഞു!......പക്ഷേ തനിക്കു ഉടൻ സ്ഥാനേശ്വരത്തു പോകണമെന്നു് അയാറം പറഞ്ഞു. പിന്നെ.......

അത്രി—പിന്നെ......?

മാഗ—സുനീഥയെ കാണണമെന്നും.

ഗർഗ്ഗൻ—അയാറക്കു എന്തൊക്കെ അറിയാം.

മാഗ—വേൻ മരിച്ചുപോയെന്നു്.

അത്രി—കൂടുതലൊന്നും?

സൂത—കൂടുതൽ ചിലതും അറിയാമായിരിക്കും. സ്ഥാനേശ്വരത്തു ചെല്ലാൻ താമസിക്കരുതെന്നു അയാറക്കു നിർദ്ദേശമുണ്ടു് എന്നു പറഞ്ഞു.

ഗർഗ്ഗൻ—ആരുടെ നിർദ്ദേശം?

സൂത—അതു പറഞ്ഞില്ല. തിടുക്കത്തിലായിരുന്നു. ഞങ്ങറം എളുപ്പവഴിയിൽക്കൂടി വന്നു. അവർ എത്തുന്നതിനുമുമ്പു വിവരം ധരിപ്പിക്കാമെന്നു കരുതി.

ശുക്ര—മുങ്ങിക്കൊണ്ടിരുന്ന വള്ളത്തിനു ആ വള്ളക്കാരനെ ലഭിച്ചതു ദേവന്മാരുടെ അനുഗ്രഹം കിട്ടിയതുപോലെയാണെന്നു സമ്മതിക്കാമോ, ഗർഗ്ഗൻ?

ഗർഗ്ഗൻ—രണ്ടുപേരിൽ ആരാണു നമ്മുടെ വള്ളക്കാരൻ?

ശുക്ര—അതു് ആലോചിക്കേണ്ട കാര്യമുണ്ടോ?

സൂത—ആചാര്യൻ, ശുഭ്രനിറത്തിലുള്ള ആ ആര്യവീരൻ ഏതുനിലയ്ക്കും നമ്മുടെ പുതിയ രാജാവാകാൻ യോഗ്യനാണു്.

മാഗ—അദ്ദേഹത്തിന്റെ മുഖത്തു രാജകീയ തേജസ്സ് ഉണ്ടു്.

അത്രി—പുതിയ രാജാവു്! പുതിയ ഭൂപതി!........ഗർഗ്ഗൻ, അങ്ങു് കേട്ടോ ഇതു്?....വേനിനെ സംഹരിച്ചപ്പോറം ഞാൻ ചെയ്ത പ്രസംഗങ്ങറം—രാജാവിന്റെ സ്ഥാനം വ്യത്ഥമാണെന്നും, എല്ലാവരും സമന്മാരാണെന്നും, ധർമ്മമാണു

ഭരിക്കുന്നതു് എന്നും, നമ്മളാം ഋഷിമുനിമാരാണു് ധർമ്മപഥം കാട്ടുന്നതെന്നും പറഞ്ഞതു ഓർമ്മയുണ്ടോ? എന്റെ ഊർജ്ജസ്വലമായ വാക്കുകൾക്കു എന്തുപററി?

ഗർഗ്ഗൻ—വേനിനെ വധിച്ച കൈകൾക്കു പുതിയ രാജാവിനെ സൃഷ്ടിക്കാൻ കഴിയുകയില്ലേ, എന്നു ജനപദങ്ങളിലുള്ള ആളുകൾ ചോദിക്കുന്നു.

അത്രി—സൃഷ്ടി?....നമുക്കു സൃഷ്ടിയുമായി എന്തു ബന്ധം? നാം വിപ്ലവകാരികളാണു്. നാം നേതാക്കന്മാരാണു്, കുശവന്മാരല്ല.

ശുക്ര—അതെ, നാം നേതാക്കളാണു്, അതുകൊണ്ടു് നമുക്കു ഇനിയും ശബ്ദം ഉയർത്തേണ്ടിവരും....ആചാര്യ അത്രി, അങ്ങയുടെ വാക്കുകളിൽ കൊടുങ്കാററിന്റെ വേഗതയും മഴവില്ലിന്റെ ആകർഷണവുമുണ്ടു്.

സൂത—ഞങ്ങൾ സൂതമാഗധന്മാർ അങ്ങയുടെ ശബ്ദം ഉയർത്താം, ആചാര്യ അത്രി! ഞങ്ങൾ പുതിയ രാജാവിന്റെ സ്തുതി പാടാം, അദ്ദേഹത്തിന്റെ മഹത്വത്തെ ആകാശത്തോളം ഉറക്കെ പാടാം.

മാഗ—ഞങ്ങൾക്കു ശബ്ദം തരൂ ആചാര്യാ, ഞങ്ങൾ അതിനെ പക്ഷിയാക്കി ആകാശം മുഴുവൻ പറത്താം.

അത്രി—ശബ്ദത്തിന്റെ പക്ഷി! ...ഹംസമോ അതോ കഴുകനോ?

ശുക്ര—ഇപ്പോൾ .. ഹംസം.

അത്രി—വേനിന്റെ യശസ്സു പാടാനായി നാം കുറച്ചു വല്ലതും ധവള ഹംസങ്ങളേയാണോ പറപ്പിച്ചതു്? (സ്തുതിപാടുന്ന മട്ടു് അഭിനയിച്ചുകൊണ്ടു്) ''അല്ലയോ നരേശ്വരാ, അല്ലയോ പണ്ഡിതാ, അല്ലയോ പരമപ്രതാപിയായ അംഗപുത്രാ, അങ്ങേയ്ക്കുമാത്രമേ ധർമ്മത്തെ രക്ഷിക്കാൻ കഴിയുകയുള്ളു. അങ്ങയുടെ സംരക്ഷണയിൽ മാത്രമേ ഞങ്ങൾക്കു നിശ്ചിന്തരായി ഇരുന്നു് പരമേശ്വരനെ ഭജിക്കാൻ കഴിയുകയുള്ളു''....അതിനു അയാൾ പറഞ്ഞ മറുപടി ഓർമ്മയുണ്ടോ? ''വിഡ്ഢികളേ, ഏതു പരമേശ്വരന്റെ കാര്യമാണു് നിങ്ങൾ പറയുന്നതു്? ഞാനാണു് നിങ്ങളുടെ രക്ഷകൻ, നിങ്ങളുടെ പരമേശ്വരൻ. എല്ലാ ദേവന്മാരും എന്റെ ശരീരത്തിലുണ്ടു്. അതുകൊണ്ടു് നിങ്ങൾ എല്ലാ കർമ്മങ്ങൾ വഴിയും എന്നെ മാത്രം പൂജിച്ചാൽ മതി. സർവ്വയാഗങ്ങളും നിർത്തിയിട്ടു് എനിക്കു ബലിയർപ്പിച്ചാൽ മതി.''

ഗർഗ്ഗൻ—ആദ്യംതൊട്ടേ പുതിയ രാജാവിനു നിരങ്കുശനാകാൻ അവസരം കൊടുക്കാതിരുന്നാൽ പോരെ?

ശുക്ര—ഞാൻ ഒരു ഉപായം കണ്ടിട്ടുണ്ടു്.

ഗർഗ്ഗൻ—ഉപായമോ?....കേൾക്കട്ടെ.

ശുക്ര—നമുക്കു പുതിയ രാജാവിനെ ബന്ധിക്കാം.

അത്രി—വേനിന്റെ കഴുത്തു ഞെരിച്ച ഈ ചരടുകൊണ്ടുതന്നെയോ?

ശുക്ര—കുശപ്പുല്ലുകൊണ്ടുള്ള ഈ ചരടുതന്നെ ഉപയോഗിക്കാം. പക്ഷേ അതുകൊണ്ടല്ല......നിയമങ്ങൾകൊണ്ടുള്ള ബന്ധനം ആണ്.

ഗർഗ്ഗൻ—നിയമങ്ങൾ ആര് നടപ്പാക്കും?

ശുക്ര—നമ്മൾ നടപ്പാക്കും. ബ്രഹ്മാവർത്തത്തിലെ മുനികളും ബ്രാഹ്മണരുമായ നാം. നാം ജനങ്ങളുടെ നേതാക്കന്മാരാണ്. നമുക്കു നമ്മുടെ തപസ്സും സാധനയുംകൊണ്ട് രാജാക്കന്മാർക്കു വഴികാട്ടാൻ കഴിയും. രാജാവ് നമ്മളുമായി ചില വ്യവസ്ഥകൾ ചെയ്യേണ്ടിവരും!

ഗർഗ്ഗൻ—വ്യവസ്ഥകളോ?......അപ്പോൾ അത്, ഒരു കച്ചവടമാണല്ലൊ?

ശുക്ര—അതെ കച്ചവടമാണ്! രാജ്യാധികാരത്തിൻെറ അടിസ്ഥാനം ഒരു കച്ചവടമാകണം, ഈശ്വരൻെറ കൃപയായിരിക്കരുത് എന്ന തീരുമാനത്തിൽ ഞാൻ എത്തിച്ചേർന്നിരിക്കുകയാണ്.

അത്രി—രാജാവ്!......പുതിയ പേര് കൊടുക്കുമ്പോൾ രാജാവിൻെറ മനസ്സിൽ ഈശ്വരനാകാനുള്ള മോഹം ഉണ്ടാകില്ലേ?

ശുക്ര—ഇല്ല!....രാജാവെന്നുവച്ചാൽ അനുരംജകൻ! നാം രാജാവായി പ്രതിഷ്ഠിക്കുന്ന ആൾ നമ്മുടെ അനുരംജകനും ധർമ്മരക്ഷകനും ആകും. അയാളിൽ ഈശ്വരീയ ശക്തിയും ദേവതേജസ്സും ഉള്ളതുകൊണ്ടല്ലാ പ്രത്യുത, അയാളുടെ അധികാരങ്ങൾക്കടിസ്ഥാനം നാം നിശ്ചയിക്കുന്ന നിയമങ്ങളും നമ്മുടെ വ്യവസ്ഥകളും ആയതുകൊണ്ട്.

അത്രി—ഈ ബന്ധനങ്ങൾക്കു പകരം അയാൾക്കു എന്തുകിട്ടും, ശുക്രാചാര്യാ?

ശുക്ര—നമ്മൾ ഋഷി-മുനിമാരുടെ മന്ത്രശക്തിയും നമ്മുടെ ആശീർവാദങ്ങളും നമ്മുടെ ഉപദേശവും.

സൂത—അങ്ങയുടെ ആശീർവാദംതന്നെയായിരിക്കും അദ്ദേഹത്തിൻെറ പരാക്രമങ്ങൾക്കു ആവരണമിടുക.

മാഗ—അദ്ദേഹത്തിൻെറ പൗരുഷത്തിൻെറ അലങ്കാരം........

സൂത—അദ്ദേഹത്തിൻെറ യശസ്സിൻെറ കിരീടം........

അത്രി—ഇത്രയുംകൊണ്ടു മതിയോ?

ശുക്ര—മതി, നമ്മുടെ നിയമങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും രാജാവിൻെറ സന്താനങ്ങൾക്കും പിന്നീടുള്ള തലമുറകൾക്കും സിംഹാസനം ലഭിക്കുക.

ഗർഗ്ഗൻ—സന്താനം!......രാജാവിൻെറ സന്താനം!......അങ്ങ് എന്തോ മറക്കുന്നുണ്ട്. ശുക്രാചാര്യർ!

ശുക്ര—ഇല്ല......ഗർഗ്ഗൻ....സൂതമാഗധന്മാരേ! പോയി അർച്ചനയെ കണ്ടുപിടിച്ചിട്ട് ഇവിടെ കൊണ്ടുവരു.

ഗർഗ്ഗൻ—അർച്ചനയെ അന്വേഷിച്ചു ഞാൻതന്നെ പോകാം.

(വെളിയിൽ കാലടി ശബ്ദം)

സൂത—നിൽക്കു ആചാര്യാ....ആരോ വരുന്നു.....

(സൂതമാഗധന്മാർ അരികിൽചെന്നു നോക്കുന്നു)

മാഗ—അദ്ദേഹംതന്നെ! ഞങ്ങളെ രക്ഷിച്ച ആൾ......

സൂത—ഞങ്ങളുടെ മുക്തിദായകൻ......ഒററയ്ക്കു്. (രണ്ടുപേരും പുറകോട്ടു മാറി നില്ക്കുന്നു.)

(പൃഥു പ്രവേശിക്കുന്നു)

ശുക്ര—ആയുഷ്മന്, സ്വാഗതം!

പൃഥു—രാത്രി ഇത്രയായിട്ടും എന്നെ പ്രതീക്ഷിക്കുന്നതു് ആരാണു്?

ശുക്ര—സരസ്വതീതീരത്തു് അങ്ങയുടെ പരാക്രമംകൊണ്ടു രക്ഷിക്കപ്പെട്ട യാഗശാലകളുടെ ഉടമസ്ഥർ!.....എൻെറ പേരു് ശുക്രാചാര്യർ എന്നാണു്, ആയുഷ്മൻ!

അത്രി—എൻേറതു അത്രി എന്നും......പുഷ്പത്തിൻെറ സുഗന്ധംപോലെ അങ്ങു് എത്തുന്നതിനു മുമ്പുതന്നെ അങ്ങയുടെ കീർത്തിധാവള്യം ഞങ്ങളെ സന്തുഷ്ടരാക്കി.

ഗർഗ്ഗൻ—ഗർഗ്ഗൻെറ ആശീർവാദം സ്വീകരിക്കു, ആയുഷ്മൻ.

ശുക്ര—ഞങ്ങൾ നാലുപേർ മാത്രമല്ല, ബ്രഹ്മാവർത്തം മുഴുവൻ അങ്ങയെ പ്രതീക്ഷിച്ചിരിക്കുകയാണു്.

പൃഥു—നിങ്ങളുടെ മുമ്പിൽ ഞാൻ ആദരപൂർവം തല കുനിക്കുന്നു. പക്ഷേ ബ്രഹ്മാവർത്തത്തിൽ എന്നെ ആരും അറിയില്ല! ആദ്യമായി ഞാൻ ഹിമാലത്തിൽനിന്നും ഇങ്ങോട്ടു വന്നതാണു്.

സൂത—(മാഗധനോടൊപ്പം മുമ്പോട്ടു ചെന്നു്) വീരശ്രേഷ്ഠാ, ഞങ്ങൾ രണ്ടുപേർക്കും അങ്ങു ചിരപരിചിതനായികഴിഞ്ഞു.

പൃഥു—(തിരിച്ചറിഞ്ഞുകൊണ്ടു്) നിങ്ങൾ......നിങ്ങൾ രണ്ടും? (അല്പം നിർത്തി) സരസ്വതീതീരത്തുനിന്നും ഇങ്ങോട്ടു വല്ല രഹസ്യവഴിയും ഉണ്ടോ?

ഗർഗ്ഗൻ—എപ്പോഴും കൊള്ളക്കാരുടെ ആക്രമണം ഭയന്നു കഴിയുന്നവർക്കു് ഒന്നുകിൽ രഹസ്യമാർഗ്ഗം അറിഞ്ഞിരിക്കണം, അഥവാ അങ്ങയെപ്പോലുള്ള വില്ലാളിവീരൻെറ സംരക്ഷണം ലഭിക്കണം.

പൃഥു—സംരക്ഷണമോ! അതു വെറും എളിയ സേവനം മാത്രമല്ലേ? കൂടതെ എൻെറ കർത്തവ്യവും ആണു്......പക്ഷേ കൊള്ളക്കാരുടെ മററു സംഘങ്ങളെ നിങ്ങൾ സൂക്ഷിക്കണം......തിരിച്ചുപോകുമ്പോൾ ഞാൻ ആശ്രമങ്ങൾക്കു ചുററുമുള്ള പ്രദേശത്തു് ഒന്നു ചുററിത്തിരിയാം.

ശുക്ര—അങ്ങു് ഇനിയും തിരിച്ചു പോകേണ്ട......

പൃഥു—എന്തു്? (നേരിയ ചിരി) അങ്ങു്, എന്നെപ്പോലെ ഹിമാലയത്തിൻെറ മടിത്തട്ടിലെ സുന്ദരമായ കുലൂതതാഴ്വരയിലെ നിവാസി ആയിരുന്നെങ്കിൽ ഇങ്ങനെ പറയുമായിരുന്നോ?

അത്രി—കുലൂതടത്തിൽ ദേവപ്രസ്ഥത്തിലെ ആര്യന്മാരുടെ വംശജനാണോ അങ്ങു്?

പൃഥു—അതെ.

ഗർഗ്ഗൻ—വളരെ പ്രശസ്തമായ ആര്യകുലമാണതു്.

പൃഥു—പ്രശസ്തിയോ?.......ആചാര്യാ, പ്രശസ്തികുലത്തിൻേറതല്ല, വിപാശയുടെ ഓളങ്ങളിൽ മഞ്ഞുമലകറം സംഗീതം ആലപിക്കുന്ന ആ സുന്ദരപ്രദേശത്തിൻേറതാണു്.

അത്രി—ഹിമാലയത്തിൻെറ സംഗീതം താരാട്ടാണു്. അങ്ങയുടെ പൗരുഷം ബ്രഹ്മാവർത്തത്തിൻെറ വെല്ലുവിളി സ്വീകരിക്കയില്ലേ?

പൃഥു—ആചാര്യാ! ഞാൻ ഒരു വെല്ലുവിളികേട്ടും ഓടുകയില്ല, ഹിമാലയം എനിക്കു സ്വപ്നങ്ങളല്ല, ശക്തിയാണു തരുന്നതു്.

ഗർഗ്ഗൻ—എങ്കിൽ പിന്നെ?

പൃഥു—രാജമാതാവു സുനീഥയ്ക്കു അവരുടെ സമ്പത്തു തിരിച്ചുകൊടുത്തിട്ടു് സരസ്വതീതീരത്തു നിങ്ങളുടെ ആശ്രമങ്ങളും അഗ്നിഹോത്രങ്ങളും രക്ഷിക്കാൻ എത്രദിവസം വേണമെങ്കിലും ഞാൻ തങ്ങാം.

അത്രി—സമ്പത്തോ? ആരുടെ?

പൃഥു—എൻെറ ഗുരുവിൻെറ.

അത്രി—ആരായിരുന്നു അങ്ങയുടെ ഗുരു?

പൃഥു—ത്രിഗർത്ത വനത്തിനരികെ വിപാശനദി ഇടുങ്ങിയ പൊന്തകളിൽനിന്നും പുറത്തുകടന്നു ആഹ്ളാദിച്ചുപോകുന്ന സ്ഥലത്തു എൻെറ ബഹുമാന്യനായ ഗുരു അംഗൻെറ ആശ്രമമുണ്ടായിരുന്നു.

മുനിമാരും സൂതമാഗധന്മാരും—(ശുക്രാചാര്യരൊഴിച്ചു എല്ലാപേരും ആശ്ചര്യപൂർവം) അംഗൻ!

ഗർഗ്ഗൻ—അംഗൻ....അങ്ങയുടെ ഗുരു ! !

പൃഥു—നിങ്ങറം എല്ലാവരും ഞെട്ടിയതെന്താ?

ശുക്ര—ഞങ്ങറം ഞെട്ടിയില്ല പൃഥു. പക്ഷേ അംഗൻ വേനിനുമുമ്പു ബ്രഹ്മാവർത്തത്തിലെ രാജാവായിരുന്നു എന്ന കാര്യം അങ്ങേയ്ക്കു് അറിയില്ലായിരിക്കും.

പൃഥു—എനിക്ക അറിയാം. വളരെ പഴയകാര്യമാണതു്.

ശുക്ര—എന്നിട്ട ഒരു ദിവസം രാത്രി മിണ്ടാതെ ആരോടും ഒന്നും പറയാതെ സ്ഥലം വിട്ടു.

പൃഥു—എന്നും കേട്ടിട്ടുണ്ടു്.

ശുക്ര—അംഗൻ ഗർഭിണിയായ ഒരു നിഷാദ യുവതിക്ക അഭയംകൊടുത്തു എന്നും കേട്ടുകാണും.

പൃഥു—അതൊക്കെ ആവർത്തിച്ചുപറയേണ്ട കാര്യമുണ്ടോ?

ശുക്ര—അങ്ങു് സുനീഥയോടു് ഇക്കാര്യം പറയുമല്ലോ !...പക്ഷേ...പക്ഷേ ഞങ്ങൾക്ക അതു സമ്മതമല്ല.

പൃഥു—എന്തു്?

ശുക്ര—ആ നിഷാദസ്ത്രീയുടെ മകനെ സുനീഥ വേനിൻെറ മകനായി കരുതുന്നതു്.

പൃഥു—നിഷാദപുത്രനോ!...എൻെറ കൂട്ടുകാരൻ, എൻെറ ജ്യേഷ്ഠസഹോദരൻ, കവഷൻ!

ഗർഗ്ഗൻ—അയാളുടെ പേരു് കവഷൻ എന്നാണോ?

പൃഥു—അതേ!...വെളിയിൽ കുതിരകളുടെ അടുത്തുനില്പുണ്ടു്. വിളിക്കട്ടെ?

ശുക്ര—വരട്ടെ.

പൃഥു—അങ്ങു് അദ്ദേഹത്തെ കണ്ടാലേ അദ്ദേഹം ആരാണെന്നു് അറിയൂ! അദ്ദേഹത്തിൻെറ പ്രതിഭ അസാധാരണമാണു്. ഞാൻ അതിൻെറ ബലത്തിൽ വെറും രണ്ടു കുതിരകളെകൊണ്ടു് ആശ്രമത്തിൽ ഒരു സൈന്യം ഉണ്ടാക്കി.

അത്രി—പ്രതിഭയോ ? നിഷാദപുത്രനു പ്രതിഭയോ?

പൃഥു—കവഷൻെറ കറുത്തതൊലിക്കുള്ളിൽ വെളുത്ത രക്തമാണു് ഒഴുകുന്നതു് എന്നു ഗുരു അംഗൻ പറയാറുണ്ടായിരുന്നു.

ഗർഗ്ഗൻ—വെള്ളരക്തമോ....അതോ-അതോ----വർണ്ണസങ്കരമോ!

അത്രി—ബ്രഹ്മാവർത്തത്തിൽ ഒരു സങ്കരജാതിക്കാരൻ രാജ്യംഭരിക്കുന്നതു് ശരിയാണെന്നു അങ്ങു കരുതുന്നോ?

പൃഥു—അങ്ങേയ്ക്കു ഭരണകർത്താവല്ലേ വേണ്ടതു്!...അതു കിട്ടും.

ശുക്ര—അംഗൻ അങ്ങയെ ഇങ്ങോട്ടയച്ചതിൻെറ പ്രധാന ഉദ്ദേശം ഒരുപക്ഷേ അങ്ങു് അറിയുന്നില്ലായിരിക്കും..

പൃഥു—അങ്ങു് പറഞ്ഞതിൻെറ അർത്ഥം ?

ശുക്ര—പൃഥു, ചുമതല ഏറെറടുക്കാനായിട്ടാണ് അങ്ങയെ ഇങ്ങോട്ടയച്ചതു്, അല്ലാതെ മററാർക്കെങ്കിലും ചുമതല ഏൽപ്പിച്ചുകൊടുക്കാനല്ല.

പൃഥു—അങ്ങനെ ഒരു സൂചനയും എൻെറ ഗുരു എനിക്കു തന്നിട്ടില്ല.

ശുക്ര—അങ്ങയുടെ വിദ്യയുടെ അവസാനഘട്ടം അങ്ങയിൽനിന്നും ഒളിച്ചുവയ്ക്കാൻ അദ്ദേഹം ആഗ്രഹിച്ചതുകൊണ്ടാണ്.

പൃഥു—എനിക്ക് ആലോചിക്കേണ്ടിയിരിക്കുന്നു.

അത്രി—ആയുഷ്മാനായ പൃഥു! വെല്ലുവിളികേട്ട പിന്തിരിയുകയില്ല എന്നു കുറച്ചുമുമ്പ് അങ്ങ് പറഞ്ഞുവല്ലൊ......ഞങ്ങളുടെ ക്ഷണവും അങ്ങേയ്ക്കു് ഒരു വെല്ലുവിളിയാണ്.

പൃഥു—ക്ഷണമോ?

ശുക്ര—അതെ! (പ്രഖ്യാപന സ്വരത്തിൽ) ഞങ്ങളുടെ രാജാവാകാൻ ഞങ്ങൾ അങ്ങയെ ക്ഷണിക്കുന്നു. (മൗനം)........അങ്ങെന്താ മൗനമായതു്?

അത്രി—(ആഹ്വാനം ചെയ്യുന്ന സ്വരത്തിൽ) ബ്രഹ്മാവർത്തത്തിൽ ഇപ്പോൾ കൊള്ളക്കാരും അക്രമികളും വർദ്ധിച്ചിരിക്കുകയാണ്. സരസ്വതീനദിയുടെ അക്കരെ മുമ്പ് ആര്യവീരന്മാർ നശിപ്പിച്ചുകളഞ്ഞ ശത്രുനഗരങ്ങളിൽ ഇപ്പോൾ അവർ വീണ്ടും തലയുയർത്തിത്തുടങ്ങിയിരിക്കുന്നു. വേദമന്ത്രങ്ങൾ ഉച്ചരിക്കുന്ന കണ്ഠങ്ങളെ അവർ ഞെരിച്ചുകളയുന്നു......എന്താ, അങ്ങയുടെ ഹിമാലയത്തേയും ഇതു സ്പർശിക്കാതിരിക്കുമോ?

പൃഥു—(ആലോചിച്ചുകൊണ്ടു്) പ്രതിജ്ഞയുടേയും വെല്ലുവിളിയുടേയും നടുക്കു ഞാൻ ഏതു സ്വീകരിക്കും?

ശുക്ര—സരസ്വതീനദിയുടെ തീരത്തു് കൊള്ളക്കാരുടെമേൽ ചാടിവീണ ആ നിമിഷത്തിൽത്തന്നെ അങ്ങ് അതു് തീരുമാനിച്ചുകഴിഞ്ഞിരിക്കുന്നു!

പൃഥു—എന്നോടൊപ്പം കവഷനും അവരുടെ ഓളങ്ങളോട് ഏററുമുട്ടിയതാണ്, ആചാര്യൻ. ഞാൻ സമ്മതിക്കാം, പക്ഷേ കവഷൻ എന്നോടൊപ്പം ഉണ്ടാവും.

ശുക്ര—ഞങ്ങൾക്കും ചില വ്യവസ്ഥകളുണ്ടു്.

പൃഥു—എന്തു്?

ശുക്ര—യഥാസമയം അങ്ങ് അറിഞ്ഞുകൊള്ളും. അങ്ങ് താഴ്വരയിൽ അൽപ്പനേരം വിശ്രമിക്കൂ......ഇവർ രണ്ടുപേരും, സൂതമാഗധന്മാർ അങ്ങയുടെ അടുത്തുവരുമ്പോൾ അങ്ങും കവഷനും ഇവരോടൊപ്പം വരിക.

പൃഥു—എവിടെ?

ശുക്ര—മുമ്പിലുള്ള കുന്നംപ്രദേശത്തു സുനീഥാ വേനിന്റെ ശവം വച്ചിട്ടുള്ളതിന്റെ പുറകിൽ ഒരു അരുവിയുണ്ടു്. അവിടെ......നിശ്ശബ്ദം അവിടെ എത്തണം!

പൃഥു—അപ്പോൾ നിങ്ങളോ?

ശുക്ര—ഞങ്ങൾ സുനീഥയെ കാണാൻ പോകുകയാണു്.

പൃഥു—എനിക്കും രാജമാതാവു് സുനീഥയെ കാണണം.

ശുക്ര—തീർച്ചയായും......അങ്ങയുടെ കൂടിക്കാഴ്ചയ്ക്കുള്ള ഏർപ്പാടു ചെയ്തിട്ടു ഞങ്ങൾ അങ്ങയെ വിവരം അറിയിക്കാം.

(പൃഥു ഒഴിച്ചു ബാക്കിയുള്ളവർ മറെറാരു വഴിക്കു പോകുന്നു. പൃഥു വിചാരമഗ്നനായി മുനിമാർപോയ വഴിയിലേക്കു പോകാൻ തുടങ്ങിയപ്പോൾ അവിടെനിന്നും കവഷൻ വരുന്നു. കറുത്ത ശരീരം, ആദിവാസികളുടേതുപോലുള്ള മുഖം, പക്ഷേ വികൃതമല്ലാത്ത തേജസ്സുള്ള മുഖഭാവം)

കവഷൻ—വിവരം വല്ലതും കിട്ടിയോ?

പൃഥു—(ഞെട്ടിയിട്ടു്) ആരു് കവഷനോ!........ങ്ഹാ, കിട്ടി. നാം കൊള്ളക്കാരെ തുരത്തി ഓടിച്ച ആശ്രമമില്ലെ, അവിടുത്തെ മൂന്നു മുനിമാരേയും കണ്ടു. അവർതന്നെ രാജമാതാവു് സുനീഥയുടെ അടുത്തു് നമ്മെ കൊണ്ടുപോകും.

കവ—എനിക്കു കാണാൻ ധൃതി ഇല്ലെന്നു നിങ്ങൾക്കറിയാമല്ലോ പൃഥു. ഗുരുദേവന്റെ അവസാനത്തെ ആജ്ഞ ഇല്ലായിരുന്നെങ്കിൽ......

പൃഥു—(എന്തോ ഓർത്തിട്ടെന്ന വണ്ണം) ഗുരുദേവൻ?

കവ—നമുക്കു തിരിച്ചുപോയാലെന്താ? നമുക്കു രണ്ടുപേർക്കും ഒന്നിച്ചു പല കാര്യങ്ങളും ചെയ്യാൻ കഴിയും.

പൃഥു—ഞാൻ നിങ്ങളുടെകൂടെ താമസിക്കുക അഥവാ നിങ്ങൾ എന്റെ കൂടെ താമസിക്കുക—രണ്ടും ഒന്നുതന്നെയാവുമോ?

കവ—വല്ലാത്ത ചോദ്യംതന്നെ നിങ്ങളുടെ!

പൃഥു—ചിലപ്പോൾ നമുക്കു ഒരുമിച്ചു കഴിയാൻ പററിയേക്കും!....

കവ—സത്യമോ! അപ്പോൾ എനിക്കു് നിങ്ങളുടെകൂടെ തിരിച്ചുപോകാൻ പററുമോ?

പൃഥു—ഇല്ല!......ചിലപ്പോൾ ഞാൻമാത്രം ഇവിടെ താമസിക്കേണ്ടിവരും......

കവ—അപ്പോൾ അവൾ പറഞ്ഞതു ശരിയായിരുന്നു........പൃഥു എന്നിൽനിന്നും അകന്നുപോകാൻ ആഗ്രഹിക്കുന്നെന്നു ഉർവ്വി പറഞ്ഞതാണു്.

പൃഥു—അക്കാര്യം കളയു......വരൂ, നമുക്കു് എന്തുചെയ്യണമെന്നു നിങ്ങളോടു പറയാം.

കവ—എൻെറ അഭിപ്രായം, ബ്രഹ്മാവർത്തത്തിൽ ആളുകൾ അധികം സംസാരിക്കുന്നു. പ്രവൃത്തി കുറവും!......ത്രിഗർത്തത്തിൽ നാം വെള്ളവും വാക്കും ഉറപ്പിച്ചുവല്ലോം. തന്മൂലം ഭൂമി വരളുകയോ മനസ്സു കൊതിക്കുകയോ ഇല്ല.... ആ വാക്കുകൾ ഓർമ്മയുണ്ടോ?

പൃഥു—ഉർവ്വി മറെറന്തെങ്കിലും പറഞ്ഞോ?

കവ—അവൾ ഇവിടെ വന്നിട്ടുണ്ടെന്നു എനിക്കു് തോന്നുന്നു.

പൃഥു—അസാദ്ധ്യം!

കവ—ഞാൻ നിന്നിടത്തുന്നിന്നും കുറെദൂരെ മരത്തിനു പിമ്പിൽ ഒരു സ്ത്രീരൂപം കണ്ടപോലെ എനിക്കുതോന്നി.........പക്ഷേ ഞാൻ വിളിച്ചപ്പോൾ അവൾ അപ്രത്യക്ഷയായി.

പൃഥു—(കഴിഞ്ഞ കാര്യങ്ങളിൽ സ്വയം നിമഗ്നനായി) അവൾ മുമ്പിൽ നിൽക്കുന്നു എന്നും നാം അറിയാതെതന്നെ എങ്ങോ അദൃശ്യമായി എന്നും നിങ്ങൾക്കും സംശയം തോന്നുന്നുവോ?

കവ—അല്ല. ഞാൻ കണ്ടതു ശരിയാണു്.

പൃഥു—(അതേമട്ടിൽ) മനസ്സു് അലഞ്ഞു നടക്കുന്നപോലെ! പക്ഷേ പറന്നുപോയിട്ടു തിരിച്ചു വന്നപ്പോൾ കൂട്ടുകെട്ടിയ വൃക്ഷം തകർന്നുപോയതു കണ്ടു് അലഞ്ഞുനടക്കുന്നപോലെ.

കവ—(പൃഥുവിൻെറ തോളിൽ തൊട്ടുകൊണ്ടു് കോമളസ്വരത്തിൽ) പൃഥൂ!

പൃഥു—(കവഷൻെറ അടുത്തേക്കു വേഗം നീങ്ങിയിട്ടു്) നിങ്ങൾ എൻെറ കൂടെ താമസിക്കുകയില്ലേ? എന്തായാലും? ഞാൻ......ഞാൻ നിങ്ങളെ വഞ്ചിക്കുകകൂടി ചെയ്താലും?

കവ—ഇന്നു നിങ്ങൾ ചോദിക്കുന്ന രണ്ടാമത്തെ വിചിത്രമായ ചോദ്യമാണിതു്! പൃഥൂ, വരൂ നമുക്കു തിരിച്ചുപോകാം.

പൃഥു—വേണ്ട. തിരിച്ചുപോകാനുള്ള വഴികൾ അടഞ്ഞിരിക്കുകയമണു്!.......നമുക്കു വളരെയേറെ ചെയ്യാനുണ്ടു്! വരൂ നിങ്ങളോടു പറയാം!.......

(ഇടതുഭാഗത്തേക്കു പോകുന്നു. നടിയിലും സൂത്രധാരനിലും പ്രകാശം പതിയുന്നു.)

നടി—ഒരു കടങ്കഥ ചോദിക്കട്ടെ?

സൂത്രധാരൻ—ഒന്നല്ല രണ്ടെണ്ണം ചോദിക്കൂ.

നടി—വെളിച്ചമില്ലാതെ ഉണ്ടാകുന്ന നിഴലേതാണു്?

സൂത്രധാരൻ—ആഗ്രഹത്തിന്റെ മുററത്തെ വെളിച്ചം കൂടാതുള്ള നിഴലാണ് അനിശ്ചിതാവസ്ഥ.

നടി—കണ്ണടയാതെ വരുന്ന ഉറക്കം?

സൂത്രധാരൻ—ആത്മവിസ്മൃതിയുടെ മയക്കത്തിൽ കണ്ണടയുകയില്ല.

നടി—കുററപ്പെടുത്തരുത്, സൂത്രധാരൻ, കുററപ്പെടുത്തരുത്!......ചിലപ്പോഠം നിഷ്കളങ്കതയുടെ ചരിവുകളിൽക്കൂടി ആഗ്രഹങ്ങളുടെ ധാര ഒഴുകി ഒഴുകി ആത്മവിസ്മൃതി ചുററികറങ്ങുന്ന കുളത്തിൽപോയി വീഴും.

സൂത്രധാരൻ—എന്നുവച്ചാൽ?

നടി—എന്നുവച്ചാൽ പാവം കാക്ക ദമ്പതികഠം കൂടുണ്ടാക്കി മുട്ടയിട്ടു. ഏതോ അജ്ഞാതനായ കുയിലിന്റെ മുട്ട അതിനുള്ളിൽ എപ്പോഴേ കൂടിചേർന്നു എന്നു അവരറിയുന്നില്ല.

സൂത്രധാരൻ—നിഷ്കളങ്കതയും ഒരു മുഖംമൂടിതന്നെയാണ് നടി! കൃത്രിമ മുഖങ്ങളുടെ ഇടയ്ക്കു ഒരൊററയെണ്ണമേ ശരിയായിട്ടുള്ളൂ.........മറവി.........മററുള്ളവർക്കും നമുക്കുതന്നെയും!

(പ്രകാശം വേദിയുടെ അററത്തുനിന്നും മാറി പുറകിൽ ഉയരെ പതിക്കുന്നു. അവിടെ സുനീഥാ വേനിന്റെ ശവത്തിനടുത്തു നിൽക്കുന്നു. അടുത്തു ദാസിയുണ്ട്. വലതുവശത്തായി മൂന്നു മുനിമാരും)

സുനീഥാ—നിങ്ങഠം തിരിച്ചുവരേണ്ടിവരും എന്നെനിക്കറിയാമായിരുന്നു. എനിക്കറിയാമായിരുന്നു!.......

അത്രി—ദേവി സുനീഥേ,ഭവതിയുടെ ഈ സ്ഥിതിയിൽ ഞങ്ങഠം ദു:ഖിക്കുന്നു.

സുനീഥ—ഞാൻ നിങ്ങളോടു ദയ യാചിക്കുന്നില്ല.

ഗർഗ്ഗൻ—ഇത്രയും ബുദ്ധിമുട്ടിയിട്ട്, ഭവതി എന്തു നേടി?

സുനീഥ—ഞാനെന്തു നേടിയെന്നതു് നിങ്ങളുടെ മുന്നിൽതന്നെയുണ്ട്!.... നിങ്ങളുടെ മന്ത്രങ്ങഠം ക്ഷണം ക്ഷണമാക്കിയ വസ്തുവിനെ ഞാൻ ഒന്നിച്ചുകൂട്ടിച്ചേർത്തു.

അത്രി—ഞങ്ങളുടെ മന്ത്രം ജനതയുടെ ശബ്ദമായിരുന്നു.

സുനീഥ—രാജാവിന്റെ തേജസ്സുകൂടാതെയുള്ള ആ ജനശബ്ദം മിഥ്യയാണ്. ഒരു അന്ധമായ തള്ളകൊടുത്തു നിങ്ങഠം ആ തേജ:പുഞ്ജത്തെ ഛിന്നഭിന്നമാക്കി...ഞാൻ വീണ്ടും അതിനെ ക്ഷണം ക്ഷണമായി ചേർത്തു് ഒന്നാക്കി...ഈ തേജ:പുഞ്ജം ബ്രഹ്മാവർത്തത്തെ രക്ഷിക്കും...ഈ വേദിയിലെ തീപ്പൊരികഠം... ഈ അഗ്നിഹോത്രത്തിന്റെ തേജസ്വിയായ പുക!

ശുക്ര—ദേവി സുനീഥേ,ഞങ്ങഠം ഭവതിയോടു തക്കിക്കാനല്ല, യോജിപ്പിനുവേണ്ടി വന്നതാണ്!,,,വേനിന്റെ ശവം ഞങ്ങളെ ഏല്പിക്കൂ.

സുനീഥ—ഇവൻെറ മാംസം കഴുകന്മാരുടെമുമ്പിൽ ഇട്ടുകൊടുക്കാനും എല്ലുകൾ അഗ്നിയിൽ എറിയാനും വേണ്ടി, അല്ലേ!......

ശുക്ര—അല്ല! ഭവതി മന്ത്രങ്ങളും ലേപനവുംകൊണ്ടുചെയ്ത കാര്യം ഞങ്ങൾക്കു പൂർത്തിയാക്കാൻ വേണ്ടി

സുനീഥ—നിങ്ങൾ പൂർത്തിയാക്കുമോ ശുക്രാചാര്യരെ? നിങ്ങൾക്ക് ഇല്ലാതാക്കാനല്ലെ അറിയൂ? ഉണ്ടാക്കാൻ അറിയില്ലല്ലോ?

ശുക്ര—ഞാൻ പറയുന്നതു കേൾക്കൂ സുനീഥാ!......ഭവതി സ്വന്തം സിദ്ധി കൊണ്ട് വേനിൻെറ ശവശരീരത്തിനു സംരക്ഷണം നൽകി. അതേ രൂപവും അതേ ആകൃതിയും തന്നെ......പക്ഷേ അദ്ദേഹത്തിൻെറ തേജസ്സ് എവിടെ?

സുനീഥ—ഈ ശരീരത്തിൽതന്നെ ആ തേജസ്സ് വ്യാപിച്ചിട്ടുണ്ട് (മറുവശത്തേക്കു തിരിഞ്ഞു് ആരെയോ ആഹ്വാനംചെയ്യുന്ന മട്ടിൽ) അല്ലയോ മൃത്യു, ലോകത്തിലെ ദേവന്മാരെ ഓരോ കണത്തിലും വ്യാപിച്ചിരിക്കുന്ന ആ തേജസ്സിനെ വീണ്ടും പ്രകാശിപ്പിക്കൂ ....

ശുക്ര—ദേവീ! ഭവതിയുടെ മൃത്യുലോകത്തിലെ ദേവന്മാർക്കു പ്രാണൻ എടുക്കാനേ അറിയൂ, കൊടുക്കാനറിയില്ല.

സുനീഥ—(പെട്ടെന്നു തിരിഞ്ഞു്) അങ്ങേയ്ക്കു പ്രാണൻ തിരിച്ചുകൊണ്ടു വരാൻ കഴിയുമോ?

ശുക്ര—ഇല്ല?

സുനീഥ—പിന്നെ?

ശുക്ര—വേനിൻെറ ഈ ശരീരത്തിൽതന്നെ അദ്ദേഹത്തിൻെറ തേജസ്സ് ഒളിച്ചിരിപ്പുണ്ടെന്നു ഭവതിതന്നെയല്ലേ പറഞ്ഞതു്! ഞങ്ങൾ ആ തേജസ്സിനെ വീണ്ടും പ്രകാശി!പ്പിക്കും.

സുനീഥ—എങ്ങനെ?

ശുക്ര—അദ്ദേഹത്തിൻെറ ശരീരം കടഞ്ഞിട്ട്.

സുനീഥ—കടഞ്ഞിട്ടോ?

ശുക്ര—അതെ. ദേവന്മാരും അസുരന്മാരുംകൂടി സമുദ്രം കടഞ്ഞില്ലേ. അതുപോലെ ഞങ്ങൾ വേനിൻെറ ശരീരം കടഞ്ഞിട്ട് അദ്ദേഹത്തിൻെറ തേജസ്സിൻെറ അംശം പുറത്തുകൊണ്ടുവരും.

അത്രി—ജീവനുള്ള ഒരാളിൻെറ സന്താനത്തിൽ കാണുന്ന തേജോമയമായ അംശം.

സുനീഥ—സന്താനം!

ശുക്ര—ദേവീ, ഞങ്ങൾ ഭവതിയുടെ സിദ്ധി വ്യർത്ഥമാക്കിക്കളയാനാഗ്രഹിക്കുന്നില്ല! ഞങ്ങൾ അനവധി യാഗം നടത്തുന്നു!....ദേഹം കടയുന്നതാവും ഏറ്റ

വും വലിയ യാഗം. വേനിന്റെ രാജകീയ തേജസ്സ് പുറത്തുവരുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

സുനീഥ—സമുദ്രം കടഞ്ഞപ്പോൾ അമൃതത്തോടൊപ്പം വിഷവും കിട്ടി; നല്ലതിനോടൊപ്പം ചീത്തയും

ഗർഗ്ഗൻ—വേനിന്റെ ചീത്ത അംശംകൂടി പുറത്തുവന്നു എന്നുവരാം.

അത്രി—ഞങ്ങൾ അദ്ദേഹത്തിന്റെ രാജകീയ അംശം മാത്രമേ സ്വീകരിക്കൂ.

ശുക്ര—ആജ്ഞ നൽകൂ ദേവീ, ഞങ്ങൾ പുറകിലുള്ള അരുവിയിൽ കുളിച്ചു ശുദ്ധമായി ഈ അനുഷ്ഠാനം പൂർത്തിയാക്കാം!.......

(മുനിമാർ മൂന്നുപേരും ശവത്തിന്റെ ഒരു വശത്തു വരിവരിയായി നില്ക്കുന്നു. സൂതനും മാഗധനും ഒരു വസ്ത്രം കൊണ്ടുവരുന്നു)

ശുക്ര—രാവിലത്തേക്കു ഞങ്ങളുടെ ശ്രമം വിജയിച്ചാൽ ഭവതിയും ബ്രഹ്മാവർത്തത്തിലെ ജനങ്ങളും സൂര്യോദയത്തോടൊപ്പംതന്നെ ഇവിടെ വേനിന്റെ പ്രകാശമാനവും തേജോമയവുമായ രൂപത്തെ കണ്ട് അഭിനന്ദിക്കും.

(സൂതനും മാഗധനും അടയാളങ്ങളോടുകൂടിയ വസ്ത്രം ശവത്തിന്റേയും മുനിമാരുടേയും മുമ്പിൽ വിരിക്കുന്നു. ക്രമേണ പ്രകാശം കുറയുന്നു. സുനീഥ ഭൂമിയിൽ ദണ്ഡനമസ്കാരം ചെയ്യുന്നു. അല്പം കഴിഞ്ഞ് ദാസി അവരെ എണീപ്പിക്കുന്നു. ഇരുട്ട്. പശ്ചാത്തലസംഗീതം ഉയരുന്നു. യാഗധ്വനിയുടെ മട്ടിലുള്ള (ആകാശവാണിയുടെ 'മദനദഹനം' സംഗീതശിൽപ്പത്തിലെ ആദ്യഭാഗത്തെപ്പോലെ) ശബ്ദം. ക്രമേണ പ്രകാശം വീണ്ടും നടിയുടേയും സൂത്രധാരന്റേയും മേൽ പതിയുന്നു)

നടി—വരണ്ട പാറക്കെട്ടുകളുടെ സമുദ്രത്തിൽ ശീതള അരുവിയുടെ ദ്വീപ്....

സൂത്രധാരൻ—ഇടതിങ്ങിയതും കോലാഹല പൂർണ്ണവുമായ വീടുകളുടെ മരുഭൂമിക്കുശേഷം ഏകാന്തതയുടെ സുഖകരമായ നികുഞ്ജം.

നടി—കുട്ടിക്കാലത്തെ നിഷ്കളങ്കമായ കലഹത്തിനുശേഷമുള്ള പ്രഥമ ദർശനത്തിന്റെ മധുര പുളകം.....

സൂത്രധാരൻ—ദിവസേനയുള്ള അരസികത്വത്തിന്റെ നടുക്കു മനസ്സിനിണങ്ങിയ മനനത്തിന്റെ ശബ്ദം.

നടി—ഈ തോന്നലുകൾ കപടമാണോ?

സൂത്രധാരൻ—അല്ല. ജീവിതത്തിന്റെ മാലയിൽ കോർത്തിട്ടുള്ള എല്ലാ മണിയും ഒരുപോലുള്ളതാണ്. ഒന്നു ചെറുതും മറ്റൊന്നു വലുതുമല്ല!

(അർച്ചന പ്രവേശിക്കുന്നു, അവളുടെ പിന്നാലെ ഉർവ്വിയും)

അർച്ചന—നിങ്ങൾ അവരെ തിരക്കി ഇവിടെ വരെ എത്തിയോ?

ഉർവ്വി—എന്താ ഞാൻ വല്ല തെററും ചെയ്തോ?

അർച്ചന—തെററ് ആരും ചെയ്യാറില്ല, അതു സ്വയം സംഭവിക്കുന്നു....... പക്ഷേ നിൻെറ മുഖസൗന്ദര്യത്തിൽനിന്ന് ആരെങ്കിലും അകന്നുപോകാനാഗ്രഹിക്കുമോ?

ഉർവ്വി—എൻെറ മുഖസൗന്ദര്യം? (ചിരി) ഈ പരുത്ത തൊലി, അതിനും പുറമെ അതിൽ പററിയിരിക്കുന്ന പെടിപടലവും.

അർച്ചന—അങ്ങനെ പറഞ്ഞാൽ ഈ ഭൂമിയും പരുപരുത്തതാണ്...... ഭൂമിയെപ്പോലെതന്നെ നിൻെറ മുഖത്തും സൗന്ദര്യം തുളുമ്പുന്നു.

ഉർവ്വി—ഞാൻ ഭൂമിയെ കൈപ്പത്തിപോലെ കരുതുന്നു.........അതിൻെറ സൗന്ദര്യം എവിടെ?...... അതിൻെറ ഖനികളും എവിടെ?.......അതുകൊണ്ട് അവർ രണ്ടും ഭൂമിയിലേക്കുതിരിച്ചു വരട്ടെ എന്നു ഞാനാഗ്രഹിക്കുന്നു.

അർച്ചന—അതുകൊണ്ട്!....... അതുകൊണ്ടു മാത്രമോ?

ഉർവ്വി—നിങ്ങൾക്ക് ഇക്കാര്യങ്ങൾ മനസ്സിലാകുകയില്ല!

അർച്ചന—എന്തുകൊണ്ട്?

ഉർവ്വി—നിങ്ങൾ എപ്പോഴെങ്കിലും പ്രേമിച്ചിട്ടുണ്ടോ?

അർച്ചന—വിവാഹത്തിനുശേഷം പ്രേമം സ്വയം ഉണ്ടാകുമെന്നു കേട്ടിട്ടുണ്ട്.

ഉർവ്വി—അതുകൊണ്ട് വിവാഹം പ്രതീക്ഷിച്ചിരിക്കുകയാണോ?........... പാവം! (എന്തോ വിവരം കിട്ടിയ മട്ട്. മൂളിപ്പാട്ട് പാടുന്നു)

അർച്ചന—(ആശ്ചര്യത്തോടെ) പാടുകയാണോ?

ഉർവ്വി—നിങ്ങളുടെ നിഷ്കളങ്കതയുടെ പാട്ട്! കേൾക്കൂ (പാടുന്നു)

സ്വർണ്ണത്തളിക ഒരുക്കി ഞാൻ കാത്തിരുന്നു  
വന്നില്ലാരും പക്ഷേ.  
രസസമുദ്രം നിറച്ചുവച്ചു,  
വിരുന്നുണ്ണാൻ വരുന്നില്ലാരും.  
സ്വർണ്ണത്തളികയും തിളങ്ങും പാത്രങ്ങളും ഒരുക്കിവച്ചു,  
പക്ഷേ വരുന്നില്ലാരും.  
രസപ്രിയൻ വരുന്നില്ല, തൊടുന്നതില്ല!.........  
വന്നു തൊട്ടാൽ ഈ കൊച്ചുപാനപാത്രം തുളുമ്പിടും  
എത്ര നാളായിഞാൻ കാത്തിരിപ്പൂ സ്വർണ്ണത്തളികയുമായി.  
പക്ഷേ, വരുന്നില്ലാരും, വിരുന്നിനായ്‌വരുന്നില്ലാരും.

അർച്ചന—നോക്കൂ, എൻെറ കൂടെ താമസിക്കാമോ?

ഉർവ്വി—ദാസിയായിട്ടോ സഖിയായിട്ടോ?

അർച്ചന—സഖി!

ഉർവ്വി—നിങ്ങളുടെ അച്ഛനമ്മമാർ സമ്മതിക്കുമോ ?

അർച്ചന—അച്ഛനമ്മമാരില്ലാത്തവളുടെ വാക്ക് ആളുകൾ കൂടുതൽ സമ്മതിക്കും.

ഉർവ്വി—നിങ്ങളെ ആരെങ്കിലും ദത്തെടുത്തതാണോ ?

അർച്ചന—അതെ, ഇപ്പോൾ ഞാൻ ഒരു മുനികന്യകയാണ്.

ഉർവ്വി—എങ്കിൽ നിങ്ങൾ ആശ്രമത്തിൽ കഴിയണം. ഇവിടെ സ്ഥാനേശ്വരത്ത് എന്തുചെയ്യുകയാണ്?

അർച്ചന—ഇവിടെ വരാൻ നിർബ്ബന്ധിതയായി.

ഉർവ്വി—മനസ്സിലായി!

അർച്ചന—നിങ്ങൾ എന്തു മനസ്സിലാക്കി എന്നു പറയൂ, കേൾക്കട്ടെ.

ഉർവ്വി—ഇവിടെ സ്ഥാനേശ്വരത്തു പ്രിയതമനെ കാണാൻ സാദ്ധ്യതയുണ്ടെന്ന്.

അർച്ചന—സ്വന്തം കാര്യ. എന്നിൽ പ്രയോഗിക്കുകയാണ്.

ഉർവ്വി—സ്വന്തം കാര്യം?

അർച്ചന—നിങ്ങൾ കാര്യം മുഴുവൻ പറഞ്ഞില്ല!........ആരെയന്വേഷിച്ചാണോ നിങ്ങൾ ഇത്രദൂരെ ബ്രഹ്മാവർത്തത്തിൽ വന്നിരിക്കുന്നതു് അവർ രണ്ടു പേരേയും നിങ്ങൾ സ്നേഹിക്കുന്നുണ്ടോ?

ഉർവ്വി—അതും നിങ്ങൾ തെററായി കരുതുന്നോ?

അർച്ചന—എനിക്കു മനസ്സിലാകുന്നില്ല.

ഉർവ്വി—സ്നേഹവും ഒരന്വേഷണമാണ്. എൻെറ മനസ്സാകുന്ന മേഘം രണ്ടു നദികളിലെ കണ്ണാടികളിൽ നോക്കാറുണ്ട്.

അർച്ചന—പക്ഷേ എവിടാണു ചെയ്യേണ്ടതെന്നു് അതിനു ഒട്ടും അറിയാൻ പാടില്ല! അതു ഒന്നേയുള്ളൂ! ... ബ്രഹ്മാവർത്തത്തിൽ നിങ്ങളുടെ പ്രശ്നം പരിഹരിക്കാം......സഖി!

ഉർവ്വി—ബ്രഹ്മാവർത്തത്തിൽ പ്രശ്നങ്ങൾ ധാരാളമുണ്ട്. മരിച്ച രാജാവിൻെറ ശവശരീരം, കൊള്ളക്കാരുടേയും അക്രമികളുടേയും കൊടുങ്കാററുകൾ ..... കൂടാതെ പലവിധ അടവുകളും!.........

അർച്ചന—നിങ്ങൾക്കു വളരെ കാര്യങ്ങൾ അറിയാമല്ലൊ!

ഉർവ്വി—ബ്രഹ്മാവർത്തം വേട്ടക്കാരൻെറ വലയാണ്. രണ്ടു പാവം പ്രാവുകൾ അതിൽ കുടുങ്ങാതിരുന്നാൽ മതി.

അർച്ചന—മനസ്സിലായി!....അപ്പോൾ വേട്ടപ്രാവ് അവരെ ആകർഷിച്ചുകൊണ്ടുപോകാൻ വന്നിരിക്കുകയാണ്! ...അവർ ഇവിടെത്തന്നെയുണ്ടോ?

ഉർവ്വി—ഇവിടെ എവിടെയെങ്കിലും കണ്ടേക്കും.

അർച്ചന—അപ്പോഠം നിങ്ങഠംക്കും കുറെനേരം ഈ വലയിൽ കുരുങ്ങേണ്ടി വരും!........ (ചെറുതായി ചിരിച്ചിട്ട്) വല!

ഉർവ്വി—നമുക്കു മൂന്നുപേർക്കും തിരിച്ചുപോകാൻവേണ്ടിവരുന്നതു സമയം!

അർച്ചന—വളരെ അസ്വസ്ഥയാണ് എൻെറ സഖി.

(പെട്ടെന്നു ഉർവ്വിയുടെ മുഖത്തു ഉന്മാദത്തിൻെറ മട്ടിലുള്ള പരിഭ്രമം)

ഉർവ്വി—എനിക്കു കാണാൻ കഴിയുന്നതു നിങ്ങഠംക്കു കാണാൻ കഴിഞ്ഞെങ്കിൽ!

അർച്ചന—ഇതെന്താ! നിങ്ങളുടെ കണ്ണുകളിൽ ഇതെന്താ നിഴലിക്കുന്നതു്!.... ഇങ്ങനെ നിർന്നിമേഷയായി!........

ഉർവ്വി—(അവളുടെ ശബ്ദം ദൂരെ എവിടെനിന്നോ വരുന്ന മട്ടിൽ) ഞാൻ ഉർവ്വിയാണ്.........ഞാൻ ഭൂമിയുടെ സ്പന്ദനം കേഠംക്കുന്നു, ഞാൻ ദൂരെ ചക്രവാളത്തിൻെറ തീരത്തു് ഉയരുന്ന തീക്ഷ്ണമായ, ചുട്ടു പഴുത്ത വെയിൽനാളം കാണുന്നു. അതിൻെറ ജ്വാലയിൽ ബ്രഹ്മാവർത്തത്തിലെ തടാകങ്ങളും കുളങ്ങളും നദികളും ഒക്കെ വററും.

അർച്ചന—നിങ്ങളെ ഇങ്ങനെ കണ്ടിട്ട് എനിക്കു പേടിയാകുന്നു!

ഉർവ്വി—(അതു കേഠംക്കാത്ത മട്ടിൽ) പാവം ഭൂമി ചുരുങ്ങിപ്പോകും! ഭൂമിയുടെ ദുഃഖം എനിക്കറിയാം.

അർച്ചന—(ഉർവ്വിയെ തൊട്ടുകൊണ്ടു്)........നിങ്ങഠം........നിങ്ങഠം എവിടെയാണ്?

ഉർവ്വി—(സ്പർശനംകൊണ്ടു ബോധം തിരിച്ചുവന്ന മട്ടിൽ) ഞാൻ—(വളരെ മൃദുവായ സ്വരത്തിൽ) എന്നോടു ദേഷ്യപ്പെടുകയില്ലേ?

അർച്ചന—അതെന്താ?

ഉർവ്വി—നോക്കൂ, എനിക്കു നിങ്ങളുടെ സഖിയാകാൻ കഴിയില്ല.

അർച്ചന—ആ രണ്ടു പുരുഷന്മാരുടെയും ഇടയ്ക്കു നിങ്ങളുടെ വിഷമം മാറിയാലും പററില്ലേ?

ഉർവ്വി—അതല്ല കാര്യം......എനിക്കു ഒരു സഖിയേ ഉള്ളൂ!......ഭൂമി!......ഒരു ലഹരിപോലെ എന്നിൽ ലയിച്ചുചേരുന്ന ഭൂമി........ബ്രഹ്മാവർത്തത്തിലെ ഭൂമിയിൽ സംഭവിക്കുന്ന കാര്യം എനിക്കു സഹിക്കാൻ കഴിയില്ല........ഇല്ല........ഇല്ല........

(വലതുവശത്തുകൂടി പോകുന്നു)

അർച്ചന—നില്ക്കൂ!....... ഉർവ്വീ ..... ഉർവ്വീ!

(ഉയർത്തിയ കൈ അങ്ങനെതന്നെ നില്ക്കുന്നു) ചിലപ്പോരം പാട്ട്, ചിലപ്പോരം ഉന്മാദം.........അപ്പോരം എങ്ങനെയായാലും വേണ്ടില്ല, ഇവളെത്തന്നെ ഞാൻ സഖിയാക്കും! എങ്ങനെയായാലും വേണ്ടില്ല

(ഇടതുഭാഗത്തുകൂടി ദേഹം മുഴവൻ വസ്ത്രംകൊണ്ടു മൂടിയ ഒരു പുരുഷൻ പ്രവേശിക്കുന്നു.)

പുരുഷൻ—അർച്ചനാ!.........അർച്ചീ!

അർച്ചന—(ഞെട്ടിത്തിരിഞ്ഞുകൊണ്ടു്) ആരു്!......(ഭയം കലർന്ന ആശ്ചര്യത്തോടെ നിശ്വാസം.)

പുരുഷൻ—ഭയപ്പെടാതിരിക്കു (മുഖത്തുനിന്നും വസ്ത്രം മാററുന്നു.)

അർച്ചന—അച്ഛാ! (മുമ്പോട്ടുചെന്നു്) ഞാൻ എത്ര നേരമായി അങ്ങയെ അന്വേഷിക്കുന്നു.

ഗർഗ്ഗൻ—അതറിയാം.........വരൂ എൻെറ കൂടെ.

അർച്ചന—എവിടെ?

ഗർഗ്ഗൻ—പറയാം.

അർച്ചന—പക്ഷേ....പക്ഷേ

ഗർഗ്ഗൻ—(വന്നവഴിയെ അർച്ചനയെ കൊണ്ടുപോകുന്നു.) വരൂ....നിന്നെ ആവശ്യമുണ്ടു്. (പോകുന്നു. പ്രകാശം വേദിയിൽനിന്നും അകന്നു് സൂത്രധാരനിലും നടിയിലും കേന്ദ്രീകരിക്കുന്നു)

സൂത്രധാരൻ—ഒരു ദിവസം ശ്രീപരമേശ്വരനും പാർവ്വതിയും ആകാശത്തുകൂടി പോകുകയായിരുന്നു. പെൺജാതിയിൽപിറന്ന പാർവ്വതി സ്ഥാനത്തും അസ്ഥാനത്തും ചോദ്യങ്ങരം ചോദിച്ചു് പാവം ശിവനെ കഷ്ടപ്പെടുത്തി.

നടി—പുരുഷൻ കുഴപ്പം സൃഷ്ടിച്ചില്ലെങ്കിൽ സ്ത്രീകരം ചോദ്യംചോദിക്കുമോ?

സൂത്രധാരൻ—താഴെ മർത്ത്യലോകത്തു എവിടെയോ ധർമ്മത്തെപ്പററി ചർച്ച നടക്കുകയായിരുന്നു. പാർവ്വതി ത്രിശൂലത്തിൽ പിടിച്ചു് പരമേശ്വരനെ തടഞ്ഞിട്ടു പറഞ്ഞു ''അല്ലയോ പശുപതിനാഥാ, മനുഷ്യൻ ചിന്താശീലനാണു്, അവനു് ആലോചിക്കാൻ കഴിയും. നന്മതിന്മ തിരിച്ചറിഞ്ഞു് എല്ലായ്പോഴും ശരിയായ കർത്തവ്യം കണ്ടെത്താൻ കഴിയും. പിന്നെ അവനു ധർമ്മത്തിൻെറ ആവശ്യമെന്തിനു് ?

നടി—ധർമ്മമോ ! ഏതു ധർമ്മം ?

സൂത്രധാരൻ—പരമേശ്വരൻ മറുപടികൊടുത്തു, ദേവീ, മനുഷ്യൻ ചിന്താശീലനാണെന്നതോടൊപ്പം മൃഗവുമാണു്. ഒരുവശത്തു് അവൻ തിരിച്ചറിവുള്ളവനും വിവേകിയും ചിന്താശീലനുമാണു്. എന്നാൽ, മറുവശത്തു അവൻ മൃഗ

വുമാണ്—തിരിച്ചറിവില്ലാത്ത, സഹജവൃത്തി അനുസരിച്ച ചലിക്കുന്ന വന്യമൃഗം.

നടി—ചിലപ്പോൾ ആകാശത്തെ അനന്തമായ ഗുഹയിൽ താമസിക്കുന്ന ജ്ഞാനി, ചിലപ്പോൾ ഇരുണ്ട, ഇടുങ്ങിയ കൽഗുഹയിൽ ചുററിനടക്കുന്ന മൃഗം.

സൂത്രധാരൻ—പരമേശ്വരൻ വിശദീകരിച്ചു-അല്ലയോ ഗണേശജനനീ, മൃഗമായതുകൊണ്ടു് മനുഷ്യനു് ഏതെങ്കിലും തരത്തിലുള്ള ബാഹ്യമായ അച്ചടക്കം ആവശ്യമാണു്. അവനെ നടക്കാനും നിൽക്കാനും സഹായിക്കുന്ന ബാഹ്യസൂചനകൾ, അളന്നു തീരുമാനമെടുക്കാവുന്ന അളവുകോലുകൾ, ശാശ്വതമായ മൂല്യങ്ങൾ .... ഇതുതന്നെയാണു് ധർമ്മം.

നടി—അപ്പോൾ ധർമ്മം മനുഷ്യനെന്ന മൃഗത്തിനു് ഒരു കടിഞ്ഞാണാണു്.

സൂത്രധാരൻ—പക്ഷേ മിക്കവാറും ആ മൃഗം ആ കടിഞ്ഞാണിനെത്തന്നെ ചവച്ചുതിന്നുന്നു.

(പ്രകാശം പുറകിലുള്ള കുന്നിൽ പതിയുന്നു. പേടകത്തെ മറയ്ക്കുവാൻ കർട്ടൻ പിടിച്ചുകൊണ്ടു് സൂതനും മാഗധനും നിൽക്കുന്നു. കഥകളിയിൽ നായകനെ അവതരിപ്പിക്കുന്ന പോലെയുള്ള കർട്ടൻ.

ക്രമേണ പ്രഭാതമായി എന്നറിയിച്ചുകൊണ്ടു് പ്രകാശം രംഗവേദി മുഴുവൻ പരക്കുന്നു. വേദിക്കു മൂന്നു തലങ്ങൾ ഉണ്ടു്. മുകളിൽ സൂതനും മാഗധനും കർട്ടൻ പിടിച്ചുകൊണ്ടു് നിൽക്കുന്ന ഭാഗം ഏററവും ചെറുതാണു്. അതിനുതാഴെ കുറെക്കൂടി വിസ്തൃതമായ ഭാഗത്തു ഇരുവശത്തും മുനിമാർ കൈകൂപ്പി നിൽക്കുന്നു. ശുക്രാചാര്യനും ഗർഗ്ഗനും അത്രിയും. താഴെ ഒരുവശത്തു് സുനീഥയും ദാസിയും മററു സ്ത്രീകളും, മറുവശത്തു് ഗ്രാമത്തിലെ പൗരമുഖ്യന്മാരും.

പശ്ചാത്തലത്തിൽ സംഗീതത്തിൻെറ സ്വരം ക്രമേണ നിലയ്ക്കുന്നു. ശുക്രാചാര്യൻ സംസാരിക്കുന്നു)

ശുക്ര—ബ്രഹ്മാവത്തത്തിലെ നാട്ടുകാരെ! നാം പറയുന്നതു ശ്രദ്ധിക്കു. സുനീഥാദേവി! ഭവതിയും ശ്രദ്ധിക്കുക.....ഇത്രയും ദിവസം തൻെറ മാന്ത്രികലേപനംകൊണ്ടു് സുനീഥാദേവി സൂക്ഷിച്ചുവച്ച ശവം ഇന്നു ഞങ്ങൾ ഞങ്ങളുടെ തപഃശക്തികൊണ്ടു് കടഞ്ഞു ....ആദ്യം ഞങ്ങൾ വേനിൻെറ വലത്തെ തുട കടഞ്ഞു.

(പശ്ചാത്തലത്തിൽ താളവാദ്യങ്ങളുടെ മന്ദസ്വരം വീണ്ടും കേൾക്കുന്നു. കർട്ടൻ അല്പനേരം പൊങ്ങുന്നു. സൂതനും മാഗധനും അതു പതുക്കെ താഴോട്ടു പിടിച്ചിടുന്നു. കർട്ടൻെറ മുകളിലത്തെ അററത്തിനു പുറകിൽ ഒരുതലയും മുഖാവരണവും കാണുന്നു. മുഖാവരണം കറുത്തു ഭയങ്കരമാണു്. ഉടുക്കുവാദ്യത്തിൻെറ ശബ്ദം ഉയരുന്നു. മുഖാവരണം അണിഞ്ഞ പുരുഷൻ കർട്ടൻ കടന്നു പുറത്തുവരുന്നു. സൂതനും മാഗധനും വീണ്ടും കർട്ടൻ ഉയർത്തിപ്പിടിക്കുന്നു.)

(താഴെ ഗ്രാമത്തിലെ പൗരമുഖ്യന്മാർ ഓരോരുത്തരായും ഒടുവിൽ എല്ലാവരും ഒന്നിച്ചു ചേർന്നും പറയുന്നു.)

ഒന്നാമത്തെ പൗരമുഖ്യൻ—ഞങ്ങൾ ഒരു ഭയങ്കരമുഖാവരണം കാണുന്നു.

രണ്ടാമൻ—എന്തൊരു ചാരനിറം!

മൂന്നാമൻ—കണ്ണുകൾ ചുവന്നു ഭയങ്കരമായിരിക്കുന്നു.

എല്ലാവരുംകൂടെ—ഈ ഭയങ്കരജീവി ആരാണ്?

അത്രി—ഇതാണു വേനിന്റെ തുടയിൽനിന്നു ഉണ്ടായ പുത്രൻ.

(മുഖാവരണമണിഞ്ഞ പുരുഷന്റെ പരിഹാസച്ചിരി)

ഒന്നാം—വേനിന്റെ തുടയിൽനിന്ന് ജനിച്ച ഈ മനുഷ്യന്റെ ചിരി എന്തു വിചിത്രമാണ്?

രണ്ടാ—ഞങ്ങളെ ഒക്കെ പരിഹസിക്കുന്ന മട്ടുണ്ട്.

മൂന്നാ—വേനിന്റെ മനസ്സിലെ എല്ലാ അഴുക്കും ഈ പുത്രൻ ഉൾക്കൊണ്ടിട്ടുണ്ടോ?

(മുമ്പോട്ടു ചെന്ന് ആ രൂപം വീണ്ടും ചിരിക്കുന്നു)

ശുക്ര—(വേഗം അയാളുടെ തോളിൽ പിടിച്ചിട്ട്)ഇരിക്കു നിഷാദാ! നിങ്ങൾ ഘോരവനങ്ങളിലും മലഞ്ചരിവുകളിലും കഴിയുന്ന കാട്ടുജാതിക്കാരുടെ നേതാവാകും, വേനിന്റെ തുടയിൽനിന്നും ജനിച്ചവനേ, ഇവിടെ ഇരിക്കു!

പുരു—(അദ്ദേഹത്തിന്റെ കൈ ശക്തിയായിത്തട്ടിമാററിക്കൊണ്ട്) തുടയിൽനിന്നും ജനിച്ചവൻ....(അട്ടഹാസം) ഹാ, ഹാ, ഹാ!

(വേഗം അപ്രത്യക്ഷനാകുന്നു)

ഗർഗ്ഗൻ—നിഷാദാ! നിഷാദാ!........

സുനീഥാ—വേനിന്റെ തിന്മതന്നെ പ്രകടമാകും എന്നു ഞാൻ ഭയപ്പെട്ടിരുന്നു.

ശുക്ര—ക്ഷമിക്കു സുനീഥാദേവി!......ഞങ്ങൾ അതിനുശേഷം വേനിന്റെ വലത്തെ കൈ കടഞ്ഞു എന്നിട്ട്(ഉടുക്കിന്റെ ശബ്ദം! കർട്ടൻ ഇളകുന്നു, സൂതനും മാഗധനും അതു താഴോട്ടാക്കിയാക്കി താഴെയിടുന്നു. അപ്പോൾ മനോഹരമായ മുഖാവരണം ധരിച്ച, തലയിൽ കരീടവും ശരീരത്തു് ആഭരണങ്ങളും, വില്ലും അമ്പും കവചവും മററും ധരിച്ച തേജസ്വിയായ ഒരു പുരുഷൻ മുമ്പോട്ടു വരുന്നു. ഉടുക്കിന്റെ ശബ്ദം ശാന്തമാകുന്നു)

ഒന്നാ—ഈ തേജസ്സുള്ള മുഖം

രണ്ടാ—ഈ ശുഭ്രശരീരം........

മൂന്നാ—ഈ ബലിഷ്ഠമായ കൈകൾ.......

എല്ലാവരുംകൂടി—ആരാണിതു്? ദേവരാജാവായ ഇന്ദ്രന്റെ രൂപം!

ശുക്ര—ഇതാണു് വേനിന്റെ കൈയ്യിൽ നിന്നും ജനിച്ച പുത്രൻ—പൃഥു

സുനീഥ—ഇതുതന്നെ, ഇതുതന്നെ, അതെ, ഇതുതന്നെയാണു്. ഇതാണു് ആ ചുട്ടുപഴുത്തസ്വർണ്ണം—ഇതിനുവേണ്ടിയാണു് ഞാൻ വേനിന്റെ ശരീരത്തിലെ മൂളകത്തിച്ചതു്.

ശുക്ര—ആയുഷ്മാൻ. ഇതു സ്വീകരിക്കൂ

(പൃഥുവിനു കുശപ്പുല്ലുകൊണ്ടുണ്ടാക്കിയ ചരടു് കൊടുക്കുന്നു.)

സുനീഥ—കുശപ്പുല്ലു്! ആ കുശപ്പുല്ലുകൊണ്ടുള്ള ചരടുതന്നെ............

ശുക്ര—അതെ അതേ ചരടുതന്നെ! പക്ഷേ ദേവി! അക്ഷമ കാട്ടാതിരിക്കൂ! ......ആയുഷ്മാൻ! അങ്ങു് ഈ സദസ്സിന്റെ മുമ്പിൽവച്ചു ഞങ്ങളോടു ചില പ്രതിജ്ഞകാം ചെയ്യണം.

പൃഥു—ഞാൻ തയ്യാറാണു്.

ശുക്ര—ഓരോ പ്രതിജ്ഞയോടുകൂടിയും ഈ കുശച്ചരടിൽ ഓരോ കുരുക്കിടണം!

പൃഥു—ആദ്യത്തെ പ്രതിജ്ഞ?

ശുക്ര—അങ്ങു് സ്വന്തം ബാഹുബലം കൊണ്ടു് ബ്രഹ്മാവർത്തത്തിലെ ആശ്രമങ്ങളും യാഗശാലകളും രക്ഷിക്കുമെന്നു്.

പൃഥു—തീർച്ചയായും രക്ഷിക്കാം. (കുരുക്കിടുന്നു)

അത്രി—രണ്ടാമത്തെ പ്രതിജ്ഞ—സ്വന്തം ഇഷ്ടവും അനിഷ്ടവും ഉപേക്ഷിച്ചു് എല്ലാ മനുഷ്യരോടും ഒരേമട്ടിൽ പെരുമാറും.

പൃഥു—ഞാൻ യഥാശക്തി ഒരേ മട്ടിൽ പെരുമാറാം (കുരുക്കിടുന്നു.)

ഗർഗ്ഗൻ—ലോകത്തിൽ ധർമ്മം തെററി നടക്കുന്നതാരായാലും അയാളെ തോല്പിച്ചു ശിക്ഷിക്കും. പക്ഷേ.......

പൃഥു—ശിക്ഷിക്കാം. പക്ഷേ.......

ഗർഗ്ഗൻ—പക്ഷേ വേദം പഠിക്കുന്ന ബ്രാഹ്മണരെ ശിക്ഷിക്കാൻ പാടില്ല.

(പൃഥു മിണ്ടാതെ നില്ക്കുന്നു)

ശുക്ര നിൽക്കരുതേ, ആയുഷ്മാൻ! മൂന്നാമത്തെ കുരുക്കിടൂ!

(പൃഥു ഒന്നും പറയാതെ കുരുക്കിടുന്നു)

അത്രി—നാലാമത്തെ പ്രതിജ്ഞ! ശിക്ഷിക്കാനും രക്ഷിക്കാനും വേദത്തിൽ പറഞ്ഞിട്ടുള്ള നിത്യധർമ്മമനുസരിച്ചുതന്നെ ഭരിക്കും. തന്നിഷ്ടം കാട്ടുകയില്ല.

പൃഥു—തന്നിഷ്ടം കാട്ടുകയില്ല (കുരുക്കിടുന്നു)

ശുക്ര—അഞ്ചാമത്തെ പ്രതിജ്ഞ—വർണ്ണസങ്കരത്തിൽ നിന്നും സമുദായത്തെ രക്ഷിക്കും. ആര്യജാതിക്കാരുടെ രക്തത്തിൽ കലപ്പുചേർക്കാനനുവദിക്കയില്ല.

(പൃഥു മൗനം പാലിക്കുന്നു)

ഗർഗ്ഗൻ— അങ്ങു് വീണ്ടും നിർത്തിയതു്!

പൃഥു—രക്തത്തിലെ കലർപ്പ്.......തടയുക......അതു സാദ്ധ്യമാണോ?

അത്രി—വീരശ്രേഷ്ഠാ, സങ്കോചം കാട്ടാതിരിക്കൂ. കൊള്ളക്കാരുടെ വെല്ലുവിളി ഓർത്തുനോക്കൂ.

പൃഥു—ഓർമ്മയുണ്ടു്......(കുരുക്കിട്ടിട്ടു് കുശപ്പുല്ലു് മുമ്പോട്ടുനീട്ടുന്നു) ഇതാ.

ശുക്ര - (കുശച്ചരടു പൃഥുവിൻെറ കൈയ്യിൽനിന്നും വാങ്ങിയിട്ടു്) ആയുഷ്മാൻ കൈ ഇങ്ങോട്ടു നീട്ടൂ (കുശച്ചരടു് പൃഥുവിൻെറ കൈത്തണ്ടിൽ കെട്ടുന്നു)....ഈ കുശച്ചരടാണു നിയമം, ഇതിലെ കുരുക്കുകൾ രാജധർമ്മവും. ഗ്രാമത്തിലെ ആളുകൾ പ്രജയും. ആ പ്രജയെ ഭരിക്കുന്ന അങ്ങു് ഞങ്ങളുടെ രാജാവാണു്.

പൗരമുഖ്യന്മാരും മുനിമാരും—ഞങ്ങളുടെ ആദ്യരാജാവു് വിജയിക്കട്ടെ—പൃഥു വിജയിക്കട്ടെ!

(സൂതനും മാഗധനും മുമ്പോട്ടു ചെന്നു കൈകൂപ്പി രാജാവിനെ സ്തുതിക്കുന്നു)

സൂത—മാഗ—(ഒരുമിച്ച്) അല്ലയോ രാജാവേ, അല്ലയോ നരേശ്വരാ, അല്ലയോ ഭൂപതി, ഞങ്ങൾ അങ്ങയെ സ്തുതിക്കുകയാണു്.

സൂത—അങ്ങു് ദുഷ്ടന്മാക്കു ദണ്ഡപാണിയാവും. ധർമ്മത്തിൻേറയും ന്യായത്തിൻേറയും എതിരാളികളെ അങ്ങു നശിപ്പിക്കും. അങ്ങേയ്ക്കു ഒററയ്ക്കു പ്രജകളെ പരിപാലിക്കാനും അനുരംജിപ്പിക്കാനും കഴിയും. അല്ലയോ ശത്രുനാശകാ അല്ലയോ ദൃഢപ്രതിജ്ഞകാ, അല്ലയോ ലോകരക്ഷകാ, ഞങ്ങൾ അങ്ങയെ അഭിനന്ദിക്കുന്നു.

മാഗ – സൂര്യഭഗവാൻ എട്ടുമാസക്കാലം ചൂടുകൊണ്ടു് ജലം വലിച്ചെടുക്കുകയും വർഷകാലത്തു് അതു തിരിച്ചുകൊടുക്കുകയും ചെയ്യുന്നതുപോലെ അങ്ങു് പ്രജകളിൽനിന്നും കരമായി ധനം ശേഖരിച്ചിട്ടു് അതു പ്രജകളുടെ നന്മയ്ക്കായി തന്നെചെലവഴിക്കുന്നു. അതുകൊണ്ടു് അല്ലയോ നീതിപാലകനായ രാജാവേ! അങ്ങയെ ഞങ്ങൾ നമസ്ക്കരിക്കുന്നു!

സൂതൻ—പ്രഭാതത്തിൻെറ കാലടിശബ്ദം കേട്ടു് ഇരുട്ടിൻെറ മഹാസമുദ്രം ചുരുങ്ങിക്കൂടി ഇല്ലാതാവുന്നതുപോലെ അങ്ങയുടെ ബുദ്ധിസ്പർശമേററു് സൽദ്ദുഃഖങ്ങളുടേയും കൊള്ളരുതായ്മകളുടേയും അനാചാരങ്ങളുടേയും കാളിമ അപ്രത്യക്ഷമായിത്തീരും.

മാഗ—ഇരുട്ടിൻെറ തടവുകാരായ വൃക്ഷങ്ങളിൽ, പക്ഷികളുടെ ചങ്ങലകളിൽ സൂര്യൻെറ പ്രഹരമേല്ക്കുമ്പോൾ അവ കിലുങ്ങുന്നപോലെ മുനിമാരുടേയും ബ്രാഹ്മ

ണരുടേയും യാഗങ്ങളുടെ അമർത്തപ്പെട്ട സ്വരം അങ്ങയുടെ സർവ്വവ്യാപിയായ ആശ്രമത്തിൽ ആകാശം മുഴവൻ മുഴങ്ങി കേൾക്കും.

സൂത—മാഗ—(ഒന്നിച്ച്) അല്ലയോ പരമപ്രതാപീ! പരമ സമർത്ഥാ! പരമ ബലശാലീ! ഞങ്ങൾ അങ്ങയുടെ ഗുണങ്ങളേയും കർമ്മങ്ങളേയും വീണ്ടും വീണ്ടും നന്ദിക്കകയും... ..

(പൃഥു വർദ്ധിച്ച അസഹ്യതയോടെ ഇതു മുഴവൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു, അദ്ദേഹം അവരെ തടയുന്നു.)

പൃഥു—നിർത്തൂ.....നിങ്ങൾ ആരെയാണ് പ്രശംസിക്കുന്നതു്?

സൂതൻ—രാജൻ!....

(പരിഭ്രമംകൊണ്ടു് രണ്ടുപേർക്കും സംസാരിക്കാൻ കഴിയുന്നില്ല)

പൃഥു—നിങ്ങളുടെ പ്രശംസയുടെ കണ്ണാടിയിൽ എനിക്കു് എൻെറ മുഖം കാണാൻ കഴിയുന്നില്ല (സ്വന്തം മുഖാവരണം മാററിയിട്ടു്)

എന്താ നിങ്ങൾ എൻെറ മുഖാവരണത്തേയാണോ പ്രശംസിച്ചതു്? – ഇനി നോക്കുക!

മാഗ—ഇതു മുഖാവരണമല്ല, അങ്ങയുടെ ഭാവിയുടെ കണ്ണാടിയാണു്, രാജൻ!

സൂതൻ—അങ്ങയുടെ തേജസ്സററ മുഖത്തു പ്രത്യക്ഷപ്പെടുന്ന പ്രതാപത്തിൻേറയും പരാക്രമത്തിൻേറയും രേഖകൾ ഞങ്ങൾ കാണുന്നുണ്ടു്.

പൃഥു—ഈ വാചകമടി നിർത്തൂ....ഞാൻ ഇതുവരെ രാജാവെന്ന നിലയ്ക്കു് യാതൊന്നും ചെയ്തിട്ടില്ല. പിന്നെ ഇപ്പോഴേ സ്തുതി എന്തിനു്? (എല്ലാവരേയും സംബോധന ചെയ്തുകൊണ്ടു്) മുനിശ്രേഷ്ഠന്മാരേ, മാതാസുനീഥേ, ബ്രഹ്മാവർത്തത്തിലെ നിവാസികളേ! നിങ്ങൾ എന്നെ രാജാവാക്കാമെന്നു സമ്മതിച്ചിരിക്കുന്നു. അതിനു് എനിക്കു സ്തുതിയല്ല, നിങ്ങളുടെ സഹകരണമാണു വേണ്ടതു്. വാചകമടിയല്ല, പ്രവൃത്തിയാണു വേണ്ടതു്. കുററമില്ലാതെ നിന്ദിക്കുന്നതുപോലെതന്നെ പരിശ്രമം കൂടാതെയുള്ള പ്രശംസ എനിക്കു ഇഷ്ടമല്ല.

(പെട്ടെന്നു പുറത്തുനിന്നും നിഷാദൻെറ മുഖാവരണം മുമ്പിൽ വീഴുന്നു.)

ഗർഗ്ഗൻ—നിഷാദൻ!

സുനീഥ—തുടയിൽ നിന്നുണ്ടായവൻ!

(കവഷൻ പ്രവേശിക്കുന്നു. ഗൗരവവും തിരക്കും കാണാം)

കവഷൻ—അതെ. ഞാൻ തുടയിൽനിന്നുണ്ടായതാണു്. നിങ്ങൾക്കു മുന്നറിയിപ്പു നല്കാനായി തിരിച്ചുവന്നതാണു്.

പൃഥു—കവഷനോ? വന്നതു നന്നായി. നിൻെറ ആവശ്യമുണ്ടു്.

കവ—പൃഥു!

അത്രി—രാജൻ എന്നു വിളിക്കൂ. നിഷാദാ!

പൃഥു—എന്താ കവഷാ, കാര്യം?

കവ—കൊള്ളക്കാരുടെ സംഘം അങ്ങേവശത്തു കയറുകയാണു്.

പൃഥു—ആശ്രമത്തിലേ?

കവ—അല്ല, അവർ കുറച്ചു തെക്കോട്ടു മാറി സരസ്വതി കടന്നു ഗ്രാമങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണു്.

ഒന്നാം—ഗ്രാമങ്ങളിലേക്കോ?

രണ്ടാം—കൊള്ളക്കാർ ഗ്രാമങ്ങളിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു! ഓടൂ!

മൂന്നാം—ഓടൂ, ഓടൂ!

സൂത—അവർ ഇങ്ങോട്ടെങ്ങാനും വന്നാലോ?

മാഗ—നമ്മൾ എങ്ങോട്ടു് ഓടും?

ഒന്നാം—ഞങ്ങളുടെ കുടുംബങ്ങൾ!

രണ്ടാം—ഞങ്ങളുടെ കന്നുകാലികൾ!

അത്രി—ഏററവും ആദ്യം ആശ്രമങ്ങളെ രക്ഷിക്കണം.

ഗർഗ്ഗൻ—നമ്മുടെ വഴിതന്നെ തടഞ്ഞാലോ?

ശുക്ര—രാജൻ, എന്തെങ്കിലും ഉപായം ആലോചിക്കൂ.

(കോലാഹലം)

പൃഥു—ശാന്തം! ശാന്തം! നിങ്ങൾ എന്നെ രാജാവാക്കിയ സ്ഥിതിക്കു് എൻെറ ആജ്ഞകൂടി കേൾക്കണം.....സൂതമാഗധന്മാരെ, നിങ്ങൾക്കു ഏതെങ്കിലും രഹസ്യവഴി അറിയാമോ?

സൂതൻ—അറിയാം.......

പൃഥു—ഈ ഗ്രാമത്തലവന്മാരെ ആ വഴിയിൽകൂടി കൊണ്ടുപോകൂ.

മാഗ—എവിടെ കൊണ്ടുപോകും?

പൃഥു—കിഴക്കെ അതിർത്തിയിൽ അനൂപപ്രദേശത്തു്.......നിങ്ങൾ രണ്ടുപേരേയും അവിടത്തെ ഭരണകർത്താക്കളായി നിയമിക്കുന്നു.

സൂത-മാഗ—അങ്ങു് ജയിക്കട്ടെ!

ഗ്രാമത്തലവൻ—ഞങ്ങളുടെ വയലുകളും കുളങ്ങളും?

പൃഥു—ഞാൻ അവയെ രക്ഷിക്കാം. എല്ലാ ഗ്രാമത്തിലേയും പതുപ്പത്തു ചെറുപ്പക്കാർ എൻെറ കൂടെയുണ്ടാവും. നിങ്ങൾ പോയി അനൂപപ്രദേശത്തു് കോട്ട കെട്ടൂ. പോയി നിങ്ങളുടെ കൈകൾകൊണ്ടു് മതിലുകൾ കെട്ടൂ.

സൂതൻ – കൈകൾകൊണ്ട് മതിലുകൾ?

മാഗ – കൈകൾകൊണ്ട് മതിലുകൾ?

(സൂതമാഗധന്മാരും ഗ്രാമത്തലവന്മാരും പോകുന്നു)

സുനീഥ—മകനേ!

പൃഥു—മാതാ സുനീഥേ! യുദ്ധത്തിൽ മുറിവേൽക്കുന്നവരെ ശുശ്രൂഷിക്കുകയും വേണം.

സുനീഥ—അതു് ഞാൻ ചെയ്യാം. ഞാൻ ഈ ഒരു അവസരം പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. വേനിന്റെ ശബ്ദധാര ഈ മണ്ണിൽ അടിഞ്ഞുചേർന്നതു് ഇപ്പോൾ നിന്റെ ആജ്ഞകളിൽ മുഴങ്ങി കേൾക്കും (പോകുന്നു).

പൃഥു—ഇനിയും നിങ്ങൾ ആചാര്യന്മാർ, നിങ്ങൾ യാതൊരു ഭയവും കൂടാതെ ആശ്രമത്തിൽ പോയി യാഗവും തപസ്സും ചെയ്തുകൊള്ളൂ. പക്ഷേ ഒരു അപേക്ഷയുണ്ട്......

ഗർഗ്ഗൻ—അപേക്ഷയോ! രാജൻ അങ്ങയുടെ ആജ്ഞകൾ പങ്കായമാണ്. ഞങ്ങളുടെ വള്ളം അതുകൊണ്ടേ മുമ്പോട്ടു പോകുകയുള്ളൂ.

അത്രി—ഞങ്ങളുടെ ആശീർവാദങ്ങൾ അങ്ങയെ നിഴൽപോലെ പിന്തുടരും.

ശുക്ര—രാജൻ, ഞങ്ങളുടെ ആശീർവാദത്തിന്റെ പ്രതീകമാണ് ഈ സമ്മാനം! (വില്ലുകൊടുക്കുന്നു) ഇതു സ്വീകരിക്കൂ. ഈ വില്ലിന്റെ പേരു് ആജഗവം എന്നാണ്......ഒരിക്കൽ ഇന്ദ്രൻ ഈ വില്ലുകൊണ്ട് സരസ്വതി, സിന്ധു, രാവി നദികളുടെ തീരങ്ങളിൽ ശത്രുനഗരങ്ങൾ നശിപ്പിച്ചതാണ്. ഇന്നു് അങ്ങയുടെ കൈകൊണ്ട് ആ ദിക്കിൽനിന്നും വന്ന കൊള്ളക്കാരെ സംഹരിക്കണം.

പൃഥു—മുനിശ്രേഷ്ഠാ!, ഞാൻ അനുഗൃഹീതനാണ്. യഥാർത്ഥ വില്ലിന്റെ ഞാൺ ജനപദങ്ങളിലെ ആളുകളാണ്. അങ്ങയുടെ പരാമർശം അതിന്റെ അടിസ്ഥാനവും. അതുകൊണ്ട് നിങ്ങളെ ഞാൻ എന്റെ മന്ത്രിസഭയിലംഗങ്ങളായി നിയമിക്കുന്നു.

ഗർഗ്ഗൻ—മന്ത്രിസഭയോ!

പൃഥു—ശുക്രാചാര്യരെ, അങ്ങു എന്റെ പുരോഹിത മന്ത്രിയാണ്. ഗർഗ്ഗമുനി ജ്യോതിഷ മന്ത്രിയും അത്രിമുനി അമാത്യനും.........ആവശ്യം വന്നാൽ ഉപദേശം തേടാനായി നിങ്ങളെ ആശ്രമത്തിൽനിന്നു വിളിപ്പിക്കും.

ശുക്ര—ഞങ്ങൾ തയ്യാറായിരിക്കും.

ഗർഗ്ഗൻ—ഇവിടെയും അങ്ങു് ഏകനാകാതിരിക്കാൻ ഞങ്ങൾ ഏർപ്പാട് ചെയ്തിട്ടുണ്ട്.

പൃഥു—ഏകാന്തത എന്റെ രാജകീയവേഷമാണ്, മുനിശ്രേഷ്ഠാ,...
പോരെങ്കിൽ കവഷൻ എന്റെ കൂടെയുണ്ടല്ലോ.

ശുക്ര—ഗർഗ്ഗാചാര്യൻ പറഞ്ഞതിൻെറ അത്ഥം വേറെയാണു്......,

അത്രി—ഞങ്ങൾ പോകുന്നു. മംഗളം ഭവിക്കട്ടെ രാജാവേ!

(മൂന്നുപേരും പോകുന്നു)

കവ—നിങ്ങളുടെ മന്ത്രിസഭ കടങ്കഥകളിലൂടെയാണു് സംസാരിക്കുന്നതു്.

പൃഥു—നിങ്ങളും എൻെറ മന്ത്രിസഭയിലെ അംഗമാണു്. സേനാപതി.... ഈ ആജഗവം വില്ലു് ഏററുവാങ്ങൂ!

കവ—പൃഥു, നിങ്ങളുടെ മന്ത്രിസഭയിലെ മുനിമാർ എന്നെ തുടയിൽനിന്നുണ്ടായവൻ എന്നാണു വിളിച്ചതു്. എനിക്കു കാട്ടുജാതിക്കാരുടെ നേതാവാകുകയാണുവേണ്ടതു്, നിങ്ങളുടെ സേനാപതി ആവുകയല്ല.

പൃഥു—അപ്പോൾ നിങ്ങളും ഈ മുഖംമൂടി യഥാത്ഥമായി കരുതിയോ?

കവ—സത്യമെന്നു കരുതിയതു ഞാനോ അതോ നിങ്ങളോ?

പൃഥു—യഥാത്ഥം അതൊന്നുമല്ല. കൊള്ളക്കാർ സരസ്വതികടന്നുബ്രഹ്മാവർത്തം മുഴവൻ വളയും. അപ്പോൾ എൻെറയും നിങ്ങളുടെയും പ്രിയപ്പെട്ട ഹിമാലയവും......ത്രിഗർത്തവും, എല്ലാം നശിക്കും. അതാണു സത്യം. ആ വെല്ലുവിളി ഞാൻ സ്വീകരിച്ചിരിക്കുകയാണു്.... എന്നെ സഹായിക്കു, കവഷൻ!

കവ—ഇവർ കൊള്ളക്കാരല്ലെന്നു അവൾ പറയുന്നു.

പൃഥു—ഉർവ്വിയുടെ പേരിൻെറ മാന്ത്രിക ശക്തിക്കു് ഇപ്പോൾ എന്നെ പിന്തിരിപ്പിക്കാൻ കഴിയില്ല. ഈ കെട്ടു കണ്ടോ?....... (കുശപ്പുല്ലുകൊണ്ടുള്ള ചരടു കാട്ടുന്നു) ഈ ചരടിലെ ഓരോ കെട്ടും ഞാൻ കൊടുത്ത ഓരോ വാഗ്ദാനമാണു്.

കവ—അതായതു് ഈ കെട്ടും ഈ മുഖംമൂടികളും ഒക്കെ നിങ്ങൾ സത്യമായി തന്നെ കരുതുന്നു എന്നത്ഥം.

പൃഥു—കവഷാ, സത്യം ഒന്നേയുള്ളു—നമ്മുടെ കത്തവ്യം!

കവ—സത്യവും യാഥാത്ഥ്യവും തമ്മിൽ വ്യത്യാസം ഉണ്ടാകാം, പൃഥു...... ഉർവ്വിയുമായി അല്പംമുമ്പു ഞാൻ സംസാരിച്ചു എന്നതു ഒരു യാഥാർത്ഥ്യമാണു്.

പൃഥു—സംസാരിച്ചോ?

കവ—ഇക്കൂട്ടർ ഗ്രാമങ്ങളിലേക്കു പായുന്നു എന്നു് അവളാണു എനിക്കു മുന്നറിയിപ്പു തന്നതു്.

പൃഥു—ഉർവ്വിക്കു മറെറന്തൊക്കെക്കൂടി അറിയാം?

കവ—അവളെ വിളിക്കട്ടെ? ....... കാണണോ?

പൃഥു—വരട്ടെ..... ഉർവ്വി നിങ്ങൾക്കു മുന്നറിയിപ്പു തന്നോ? (ആലോചിക്കുന്നു) ഇനിയും........ ഇനിയും ഉർവ്വി ശത്രുപുത്രിയോ മറേറാ ആണോ? ........,

ഇത്രയും വർഷമായി നമുക്ക അവളെ മനസ്സിലാക്കാൻ കഴിയാതെ വന്നതു് അവളുടെ ഈ രഹസ്യം കൊണ്ടല്ലേ? അവളുടെ രഹസ്യം നമുക്ക് അറിയാൻ കഴിയാതെ വന്നതിൻെറ കാരണം ഇതുതന്നെയല്ലേ?......ആര്യന്മാരുടെ ശത്രുക്കളായ കൊള്ളക്കാരുടെ മകൾ?.......

കവ—ഇതെന്താ പൃഥു, നിങ്ങൾ പറയുന്നതു്! നിങ്ങളും ആര്യന്മാരുടെ പേരു ഉരുവിട്ടു തുടങ്ങിയോ? ഗുരുവിൻെറ ആജ്ഞ എന്താണെന്നോർമ്മയില്ലേ? ശരി! ..... ഉർവ്വി ആര്യശത്രുക്കളായ കൊള്ളക്കാരുടെ മകളും ഞാൻ ആര്യന്മാരുടെ ദാസനായ നിഷാദനും!

പൃഥു—എന്നെ പ്രേരിപ്പിക്കാതിരിക്കു കവഷാ, ഈ കൊള്ളക്കാരെ നശിപ്പിക്കാൻ ഞാൻ വചനബദ്ധനാണു്.

കവ—പക്ഷേ ഉർവ്വി പറയുന്നു അവർ കൊള്ളക്കാരല്ലെന്നു്, കൊള്ളും കൊലയും അവരുടെ തൊഴിലല്ല.

പൃഥു പിന്നെ ആശ്രമങ്ങളെ അവർ ആക്രമിച്ചതോ?

കവ—ഒരിക്കൽ ബ്രഹ്മാവത്തത്തിലെ ആര്യന്മാരും ഇന്ദ്രനുംകൂടി അവരുടെ നഗരങ്ങളൊക്കെ നശിപ്പിച്ചു ...സിന്ധുവിൻേറയും ഇരാവതിയുടേയും സരസ്വതിയുടേയും തീരത്തുള്ള ആ മനോഹര നഗരങ്ങൾ ജനശൂന്യമായിത്തീർന്നു, ബ്രഹ്മാവത്തത്തിലെ മുനിമാർ ഇപ്പോൾ യാഗങ്ങളുടെ പേർപറഞ്ഞു് വനങ്ങളൊക്കെ തെളിക്കുകയാണെന്നു അവർ ഭയപ്പെടുന്നു. മണ്ണു ഒഴുകിവീണു സരസ്വതിയുടെ ഒഴുക്കു നിലച്ചു. ഇങ്ങനെ അവരുടെ അല്പസ്വൽപം ബാക്കിയുള്ള കൃഷിയും നശിച്ചുപോകും.

പൃഥു—ഇത്ര ചുരുങ്ങിയ സമയത്തിനുള്ളിൽ ഉർവ്വി നിനക്കു നന്നായി ശിക്ഷണം നല്കിയ ലക്ഷണം കാണുന്നു.

കവ—വരു പൃഥു...ഞാനും, നിങ്ങളും, ഉർവ്വിയുംകൂടി സരസ്വതിയുടെ ധാരയെ വീണ്ടും ഒഴുക്കാനുള്ള മാർഗ്ഗം അന്വേഷിക്കാം. അങ്ങനെ ഈ വഴക്കിൻെറ വേരുതന്നെ പിഴുതുകളയാം!

പൃഥു—വഴക്കോ!... ഇതിനെ നിങ്ങൾ വഴക്കെന്നു വിളിക്കുന്നോ?... നമ്മുടെ കുതിരകളുടെ കുളമ്പുകളിൽ നിന്നുയന്ന പൊടിപടലം മായുന്നതിനു മുമ്പു തന്നെ ഈ കൊള്ളക്കാർ ആശ്രമങ്ങളിൽ അക്രമം തുടങ്ങിയ വിവരം നിങ്ങൾ ഇത്രവേഗം മറന്നുപോയോ? അവരുടെ ക്രൂരതയുടെ വലയിൽ മത്സ്യങ്ങളെപ്പോലെ കുടുങ്ങിക്കിടന്ന ആശ്രമവാസികളെ ഞാനും നിങ്ങളുംകൂടി രക്ഷപ്പെടുത്തിയ വിവരം മറന്നോ? നാം മിന്നൽപിണരുപോലെ ആ കാർമേഘങ്ങളെ ഭേദിച്ചു കടന്നു. ഞൊടിയിടയിൽ എത്ര പേരെയാണ് നിങ്ങൾതന്നെ നിലംപരിശാക്കിയതു്. കവഷാ, എൻെറ വില്ലിൻെറ ഞാണു തുള്ളുന്നു. എൻെറ ആവനാഴിയിലെ അമ്പുകൾ പുറത്തു പോകാൻ വെമ്പൽ കൊള്ളുന്നു!.... – ഞാൻ യുദ്ധം ചെയ്യും!

കവ—ഞാനും യുദ്ധം ചെയ്യും,

പൃഥു—എങ്കിൽ ഈ ആജഗവം വാങ്ങൂ.

കവ—വേണ്ടാ, ഈ വില്ല് എനിക്കുള്ളതല്ല. ഞാൻ തുടയിൽ നിന്നുണ്ടായ വനാണ്! മാനസപുത്രനായ രാജാവേ, നിങ്ങളോടൊപ്പം തോളോടുതോൾ ചേർന്ന് യുദ്ധം ചെയ്യാൻ എന്നെക്കൊണ്ടാവില്ല.

പൃഥു—പിണങ്ങിയോ സുഹൃത്തേ?....രാജാവാകാൻ എന്റെ ഒരു വ്യവസ്ഥ നിങ്ങൾ എന്റെ കൂടെ ഉണ്ടാവണം എന്നതായിരുന്നു എന്നറിയാമല്ലോ.

കവ—ആ വ്യവസ്ഥയിൽ ഉർവ്വി... ഉർവ്വി....യോടുള്ള ബന്ധവും പെടുമോ?

പൃഥു—ബന്ധം? ....കവഷാ, നിങ്ങളുടെ സ്വരത്തിൽ സംശയത്തിന്റെ ധ്വനി. ഇതെന്താ?

കവ—പൃഥൂ നേരെ മറുപടി പറയൂ.

പൃഥു—രക്തം തമ്മിൽ ചേരാൻ പാടില്ലെന്നു ഞാൻ വാക്കുകൊടുത്തു കഴിഞ്ഞു....ഉർവ്വി ...ശത്രുപുത്രിയാണ് അല്ലേ?

കവ—ഇപ്പോൾ കാര്യം വ്യക്തമായി....ഞാൻ പോകുന്നു, രാജൻ!

പൃഥു—രാജനോ!....കവഷാ..എങ്ങോട്ടു പോകുന്നു, നിങ്ങൾ?

കവ—എന്നെ വിശ്വസിക്കൂ. ആശ്രമത്തിനു യാതൊരു അപകടവും സംഭവി ക്കുകയില്ല. ഞങ്ങൾ അതിനുചുററും ഉണ്ടാവും.

പൃഥു—പക്ഷേ യുദ്ധം ഇവിടെയാകും ഉണ്ടാവുക!

കവ—നമുക്കു മറെറാരു യുദ്ധംകൂടി ചെയ്യേണ്ടിവരും! സരസ്വതി നദിയുടെ ധാരയെ ചുററുന്ന മരുഭൂമിക്കു എതിരായി.

പൃഥു—ഇവിടെ കൊള്ളക്കാർ ബ്രഹ്മാവർത്തം മുഴവൻ തകർത്തു തരിപ്പണമാക്കുകയും അല്ലേ? പാവം നീ ശത്രു കന്യകയെ വിചാരിച്ചുകൊണ്ടിരിക്കുകയും.

കവ—(ചിരിക്കുന്നു) കൊള്ളാം! കേട്ടാൽ തോന്നും നിനക്കു ഉർവ്വിയുമായി യാതൊരു അടുപ്പവും ഇല്ലെന്നു്!

പൃഥു—(തിരിഞ്ഞു് അൽപം ദൂരെ മാറിക്കൊണ്ടു്) ഉർവ്വി ഇവിടെനിന്നും പോകണമെന്നു ഞാൻ അതിനു എപ്പോൾ പറഞ്ഞു?.....എനിക്കു എന്റെ പുതിയ ചുമതലയിൽ അവളുടെയും ആവശ്യമുണ്ടു്.

കവ—(കടപ്പിച്ചു്) നീ ഉദ്ദേശിക്കുന്നതു്, അങ്കശായിനിയാക്കാം, സഹധർമ്മിണി ആക്കാൻ പററില്ലെന്നു്, അല്ലേ? ഇതാണു നിങ്ങളുടെ ഉദ്ദേശ്യം അല്ലേ, പൃഥു രാജാവേ!

(പോകുന്നു)

പൃഥ്വു—(ആവേശത്തോടെ) നിങ്ങളോ......തുടയിൽനിന്നുണ്ടായവനോ? (കവഷൻെറ നേരെ തിരിഞ്ഞിട്ട്) നിങ്ങറം? കവഷാ! .....കവഷാ!! (ഉറക്കെ) നിങ്ങളുടെ ഉദ്ദേശം എനിക്കു മനസ്സിലായി. (ഉറക്കെ) പൊയ്ക്കൊള്ളൂ, പൊയ്ക്കൊള്ളൂ, പക്ഷേ കരുതിയിരിക്കുക! എൻെറ പൗരുഷം കത്തിയെരിയുകയാണ്. ആ തീജ്വാലയിൽപെട്ട് നിങ്ങളും കത്തിച്ചാമ്പലാകും!......ഇതു നന്നായി. സർവ്വസംശയങ്ങളും കത്തിച്ചാമ്പലാകുന്നു. എല്ലാ ബുദ്ധിമുട്ടുകളും.....അങ്ങനെ എൻെറ വഴി സുഗമമാകട്ടെ..... (വില്ലുകുലച്ചുകൊണ്ട്) ഏകനാണെങ്കിൽ എന്താ എൻെറ കൈകറം പരിചയസമ്പന്നമാണ്. ഏകൻ! (ഞാണൊലി കേറംപ്പിക്കുന്നു! ... പൊടുന്നനെ ചിലങ്കയുടെ ശബ്ദം കേറംക്കുന്നു. അർച്ചന കടന്നുവരുന്നു) ഏകൻ!

അർച്ചന—രാജാവേ! അങ്ങ് ഏകനല്ല!

പൃഥ്വു—നിങ്ങറം ആരാണ്?

അർച്ചന—ഗർഗ്ഗൻെറ പുത്രി അർച്ചന! അങ്ങ് ഒററയ്ക്കു് കഴിയുകയില്ലെന്നു അച്ഛൻ പറഞ്ഞു.

പൃഥ്വു—അർച്ചന! (അർച്ചനയിൽ ദൃഷ്ടി പതിയുന്നു. തരള സ്വരത്തിൽ) ഏതു മാദക പുഷ്പമാണു പുഞ്ചിരിച്ചതു്?

അർച്ചന—അങ്ങയുടെ ചരണങ്ങളിൽ! (നേരെ ചെന്നു പൃഥ്വുവിൻെറ കൈ പിടിച്ചുകൊണ്ട്) അങ്ങയോടൊപ്പം ഞാനും!...ഞാൻ അങ്ങയുടെ റാണിയല്ലേ?

പൃഥ്വു—(ആത്മവിസ്മൃതിയിലാണ്ട്) റാണിയോ!

അർച്ചന—മുനിമാർ അമൃതു കടഞ്ഞെടുത്തെങ്കിൽ അതിനുപററിയ പാത്രവും അവർ സങ്കല്പിച്ചിട്ടുണ്ട്. ഞാൻ തന്നെയാണ് അങ്ങയുടെ അമൃതകുംഭം (രണ്ടു കൈയും പൃഥ്വുവിൻെറ തോളിലിടുന്നു, കണ്ണുകറം പരസ്പരം ഇടയുന്നു.)

പൃഥ്വു—അമൃതവും കുംഭവും!.... (മന്ദസ്വരത്തിൽ) ശത്രുസംഹാരത്തിനും ഒപ്പം ഈ കുസുമവല്ലരിയെ കെട്ടിപ്പുണരാനും വേണ്ടി എൻെറ കൈകറം തുടിക്കുന്നു. ഇതെന്തൊരു മന്ത്രവിദ്യയോ! പാറക്കെട്ടിനിടയിൽ വിടവു കണ്ടെത്തിയതു് എവിടെയാണ് കുസൃതിപ്പെണ്ണേ?

അർച്ചന—(സ്വപ്നത്തിലെന്നവണ്ണം) നിമിഷമാത്രകൊണ്ട് മൺകുടം തുളുമ്പിക്കുന്ന സ്പർശനം! സ്വർണ്ണത്തളിക ഒരുക്കി എത്രനാളായി ഞാൻ അങ്ങേയ്ക്കുവേണ്ടി കാത്തിരിക്കുന്നു....

പൃഥ്വു—ഇല്ല. വിടവ് ഒന്നുമില്ല...എൻെറ പാറക്കെട്ടിൽ സംഹാരസൂര്യനും ഒപ്പം നീയാകുന്ന ചപലചന്ദ്രികയും ഉദിക്കു!....ഉടുക്കുവാദ്യവും ഞാനാണ്, ഓടക്കുഴലും ഞാൻ തന്നെ.

അർച്ചന—സ്വർണ്ണത്തളികയും ഈ തിളങ്ങുന്ന കിണ്ണങ്ങളും... ഇവയ്ക്കുള്ളിൽ രസ സമുദ്രം തുള്ളിത്തുളുമ്പുന്നു.......പക്ഷേ, ആരും വരുന്നില്ല. ആരും കാണുന്നില്ല.

പൃഥു—വരൂ, ഓളം അടിക്കുന്നു! ഒററക്കുതിപ്പിനു് നിൻെറ ഭൂമിയെ ആലിംഗനം ചെയ്യട്ടെ.... ..ആകാശത്തു് ബഹളം —...ഒരേ ഉന്മാദത്തിൽ വില്ലിൻെറ ഞാണൊലിയും സ്നേഹത്തിൻെറ രാഗധ്വനിയും! ഒരു പ്രയാസവുമില്ല, ഒരു ബുദ്ധിമുട്ടുമില്ല! വരൂ!........

(ഇരുവരും ആലിംഗനബദ്ധരാവുന്നു. അണിയറയിൽ രണവാദ്യങ്ങളുടെ മുഴക്കവും ഇടയ്ക്കു് ഓടക്കുഴലിൻെറ സംഗീതധാരയും കേൾക്കാം. ഇരുട്ടു് വ്യാപിക്കുന്നു.)

## രണ്ടാം അങ്കം

(പ്രകാശം നടിയിലും സൂത്രധാരനിലും പതിയുന്നു. അവർ മൂലസ്ഥാനിൽ കുടകയാണു്)

സൂത്രധാരൻ- നടീ, ആ വൻവൃക്ഷം കാണുന്നുണ്ടോ? അതിന്റെ ശാഖോപശാഖകൾ കണ്ണെത്താത്ത ദൂരത്തിൽ വ്യാപിച്ചുകിടക്കുന്നു.

നടി—അതിന്റെ വേരുകൾ അജ്ഞാതമായ ആഴങ്ങളിൽ സ്ഥാനം പിടിച്ചിരിക്കുന്നു.

സൂത്രധാരൻ—അതിന്റെ ഉന്നതശിഖരങ്ങളിൽ വിവിധവർണ്ണങ്ങളിലുള്ള പുഷ്പങ്ങൾ കാററത്താടുന്നു. പൊഴിഞ്ഞുവീഴുകയോ, കായ്കളാകുകയോ ഉണങ്ങുകയോ വിത്തുകളാകുകയോ ചെയ്യാത്ത പുഷ്പങ്ങൾ.

നടി—സൂത്രധാരാ, നമുക്കു സ്പർശിക്കാനോ തിന്നാനോ ഭൂമിയിൽ മുളപ്പിക്കാനോ കഴിയാത്ത, മണവും സ്വാദും ബീജവുമില്ലാത്ത ആ സുന്ദരമായ വഞ്ചനാ—പുഷ്പങ്ങൾ.

സൂത്രധാരൻ—നടീ, ദേവന്മാർതന്നെയാണു് ആ പുഷ്പങ്ങൾ!

നടി—ദേവന്മാർ, മനുഷ്യൻ രൂപംകൊടുത്ത ദേവന്മാരോ?

സൂത്രധാരൻ—അല്ലയോ മനുഷ്യസമുദായത്തിന്റെ വിരാടവൃക്ഷങ്ങളേ! നിങ്ങളുടെ അസംഖ്യം ആഗ്രഹങ്ങളുടെ ചില്ലകളിൽ നൃത്തം ചെയ്യുന്ന ഈ പുഷ്പങ്ങളെ ഞങ്ങൾ സ്തുതിക്കുന്നു, പൂജിക്കുന്നു, വന്ദിക്കുന്നു.

നടി—ദേവന്മാർ മനുഷ്യരെ സഹായിക്കുകയില്ലേ?

സൂത്രധാരൻ—അതാണു് തമാശ. പുഷ്പങ്ങൾ മുകളിൽ തൂങ്ങി കിടക്കുന്നു, പക്ഷേ വിത്തുകൾ അവിടെയില്ല.

നടി—പിന്നെ വിത്തുകൾ എവിടെയാണു്? ആദിരാജാവായ പൃഥുവിനു് അതറിയാമോ?

സൂത്രധാരൻ—കസ്തൂരിമാൻ അറിയുന്നോ അതിന്റെ നാഭിയിൽ എന്താണെന്നു്? .... ദാ നോക്കൂ!

(രംഗത്തു് പ്രകാശം പരക്കുന്നു പൃഥു പുറം തിരിഞ്ഞു നിൽക്കുന്നു. സൂതമാഗധന്മാർ അദ്ദേഹത്തോടു് സംസാരിക്കുന്നു.)

സൂതൻ—രാജൻ, ഇനി ഞങ്ങറം അങ്ങയുടെ പരാക്രമഗാഥകറം പാടട്ടെ?

മാഗധൻ—അങ്ങ് ബ്രഹ്മാവർത്തത്തെ കൊള്ളക്കാരിൽ നിന്നും രക്ഷിച്ചു. ആ ദുഷ്ടന്മാരൊക്കെ ചത്തൊടുങ്ങി, അഥവാ ഓടിയൊളിച്ചു.

സൂത—ആശ്രമങ്ങളിൽ ശാന്തി കളിയാടുന്നു. ഒരു വർഷമായി യാഗങ്ങളും അഗ്നിഹോമങ്ങളും തുടർച്ചയായി നടക്കുന്നു. ഋഷിമുനിമാർ ധർമ്മാനുഷ്ഠാനങ്ങളിൽ മുഴുകിയിരിക്കുന്നു. വർണ്ണാശ്രമ വ്യവസ്ഥ തുടരുന്നു.

മാഗ—അതീവ കൗശലത്തോടെ അങ്ങ് യുദ്ധം ചെയ്തു. ഇന്ദ്രൻ വൃത്രാസുരനെ വധിച്ചപോലെ അങ്ങ് അസുര പുത്രന്മാരെ കൊന്നൊടുക്കി. അങ്ങയുടെ വില്ലിന്റെ ഞാണൊലി സരസ്വതി നദിയുടെ അക്കരെയുള്ള തകന്ന ഗ്രാമങ്ങറംക്കു് ഒരു വെല്ലുവിളിയാണ്. പക്ഷേ ഇപ്പോറം ആ വെല്ലുവിളിയെ നേരിടാൻ ആരും ധൈര്യപ്പെടുന്നില്ല.

സൂത—ഞങ്ങറം അങ്ങയുടെ യശോഗാനം ഈ ഭൂമണ്ഡലം മുഴുവൻ പ്രചരിപ്പിക്കും.

മാഗ—ഞങ്ങറംക്കനുമതി തരൂ, രാജൻ!

പൃഥു—(തിരിഞ്ഞു് അവരുടെ നേരെ നോക്കിയിട്ട്) സൂതമാഗധന്മാരെ, യശോഗാനമാകുന്ന ഔഷധം എല്ലാ രോഗിക്കും പ്രയോജനപ്പെടുകയില്ല.

സൂത—രോഗി!

മാഗ—രാജൻ, അങ്ങയുടെ പ്രതാപംകൊണ്ടു് ബ്രഹ്മാവർത്തത്തിലെ ജനങ്ങളുടെ സർവ്വരോഗങ്ങളും ദുഃഖങ്ങളും ശമിച്ചു കഴിഞ്ഞു.

പൃഥു—ഞാൻ തന്നെയാണ് രോഗി എന്നു വന്നാലോ?

മാഗ—അങ്ങോ?

സൂത—അങ്ങ് പരിഹസിക്കുകയാണ്, രാജൻ!

പൃഥു—ആട്ടെ, നിങ്ങറം സ്തുതിച്ചുകൊള്ളൂ. പക്ഷേ എന്നെയല്ല. ദേവന്മാരെ.

മാഗ—ഞങ്ങളുടെ വീടുകളിൽ രോഗം ബാധിച്ചപ്പോറം ഞങ്ങറം അശ്വനികുമാരന്മാരെ സ്തുതിച്ചു.

സൂത—അങ്ങ് ശത്രുക്കളുമായി ഏററുമുട്ടിക്കൊണ്ടിരുന്നപ്പോറം ഞങ്ങറം വരുണനേയും, അഗ്നിയേയും, എല്ലാററിനുമുപരി ഇന്ദ്രനേയും സ്തുതിച്ചു.

പൃഥു—ഇന്ദ്രനെ സ്തുതിക്കൂ. വീണ്ടുമൊരിക്കൽക്കൂടി സ്തുതിക്കൂ ഇന്ദ്രനെ, വരുണനെ, അഗ്നിയെ, അശ്വനികുമാരന്മാരെ....അവരെ വിളിച്ചു ചോദിക്കൂ എന്റെ ഓടക്കുഴലിൽ വീണ്ടും സ്വരം ഉയർത്താൻ അവരുടെ പക്കൽ വെല്ലുവിളികളുടെ പ്രാണവായു ഉണ്ടോ എന്നു്.

(അർച്ചന പ്രവേശിക്കുന്നു)

അർച്ചന—ദേവാ, എന്താണ് ഞാനീ കേറംക്കുന്നതു്? ആകാശ ഭേദിയായ ഈ ഉച്ഛ്വാസശബ്ദം എന്താണ്?

സൂത —മഹാറാണി, ഞങ്ങളുടെ പ്രണാമം സ്വീകരിക്കു.

പൃഥു—ദേവി! അർച്ചനേ!...ഇപ്രലാപം ഭവതിക്ക കേറംക്കാനുള്ളതല്ല.

അർച്ചന—പററില്ല...ഞാൻ അങ്ങയുടെ അർദ്ധാംഗിനിയാണ്. അങ്ങയെ തലോടുന്ന വായു എന്നെ ഇളക്കുകയില്ലേ?

മാഗ —ദേവി, ഞങ്ങരം മഹാരാജാവിൻെറ കീത്തിപതാക ഞങ്ങളുടെ വാക്കു കളാകുന്ന സ്തംഭത്തിൽ പറപ്പിക്കാനാഗ്രഹിക്കുന്നു.

സൂത—ഞങ്ങരംക്കു അതിനു അനുവാദം കിട്ടുമോ?

അർച്ചന—തീർച്ചയായും.... നിങ്ങരം രണ്ടു പേരും പോകൂ! ആദിരാജാവിൻെറ പരാക്രമകഥകരം സർവ്വയിടത്തും പോയി പ്രചരിപ്പിക്കു.

സൂത മാഗ——മഹാറാണി ജയിക്കട്ടെ!

(പോകുന്നു)

പൃഥു—(അല്പനേരത്തെ മൗനത്തിനു ശേഷം) അർച്ചനേ, ഇതൊക്കെ വ്യത്ഥമാണ്.

അർച്ചന—കീത്തി ഗാനം അങ്ങയുടെ ശൗര്യത്തിൻെറ ഗംഭീര ശബ്ദത്തിൻെറ പ്രതിധ്വനിയാണ്.

പൃഥു—ശൗര്യം!.......

അർച്ചന—ബ്രഹ്മാവത്തത്തെ ഒരു നിമിഷംകൊണ്ട് ഉദ്ധരിച്ച ആ പരാക്രമം.

പൃഥു—ഉയന്ന പാറക്കെട്ടിൽ പ്രയാസപ്പെട്ടു കേറിയിട്ട് പിന്നെ കാണുന്നതു ചരിവുകളും സമതലങ്ങളുമാണ്! ..... ഞാൻ എന്തുചെയ്യും അർച്ചനേ?... ഞാൻ എപ്പോഴും കയററമേ കയറിയിട്ടുള്ളു.... ഇപ്പോരം അവസാനമില്ലാത്ത മുഷിച്ചിൽ എന്നെ പിടികൂടിയിരിക്കുന്നു....മുഷിച്ചിൽ! ശ്വാസോച്ഛ്വാസങ്ങളുടെ മരുഭൂമി! ഓരോ കണികയിലും വ്യാപിച്ചിരിക്കുന്ന തണുപ്പ്.... എന്താ വായു നിലച്ചു പോയതു്...? സർവ്വ ഞരമ്പുകളെയും ഭേദിക്കുന്ന ശീതവായുവിൻെറ അലകരം എന്തേ വരാത്തതു്?

അർച്ചന—രക്തത്തിൻെറ ഗതി വർദ്ധിപ്പിക്കാൻ ശീതവായുമാത്രം പോരാ

(അടുത്തു ചെന്നു് തൊടുന്നു)

പൃഥു—അർച്ചീ, സ്നേഹത്തിൻെറ ഗുഹകളിൽ നീ എല്ലാം മറക്കാനാഗ്രഹിക്കുന്നോ?

അർച്ചന—തീർച്ചയായും. ഭയങ്കര യുദ്ധങ്ങളുടെ ബഹളത്തിനിടയിലും നാം ആ കുഞ്ജങ്ങളിൽ വിഹരിച്ചിട്ടില്ലേ?

പൃഥു—(ഉന്മത്തനായി) അർച്ചീ, നിൻെറ ഈ ഐശ്വര്യമൊക്കെ... നിൻെറ വെറും ഒരു സ്പർശനത്തിൽ യുഗങ്ങളുടെ ആകർഷണം ഉണ്ട്. ഓ! ഈ ഒരു സ്പർശനം!... നിൻെറ ഈ ശരീര സമുദ്രം...ഞാൻ അതിൻെറ അഗാധതയിൽ മുങ്ങിപ്പോകുന്നു... സമുദ്രത്തിൻെറ അടിത്തട്ട് കാണുന്നതേയില്ല....കാണുന്നതേയില്ല...അർച്ചീ!, നിൻെറ ശരീര സമുദ്രം... ...

അർച്ചന—(സ്വയം മറന്ന്) പ്രിയതമാ!

പൃഥു—(ഒന്നു ഞെട്ടിയിട്ട്) വേണ്ട!..വേണ്ട, അർച്ചനേ! ഇതു തോൽവി ആണ്!

അർച്ചന—തോൽവിയോ!...ആര്യപുത്രൻ ആരിൽ നിന്നും ഒളിച്ചോടാനാണ് ആഗ്രഹിക്കുന്നതു്?

പൃഥു—(അൽപം ഉപേക്ഷയോടെ) നിനക്കു മനസ്സിലാകുന്നില്ലേ?

അർച്ചന—(ശാഠ്യത്തോടെ) ആരുടെ ഓർമ്മയാണ് കൊള്ളിയാൻപോലെ മിന്നിയിട്ട് അങ്ങയെ എന്നിൽ നിന്നും ദൂരെ അകററിക്കൊണ്ട് പോകുന്നതു്?

പൃഥു—(അല്പം മനസ്സിലാക്കിക്കൊണ്ട്) നീ സംശയിക്കുന്നോ? ....... പാവം!

അർച്ചന— പാവം!.. ... ഇതു തന്നെയാണ് അവൾ എന്നോട്ട് പറഞ്ഞതു്.

പൃഥു— ആര്?

അർച്ചന— അവൾ, സഖിയാകാൻ കഴിയാതെ വന്നവൾ.......ഉർവ്വി!

പൃഥു— ഒരു വർഷം പഴക്കമുള്ള കാര്യം!

അർച്ചന— അങ്ങയുടെ ഈ ക്ഷീണവും മനസ്സിൻെറ തളർച്ചയും! ഇപ്പോൾ മനസ്സിലായി. കാമുകിയുടെ മുമ്പിൽ ഭാര്യ പഴയതായി തോന്നുമല്ലേ!

പൃഥു— അർച്ചീ! (വീണ്ടും സ്പർശിക്കുന്നു, വീണ്ടും കോമള സ്വരത്തിൽ) പുരൂരവസ്സിൻെറയും ഉർവ്വശിയുടേയും പ്രണയ കഥ പറയുന്നവർക്ക് വസിഷ്ഠൻേറയും അരുന്ധതിയുടേയും വീട്ടുമുററത്തെ കിണററിലെ വെള്ളം എത്ര മധുരവും മാദകവും ആണെന്ന് എങ്ങനെ അറിയും? ....... നാം രണ്ടും ലയവും താളവും പോലെ ഒഴുകി പോകുന്ന രാഗ സുധ, ഏതെങ്കിലും കവിയോ ഗായകനോ പാടിയിരുന്നെങ്കിൽ ........

അർച്ചന— അങ്ങ് രാജാവാണ്! ദാമ്പത്യബന്ധത്തിൻെറ ഇഴകൾ രാജാവിന് സ്വന്തം രാജ്യാതിർത്തികൾ പോലെ തന്നെ അപര്യാപ്തമായിരിക്കും. ഞാനീക്കാര്യം സ്വയം ആലോചിക്കേണ്ടതായിരുന്നു...... അങ്ങയുടെ മാനസോല്ലാസത്തിന്നായി ഉർവ്വിയെ.....

പൃഥു— (രോഷത്തോടും ആവേശത്തോടും) ഉർവ്വി! ഉർവ്വി! ഉർവ്വി! ഈ പല്ലവി നിർത്തു. ആ ശത്രു കന്യകയുടെ ഓർമ്മയും ഏതാണ്ടവസാനിച്ചിരിക്കുന്നു ....... (അല്പം ശ്രദ്ധയോടെ അർച്ചനയുടെ അടുത്തു ചെന്നിട്ടു്) അർച്ചി! കേൾക്കൂ ..... എന്റെ ഈ ശരീരവും മനസ്സും ഒരു ത്രാസ്സാണു് ........ ഒരു തട്ടിൽ നിന്റെ ആലിംഗനമാകുന്ന സ്വർണ്ണം. മറേറ തട്ടിൽ വെല്ലു വിളികളുടെ ഭാരവും........ ഞാൻ വെറും സ്നേഹത്തിന്റെ വശ്യതയിൽ ലയിച്ചു പോയാൽ ...... എങ്കിൽ ത്രാസ്സിന്റെ തട്ടുകൾ കീഴ് മേലാകും .... അർച്ചീ! .....

അർച്ചന— ആര്യപുത്രാ! രാജധർമ്മത്തിന്റെ ഭാരം അത്രക്കില്ലേ?

പൃഥു— രാജ ധർമ്മം! ...... മന്ത്രിസഭയുടെ കുശുകുശുപ്പു്, പരാതികളുടെ കുമ്പാരം, ഭരണത്തിന്റെ ചിന്തകൾ! ഇവയിൽ എന്തു വെല്ലുവിളിയാണുള്ളതു് .... നിലത്തു കിടക്കുന്ന ആ എറുമ്പിൻകൂട്ടം കണ്ടിട്ടു് അതു് പർവ്വതമാണെന്നു ധരിക്കുന്നപോലെ! വേണ്ട വേണ്ട അർച്ചി ...... ഞാൻ നേരെ നിന്നിട്ടു് അംബര ചുംബികളായ മഞ്ഞുമലകളുടെ ആഹ്വാനം കേൾക്കാം.

അർച്ചന— അപ്പോൾ അച്ഛൻ പറഞ്ഞതു് ശരിയാണു്. ചക്രവർത്തി ആകുന്നതിലാണു് അങ്ങയുടെ ക്ഷത്രിയ ധർമ്മം!

പൃഥു— ചക്രവർത്തിയുടെ യുദ്ധങ്ങൾ? ...... ഞാൻ എന്തിനായ് ഇത്രയും യുദ്ധം ചെയ്തു? ആയിരക്കണക്കിനു ശത്രുക്കളെ കൊന്നൊടുക്കി? മുനിമാരുടെ ആശ്രമങ്ങളേയും ബ്രഹ്മാവർത്തത്തേയും രക്ഷിക്കാൻ ..... പക്ഷേ ചക്രവർത്തിയുടെ പ്രതാപത്തിനുവേണ്ടിയുള്ള യുദ്ധം വെറും നരഹത്യ മാത്രമായിരിക്കും..... ....... അർച്ചീ, എന്റെ പ്രതാപത്തിന്റെ കുതിരകളെ പായിക്കാൻ കഴിവുള്ള ഒരാളുമില്ല ..... (വീണ്ടും പഴയ കോമള സ്വരം) അതുകൊണ്ടു് ..... പലായനം തന്നെയാകട്ടെ! നിന്റെ മനോഹരവും, ചിരനവീനവുമായ പൂന്തോട്ടത്തിലേക്കു ഒളിച്ചോടാം. നിന്റെ മാന്ത്രികലോകത്തേക്കു പലായനം! ഞാൻ എന്നിൽ നിന്നു ഒളിച്ചോടുകയാണെന്നു് എനിക്കറിയാം .... പക്ഷേ ..... പക്ഷേ .......

(ആലിംഗനബദ്ധരാകുന്നു. ഇരുട്ടു വ്യാപിക്കുന്നു. നടിയിലും സൂത്രധാരനിലും പ്രകാശം പതിയുന്നു.)

നടി—സൂത്രധാരാ, എറുമ്പിൻ കൂട്ടങ്ങളെ ഉപേക്ഷിച്ചിട്ടു് പർവ്വതശിഖരങ്ങളിലേക്കു കുതിക്കാനുള്ള സ്വാതന്ത്ര്യം നിങ്ങൾക്കുണ്ടോ?

സൂത്രധാരൻ—നാം ഒരു സ്വീകരണത്തിലെ അതിഥികളാണു്. നൂറുകണക്കിനു ആഹാരപദാർത്ഥങ്ങൾ ഉണ്ടു്—പുളിമധുര ഉപ്പുരസം എല്ലാമുണ്ടു്. പക്ഷേ ഇവയെല്ലാന്നും സ്വാദില്ല. സ്വാദു് നമ്മുടെ രുചിയനുസരിച്ചിരിക്കും.

നടി—സ്വന്തം നാക്കിന്റെ രുചി അറിയാനുള്ള അറിവു് പൃഥുവിനില്ലേ?

സൂത്രധാരൻ—അറിവു്.......നടീ, അറിവിന്റെ താക്കോൽ മനുഷ്യന്റെ കൈയിൽ എത്തുന്നതു് അതിന്റെ പൂട്ടു സ്വയം തകർന്നു പോകുമ്പോഴാണു്.

നടി—എങ്കിൽപിന്നെ പഴയപോലുള്ള മുഷിച്ചിലും ക്ഷീണവും ഉത്സാഹക്കുറവും അലച്ചിലും ഉണ്ടാവും.

സൂത്രധാരൻ—ബഹളത്തിൻേറയും മുറവിളിയുടേയും കൊട്ടങ്കാററടിക്കമ്പോഠം ഉത്സാഹക്കറവും മുഷിച്ചിലും തനിയെ ഒതുങ്ങും.

നടി—പക്ഷേ അതും ഒരു ഒളിച്ചോട്ടം തന്നെയാണ്.

(ഇടതുഭാഗത്തായി പ്രകാശം പരക്കുന്നു. സുനീഥയുടെ ദാസി വരുന്നു)

ദാസി—(മുരടനക്കുന്നു. സങ്കോചത്തോടെ) മഹാരാജാവേ!

(പൃഥുവും അർച്ചനയും ഞെട്ടിയിട്ട് പരസ്പരം അകന്നു മാറുന്നു)

അർച്ചന—എന്താണ് ദാസീ?

ദാസി—ക്ഷമിക്കണം, ദേവീ!......സൂതമാഗധന്മാർ അപകടത്തിലാണ്.

പൃഥു—എന്ത്?......അസാധ്യം, ഞാൻ എല്ലാ കൊള്ളസംഘങ്ങളെയും നാമാവശേഷമാക്കിയതാണ്. പിന്നെ എൻെറ അനുചരന്മാരെ തൊട്ടുകളിക്കാൻ ആർക്കാണ് ധൈര്യം?

ദാസി—കൊള്ളക്കാരല്ല, ദേവൻ! ദൂരെദൂരെയുള്ള ഗ്രാമങ്ങളിൽനിന്നുവന്ന ജനങ്ങളാണ്. സൂതനും മാഗധനും അങ്ങയുടെ കീർത്തിഗാനം പാടുകയായിരുന്നു.....അപ്പോഠം........

അർച്ചന—തെളിച്ചു പറയൂ, ദാസി!

ദാസി—ക്ഷമിക്കണം മഹാറാണി! ജനങ്ങഠം സൂതമാഗധന്മാരുടെ ഗാനം തടഞ്ഞു. അവർ മഹാരാജാവിൻെറ കീർത്തിഗാനങ്ങളും പരാക്രമഗീതങ്ങളും കേഠക്കാൻ ഇഷ്ടപ്പെടുന്നില്ല. അവർ ആകെ അസ്വസ്ഥരാണ്. പലവിധ മുദ്രാവാക്യങ്ങഠം മുഴക്കുന്നു. അക്രമംചെയ്യേ അടങ്ങൂ എന്ന മട്ടാണ്.

പൃഥു— ഞാൻ നേരിട്ടുപോയിനോക്കട്ടെ..... എനിക്കെൻെറ പ്രജകളെ അറിയാം.

(വേഗത്തിൽ പോകുന്നു.)

അർച്ചന—ആട്ടെ കാര്യമെന്താണെന്നു പറയൂ.

ദാസി—ക്ഷാമം, മഹാറാണി! ക്ഷാമവും വിശപ്പും,

അർച്ചന—എവിടെയാണ് ക്ഷാമം ബാധിച്ചിരിക്കുന്നതു്?

ദാസി—എല്ലാ ദിക്കുകളിൽനിന്നും—ദൂരെദൂരെ ഗ്രാമങ്ങളിൽനിന്നും — ആളുകഠം എത്തിയിരിക്കുന്നു.

അർച്ചന—ഇവിടെയെങ്ങും അതിൻെറ ലക്ഷണങ്ങളൊന്നും കാണുന്നില്ല.

ദാസി—ലക്ഷണം!...മരത്തിൻെറ പോടിനുള്ളിൽ കത്തുന്ന തീ പെട്ടെന്നു പുറത്തുകാണാൻ പററില്ല. അതുപോലെയാണ് തങ്ങളുടെ വിശപ്പിൻെറ ജ്വാല എന്ന് അവർ പറയുന്നു. പക്ഷേ അവരുടെ മുദ്രാവാക്യങ്ങളും അവരുടെ കണ്ണുകളിലെ രോഷവും ഉള്ളിലെ വിശപ്പിൻെറ പുകയാണ്.

അർച്ചന—പക്ഷേ വേറൊരു പുകയുണ്ടല്ലോ. മുനികളുടെ യാഗത്തിന്റെ പുക. അതു ക്ഷണികമായ ഈ ആവേശത്തെ അകററും.

ദാസി—ദേവീ! പൃഥുമഹാരാജാവ് ചെയ്യതൊക്കെ മുനികളുടെ ആശ്രമങ്ങൾക്കും യാഗങ്ങൾക്കുംവേണ്ടിയാണ് എന്നാണ് അവരുടെ പരാതി.

അർച്ചന—ഈ ആശ്രമങ്ങളും യാഗങ്ങളും തന്നെയാണ് ജനങ്ങൾക്കും അവരുടെ കൃഷികൾക്കും ഐശ്വര്യം പ്രദാനം ചെയ്യുന്നത്.

ദാസി—ദേവീ! മുനിമാർ അർപ്പണം നടത്തുകയും മന്ത്രോച്ചാരണം ചെയ്യുകയും ചെയ്യുന്നുണ്ട്. പക്ഷേ പാത്രം ക്രമേണ ഒഴിഞ്ഞുകൊണ്ടിരിക്കുന്നതു അവർ അറിയുന്നില്ല.

അർച്ചന—ദേവൻമാർ ആ പാത്രം ഒഴിയാൻ അനുവദിക്കുകയില്ല.

ദാസി—ദേവൻമാർ മുനിമാരുടെ ആഹ്വാനം കേൾക്കാത്ത ഭാവം നടിക്കുന്നു. മുനിമാരുടെ മന്ത്രങ്ങൾ......

(ഗർഗ്ഗനും അത്രിയും പ്രവേശിക്കുന്നു)

ഗർഗ്ഗൻ—മുനിമാർക്കെതിരായി ഇവിടെയും മുദ്രാവാക്യങ്ങൾ മുഴങ്ങുന്നോ?

അർച്ചന—അച്ഛാ!

ഗർഗ്ഗൻ—രാജമാതാവ് സുനീഥാ പരലോകപ്രാപ്തയായി, പക്ഷേ മുനിമാർക്കെതിരായി ഗൂഢാലോചനയുടെ വിത്തുപാകാൻ തന്റെ ദാസിയെ വിട്ടിട്ടുണ്ടല്ലോ.

ദാസി—ക്ഷമിക്കണം, മുനിശ്രേഷ്ഠാ!......ഞാൻ.......

ഗർഗ്ഗൻ—ഒരിക്കൽ ശപിക്കപ്പെട്ട കുശപ്പുല്ല് മണ്ണിൽ നട്ടതു് നീതന്നെയല്ലേ! സത്യത്തിൽ ശുക്രാചാര്യർ നിന്നെ തടയാൻ ഒരുങ്ങിയോ?

അർച്ചന—എന്താ ഈ പറയുന്നതു് അച്ഛാ?

ഗർഗ്ഗൻ—അത്രിമുനിയോട് ചോദിക്കൂ.

അർച്ചന—ദാസീ, നീ പോകൂ.

(ദാസി പോകുന്നു)

ഈ ബഹളത്തിന്റെയും ജനരോഷത്തിന്റെയും പിന്നിൽ ശുക്രാചാര്യരുടെ കൈ ഉണ്ടെന്നാണോ അങ്ങ് പറയുന്നതു്?

അത്രി—അല്ല......പക്ഷേ ശുക്രരുടെ തന്ത്രം വിജയിക്കുന്നില്ലെങ്കിൽ തെററ് ആരുടേതാണ്?

അർച്ചന—പക്ഷേ മന്ത്രിസഭയുടെ തീരുമാനം നിങ്ങളൊക്കെ കൂടി ചേർന്നല്ലേ എടുക്കുന്നതു്.

അത്രി—ശുക്രാചാര്യർ ഭൃഗുവംശജനാണ്. ഭൃഗുവംശജരുടെ ഒരു സ്വഭാവം ഭവതിക്കറിയില്ല. അവസരം കിട്ടിയാലുടൻ ഇവർ സർവ്വാധികാരങ്ങളും കൈയ്യിലാക്കും. ശുക്രാചാര്യർ പുരോഹിത മന്ത്രിമാത്രമല്ല പ്രധാനമന്ത്രികൂടി ആയിരിക്കുകയാണ്....ഇനി അനുഭവിക്കട്ടെ.

(ശുക്രാചാര്യർ പ്രവേശിക്കുന്നു)

ശുക്ര—മന്ത്രിമാർ തങ്ങളുടെ അഭിപ്രായം മന്ത്രിസഭയിൽ പ്രകടിപ്പിക്കാതെ ഇവിടെ മഹാറാണിയുടെ മുറിയിൽ വച്ചു പറയുന്നതു് വിചിത്രമായിരിക്കുന്നു.

അത്രി—ഇപ്പോഠം മന്ത്രിസഭ എവിടെയാണ്, ശുക്രാചാര്യാ! (പരിഹാസം) അങ്ങു് എവിടെയാണോ അവിടെത്തന്നെയാണ് മന്ത്രിസഭയും!

ശുക്ര—സ്വന്തം ചുമതലയിൽ നിന്നും ഒഴിഞ്ഞുമാറാൻ ഈ സൂത്രമൊക്കെ വേണോ അത്രിമുനി?

അത്രി—സൂത്രമൊക്കെ അങ്ങേയ്ക്കാണ് വേണ്ടതു്. സ്വയം നിർമ്മിച്ച നിയമങ്ങളുടെ പഴുതുകഠംക്കു മറപിടിക്കാൻ.

ശുക്ര - മറയോ! ഭൃഗുവംശക്കാർ മറപിടിക്കാറില്ല. മറ നീക്കാറേയുള്ളു.

അത്രി—മറ നീക്കുമെന്നു ഭയപ്പെടാൻ, ആത്രേയവംശക്കാർക്കു മറച്ചു പിടിക്കാൻ എന്തിരിക്കുന്നു?

ശുക്ര—എന്നെക്കൊണ്ടു് എന്തിനാ പറയിപ്പിക്കുന്നതു്, അത്രി?

(ദാസി വേഗം കടന്നു വരുന്നു)

ദാസി—അത്ഭുതം തന്നെ!

അർച്ചന—എന്തുപററി?

ദാസി—ദേവി, രാജാവു് അപകടത്തിൽപെട്ടു.

അർച്ചന—അപകടത്തിൽപ്പെട്ടോ?

ദാസി—അദ്ദേഹം ആജഗവധനുസ്സ് ഉപയോഗിച്ചില്ല. വാഠം തൊട്ടതേ ഇല്ല........നിരായുധരായ ജനക്കൂട്ടത്തിനിടയിൽ കടന്നു്, സൂതമാഗധന്മാരെ ജനക്കൂട്ടം നിർദ്ദയം മർദ്ദിക്കുന്നിടത്തേക്കു ഓടിച്ചെന്നു.

അർച്ചന—(ഉദ്വേഗത്തോടെ) മർദ്ദനം?......ഞാൻ അങ്ങോട്ടു് പോകുന്നു!

ഗർഗ്ഗൻ -അർച്ചനേ! ഒന്നു നിൽക്കൂ!

അർച്ചന—വയ്യാ അച്ഛാ! ആര്യപുത്രൻെറ ജീവൻ അപകടത്തിലാണ്. (നടന്നുകൊണ്ടു്) എനിക്കു പോകണം.

(പോകുന്നു, പുറകെ ദാസിയും)

ഗർഗ്ഗൻ—അർച്ചനേ! (ശുക്രാചാര്യരെ നോക്കിയിട്ട്)......നിരായുധനായ രാജാവ്!........ശുക്രാചാര്യരെ! അങ്ങ് എന്താണാലോചിക്കുന്നതു്?

ശുക്ര—നിരായുധനും നിർഭയനും!

ഗർഗ്ഗൻ—അതെ, നിർഭയൻ. അദ്ദേഹം നിർഭയനാകുമ്പോഴും ആ മുഖത്തു് ദേഷ്യം പ്രത്യക്ഷപ്പെട്ടും. ഒപ്പം സ്നേഹവും. അതുകണ്ടാൽ തോന്നും....

ശുക്ര—ആ വിശാലമായ ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യംകൊണ്ടു് അദ്ദേഹത്തിനു ഉത്സാഹം കിട്ടിയെന്നു തോന്നും.

ഗർഗ്ഗൻ—അങ്ങനെതന്നെ!........അങ്ങേയ്ക്കു അതു എങ്ങനെ തോന്നി?

അത്രി—കുശപ്പുല്ലുകൊണ്ടുണ്ടാക്കിയ കവചം നാം പൃഥുരാജാവിനു് കൊടുത്തില്ലേ? അതിന്റെ മാന്ത്രിക ശക്തിയാണു് ഇതെന്നു് ശുക്രാചാര്യൻ ധരിക്കുന്നുണ്ടാവും. പക്ഷേ .....

ശുക്ര—അതു് കവചമല്ലായിരുന്നുവെന്നു ഓർമ്മിപ്പിക്കേണ്ട കാര്യമുണ്ടോ? അതു് നമ്മളും പൃഥുവും തമ്മിലുള്ള ബന്ധത്തിന്റെ തുടക്കമായിരുന്നു. എന്റെ ഭയം......

ഗർഗ്ഗൻ—രാജാവിനു് എന്തെങ്കിലും സംഭവിച്ചാലോ എന്നു്......

ശുക്ര—ഇല്ല, ഗർഗ്ഗൻ ഇല്ല! രാജാവു് കൊല്ലപ്പെട്ടുമോ എന്നതിനെക്കാൾ രക്ഷപ്പെട്ടുമോ എന്നോർത്താണു് എനിക്കു ഭയം.

ഗർഗ്ഗൻ—ങ്ഹേ?

അത്രി—തന്ത്രം പ്രയോഗിക്കുന്നതും അറിവും തമ്മിൽ വ്യത്യാസമുണ്ടു് ശുക്രാചാര്യരെ.

ശുക്ര—അത്രീ! ഭൃഗുവംശവും അത്രിവംശവും തമ്മിൽ നിങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്ര വ്യത്യാസമില്ല.

അത്രി—ഞാനോ അതോ അങ്ങോ?

ശുക്ര—ഭൃഗുവംശവും അത്രിവംശവും മാത്രമല്ല, എല്ലാ മുനിമാരുടേയും സ്വാർത്ഥത അപകടത്തിലാവുമോ എന്നാണെന്റെ ഭയം.

അത്രി—എങ്ങനെ?

ശുക്ര—പൃഥുവിനു് വേനനെക്കാൾ ശക്തി കൂടും.

ഗർഗ്ഗൻ—ഇല്ലില്ല. അങ്ങേയ്ക്കു വേനനെപ്പോലെ പൃഥുവിനേയും കൊല്ലാൻ സാദ്ധ്യമല്ല.

ശുക്ര—എന്നു് ആരു പറയുന്നു ഗർഗ്ഗൻ? ഞാൻ പറയുന്നതുകേൾക്കൂ. നിങ്ങളും ഞാനും ചേർന്നു് ജനങ്ങളെ പ്രേരിപ്പിച്ചു. അവരുടെ ദേഷ്യവും ആക്രോശവും

കൂടി. പക്ഷേ പൃഥുവിനു് അതേ ജനങ്ങളുടെ കൃതജ്ഞതയും സൗഹാർദ്ദവും കിട്ടുന്നതെന്തുകൊണ്ടാണെന്നു്......

അത്രി—അദ്ദേഹം നിർഭയനായതുകൊണ്ടു്! പരാക്രമികളായ എല്ലാ യോദ്ധാക്കാരും നിർഭയരാകേണ്ടിവരും.

ശുക്ര—പക്ഷേ നിരായുധനായ ഒരാറം നിർഭയനായാൽ അയാളുടെ ശക്തി സീമാതീതമായിരിക്കും.

ഗർഗ്ഗൻ-താങ്കറം എന്താണു് ഉദ്ദേശിക്കുന്നതു്, ശുക്രാചാര്യർ?

ശുക്ര—നിങ്ങറം എന്നെ വിശ്വസിക്കു, ഞാൻ നിങ്ങളുടെ ദത്തുപുത്രിയുടെ ഭർത്താവിനെ, വേനിനെ അയച്ച മാർഗ്ഗത്തിലേക്കു അയയ്ക്കാൻ ആഗ്രഹിക്കുന്നില്ല.

അത്രി—അങ്ങു് ആഗ്രഹിക്കുന്നതു് പൃഥു വീണ്ടും സായുധനായി തന്റെ പരാക്രമപതാക ഉയർത്തിപ്പിടിക്കണമെന്നാണോ?... എങ്കിൽ അതിനു ഒരു ഉപായമേ ഉള്ളൂ. പൃഥു തന്റെ ശക്തിയുടേയും ലക്ഷ്യത്തിൻേറയും കുതിരപ്പുറത്താണു് ഇരിക്കുന്നതു്, അതിനെ ചക്രവർത്തിയുടെ മാർഗ്ഗത്തിലേക്കു തിരിച്ചുവിടൂ.

ശുക്ര—പക്ഷേ ബ്രഹ്മാവർത്തത്തിലെ ക്ഷാമം? ജനങ്ങളുടെ വിശപ്പു്?

അത്രി—വിശപ്പിന്റെ ജ്വാലയ്ക്കുള്ള പരിഹാരം നമ്മുടെ യാഗാഗ്നി-വൈശ്വാനരാഗ്നി ആണു്. ബ്രഹ്മാവർത്തത്തിലെ ഭൂമി ചതുപ്പായിക്കൊണ്ടിരിക്കുന്നു. പക്ഷേ ഗംഗയുടെ അക്കരെ കിഴക്കുഭാഗം കാടുപിടിച്ചുകിടക്കുകയാണു്.

ഗർഗ്ഗൻ—അതെ, വൈശ്വാനരാഗ്നിയെ ഗംഗയുടെ കിഴക്കുഭാഗത്തേക്കു കൊണ്ടുപോകാൻ നമ്മുടെ രാജാവിനോടുപറയാം. കാടുകത്തിച്ചാമ്പലായി അവിടം ഫലഭൂയിഷ്ഠമായിത്തീരും.

അത്രി—എന്നുമാത്രമല്ല, സരസ്വതീ തീരത്തെ സ്വന്തം നഗരങ്ങറം ഉപേക്ഷിച്ചു് ഗംഗയുടെ കിഴക്കുഭാഗത്തേക്കുപോയ ശത്രുക്കളെ രാജാവിന്റെ പരാക്രമവും വൈശ്വാനരാഗ്നിയും ശക്തിയും ചേർന്നു് നശിപ്പിക്കും.

ശുക്ര—വൈശ്വാനരാഗ്നിയേക്കാറം ഭയങ്കര ആപത്തു് ആ നഗരങ്ങളുടെ അവശിഷ്ടങ്ങളിൽ ജ്വലിച്ചുകൊണ്ടിരിക്കുന്നു.

അത്രി—(ഞെട്ടിയിട്ടു്) എന്തു്?

ശുക്ര—(തന്റെ അംഗവസ്ത്രത്തിൽനിന്നും ഒരു മൺരൂപം പുറത്തെടുത്തു കാട്ടുന്നു.) ഇതുനോക്കൂ.

ഗർഗ്ഗൻ—ഭദ്രചണ്ഡിക, ശത്രുക്കളുടെ ദേവി.

അത്രി—ഈ പിശാചിനിയെ പൂജിച്ചാൽ നമ്മുടെ യാഗവും മന്ത്രങ്ങളും ഒക്കെ നിഷ്ഫലമായിത്തീരും.

ശുക്ര—അതേ. ആ പിശാചിനി വീണ്ടും വരാൻപോകുന്നു, അത്രിമുനി! അവളുടെ ഉന്മാദം വർധിക്കുന്തോറും നമ്മുടെ ബ്രഹ്മാവർത്തത്തിൽ ക്ഷാമവും വർധിക്കും.

അത്രി—ആ ഭയങ്കരമായ ഉന്മാദത്തെ നശിപ്പിച്ചേ പററൂ.

(പൃഥു പ്രവേശിക്കുന്നു.)

(അത്രിയുടെ അവസാനവാക്കുകൾ കേൾക്കുന്നു.)

പൃഥു—ഞാനാ ഉന്മാദം നശിപ്പിച്ചില്ല, അത്രിമുനി. ഞാനതിനെ ആലിംഗനം ചെയ്തു. ജനങ്ങളുടെ ഉന്മാദ തരംഗങ്ങൾ ഇപ്പോൾ ശാന്തമാണ്.

അത്രി—അങ്ങ് വന്നെത്തിയോ, രാജൻ!

ശുക്ര—അങ്ങേയ്ക്കു ക്ഷേമം തന്നെയല്ലേ?

ഗർഗ്ഗൻ—അങ്ങയുടെ മേൽ ആക്രമണം ഒന്നും ഉണ്ടായില്ലേ?

പൃഥു—കൊടുങ്കാററിൽ ചിറകുകൾ വിടർത്തിപ്പറക്കാൻ തുടങ്ങുന്ന പരുന്തിന്റെ അനുഭവമാണ് എനിക്കുണ്ടായതു്. ...എന്റെ അംഗപ്രത്യംഗം ഉൽസാഹം തോന്നി. സർവ്വക്ഷീണവും ഓടിയൊളിച്ചു. അത്രിമുനി, അങ്ങേയ്ക്കു കേട്ടാൽ ആശ്ചര്യം തോന്നും, എനിയ്ക്കു്....എനിക്കു ഒരത്ഭുതകരമായ ആഹ്ലാദം അനുഭവപ്പെട്ടു.

അത്രി—ആഹ്ലാദം!

പൃഥു—അതെ, ആഹ്ലാദം. ഒപ്പം (സ്വരം മാററികൊണ്ടു്) ദേഷ്യവും.... ജനങ്ങളുടെ ദുഃഖത്തിന്റേയും ദീനതയുടേയും കഥകൾ കേട്ടിട്ടു എനിയ്ക്കു ദുഃഖമല്ല, ദേഷ്യമാണു വന്നതു്. ജനക്കൂട്ടത്തെ ശാന്തമാക്കിയിട്ടാണ് ഞാൻ വന്നതു്. ഞാൻ നിങ്ങളോടു ഒന്നു ചോദിക്കട്ടെ, നിങ്ങൾക്കു തന്ന വാക്കുകളിലേതെങ്കിലും ഞാൻ പാലിക്കാതിരുന്നോ?

ഗർഗ്ഗൻ— അങ്ങ് എല്ലാ വാക്കുകളും പാലിച്ചു.

പൃഥു—എങ്കിൽപിന്നെ എന്റെ രാജ്യത്തെ ഈ ക്ഷാമം എങ്ങനെ?........ നിങ്ങളുടെ യാഗാഗ്നി കെടുത്താൻവന്ന ശത്രുക്കളെ ഞാൻ തോല്പിച്ചോടിച്ചില്ലേ?

ഗർഗ്ഗൻ—ഞങ്ങളുടെ യാഗകുണ്ഡങ്ങളിൽ നിന്നും ഉയരുന്ന പുകജ്വാലകൾ ആകാശത്തു മേഘങ്ങളിൽ കുരുങ്ങിക്കിടക്കുകയാണ്.

പൃഥു—ആ മേഘങ്ങൾ പെയ്യുകയില്ലേ?

അത്രി—പെയ്യും. ഞങ്ങളുടെ വേദമന്ത്രങ്ങൾ കേട്ടിട്ടുതന്നെയാണ് ഇന്ദ്രൻ ആജ്ഞ നൽകുന്നതും, വരുണസൂര്യമാരുതഗണങ്ങൾ മഴ പെയ്യിക്കുന്നതും.

പൃഥു—പിന്നെ വിളവുണ്ടാകാത്തതെന്താ? ഈ വെള്ളമൊക്കെ എങ്ങോട്ടു

പോകുന്നു? നിങ്ങളുടെ യാഗാഗ്നി കത്തിജ്വലിക്കുന്ന വനങ്ങളിലൊക്കെ പിന്നെ നെല്ലുണ്ടാകാത്തതെന്താണ്? എൻെറ കാതുകളിൽ ജനങ്ങളുടെ അലർച്ച മുഴങ്ങുന്നു. (സ്വരം മാററിക്കൊണ്ട്) അതിൽ മണ്ണുണ്ട് വളമില്ല. വെള്ളമുണ്ട്. നനവില്ല. ഒരേ ഒരു സത്യം. ഒരേ ഒരു വിളിയാണ്, അതു്, വിശപ്പ്....വിശപ്പ്.

ശുക്ര—അതിൻെറ കാരണവും ഒന്നുമാത്രമാണ്.

പൃഥു—അങ്ങ് ഇത്രനേരവും മൗനമായിരുന്നതു് എന്താണ്, ശുക്രാചാര്യാ?

ശുക്ര—അങ്ങയുടെ കോപം കുറെക്കൂടി വർദ്ധിക്കാൻ. കോപമാണ് രാജാവിൻെറ ശക്തി.

പൃഥു—ഇതു് എൻെറ ശക്തിയല്ല ആചാര്യാ, ഇതു് ജനതയുടെ ശക്തിയാണ്. ക്ഷുഭിതരായ ജനങ്ങളെ ശാന്തരാക്കിയിട്ടാണ് ഞാൻ വന്നതു്. അവരുടെ ദു:ഖമാണ് എൻെറ കോപമായിത്തീർന്നതു്.

ശുക്ര—ജനങ്ങളുടെ ദുഃഖവും ഞങ്ങളുടെ ഉത്കണ്ഠയും അങ്ങയുടെ കോപവും... മൂന്നിൻേറയും ലക്ഷ്യം ഒന്നാണ്, രാജൻ, കാരണം ഒന്നാണ്—ചണ്ഡിക! ഭൂമിയിലെ പിശാചിനി!

പൃഥു—എൻെറ ബാണങ്ങൾക്കിരയാകാൻ പോകുന്ന ആ ചണ്ഡിക ആരാണ്?

ശുക്ര—രാജൻ! സരസ്വതിയുടെ അങ്ങേക്കരയിൽച്ചെന്നു് അങ്ങ് സ്വന്തം പരാക്രമംകൊണ്ട് തോൽപ്പിച്ചോടിച്ച കൊള്ളക്കാരില്ലേ അവരുടെ ഉപാസനാമൂർത്തിയാണ് ആ ഭയങ്കരി—(രൂപം കാണിക്കുന്നു)

പൃഥു—(രൂപം കൈയിലെടുത്തു നോക്കികൊണ്ട്) നഗ്നയായ സ്ത്രീരൂപം? ഇതിൻെറ വയററിൽനിന്നും ഒരു മരം ഉണ്ടായിരിക്കുന്നു. ഛീ!

ശുക്ര—സരസ്വതിക്കക്കരെ ഏതോ വിജന പ്രദേശത്തു് ഒളിച്ചിരുന്നു ആരോ ഈ ചണ്ഡികയെ പൂജിക്കുന്നുണ്ട്. നമ്മുടെ ബ്രഹ്മാവർത്തത്തിലെ മണ്ണിൽ ഈ പിശാചിനി കടന്നുകൂടിയിരിക്കുകയാണ്. ഭൂമി ഉന്മത്തയായി. അവൾ തൻെറ രസം മുഴുവൻ ഉള്ളിലേക്കു വലിച്ചെടുത്തു. അതുകൊണ്ടാണ് ഈ വരൾച്ച. രാജൻ, ഈ വരൾച്ചയും ക്ഷാമവും പട്ടിണിമരണവും അതുകൊണ്ടാണ്.

പൃഥു—പക്ഷേ അവരുടെ നഗരങ്ങളും ഗ്രാമങ്ങളും നശിച്ചുകഴിഞ്ഞില്ലേ.

ഗർഗ്ഗൻ—ഞങ്ങളുടെ യാഗങ്ങളും അഗ്നിഹോമങ്ങളും നിഷ്ഫലമായിരിക്കുന്നു.

അത്രി—ഭൂമി ഞങ്ങളുടെ മന്ത്രങ്ങൾ കേൾക്കുന്നതേയില്ല.

പൃഥു—ഭൂമിക്കു എൻെറ വില്ലിൻെറ ഞാണൊലി കേൾക്കേണ്ടിവരും. ഞാൻ അതിൻെറ ഉന്മാദം പാടെ നശിപ്പിക്കും.

ശുക്ര—ഭൂമിയുടെ ഉന്മാദത്തെ നശിപ്പിക്കാൻ ഒരേ ഒരു മാർഗ്ഗമേയുള്ളു രാജൻ. ശത്രുക്കരം വിജനപ്രദേശങ്ങളിൽ നടത്തുന്ന ആ ഭയങ്കരപൂജ നിർത്തണം...... നിർത്താമോ?

പൃഥു—അനേകായിരങ്ങളുടെ വിശപ്പും ഉന്മാദവും എൻെറ കൈകളിൽ ശക്തിയായി കുടികൊള്ളുന്നുണ്ട് ആചാര്യാ.

ശുക്ര—ഞങ്ങരംക്ക് അങ്ങയുടെ കൈയ്യുക്കിൽ അൽപംപോലും സംശയമില്ല. സംശയമുള്ളതു് അങ്ങയുടെ മനസ്സിൻെറ ചാഞ്ചല്യത്തിലാണ്.

പൃഥു—എൻെറ മന്ത്രിസഭ എൻെറ മനസ്സിൻെറ കാവൽക്കാരൻകൂടി ആകുമോ എന്നു നോക്കട്ടെ.

ശുക്ര—അങ്ങയുടെ ഇഷ്ടതോഴൻ തന്നെയാണ് അങ്ങ് നശിപ്പിക്കാൻ പോകുന്ന പൂജാദികാര്യങ്ങളുടെ കാവൽക്കാരൻ,

പൃഥു—ആരു്?

ശുക്ര—നിഷാദൻ!

പൃഥു—നിഷാദൻ? കവഷനോ?

അത്രി—ശുക്രാചാര്യാ ! അങ്ങ് എന്താണ് ഈ പറയുന്നതു്?

ശുക്ര—ഞാൻ പറയുന്നതു ശരിയാണ് അത്രി. നാം ആശ്രമത്തിൽനിന്നും ഓടിച്ചുവിട്ട ആ കവഷൻ തന്നെ.

പൃഥു—കവഷൻ അങ്ങയുടെ ആശ്രമത്തിൽ ഉണ്ടായിരുന്നതും അങ്ങ് അവനെ ഓടിച്ചതും രണ്ടും എനിക്കു പുതിയ വാർത്തകളാണ്.

ശുക്ര—കൊച്ചുകൊച്ചു കാര്യങ്ങളിൽ അങ്ങയെ ബുദ്ധിമുട്ടിക്കേണ്ട എന്നു് ഞങ്ങരം വിചാരിച്ചു.

പൃഥു— (അൽപം ആലോചിച്ചുകൊണ്ടു്) കൊച്ചു കാര്യങ്ങളോ?

അത്രി— നിഷാദനെ ആശ്രമത്തിൽ നിന്നും ഓടിക്കേണ്ടതു് ആവശ്യമായി വന്നു.

ഗർഗ്ഗൻ— അവൻ സരസ്വതിയിലെ വെള്ളം അശുദ്ധമാക്കാൻ ശ്രമിച്ചു. നിഷാദൻ ഞങ്ങളോടൊപ്പം ഇരുന്നു യാഗം കഴിക്കാൻ ആഗ്രഹിച്ചു.

അത്രി— അന്ത:സലിലയായ വെള്ളം ആചമിച്ചു് അവൻ മഹർഷി പദം നേടാൻ ആഗ്രഹിച്ചു.

ഗർഗ്ഗൻ— അതിനായി അവൻ സരസ്വതീ തീരം കുഴിച്ചു് മണലിനടിയിൽ നിന്നും വെള്ളം എടുക്കാൻ ശ്രമിച്ചു.

അത്രി — ആര്യവംശത്തിൻെറ അന്തസ്സു നില നിർത്താൻ നിഷാദനെ ആശ്രമത്തിൽ നിന്നും ഓടിക്കേണ്ടി വന്നു.

ഗർഗ്ഗൻ— പോയപ്പോരം അവൻ ഒരു പ്രഖ്യാപനം ചെയ്തു— താൻ മഹർഷിയായിട്ടേ ആശ്രമത്തിൽ തിരിച്ചെത്തു എന്നു്.

ശുക്ര—അവൻെറ കണ്ണുകളിൽ ഞാൻ ഭയങ്കര പ്രതിഹിംസയുടെ നിഴൽ കണ്ടു. അനാര്യന്മാരായ കൊള്ളക്കാർ വിജന പ്രദേശത്തു നടത്തുന്ന ചണ്ഡികാ പൂജയുടെ സംരക്ഷകൻ നിഷാദനാണെന്നു എനിക്ക് ഇപ്പോഴം അറിവു കിട്ടിയിട്ടുണ്ട്.

പൃഥു— കവഷൻ ഈ നഗ്ന നാരീ രൂപത്തെ പൂജിക്കുന്നതിൻെറ രക്ഷക നാവുകയോ?

ഗർഗ്ഗൻ—കവഷൻ അങ്ങയോട് വിശ്വാസവഞ്ചന കാട്ടുകയാണ്.

പൃഥു—എന്നോട് വിശ്വാസവഞ്ചന കാട്ടുന്നതു എനിക്ക പ്രശ്നമല്ല. പക്ഷേ കവഷൻ ആയിരക്കണക്കിനു പ്രജകളെ നശിപ്പിക്കുന്ന ആ പിശാചിനിക്ക് കാവൽ നിൽക്കുകയോ? ഭൂമിയുടെ അടിയിലുള്ള വിഷം ജലാശയങ്ങളെ ഒക്കെ പററിക്കുമ്പോഴം കവഷൻ ആ വിഷകന്യകയുടെ താണ്ഡവ നൃത്തത്തിനു കൂട്ടു നിൽക്കുകയോ ...... അങ്ങനെ വരാൻ കാര്യം? ഭൂമി .... വിഷകന്യക, ഭൂമി ........ പിശാചിനി. ആരാണവം?

ശുക്ര— രാജാവേ, അങ്ങ് വീണ്ടും ചിന്താക്കുഴപ്പത്തിൽ പെട്ടിരിക്കുന്നു. ശ്രദ്ധിക്കു. നിയന്ത്രിക്കു.

പൃഥു—(അതേ വിചാരം) ഉന്മാദിനിയായ ഭൂമി... ആര്? ഒപ്പം....ഒപ്പം കവഷനും (പെട്ടെന്നു ബോധവാനാകുന്നു. ഏതോ വഴി കണ്ടെത്തിയ മട്ടിൽ ഉറച്ച ശബ്ദത്തിൽ) ഇല്ല ആചാര്യാ ! ചിന്താക്കുഴപ്പമൊന്നും ഇല്ല. ഞാൻ ആ വിനാശലീല തകർക്കും. ഞാൻ ആ ചണ്ഡികയെ വധിക്കും. (വില്ലും വാളും കൈയിലെടുത്തുകൊണ്ടു്) നിൻെറ രക്ഷകന് നിന്നെ രക്ഷിക്കാൻ കഴിയില്ല. ഞെട്ടി വിറക്കു ഉന്മാദിനിയായ ഭൂമി ! നിനക്കു മൂന്നു ലോകങ്ങളിലെങ്ങും സ്ഥാനം കിട്ടില്ല. വരൂ ശുക്രാചാര്യാ ! എന്നെ അങ്ങോട്ടു കൊണ്ടുപോകൂ. ഇരുട്ടിൻെറ ചങ്ങല പൊട്ടിയേ മതിയാകൂ. വരൂ പോകാം. (പൃഥുവിനോടൊപ്പം ശുക്രാചാര്യൻ അപ്രത്യക്ഷനാകുന്നു. അത്രിയെ ഗർഗ്ഗൻ തടയുന്നു.)

ഗർഗ്ഗൻ—ആചാര്യ അത്രി! ഇതു ശരിയായോ?

അത്രി—ശുക്രാചാര്യരുടെ ബുദ്ധി വിലക്ഷണമാണ്. ഒററയടിക്കു പൃഥുവിൻെറ ജനസമ്മതിയും പ്രജകൾക്കു അദ്ദേഹത്തോടുള്ള സ്നേഹവും ഇല്ലാതാക്കി. അല്ലയോ ഭൃഗുവംശജാ! നിങ്ങളെ തോല്പിക്കാൻ സാദ്ധ്യമല്ല.

ഗർഗ്ഗൻ—പക്ഷേ ആ പിശാചലീലയുടെ മാന്ത്രികശക്തിയെ രാജാവിൻെറ പരാക്രമത്തിനു നശിപ്പിക്കാൻ കഴിയുമോ?

അത്രി—പൃഥു പോയേ മതിയാകൂ. ഗർഗ്ഗമുനി! അദ്ദേഹം പോയേ മതിയാകൂ.

(അർച്ചന പെട്ടെന്നു കടന്നുവരുന്നു.)

അർച്ചന—ആര്യപുത്രൻ എങ്ങോട്ടുപോയി?

അത്രി—സരസ്വതി കടന്നു മരുഭൂമിയിലുള്ള വിജനപ്രദേശത്തേക്ക്,

ഗർഗ്ഗൻ—മകളേ! നിനക്കു പോകാൻ പററിയ സ്ഥലമല്ല.

അർച്ചന—അച്ഛാ! സ്ത്രീയുടെ സുകുമാരത്വം അവരുടെ അലങ്കാരമാണു്. ബന്ധനമല്ല. ആര്യപുത്രന്റെ ഏതു യുദ്ധത്തിലാണു് ഞാൻ അദ്ദേഹത്തോടൊപ്പം പോകാതിരുന്നിട്ടുള്ളതു്?

അത്രി—ഇതു യുദ്ധമല്ല റാണി. ഈ ആക്രമണത്തിൽ രാജാവു് തനിച്ചു പോകണം, ഒററയ്ക്കു്.

അർച്ചന—എങ്കിൽ ഞാൻ തീർച്ചയായും പോകും. ഞാൻ കൂടെയില്ലെങ്കിൽ അദ്ദേഹത്തിന്റെ ശൂന്യമായ മനസ്സിൽ ആശങ്കകളും ദുഃസ്വപ്നങ്ങളും കുന്നുകൂട്ടും. ഞാൻ പോകുന്നു. (പോകുന്നു.)

ഗർഗ്ഗൻ—അർച്ചീ! അർച്ചീ!

(പുറകെ പോകുന്നു.)

അത്രി—ശുക്രാചാര്യാ! നിങ്ങളുടെ ബുദ്ധി അൽഭുതം തന്നെ......പ്രജ ഇനിയും നമ്മുടെ കൈയിലായിരിക്കും. അല്ലയോ ഭൃഗുവംശജാ! നിങ്ങളെ സമ്മതിച്ചു.

(മറയുന്നു. ഇരുട്ടു് വ്യാപിക്കുന്നു.)

## മൂന്നാം അങ്കം

(പ്രകാശം നടിയിലും സൂത്രധാരനിലും പതിയുന്നു)

സൂത്രധാരൻ—സരസ്വതിയുടെ അക്കരെ അസംഖ്യം മണൽക്കുന്നുകളും അവയുടെ ഇടയ്ക്ക് കഴിഞ്ഞ സംഭവങ്ങളെ അനുസ്മരിപ്പിക്കുമാറ് ചിതറിക്കിടക്കുന്ന പച്ചപ്പുൽമേടുകളും!

നടി—യാത്രക്കാരൻെറ നടപ്പിനു വേഗതയും കണ്ണുകൾക്കു തെളിച്ചവും മനസ്സിനു ഉത്സാഹവും കൊടുക്കുന്ന ശക്തി എന്താണ്?

സൂത്രധാരൻ—ഒരു കാലടി!

നടി—ഒരു കാലടിയോ?

സൂത്രധാരൻ—കയററം ഉയർന്നതും പ്രയാസമേറിയതുമാണ്. യാത്രക്കാരനോട് പറയണം അവൻ ഉയർന്ന കൊടുമുടിയിലേയ്ക്ക് നോക്കരുത്, മുമ്പിലുള്ള ഒരടി മാത്രം നോക്കിയാൽ മതി. ഒരു കാലടി മുമ്പോട്ടു വച്ചാൽ നേരം പ്രഭാതമാകും.

നടി—പുതിയ ദിവസം തുടങ്ങും.

സൂത്രധാരൻ—അതെ. ഓരോ കാലടിയും ഓരോ പുതിയ ദിവസമാണ്.

നടി—ഇടയ്ക്കുവച്ച് നിന്നുപോയാലോ? യാത്രക്കാരനു മയക്കം വന്നാലോ?

സൂത്രധാരൻ—പൃഥുവിന് മയക്കം വന്നു. മണലിൽ തൻെറ കാലടികളെ പിന്തുടർന്ന് അർച്ചന തൻെറ അടുത്തെത്തിയത് എപ്പോഴാണെന്ന് അദ്ദേഹം അറിഞ്ഞതേയില്ല.

(ക്രമേണ വേദിയിൽ മങ്ങിയ പ്രകാശം പരക്കുന്നു. മണൽക്കുന്നുകൾ കാണാം. താഴെയായി രണ്ടു മനുഷ്യരൂപങ്ങൾ)

നടി—ക്ഷീണിച്ചുതളർന്ന പൃഥുവിനു് ഭാര്യയുടെ സ്പർശനസുഖം സഹായമായി.

സൂത്രധാരൻ—ഇല്ല. ഇപ്പോൾ പൃഥുവിന് സഹായമാവശ്യമില്ല. അദ്ദേഹത്തിനു വേണ്ടതു് തൻെറ ചോദ്യത്തിനുത്തരമാണ്.

(നടിയിലും സൂത്രധാരനിലും നിന്നു പ്രകാശം അകന്നുപോകുന്നു. രംഗത്ത് പ്രകാശം പരക്കുന്നു. പൃഥുവും അർച്ചനയും പരസ്പരം സംസാരിക്കുന്നു)

പൃഥു—അർച്ചനേ! ആ വിചിത്ര സ്വപ്നത്തിൻെറ അർത്ഥം എന്താണ്? ഞാൻ ആ ഭയങ്കര ചണ്ഡികയെ പിൻതുടരുന്നതായി സ്വപ്നം കണ്ടു. എൻെറ അമ്പ് അവളുടെ മേൽ കൊള്ളാൻ തുടങ്ങിയപ്പോൾ പെട്ടെന്നു അവൾ രൂപം മാറി, പശുവായി.

അർച്ചന—പശുവോ?

പൃഥു—അതെ പശു. അപ്പോൾ ഞാൻ കടുവയായി അതിനെ ആക്രമിച്ചു. അതു് ഓടി. ഈ ഭൂമി മുഴുവനും സ്വർഗ്ഗവും പാതാളവും ഞാൻ അന്വേഷിച്ചു. മൂന്നു ലോകത്തും എങ്ങും അവൾക്കു് ആശ്രയം കിട്ടിയില്ല, കാരണം എൻെറ അമ്പ് അവളെ പിൻതുടരുകയായിരുന്നു. ഭയാതുരയായി കരഞ്ഞുകൊണ്ട് പശു ഓടി. അതിൻെറ പുറകെ തീ പാറുന്ന കണ്ണുകളും കുലച്ച വില്ലുമായി ഞാനും. മലകളിലും താഴ്വരകളിലും സമുദ്രത്തിലും വായുമണ്ഡലത്തിലും എല്ലായിടവും ഞങ്ങൾ പോയി. ഹിമാലയത്തിൻെറ അടുക്കൽ വച്ച് ആ പശു വീണ്ടും രൂപം മാറി.

അർച്ചന—വീണ്ടും മാറിയോ?

പൃഥു—ഒരു സ്ത്രീയുടെ വേഷം.

അർച്ചന—ആ നഗ്നചണ്ഡികയോ?

പൃഥു—അല്ല.

അർച്ചന—പിന്നെ?

പൃഥു—(നിർത്തിയിട്ട്) വേറൊരു സ്ത്രീ ... പരിചയമുള്ളവളാണെങ്കിലും അപരിചിതയെപ്പോലെ തോന്നി. ഒരേ സമയം അവ്യക്തവും സ്പഷ്ടവുമായ രൂപം.

അർച്ചന—എന്നിട്ട് അങ്ങ് വില്ലു കുലച്ചില്ലേ?

പൃഥു—ഇല്ല.........എനിക്കു് അമ്പ് എയ്യണമെന്നുണ്ടായിരുന്നു. പക്ഷേ എയ്യാൻ സാധിച്ചില്ല...അവൾ...ആ സ്ത്രീ എന്തോ പറഞ്ഞു... ഉറക്കെ, വളരെ ഉറക്കെ. പക്ഷേ എനിക്കു കേൾക്കാൻ കഴിഞ്ഞില്ല. ...എനിക്കു സംസാരിക്കണമെന്നുണ്ട്. പക്ഷേ ശബ്ദം പുറത്തു വരുന്നില്ല...ഒരു വല്ലാത്ത അസ്വാസ്ഥ്യം—ക്രോധവും വൈവശ്യവും ഒക്കെ തോന്നി...അപ്പോൾ...അപ്പോൾ...നീ...

അർച്ചന—അതെ ഞാൻ! ഞാൻ യാഥാർത്ഥ്യമാണ്. സ്വപ്നമല്ല.

പൃഥു—അർച്ചനേ! യാഥാർത്ഥ്യം അന്വേഷണത്തിൻെറ വഴികളെ അപ്രത്യക്ഷമാക്കുന്നു. അതു വിചിത്രം തന്നെ.

അർച്ചന—ഇതു് ആ മായാവിനി പറഞ്ഞ വാക്കുകളാണോ? ശകാരമോ? അതോ പ്രാർത്ഥനയോ?

പൃഥു — ഏതു ശബ്ദവേധിബാണത്തിന് അവയെ ഭേദിച്ച് അർത്ഥം കണ്ടുപിടിക്കാൻ കഴിയും?

അർച്ചന—അർത്ഥം ഞാനാണ് ആര്യപുത്രാ. അങ്ങ് സ്വപ്നത്തിൽ കണ്ടകാര്യങ്ങൾ മരീചികയാണ്. ജലരേഖപോലെ നിഷ്ഫലമാണ്.

പൃഥു—കവഷൻ ആ അസത്യത്തെ, മരീചികയെ രക്ഷിക്കുന്നു. എന്തിന്?

(അണിയറയിൽ ഒരു കൂട്ട ശബ്ദം. ആദ്യം വളരെ മന്ദഗതിയിൽ ദൂരെനിന്നും കേൾക്കുന്നു. ക്രമേണ ഉച്ചത്തിലാകുന്നു. അനേകം തൊഴിലാളികൾ ഏതോ വലിയ ജോലിയിലേർപ്പെട്ടിരിക്കുകയാണെന്നുതോന്നും. തങ്ങളുടെ പണിക്കുവേഗതവരുത്താനായി അവർ താളാത്മകമായി കൂട്ടശബ്ദം മുഴക്കുന്നു. പക്ഷേ അകലെനിന്നും ആ ശബ്ദം വ്യക്തമല്ല. അതുകൊണ്ട് ഏതോ ഭയങ്കര മന്ത്രോച്ചാരണം ആണെന്നേ തോന്നൂ)

അർച്ചന—ആര്യപുത്രാ! അങ്ങ് കേട്ടോ?

പൃഥു—(ഉണർന്ന മട്ടിൽ) എന്ത്?....

അർച്ചന—കേൾക്കൂ-ഈ ശബ്ദം കേൾക്കൂ (ശബ്ദം അടുത്തെത്തുന്നു.)

പൃഥു—മന്ത്രം!.....പിശാചിനി ചണ്ഡികയുടെ പൂജാമന്ത്രം !!...... അർച്ചീ, ഇതുതന്നെയാണ് ആ സ്ഥലം! നീ പിന്നാലെ വരൂ. നമുക്കൊളിച്ചുനിന്നുനോക്കാം.

(പൃഥുവും അർച്ചനയും ഇരുട്ടിൽ ഒരു മൂലയ്ക്ക് ഒളിച്ചുനിൽക്കുന്നു. ദൂരെ കുന്നിൻപുറത്ത് കുറെ പുരുഷന്മാരുടെ നിര. നിഴൽരൂപങ്ങളെപ്പോലെ തോന്നിക്കുന്നു. അവരുടെ തോളിൽ ഒരു വലിയ വടമുണ്ട്. അതിൻെറ മറേറ അററം കുന്നിനു താഴെയായതുകൊണ്ട് കാണുവാൻ പാടില്ല. ആ വടംകൊണ്ട് ഏതോ ഭാരംകൂടിയ വസ്തു വലിക്കുന്നുണ്ട്. ഏററവും മുമ്പിൽ നിൽക്കുന്ന ആൾ പുറകിലേക്കു നോക്കി കൈകൊണ്ട് അവരെ ഉൽസാഹിപ്പിക്കാനായി ആംഗ്യം കാട്ടുന്നു. അയാൾ ശബ്ദം ഉയർത്തുന്നു. ശബ്ദം ഏതാണ്ടീമട്ടിലാണ്. "ഹേയ്സാ.....വേഗംവലിക്കൂ ..ഹേയ്സാ...കുനിഞ്ഞുനിന്ന്...ഹേയ്സാ മുമ്പോട്ടുപോട്ടെ....ഹേയ്സാ..അൽപ്പംകൂടി....ഹേയ്സാ" അങ്ങേവശത്തു നടിയും സൂത്രധാരനും മങ്ങിയവെളിച്ചത്തിൽ പ്രത്യക്ഷപ്പെടുന്നു.)

നടി—സൂത്രധാരാ, ആരാണീ കൂട്ടർ?

സൂത്രധാരൻ—നടി, ഇവർ പരിശ്രമശാലികളാണ്. എന്തു വിചിത്രമായ പൂജയാണ് ഇവരുടേത്.

നടി—ആരാണ് ഇവരുടെ നേതാവ്? അയാളുടെ ശബ്ദത്തിൻെറ ഗതിയനുസരിച്ചാണ് സംഘം മുമ്പോട്ടു നീങ്ങുന്നത്.

സൂത്രധാരൻ—ഈ പൂജയുടെ പുരോഹിതനാരാണ്?.......പക്ഷേ ഇക്കൂട്ടർ നിൽക്കുന്നില്ല. മുമ്പോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. പൃഥ്വ ഇവരെ ആക്രമിക്കില്ലേ?

(സംഘം ദൂരെ അപ്രത്യക്ഷമാവുന്നു. മൂന്നു സ്ത്രീകൾ പ്രവേശിക്കുന്നു. ആദ്യത്തെ സ്ത്രീ ഒരു ഭയങ്കര മുഖാവരണം അണിഞ്ഞിട്ടുണ്ട്. അവളുടെ തലയിൽ ചണ്ഡികയുടെ രൂപം കൊത്തിയ ഒരു കുടം ഉണ്ട്. അവളുടെ പുറകെ രാണ്ടമത്തവൾ. അവളുടെ മുഖം തലമുടികൊണ്ട് മറഞ്ഞിരിക്കുന്നു. അവളുടെ പുറകിൽ മുഖാവരണമണിഞ്ഞ മൂന്നാമത്തെ സ്ത്രീ. മൂന്നാമത്തവളുടെ കൈയിൽ ചെറിയ ഒരു വാദ്യം ഉള്ളതു് അവൾ പതുക്കെ വായിക്കുന്നു.)

നടി—അതാ നോക്കൂ മൂന്നു സ്ത്രീകൾ. ഒന്നാമത്തെ സ്ത്രീയുടെ തലയിൽ കുടവും....

സൂത്രധാരൻ—ചണ്ഡികയുടെ രൂപം ! ഇതു തന്നെയാണ് ചണ്ഡിക!.... അവളുടെ പുറകിൽ തലമുടികൊണ്ടു മറഞ്ഞ ഭയങ്കരരൂപം ഏതാണ്? ആരാണവൾ ?

നടി—അവർ മൂന്നുപേരും അതാ നിൽക്കുന്നു. ചണ്ഡികയുടെ രൂപം താഴെ വച്ചു...നോക്കൂ...നോക്കൂ, എന്താ അവിടെ ചെയ്യുന്നതു് ?

(കുടവും ചണ്ഡികാരൂപവും നടുക്കു വച്ചിട്ടു് മൂന്നു സ്ത്രീകളും മൂന്നു വശത്തായി ഇരിക്കുന്നു. രണ്ടാമത്തെ സ്ത്രീയുടെ പുറകുവശം കാണികളുടെ നേരെയാണ്. അവൾ മുട്ടുകുത്തിയിരിക്കുകയാണ്. പ്രേതബാധയുണ്ടായ പെണ്ണുങ്ങളെപ്പോലെ അവൾ ശരീരം വിറപ്പിക്കുന്നു. ക്രമേണ അവളുടെ ആവേശം വർദ്ധിച്ച് ശരീരം മുഴുവൻ വേഗത്തിൽ ഇളക്കി ആടുന്നു. വാദ്യസംഗീതം കുറെക്കൂടി ശക്തമാകുന്നു. ഒപ്പം മൂന്നാമത്തെ സ്ത്രീയുടെ കൈയടി ശബ്ദവും)

സൂത്രധാരൻ—ചണ്ഡികാപൂജ!... ചണ്ഡിക ആ സ്ത്രീയുടെ ശരീരത്തിൽ ബാധിച്ചിരിക്കുന്നു. അവൾ വല്ലാതെ വിറക്കുന്നുണ്ട്.

നടി—എന്തു വേഗത!—എന്തു ഭയങ്കര പൂജ! പൃഥ്വ ഒററയ്ക്ക് അതാ അങ്ങോട്ട് പോകുന്നു, അദ്ദേഹത്തിൻെറ പുരികങ്ങളുയർന്നു് കണ്ണുകളിൽ തീപ്പൊരി പാറുന്നുണ്ട്.

സൂത്രധാരൻ—കൈകളിൽ കുലച്ച വില്ലും, വിരലുകളിൽ കൊടുങ്കാററും.

(ആരാധനക്കാരികളുടെ ബഹളം ഭയങ്കരമാകുന്നു. പൃഥ്വ ഒററയ്ക്ക് കുന്നിൻ പുറത്തേക്കു പോകുന്നു. ബഹളത്തെ ഭേദിച്ചുകൊണ്ട് അദ്ദേഹത്തിൻെറ കർക്കശസ്വരം ഉയരുന്നു.)

പൃഥ്വ—നിർത്തൂ ! ഈ പൈശാചിക ലീല നിർത്തൂ.

(ആ സ്ത്രീകൾ നിർത്തുകയോ പൃഥ്വിനെ ശ്രദ്ധിക്കുകയോ ചെയ്യുന്നില്ല. പൃഥ്വ കുറെക്കൂടി മുകളിലേക്കു കയറുന്നു.)

ചണ്ഡികേ! നിൻെറ കാലൻ എത്തിക്കഴിഞ്ഞു ...

(വീണ്ടും ബഹളം)

ചണ്ഡികേ! നീ കഷ്ടപ്പെടുത്തിയ ആയിരക്കണക്കിനു പാവങ്ങളുടെ നെടു വീർപ്പുകഠം നിൻെറ ഈ ബഹളം ശമിപ്പിക്കും.

(അവരുടെ ബഹളം എന്നിട്ടും നിലക്കുന്നില്ല.)

മായാവിനീ നീ സ്വപ്നങ്ങളുടെ വലകൊണ്ട് എൻെറ പ്രതികാര കൊടുങ്കാററിനെ തടയാമെന്നു കരുതി. പക്ഷേ ഇതാ, സൂക്ഷിച്ചോളൂ! (വില്ലു കുലച്ചുകൊണ്ട്) ഈ അമ്പ്......നിൻെറ കാലൻ......

(പെട്ടെന്ന് കാണികളുടെ നേരെ പുറം തിരിച്ചിരിക്കുന്ന രണ്ടാമത്തെ സ്ത്രീ വിറയൽ നിർത്തി എഴുന്നേററ് നിൽക്കുന്നു. മററു രണ്ടു സ്ത്രീകളും തങ്ങളുടെ ശബ്ദം നിർത്തുന്നു. പൃഥു അൽഭുത പരതന്ത്രനായി നില്ക്കുന്നു. സ്ത്രീ തിരിയുന്നു. മുടി മാററുന്നു. അവളുടെ ശാന്തവും വികാരശൂന്യവും അഹങ്കാരപൂർണ്ണവുമായ മുഖത്തു പ്രകാശം പതിയുന്നു.)

പൃഥു—നിങ്ങഠം!....നിങ്ങഠം ഉർവ്വിയോ!

ഉർവ്വി—വധിക്കൂ എന്നെ....എൻെറ ദേഹത്താണ് ദേവി ആവേശിച്ചിരിക്കുന്നതു്. എന്നെ വധിക്കൂ.

പൃഥു—ദേവി!.....ഈ നഗ്നരൂപം? ഈ (കുടത്തിനുമുകളിൽ വച്ച രൂപത്തിൽ പ്രകാശം പതിയുന്നു) ബീഭത്സരാക്ഷസി—ഇവളുടെ....ഇവളുടെ—ഹോ!

ഉർവ്വി—പറയൂ—പറയൂ ഇവളുടെ വയററിൽനിന്നും മരം കിളിർത്തിരിക്കുന്നു.... അതേ പൃഥു, ഞാൻ ഇവളോടുതന്നെയാണ് പറയുന്നതു്—ദേവീ! നന്നായി നോക്കൂ പൃഥൂ. ഇതു പിശാചിനിയോ മായാവിനിയോ ചണ്ഡികയോ ഒന്നുമല്ല, ഇവളാണ്—അമ്മ!

പൃഥു—അമ്മയോ?

ഉർവ്വി—അമ്മ! ഭൂമാതാവ്, ഭൂമിയുടെ അമ്മ! തൻെറ കോടിക്കോടി സന്താനങ്ങളുടെ ഉദയത്തിനു കാരണക്കാരി. ഇവളുടെ വയററിൽ നിന്നും മുളച്ച മരം!

പൃഥു—സസ്യശ്യാമളത! (പരിഹാസച്ചിരി) വളരെ നന്നായിരിക്കുന്നു.
ഉർവ്വി—സസ്യശ്യാമളത!—എൻെറ കൂടെ വരൂ—ഈ അമ്മയുടെ വേല ഞാൻ കാട്ടിത്തരാം—സസ്യശ്യാമളതപോലും! ബ്രഹ്മാവർത്തത്തിൽ ഇപ്പോഠം ഒരേ ഒരു നിറമേയുള്ളു—മണ്ണിൻെറ കാവി നിറം. ഇലകളില്ലാത്ത വൃക്ഷം! വെയിലും വരഠംച്ചയുംകൊണ്ട് വാടിപ്പോയ മുഖങ്ങഠം!

ഉർവ്വി—മഴയോ?

പൃഥു– മഴ പെയ്യുന്നുണ്ട്. പക്ഷേ തങ്ങി നിൽക്കില്ല.

ഉർവ്വി—പച്ചില മരുന്നുകളോ?

പൃഥു—ഉണ്ട്. പക്ഷേ അവയിൽ നീരില്ല.

ഉർവ്വി—കന്നുകാലികളോ?

പൃഥു—കാലികൾ മേയുന്നുണ്ട്. പക്ഷേ പാലും നെയ്യും എവിടെ?

ഉർവ്വി—എനിക്കറിയാമായിരുന്നു.

പൃഥു—നീ അമ്മ എന്നു വിളിക്കുമ്പോൾ എല്ലാം എൻെറ ഉള്ളിലേക്കു വലിച്ചെടുത്തു. വെളിയിൽ അവശേഷിച്ചിട്ടുള്ളത് വിശപ്പു സഹിക്കാൻ വയ്യാത്ത പാവങ്ങളുടെ കരച്ചിലും പിഴിച്ചിലും!

ഉർവ്വി—ഇതൊക്കെ നടക്കുമെന്നു എനിക്കറിയാമായിരുന്നു, പൃഥു.

പൃഥു—എന്നിട്ടും നീ ഇവിടെ വന്നിരിക്കുന്നു—ഈ കന്നുകൾക്കിടയിൽ ഭയങ്കര മന്ത്രോച്ചാരണം വഴി ദേവന്മാരുടെ അനുഗ്രഹം നശിപ്പിക്കാനായി, അല്ലേ?

ഉർവ്വി—അല്ല.

പൃഥു—ആശ്രമങ്ങളിൽ നിന്നും യാഗധൂമം ഉയരുന്നുണ്ടെങ്കിലും ഇന്ദ്രവരുണ അശ്വനികുമാര—മരുത ദേവന്മാരിൽ ആർക്കും നമ്മളെ സഹായിക്കാൻ കഴിയുന്നില്ല!

ഉർവ്വി—ദേവന്മാരും?

പൃഥു (ഏതോ അലയുന്ന ഓർമ്മകളുടെ ഒഴുക്കിൽ പെട്ട്) മുമ്പൊരിക്കൽ ഹിമാലയ സാനുക്കളിൽ വിപാശയുടെ തീരത്തു പ്രഭാത നക്ഷത്രങ്ങളുടെ നിഴലിൽ എന്നോടൊപ്പം നീയും ദേവന്മാരെ പ്രാർത്ഥിച്ചിരുന്നു.

ഉർവ്വി—(ഒഴുക്കിൽ പെട്ടിട്ടെന്നവണ്ണം) നക്ഷത്രങ്ങളുടെ തണലിലോ!

പൃഥു—അഥവാ ഉദയസൂര്യനോട് മത്സരിക്കുന്ന പഞ്ചമിച്ചന്ദ്രൻ പൂനിലാവ് പെയ്യുമ്പോൾ.

ഉർവ്വി—പഞ്ചമിച്ചന്ദ്രനോ?

പൃഥു—മറന്നു പോയോ, ഉർവ്വി?

ഉർവ്വി—(ഭാവുകത്വം പെട്ടെന്നു ഉപേക്ഷിച്ചിട്ട്) പൃഥുരാജാവേ, മറന്നുപോയ സുഗന്ധത്തെ വീണ്ടും ഉണർത്താതെയിരിക്കൂ.

പൃഥു—(ഞെട്ടിയിട്ട്) ങ്ഹേ!

ഉർവ്വി—ബ്രഹ്മാവർത്തത്തിലെ രാജാവേ, അങ്ങയുടെ ദേവന്മാർ അപൂർണ്ണരാണ്.

പൃഥു—(അല്പം മൗനത്തിനു ശേഷം കഠോര സ്വരത്തിൽ) കാരണം ഈ ചണ്ഡികയുടെ നാസാരന്ധ്രങ്ങളിൽനിന്നും പുറപ്പെടുന്ന വിഷക്കൊടുങ്കാറ്റ് ദേവന്മാരെ ഇറങ്ങാൻ സമ്മതിക്കുന്നില്ല....ഞാൻ അതു നശിപ്പിക്കും.

ഉർവ്വി—വേണ്ട, വേണ്ട രാജൻ, അങ്ങയുടെ ദേവന്മാർ അപൂർണ്ണരാണ്. കാരണം ആകാശത്തെ ദേവന്മാർ ഭൂമിമാതാവിൻെറ കരങ്ങളില്ലെങ്കിൽ നിർബലരും മുടന്തരും നിർജീവികളുമായിരിക്കും.

പൃഥു—ആര്യദേവന്മാർ നിർബലരും അനാര്യന്മാരുടെ ഈ മന്ത്രവാദിനി അതിശക്തിശാലിയുമാണ് അല്ലേ?

ഉർവ്വി—അങ്ങ് രാജാവാണ്. ആര്യന്മാരും അനാര്യന്മാരും നാഗന്മാരും നിഷാദന്മാരും എല്ലാവരും ചേർന്നതാണ് അങ്ങയുടെ രാജ്യം. ഇവരെ കൂട്ടിയിണക്കിയാൽ സമുദായം ശക്തിമത്തായിത്തീരും, അകററി നിർത്തിയാൽ സമുദായം ഭിന്നിച്ചു പോവും. മതവും അങ്ങനെ തന്നെ.

പൃഥു—മതം!... നിങ്ങൾ അൽപം മുമ്പു വരെ ചെയ്തുകൊണ്ടിരുന്ന ഉന്മത്തലീലകൾ മതാചാരണം ആണോ? ഉർവ്വി, ശത്രുക്കളുടെ അവശിഷ്ടങ്ങളിൽ നിൻെറ ബുദ്ധിയും നശിച്ചു കഴിഞ്ഞോ?

ഉർവ്വി—അതെ, നശിച്ചു. കാരണം ഈ ഭൂമിയുടെ മണ്ണും ഒക്കെ നശിച്ചു. എൻെറ ഞരമ്പുകളിലൊക്കെ ജഡത വ്യാപിച്ചിരിക്കുകയാണ്.... ഞാൻ പറയുന്നതു കേൾക്കൂ. അങ്ങ് ദുഗർത്തത്തിൽ വച്ചു പരിചയപ്പെട്ട ആ ആളല്ല ഇന്നു ഞാൻ. ഞാൻ ഭൂമിയുടെ ശബ്ദമാണ്. വളരെയധികം തരുകയും വളരെയൊക്കെ സഹിക്കുകയും ചെയ്യുന്ന ഭൂമിയുടെ........

പൃഥു—ഭൂമി ഇന്ന് ഒക്കെ ഒളിച്ചുവച്ചിരിക്കുകയാണ്. അന്നവും ജലവും ധനവും ഒക്കെ. ഭൂമിയുടെ മനസ്സ് അലിയുന്നില്ല. അനേകം വിശക്കുന്ന പ്രജകളെ കണ്ടിട്ട് അതിൻെറ ഊഷരമായ വയററിൽ ജീവിതത്തിൻെറ സ്പർശനമേ ഉണ്ടാകുന്നില്ല.

ഉർവ്വി—എന്തുകൊണ്ടാണെന്ന് അറിയാമോ?.......രാജാവേ എന്തുകൊണ്ടാണെന്നു ഞാൻ പറയാം...(കുന്നിൻ പുറത്തു നിന്ന് ചക്രവാളത്തെ ചൂണ്ടിക്കാട്ടികൊണ്ട്) അതു നോക്കൂ! ദിഗദിഗന്തങ്ങൾ വരെ വ്യാപിച്ചു കിടക്കുന്ന ഈ കുന്നുകളും താഴ്വരകളും ഉയന്നും താണും കിടക്കുന്ന ഭൂമിയും. എങ്ങും സമതലങ്ങളില്ല. എല്ലായിടവും പാറക്കെട്ടുകളും കല്ലുകളുമാണ്. മഴ പെയ്യുന്നു. ജലം താഴെ പതിക്കുന്നു. ചിലപ്പോൾ തുമ്പിക്കൈ വണ്ണത്തിലും ചിലപ്പോൾ ചാററ മഴയും. പക്ഷേ മണ്ണ് ഒരിക്കലും നനയുന്നില്ല. എല്ലാം ഒഴുകിപ്പോകുന്നു. ഫലഭൂയിഷ്ഠമായ മണ്ണും ആ മണ്ണിൻെറ സമ്പത്തും. കാരണം, അങ്ങും അങ്ങയുടെ പ്രജകളും ഭൂമിയെ സമതലമാക്കി കൃഷിചെയ്യാൻ പരിശ്രമിച്ചതേയില്ല.

പൃഥു—അതിൻെറ ആവശ്യം എന്തായിരുന്നു? ഞങ്ങൾ എല്ലാവർഷവും വൈശ്വാനര അഗ്നികൊണ്ട് കാടുകൾ ചുട്ടുകരിച്ച് കൃഷിചെയ്യുമായിരുന്നു.

ഉർവ്വി—യാഗങ്ങളിൽ കത്തിയ മണ്ണ് വർഷകാലത്ത് വേഗം മഴ ഒഴുക്കിക്കൊണ്ട് പോകും. അപ്പോൾ....

പൃഥു—അപ്പോൾ വീണ്ടും യാഗം..വീണ്ടും കാട്ടുതീയും പുതിയ കൃഷിയും. ഇതാണ് ആര്യ പാരമ്പര്യം.

ഉർവ്വി—ഇതാണ് ആര്യപാരമ്പര്യം എന്നെനിക്കറിയാം. രാജാവേ, അതുകൊണ്ടാണ് ബ്രഹ്മാവർത്തത്തിൽ വരൾച്ചയും ക്ഷാമവും. അങ്ങ് ചണ്ഡികയെ വധിക്കാൻ വന്നിരിക്കുകയാണ്. പക്ഷേ നിങ്ങൾ കത്തിച്ചു ചാമ്പലാക്കിയ ഭൂമാതാവിന്റെ ശബ്ദം ഒന്നു കേൾക്കൂ! —രാജാവേ, നിങ്ങൾ പറയുന്ന ഭൂമി തന്റെ സമ്പത്തു് ഒളിച്ചു വച്ചിരിക്കുകയാണ്, അതു വിത്തുകൾ വിഴുങ്ങുകയാണ്, അതു വിളവും പാലും ഒന്നും തരുന്നില്ല...പക്ഷേ നിങ്ങൾ സ്വയം എന്തു ചെയ്യുന്നു?—യാഗാഗ്നിയെ സ്തുതിക്കുന്നു.

പൃഥു—യാഗാഗ്നികൊണ്ടാണ് വിളവുണ്ടാകുന്നതു്. എന്റെ ഈ വില്ല് യാഗരക്ഷകനാണ്.

ഉർവ്വി—രാജാവേ, ഏററവും വലിയ യാഗം നിങ്ങൾ ഇപ്പോഴാണ് നടത്തേണ്ടതു്.

പൃഥു—ഞാനോ?

ഉർവ്വി—അതെ. ഈ വില്ലെടുക്കൂ. അതുകൊണ്ട് ഈ പാറകളേയും കുന്നുകളേയും സമതലമാക്കൂ. വയലുകളിൽ വെള്ളം ഉണ്ടാകും. മണ്ണിനു നനവു കിട്ടും. എങ്ങും ഹരിതനിറം വ്യാപിക്കും. മണ്ണുകൊണ്ട് തടയപ്പെട്ട നദികൾ വീണ്ടും ഒഴുകും....അപ്പോൾ കാമധേനുവായ ഭൂമിമാതാവിന്റെ സ്തനങ്ങളിൽ മനുഷ്യസന്താനങ്ങൾക്കു വേണ്ട പാലുണ്ടാവും.

പൃഥു—പശു! സ്വപ്നത്തിൽ എന്റെ മുമ്പിൽവന്ന പശു ഏതായിരുന്നു?

ഉർവ്വി—അമ്മ സ്വപ്നത്തിൽ നിങ്ങൾക്കു ദർശനം തന്നതാണ്. രാജാവേ, അമ്മ നിങ്ങളോട് എന്തുപറഞ്ഞു?

പൃഥു—എന്തു പറഞ്ഞു, എന്തിനു പറഞ്ഞു എന്നെനിക്കോർമ്മയില്ല.

ഉർവ്വി—ഞാൻ പറയാം—ഭൂമിമാതാവ് നിങ്ങളോടു പറഞ്ഞുകാണും—ഞാൻ പശുവാണ്, പക്ഷേ എന്നെ കറക്കേണ്ട ആൾ എവിടെ? എന്റെ കിടാവും പാൽ കറക്കുന്ന പാത്രങ്ങളും എവിടെ?........നിങ്ങൾ രാജാവാണ്, പ്രജകളുടെ നേതാവാണ്. നിങ്ങളുടെ പുരുഷാർത്ഥം വെറും യുദ്ധത്തിലും സംഘർഷത്തിലും മാത്രമല്ല വേണ്ടതു്. ഞാൻ വസുന്ധരയാണ്. എന്നെ കറന്നു അഭീഷ്ടവസ്തുക്കൾ ഉണ്ടാക്കുകയാണ് നിങ്ങളുടെ പുരുഷാർത്ഥം. അതാണ് നിങ്ങളുടെ പ്രജകളുടെ ധർമ്മവും. നിങ്ങൾ ആര്യവംശത്തിലെ ആദ്യത്തെ രാജാവാണ്. നിങ്ങൾ കർമ്മപുരുഷനായിത്തീരൂ.

പൃഥു—ഈ വാക്കുകൾ എന്താ ഞാൻ മറന്നു പോയതു്?........എന്തുകൊണ്ടു്? എന്തുകൊണ്ടു്?

ഉർവ്വി—നിങ്ങളെ ഇവിടെ കൂട്ടിക്കൊണ്ടുവന്നതു് അമ്മയാണ്. അനാര്യന്മാരും ശത്രുക്കളും എന്നു പറഞ്ഞു് നിങ്ങൾ ആരുടെ നഗരങ്ങളാണോ തകർത്തുകള

ഞ്ഞതു്, അവർ എങ്ങനെ ഭൂമിയെ കറന്നെടുക്കുന്നു എന്നു നോക്കു. എന്താ നിങ്ങൾ കണ്ടോ?

പൃഥു—ആ കുനിഞ്ഞ രൂപങ്ങളോ?

ഉർവ്വി—അതെ. അവർ വരണ്ടുപോയ സരസ്വതി നദിയിൽ യന്ത്രംകൊണ്ടു് കുഴിച്ചു് വെള്ളം എടുക്കുകയാണു്.

പൃഥു—ആ ശത്രുക്കളോ?

(കവഷനും വേറൊരു പുരുഷനും പ്രവേശിക്കുന്നു. പുരുഷൻെറ തലയിൽ വെള്ളം നിറച്ച കുടമുണ്ടു്)

പൃഥു—കവഷൻ!........

കവഷൻ—പൃഥു രാജാവു്! വന്നുചേർന്നോ!

പൃഥു—കവഷാ, ഞാൻ നിങ്ങളുമായി യുദ്ധം ചെയ്വാൻ വന്നതായിരുന്നു.

കവഷൻ—യുദ്ധം! (ഭൂചണ്ഡികയുടെ രൂപം ഉയർത്തി പിടിക്കുന്നു. കൂടെയുള്ള പുരുഷൻ വെള്ളം ആദ്യത്തെ കുടത്തിൽ ഒഴിക്കുന്നു. കവഷൻ രൂപം വീണ്ടും താഴെ വയ്ക്കുന്നു. പുരുഷൻ ഒഴിഞ്ഞ കുടവുമായി തിരിച്ചു പോകുന്നു) ഇപ്പോൾ എൻെറ രക്തത്തെക്കാളും നിങ്ങൾക്കു വിലയേറിയതു് ഈ വെള്ളമാവും.

പൃഥു—കവഷാ, അന്നു നിങ്ങൾ എൻെറ സേനാപതിത്വം വേണ്ടെന്നു വച്ചതു നന്നായി. പക്ഷേ ഇന്നു്........

കവഷൻ—എൻെറ സൈന്യത്തെ നിങ്ങൾ കണ്ടുവോ! ആയിരക്കണക്കിനു് ആളുകൾ ചേർന്നാണു് ആ യന്ത്രം ചലിപ്പിച്ചു് ഉണങ്ങി വരണ്ട സരസ്വതിയിൽ വെള്ളം ഉണ്ടാക്കിയതു്.

പൃഥു—നിങ്ങളുടെ പ്രതിജ്ഞ പൂർത്തിയായി—കവഷൻ, സരസ്വതിയിലെ പാവനമായ ജലംകൊണ്ടു് നിങ്ങൾ ആചമനം ചെയ്യു! ആശ്രമത്തിലെ മുനികൾ ഇനി നിങ്ങളെ സ്വാഗതം ചെയ്യും.

കവഷൻ—മുനിമാർ! മുനിമാരുടെ മന്ത്രിസഭയിൽ എന്നേയും ചേർക്കാൻ ശ്രമിക്കുകയാണോ നിങ്ങൾ?

പൃഥു—മന്ത്രിസഭയല്ല, പുരുഷാർത്ഥസഭ. (പൊടുന്നനെ ഉദാത്തമായ ഒരു പ്രഭാപൂരം കുന്നിനെ പ്രകാശപൂർണ്ണമാക്കുന്നു. പൃഥുവിൻെറ ശബ്ദം ആ പ്രകാശത്തിൻെറ ഉറവിടവും കവഷൻെറ ശബ്ദം അതിൻെറ പ്രഭാമണ്ഡലവും ആണോ എന്നു തോന്നും. ഓരോ വാചകത്തിലും ദൃഢവിശ്വാസവും പ്രതീക്ഷയും പ്രതിധ്വനിക്കുന്നു.) കവഷാ, ഭൂമിയാകുന്ന പശുവിനെ കറക്കാൻ ശക്തങ്ങളായ അനേകം കരങ്ങളുയരും, വിഭിന്നരൂപങ്ങളിൽ പാൽ ഉണ്ടാകും. ധാന്യങ്ങളാകുന്ന പാൽ ഞാൻ കറക്കും. കലപ്പയേന്തുന്ന കൃഷിക്കാർ കിടാങ്ങളാകും. കൈക്കുമ്പിൾ പാൽപാത്രങ്ങളാകും.

കവഷൻ—ജലമാകുന്ന പാൽ ഞാൻ കറക്കും. വരണ്ട വയലുകൾ കിടാവാകും. നദിയും തടാകവും പാത്രങ്ങളാകും.

(പാൽ കറക്കുന്ന വർണ്ണനകൾ നടക്കുമ്പോൾ മറുവശത്തു ഉർവ്വിയുടെ പിന്നാലെ ഓരോരുത്തരായി സ്ത്രീപുരുഷന്മാർ കുടവുമായി വൃത്താകൃതിയിൽ അണിനിരക്കുന്നു.)

പൃഥു—സ്വർണ്ണം, വെള്ളി, ചെമ്പു് തുടങ്ങിയ ലോഹങ്ങൾ വ്യാപാരികൾ കറക്കും. ശിൽപ്പികൾ കിടാവാകും. അലങ്കാരങ്ങൾ പാത്രങ്ങളും.

കവഷൻ—വിലാസപ്രിയന്മാർ മദ്യമാകുന്ന പാൽ കറക്കും. മദ്യശാല കിടാവാകും. മദ്യവിൽപ്പനക്കാരി പാത്രവും.

പൃഥു—ജ്ഞാനികൾ ഗുരുവിനെ കിടാവാക്കി വാക്കുകളാകുന്ന പാത്രത്തിൽ വേദമാകുന്ന പാൽ കറക്കും.

കവഷൻ—കലാകാരൻമാർ ഗന്ധർവൻമാരേയും അപ്സരസ്സുകളേയും കിടാവാക്കി താമരപ്പാത്രത്തിൽ സംഗീതത്തിൻേറയും സൗന്ദര്യത്തിൻേറയും പാൽ കറക്കും.

പൃഥു—ആരുണ്ടാകും കറവക്കാരല്ലാത്തവരായി? സിദ്ധന്മാരും പിതൃഗണങ്ങളും യക്ഷന്മാരും രാക്ഷസന്മാരും മൃഗങ്ങളും ജീവജന്തുക്കളും വൃക്ഷങ്ങളും പർവ്വതങ്ങളും! അല്ലയോ വിശ്വരൂപിയായ വസുന്ധരേ! എൻെറ കൈയ്യുകൾ കൊണ്ടു് ഞാൻ നിന്നെ സമതലമാക്കും. എൻെറ പുരുഷാർത്ഥംകൊണ്ടു് എല്ലാം ഒന്നിച്ചുചേർത്തു് നിൻെറ അനന്തമായ സമ്പത്തു് മനുഷ്യരാശിക്കായി പ്രയോജനപ്പെടുത്തും.

ഉർവ്വി—പാടൂ. പാടൂ. ഉല്ലാസത്തിൻെറ പാട്ടു് പാടൂ. പൃഥുരാജാവു് വരൾച്ചയുടേയും ക്ഷാമത്തിൻേറയും ചക്രവ്യൂഹം തകർക്കുകയാണു്. (ഉർവ്വിയോടൊപ്പമുള്ള സ്ത്രീപുരുഷന്മാർ വളരെ പതിഞ്ഞ സ്വരത്തിൽ പാട്ടുപാടുവാനാരംഭിക്കുന്നു)....പ്രയത്നത്തിൻെറ പാട്ടു പാടൂ. കാരണം ഭൂമിയുടെ അനന്തമായ സമ്പത്തു് കറന്നെടുക്കുവാൻ പോകുകയാണു്. (പാട്ടിൻെറ ശബ്ദം ഉയരുന്നു. വിശ്വാസത്തിൻെറ പാട്ടുപാടൂ. കാരണം പൃഥു ഭൂമിമാതാവിൻെറ ഗന്ധം മനസ്സിലാക്കി, അവൾക്കു പുതിയ പേരു് നൽകുകയാണു്...പൃഥ്വീ! പൃഥ്വീ! (പാട്ടു് വളരെ ഉച്ചത്തിലാകുന്നു.)

സമൂഹഗാനം

നീലാകാശം നീലവിതാനം
നീലസരോവരത്തിൽ വിടർന്നു
അറിയപ്പെടാത്തൊരു സ്വർണ്ണമല്ലി!
അതിൻ വർണ്ണച്ചിറകുകൾ മൂടിവച്ചു,
ഉന്മത്തനായൊരു ഭൃഷ്ണൻ.

ഇന്നിതാ വീണ്ടും തുറന്നുകിട്ടി മാർഗ്ഗം;
തകരാത്ത മോഹമായ് മണ്ണിൻ സുഗന്ധമായ്
എൻമനതാരിലീ സ്വർണ്ണമല്ല;
ഇതുവരെ കാണാതിരുന്നൊരാ സ്വർണ്ണമല്ല.

(ഗാനത്തിൻെറ ശബ്ദം ഉയരുന്നതോടൊപ്പം കുന്നിൻപുറത്തെ ആളുകൾ ഇരുട്ടിലാകുന്നു. പൃഥുവിനെ മാത്രം കാണാം.

താഴെ ഒരു മൂലയ്ക്കായി മറെറാരു രൂപം തെളിഞ്ഞുവരുന്നു—ഏകാകിയും ഭയ ചകിതയുമായ അർച്ചന. സമൂഹഗാനത്തെ ഭേദിച്ചുകൊണ്ട് അർച്ചനയുടെ ശബ്ദം ഉയരുന്നു)

അർച്ചന—ആര്യപുത്രാ! . . . ആര്യപുത്രാ, അങ്ങ് എന്തു് ആലോചനയിൽ ലയിച്ചിരിക്കുകയായിരുന്നു?

പൃഥു—ആരു് അർച്ചനയോ? ഞാൻ ഇവിടെത്തന്നെയുണ്ട്.

(സംഗീതം മന്ദഗതിയിലാകുന്നു)

അർച്ചന—ആര്യപുത്രാ! രാജാവേ!

പൃഥു—വരൂ. മുകളിലോട്ട് വരൂ. എന്നെ കണ്ടുകിട്ടിയല്ലോ, നിൻെറ സഖിയേയും.

അർച്ചന—(മുമ്പോട്ട് വന്നു്) സഖിയോ?

പൃഥു—ഉർവ്വി!........

അർച്ചന—ഉർവ്വി! (ഞെട്ടി അവിടെ നിന്നു പോകുന്നു) വേണ്ട...വേണ്ട. (കൈകൊണ്ട് മുഖം പൊത്തുന്നു) വേണ്ട....

(സംഗീതം നിലച്ചു. ഇരുട്ട് പരക്കുന്നു)

## ഇടവേള

(അൽപ്പം കഴിഞ്ഞു് നടിയും സൂത്രധാരനും പ്രവേശിക്കുന്നു)

സൂത്രധാരൻ—നടീ, രണ്ടു വർഷം കടന്നുപോയി, രണ്ടു വർഷം!

നടി—അതേ സൂത്രധാരാ, ഈ രണ്ടു വർഷത്തിനുള്ളിൽ എന്തൊക്കെ സംഭവിച്ചു!

സൂത്രധാരൻ—ബ്രഹ്മാവർത്തത്തിലെ ഭൂമിയുടെ മുഖഛായതന്നെ മാറി. ഭൂമി സമതലമായി മണ്ണിനു നനവുകിട്ടി. വയലുകളിൽ ധാന്യങ്ങൾ വിളഞ്ഞു. ഗ്രാമങ്ങളുണർന്നു. നാട്ടിൽ സമൃദ്ധി വ്യാപിച്ചു. ഖനികൾ സ്വർണ്ണം വിളയിച്ചു.

നടി—ആശ്രമങ്ങൾ രണ്ടിരട്ടിയായി.

സൂത്രധാരൻ—അതെ. ഒന്നു് അത്രിമുനിയുടേയും മററൊന്നു് ശുക്രാചാര്യരുടേയും. ഇരുവരുടേയും സമ്പത്തു് വർദ്ധിച്ചു......ധനവും......

നടി—ദുരാഗ്രഹവും!

സൂത്രധാരൻ—നടീ! ഇങ്ങനെയാണു് എപ്പോഴും സംഭവിക്കുക—പക്ഷേ ഭൃഗുവംശക്കാർക്കും ആത്രേയവംശക്കാർക്കും ദുരാഗ്രഹം വരാൻ ന്യായമുണ്ടു്. വരണ്ട സരസ്വതിയിൽ കവഷൻ ചെറിയ തോട്ടങ്ങളുണ്ടാക്കി. ഇപ്പോൾ അതു വലുതായി. രണ്ടാശ്രമങ്ങളിലെയും നൂറുകണക്കിനാളുകൾക്കു ജോലി കിട്ടി.

നടി—തോടു് എത്രദൂരംവരെ കുഴിക്കും?

സൂത്രധാരൻ—സരസ്വതി ദൃഷദ്വതിയുമായി ചേരുന്ന സ്ഥലംവരെ.

നടി—അങ്ങനെ സരസ്വതിക്കു് എന്നും ദൃഷദ്വതിയിലെ വെള്ളം കിട്ടിക്കൊണ്ടിരിക്കും. തോടുകൊണ്ടു് എല്ലാകാലത്തും വയലുകൾ സമൃദ്ധമായിരിക്കും. ആശ്രമങ്ങളിലൊക്കെ വന്ദന ശ്ലോകങ്ങൾ മുഴങ്ങും.

സൂത്രധാരൻ—വെള്ളപ്പൊക്കത്തിൽ ദൃഷദ്വതിയിലെ വെള്ളം സരസ്വതിയിലേക്കു് ഒഴുകാതിരുന്നാൽ മാത്രം........

നടി—അങ്ങനെ പറയരുതു് സൂത്രധാരാ, അങ്ങനെ പറയരുതു്.

സൂത്രധാരൻ—ഉള്ളിതൊലിക്കുമ്പോൾ ഒന്നിനുപുറകെ ഒന്നായി പാളികൾ പ്രത്യക്ഷപ്പെടുന്നപോലെ പൃഥുവിൻെറ മുമ്പിൽ പ്രശ്നങ്ങൾ പൊന്തിവരുകയാണു്.

നടി—പൃഥുവിനു് സമാധാനമില്ല, പക്ഷേ എന്നിട്ടും അദ്ദേഹത്തിൻെറ മനസ്സു് ശിഥിലമല്ല. അദ്ദേഹത്തിൻെറ ശരീരം ക്ഷീണിച്ചിട്ടില്ല.

സൂത്രധാരൻ—കാരണം ഓരോ പ്രശ്നവും അദ്ദേഹത്തിനു വെല്ലുവിളിയാണു്. ഓരോ വെല്ലുവിളി നേരിടുമ്പോഴും പൃഥുവിൻെറ മനസ്സും ശരീരവും യാഗവേദിയായിത്തീരുന്നു. ഈ വെള്ളപ്പൊക്കത്തിനുമുമ്പു് ദൃഷദ്വതിയിൽ അണ കെട്ടിയാൽ പൃഥുവിൻെറ നൂറാമത്തെ യാഗം പൂർത്തിയാവും.

നടി—പൂർത്തിയാകും, പൃഥൂ, നിങ്ങൾ തൊണ്ണൂററൊമ്പതുരീതിയിൽ ഭൂമിയെ കറന്നെടുത്തു. നിങ്ങളുടെ നൂറാമത്തെ അനുഷ്ഠാനവും പൂർത്തിയാവും, പൃഥുചക്രവർത്തി!

സൂത്രധാരൻ—ചക്രവർത്തി!.... യുദ്ധം കൂടാതെ ചക്രവർത്തിയോ! അശ്വമേധം കൂടാതെ ചക്രവർത്തിയോ?

(വേദിയിൽ ക്രമേണ പ്രകാശം. സ്ഥാനേശ്വരത്തു് ഒന്നാം അങ്കത്തിലെ പശ്ചാത്തലം. പൃഥുവും അർച്ചനയും. പൃഥുവിൻെറ മുഖത്തു് ഉത്സാഹവും തിരക്കും കാണാം)

പൃഥു—റാണീ, ആശ്രമത്തിനടുത്തുള്ള ഗ്രാമങ്ങളിൽനിന്നും കഴിയുന്നത്ര ആളുകളെ ശേഖരിച്ച് അണക്കെട്ടിലേക്ക അയക്കണമെന്നു നീ മിനിഞ്ഞാന്ന് ഗർഗ്ഗമുനിയോട പറഞ്ഞില്ലേ?

അർച്ചന—ഉവ്വ്.

പൃഥു—അത്ഭുതം തന്നെ. ആരും ഇതുവരെ എത്തിയില്ല. വേഗം മുന്നൂറു പേരെ അങ്ങോട്ട് അയക്കണമെന്ന് ഉർവിയുടെയും കവഷന്റേയും സന്ദേശങ്ങൾ ഒന്നിനുപുറകേ ഒന്നായി വരുന്നു. സമയം കുറവാണ്. ഹിമാലയത്തിൽ മഴ തുടങ്ങിയതായി വാർത്തയുണ്ട്. ഇവിടെ ആകാശത്തുനിന്നും മഴത്തുള്ളികൾ വീണുതുടങ്ങി. അണക്കെട്ട പൂർത്തിയാകാൻ അല്പംകൂടിയേ ബാക്കിയുള്ളു. താമസിക്കുന്ന ഓരോ നിമിഷവും അപകടത്തെ അടുത്തുവിളിക്കുകയാവും. എന്താ ആളുകൾ വരാത്തതു്?

അർച്ചന—അവർക്ക് അല്പം ബുദ്ധിമുട്ടുണ്ട്.

പൃഥു—ആർക്ക്

അർച്ചന—അച്ഛനും അത്രിമുനിക്കും.

പൃഥു—ആത്രേയാശ്രമത്തിനു ചുററും കൃഷിക്കാരായ പ്രജകൾ കുറവല്ലല്ലോ.

അർച്ചന—അണക്കെട്ടിൽ പണിയെടുക്കുന്നവർക്ക കൊടുക്കുന്ന ധാന്യങ്ങളുടെ അളവിൽ അവർ തൃപ്തരല്ലെന്നു അത്രിമുനി അറിഞ്ഞു.

പൃഥു—ആരാ തൃപ്തരല്ലാത്തതു്? കൃഷിക്കാരോഅതോ ആശ്രമവാസികളോ?

അർച്ചന—ഒരുപക്ഷേ, ഇരുകൂട്ടരും.

പൃഥു—അതുകൊണ്ടാണ് ധാന്യം വിതരണം ചെയ്യുന്ന ചുമതല ഞാൻ ആശ്രമത്തെ ഏല്പിച്ചതു്. ധാന്യം കൊടുക്കുന്നതു കുറവാണെങ്കിൽ കുറെക്കൂടി കൊടുക്കണം. ആശ്രമത്തിലെ ഭണ്ഡാരത്തിൽനിന്നു തന്നെ കൊടുക്കട്ടെ. ഞാൻ അതു നിറച്ചുകൊള്ളാം... പക്ഷേ അവർ പ്രജകളെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചിട്ടുവേണ്ടേ...

അർച്ചന—അത്രിമുനിയുടെ പ്രസംഗം വളരെ ആവേശജനകമാണ്.

പൃഥു—പക്ഷേ എപ്പോൾ ?....ശത്രുക്കൾക്കെതിരായി ഒരു വലിയ ഘോഷയാത്ര നടത്തണമെന്ന് അദ്ദേഹത്തിനോട് പറയണം. നല്ല ഉശിരൻ വാക്കുകൾകൊണ്ട് അദ്ദേഹം തന്റെ പ്രദേശത്തെ പ്രജകളെ ആഹ്വാനം ചെയ്യുന്നതു കാണാം—പക്ഷേ നമ്മുടെ മുമ്പിലുള്ള വെല്ലുവിളി മററൊന്നാണ്. ....പററില്ല ഇങ്ങനെ കാര്യം നടപ്പില്ല...ശുക്രാചാര്യരോട പറയാം... ഭൃഗുവംശാശ്രമത്തിൽ നിന്നും മുന്നൂറുപേരെ ഏർപ്പാട ചെയ്യാൻ.

അർച്ചന—അതു ശരിയാവുമോ?

പൃഥു—എന്തുകൊണ്ട്?

അർച്ചന—അങ്ങ് ഭൃഗുവംശാശ്രമത്തിനു കുട്ടകളും കുന്താലികളും ഉണ്ടാക്കുവാനുള്ള കോൺട്രാക്റ്റ് കൊടുത്തു. അവിടുത്തെ കൃഷിക്കാരെത്തന്നെ കൂടുതലായി അണക്കെട്ടിൽ പണിയെടുക്കാൻ നിയോഗിച്ചാൽ ഭൃഗുവംശാശ്രമത്തിന്റെ വരവ് ഇനിയും വർദ്ധിക്കും.

പൃഥു—വരവ്! .. ഈ ആശ്രമങ്ങൾക്ക് തങ്ങളുടെ വരവിനെപ്പററി മാത്രമേ വിചാരമുള്ളു!–ഇനി അണക്കെട്ട് കൃത്യസമയത്തു പൂർത്തിയാകാതിരുന്നാലോ? വേണ്ട അർച്ചീ, നീ അവക്കുവേണ്ടി വക്കാലത്തുപറയാതിരിക്കു .. കവഷന്റേയും ഉർവ്വിയുടേയും ബുദ്ധിസാമർത്ഥ്യത്തിൽ എനിക്കു വിശ്വാസമുണ്ട്. പക്ഷേ ഉടൻ അവരുടെ അടുത്തു പണിക്കാർ എത്തിയേ മതിയാവൂ.

അർച്ചന—അങ്ങ് സ്വയം പോകുമോ?

പൃഥു—തീർച്ചയായും! .... വരൂ നീയും വരൂ. കുറെ നാളായല്ലോ നിന്റെ സഖിയേ കണ്ടിട്ട്. (പുറപ്പെടാൻ ഭാവിക്കുന്നു.)

അർച്ചന—സഖി!

പൃഥു—(എന്തോ ആലോചിച്ചുകൊണ്ട് മടങ്ങുന്നു.) എന്താ അർച്ചീ കാര്യം എന്താ?–നീ ഉദാസീനയാണെന്നുമാത്രമല്ല, ആകെ മാറിയ മട്ടും കാണുന്നല്ലോ.

അർച്ചന—അങ്ങ് മാറിയിട്ടില്ലേ?

പൃഥു—ഒട്ടും ഇല്ല ... (പിന്നെ കാര്യം മനസ്സിലാക്കിയ മട്ടിൽ ചിരിച്ചുകൊണ്ട്) ഓ! നീ ആഗ്രഹിക്കുന്നതു് കൈകൾ കൈകളോടുചേരട്ടെ എന്നാണ് പുഷ്പലതയും വൃക്ഷവും! മടയീ .. (കവിളിൽ പതുക്കെ സ്നേഹപൂർവ്വം അടിക്കുന്നു) പക്ഷേ ഈ യാഗം? നൂറാമത്തെ യാഗം?

അർച്ചന—അതിൽ ഹോമം നടത്തുന്നതു് ഉർവ്വിയും!

പൃഥു—വന്നുനോക്കൂ. ഉർവ്വിയും കവഷനും എന്തൊക്കെചെയ്യുന്നു്. ഈ വിശാലമായ ഉയർന്ന അണക്കെട്ട്! ഇതു പൂർത്തിയാവുമ്പോൾ വെള്ളപ്പൊക്കത്താൽ കുതിച്ചുചാടുന്ന ദൃഷദ്വതിയിലെ വെള്ളം നിയന്ത്രിക്കപ്പെട്ടാൽ അതു പതുക്കെപ്പതുക്കെ സരസ്വതിയുടെ തോട്ടിൽവന്നുചേരും(പെട്ടെന്നു ഞെട്ടിയിട്ട്) അല്ല, ഞാൻ അതുമിതുംപറഞ്ഞു് എന്തു സമയം പാഴാക്കി .. ശുക്രാചാര്യരെക്കൊണ്ട് വേഗം മുന്നൂറ് പണിക്കാരെ ഏർപ്പാടുചെയ്യണം.

(പോകുന്നു)

അർച്ചന—ഒരിക്കൽ എന്റെ കൈകൾക്കു നിയന്ത്രണശക്തി ഉണ്ടായിരുന്നു. ഇന്നു് എന്റെ കാലുകൾ എന്തേ ഉയരാത്തതു്?

(അത്രിയും ഗർഗ്ഗനും പ്രവേശിക്കുന്നു.)

ഗർഗ്ഗൻ—നീ പറഞ്ഞോ ?

അർച്ചന—ഉവ്വ്.... അദ്ദേഹം ശുക്രാചാര്യരോട് പറയാൻ പോയിരിക്കുകയാണ്.

അത്രി—എന്ത്? ... ഭൃഗുവംശാശ്രമത്തിൽനിന്നും മുന്നൂറ് പണിക്കാർ പോകുമെന്നോ?

അർച്ചന—അതു പറയാനാണ് പോയിരിക്കുന്നത്. അണക്കെട്ടിന്റെ പണി വേഗം പൂർത്തിയാക്കണം.

അത്രി—ഭയങ്കര അനീതിയാണ്. സാധനങ്ങൾ ഉണ്ടാക്കുവാനുള്ള കോൺട്രാക്ട് കിട്ടിയതും ഭൃഗുവംശാശ്രമത്തിനാണ്. എന്നിട്ട് കൂടുതൽ പണിക്കാരെ അയച്ച് അവരുടെതന്നെ വരവും വർദ്ധിപ്പിക്കുകയോ?

ഗർഗ്ഗൻ—അർച്ചീ, നീ പറഞ്ഞു മനസ്സിലാക്കിയില്ലേ!

അർച്ചന—അച്ഛാ, എനിക്കു ഈ വഴക്കിൽ ഇടപെടാൻ കഴിയില്ല. നിങ്ങൾ ഇതുവരെ പണിക്കാരെ അയച്ചില്ലല്ലൊ എന്നോർത്ത് ആര്യപുത്രൻ വളരെ പ്രയാസത്തിലാണ്. അണക്കെട്ട് പൂർത്തിയായില്ലെങ്കിൽ നൂറാമത്തെ യാഗം പൂർത്തിയാവില്ല.

(പോകുന്നു)

അത്രി—ഭൃഗുവംശക്കാരുടെ കുടിലതയ്ക്കും ഒരതിർത്തിവേണം.

ഗർഗ്ഗൻ—നമുക്കു വേണമെങ്കിൽ ഇരുന്നൂറുപേരെ ഉടൻ അയയ്ക്കാമായിരുന്നു.

അത്രി—വേണ്ട, അതിന്റെ ആവശ്യമില്ല.....എന്നുതന്നെയല്ല ഇപ്പോൾ പണിയെടുക്കുന്ന നമ്മുടെ പണിക്കാരെക്കൂടി തിരിച്ചുവിളിക്കാം.

(ശുക്രാചാര്യൻ പ്രവേശിക്കുന്നു)

ശുക്ര—തീർച്ചയായും വിളിക്കണം.

ഗർഗ്ഗൻ—ശുക്രാചാര്യാ, രാജാവ് നിങ്ങളുടെ അടുക്കൽനിന്നും മുന്നൂറുപണിക്കാരെ വിളിക്കാൻ പോയിരിക്കുകയാണെന്നു കേട്ടല്ലോ.

ശുക്ര—അതുകൊണ്ടുതന്നെയാണ് ഞാൻ ഇങ്ങോട്ടു പോന്നത്.

അത്രി—ഭൃഗുവംശക്കാരുടെ സൂത്രം രാജാവ് എങ്ങനെ മനസ്സിലാക്കും? പക്ഷേ ഞങ്ങൾ അതു മനസ്സിലാക്കുന്നു, ശുക്രരേ, മുന്നൂറു ജോലിക്കാരെ കൂടി അങ്ങോട്ടയച്ചിട്ട് അങ്ങ് ഞങ്ങളുടെ ആശ്രമത്തിലെ കൂലിക്കാരുടെ നിരക്കു കുറയ്ക്കാമെന്നു കരുതുന്നു.

ശുക്ര—അതിൽ തെറ്റെന്താ? ആ ധാന്യമൊക്കെ പണിക്കാരുടെ അടുത്തെത്തുന്നില്ല.....അത്രി, അങ്ങയുടെ ആശ്രമത്തിലെ ഭണ്ഡാരത്തിൽ ഒട്ടും സ്ഥലം ബാക്കിയില്ല എന്നു കേൾക്കുന്നല്ലൊ.

അത്രി—ശുക്രാചാര്യരെ, എത്ര കുട്ടകളും കുന്താലികളും നിങ്ങൾ എത്തിച്ചു? മുൻകൂർ തുക വാങ്ങിയതിന്റെ പകുതിപോലും അയച്ചില്ല എന്നു കേ

ട്ടല്ലോ. ഇത്രയധികം ധനം ഒതുക്കാനുള്ള ശക്തി ഭൃഗുവംശക്കാർക്കു മാത്രമേയുള്ളു, ആചാര്യാ!

ഗർഗ്ഗൻ—വരട്ടെ, വരട്ടെ, ശുക്രാചാര്യാ, അത്രിമുനീ........ഈ വഴക്കു പരിഹരിക്കാൻ വയ്യാത്തതാണോ?

അത്രി—ഇന്നെല്ലാം തെളിച്ചുതന്നെ പറയട്ടെ........നമുക്കു് ഒന്നും പൊട്ടിത്തെറിക്കുമെന്നു പേടിയില്ല. നമ്മുടെ ആത്രേയാശ്രമം ജനങ്ങളുടെ നന്മയ്ക്കു വേണ്ടിയാണു്, ജനങ്ങളുടെ ശക്തിയിലാണു് അതുറച്ചുനിൽക്കുന്നതു്.

ശുക്ര—ഹും!........എത്ര ജനങ്ങളെ അങ്ങു വിലയ്ക്കു വാങ്ങി?

അത്രി—ജനങ്ങളെ വിലയ്ക്കുവാങ്ങേണ്ട ആവശ്യം എനിക്കില്ല. എന്റെ വാക്കിലെ തീപ്പൊരിക്കു് വിശാലമായ ജനസമുദായത്തെ ആളിക്കത്തിക്കാനുള്ള ശക്തിയുണ്ടു്.

ശുക്ര—അങ്ങു് വാഗ്‌വീരനാണെന്നും നാക്കിന്റെ മൂർച്ചയാണു് അങ്ങയുടെ ഏററവും വലിയ ആയുധമെന്നും എനിക്കറിയാം. പക്ഷേ അല്പയോ വാഗ്വീരാ! ആ പരിശ്രമശാലിയുടെ മുമ്പിൽ നിങ്ങളുടെ സൂത്രം നടക്കുമോ?

ഗർഗ്ഗൻ—ഏതു്?

ശുക്ര—രാജാവു് പൃഥു, അല്ലാതാരാ?

അത്രി—അങ്ങയുടെ ആഗ്രഹം ഞാൻ രാജാവുമായി വെറുതെ ശണ്ഠകൂടണമെന്നാണു്. എന്നിട്ടു് അങ്ങു് സുഖമായി തമാശ കണ്ടിരിക്കുകയും! ഇത്ര വലിയ ബുദ്ധി എനിക്കില്ല.

ശുക്ര—അത്രിമുനീ, എന്റെ തീക്ഷ്ണബുദ്ധി എന്താണെന്നു ശ്രദ്ധിച്ചു കേൾക്കു. പൃഥുവിനെ നാം പരാക്രമിയും വീരശ്രേഷ്ഠനും യോദ്ധാവുമായി അഭിഷേകം ചെയ്തു. പക്ഷേ അദ്ദേഹം പരിശ്രമശാലിയായി മാറിയിരിക്കുന്നു. കുശപ്പുല്ലിന്മേൽ നാം പ്രതിജ്ഞ ചെയ്യിച്ച അന്നത്തെ രാജാവല്ല ഇന്നു് അദ്ദേഹം. മുൻപു് അദ്ദേഹത്തിന്റെ മൂർച്ചയേറിയ അമ്പുകൊണ്ടു് അനേകം ശത്രുക്കൾ മരിച്ചുവീണു. എന്നു മാത്രമല്ല, അദ്ദേഹം നമ്മെ മന്ത്രിസഭയിലെ അംഗങ്ങളാക്കി.

ഗർഗ്ഗൻ—പക്ഷേ നമ്മുടെ ആശ്രമങ്ങളുടെ വരവും വർദ്ധിച്ചു. ധനധാന്യങ്ങൾ നമുക്കു് യഥേഷ്ടം കിട്ടുന്നു. പിന്നെ എന്തു പ്രയാസം?

ശുക്ര—പ്രയാസമോ? ഗർഗ്ഗമുനി, ആത്രേയാശ്രമവും ഭൃഗുആശ്രമവും ഒരു കാര്യം മനസ്സിലാക്കണം. ദൃഷദ്വതിയിലെ ഈ അണക്കെട്ടു് പൂർത്തിയാവുമ്പോൾ—നൂറാമത്തെ യാഗം തീരുമ്പോൾ—പൃഥുരാജാവു് നമ്മെ പാലിലെ ഈച്ചയെപ്പോലെ എടുത്തു ദൂരെ എറിയും. അപ്പോൾ അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ അംഗങ്ങൾ കവഷനും ഉഗ്ഗിയുമായിരിക്കും.

അത്രി—(കാര്യം മനസ്സിലാക്കിക്കൊണ്ട്) ഹും. അങ്ങു പറയുന്നതു്. അദ്ദേഹം നമ്മോടു ചെയ്ത വ്യവസ്ഥകൾ....

ശുക്ര—അതെ. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട രാജാവാകുമ്പോൾ ആ വ്യവസ്ഥകൾക്കു് അന്നു് അദ്ദേഹത്തിൻെറ കണ്ണിൽ എന്തു വിലയുണ്ടാകും?

ഗർഗ്ഗൻ—ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട– ?

അത്രി—പക്ഷേ ഇപ്പോൾ നാം രാജാവിനെതിരായി എന്തു് അടിസ്ഥാനത്തിൽ ശബ്ദം ഉയർത്തും?

ശുക്ര—ശബ്ദം ഉയർത്താനുള്ള അവസരം പിന്നീടുണ്ടാകും. അന്നു് നിങ്ങളുടെ ഓജസ്സുള്ള പ്രഭാഷണങ്ങൾ ആവശ്യമായി വരും ആചാര്യ അത്രി. പക്ഷേ തൽക്കാലം ഒരു കാര്യം ഉടൻ തീരുമാനിക്കാനുണ്ടു്.

അത്രി—പറയൂ.

ശുക്ര—നമ്മൾ രണ്ടു കൂട്ടരുടേയും പണിക്കാർ അണക്കെട്ടിൻെറ പണിയിൽ താമസം വരുത്തണം.

ഗർഗ്ഗൻ—പക്ഷേ........പക്ഷേ അണക്കെട്ടു് ഉണ്ടായില്ലെങ്കിൽ ദൃഷദ്വതി സരസ്വതിയിൽ നിന്നകന്നു് എന്നെന്നേക്കുമായി യമുനയിലേക്കു തിരിയും.

ശുക്ര—അങ്ങനെ സംഭവിക്കാം.

ഗർഗ്ഗൻ—അതിൻെറ അർത്ഥം ഇത്രയും പരിശ്രമിച്ച് സരസ്വതിയിൽ വെള്ളം ഉണ്ടാക്കാനായി കുഴിച്ച തോടു് വററിക്കിടക്കും.

ശുക്ര—വററിക്കിടക്കട്ടെ! ആചാര്യ ഗർഗ്ഗേ!........കാര്യം വ്യക്തമാണു്. നിങ്ങൾ രണ്ടിലൊന്നു സ്വീകരിക്കൂ. സ്വന്തം കുടുംബം, മകൾ അർച്ചന, ആശ്രമത്തിൻെറ ഭാവി ഇവയോ അതോ സരസ്വതിയിലെ വെള്ളംകൊണ്ടു് കൊച്ചു കൊച്ചു് കൃഷിക്കാർക്കും നിഷാദന്മാർക്കും ശേഷിച്ച ശത്രുക്കൾക്കും ഉണ്ടാകുന്ന പ്രയോജനമോ?

ഗർഗ്ഗൻ—(തറപ്പിച്ചുകൊണ്ടു്) രണ്ടും സാധിച്ചാലോ?

അത്രി—പററില്ല ഗർഗ്ഗേ... ശുക്രാചാര്യൻ പറയുന്നതു ശരിയാണു്. സരസ്വതി വററിയേ മതിയാവൂ. അതു് ഒരു നദിയല്ല വെറും കുഴിയാണു്. നമ്മൾ ഋഷിമുനിമാരുടെ ആശ്രമങ്ങൾകൊണ്ടാണു് അതിനു ഇത്രയും സ്ഥാനം കിട്ടിയതു്.......

ശുക്ര—പക്ഷേ ഇപ്പോൾ ...നമ്മുടെ ആശ്രമങ്ങളുടെ ഭാവി സരസ്വതിയുടെ തീരത്തല്ല, കിഴക്കോട്ടു പരന്നുകിടക്കുന്ന മൈതാനത്താണു്. നമ്മുടെ യാഗങ്ങളുടെയും മന്ത്രങ്ങളുടേയും അഗ്നി അവിടെ ജ്വലിക്കും. പൃഥുവിനു് രാജാവായി ഇരിക്കണമെന്നുണ്ടെങ്കിൽ വൈശ്വാനര അഗ്നിയുടെ മുമ്പിൽ

സൈന്യത്തെ ഒരുക്കി സ്വന്തം പരാക്രമത്തിന്റെ പതാക ഉയർത്തി നടക്കേണ്ടിവരും!

ഗർഗ്ഗൻ—എങ്കിൽപ്പിന്നെ?

ശുക്ര—വരൂ. പതുക്കെ, അണക്കെട്ടിന്റെ ജോലി സാവധാനത്തിലാക്കൂ. പുതിയ പണിക്കാരുടെ ഇടയ്ക്കും വിടവുണ്ടാക്കൂ.

അത്രി—ശരി.......

(പോകാൻ തുടങ്ങുന്നു, അപ്പോൾ മുമ്പിൽക്കൂടി രാജാവ് പ്രവേശിക്കുന്നു. അദ്ദേഹം കുന്താലി തോളോട് ചേർത്തു വച്ചിരിക്കുന്നു. അദ്ദേഹത്തിൽ ഉത്സാഹവും കർമ്മശക്തിയും കാണാം.)

പൃഥു—അർച്ചനേ, എന്റെ കുതിരയെ ഒരുക്കൂ..... എന്റെ........ (മുനിമാരെ കണ്ടിട്ട്) അല്ല, ആചാര്യന്മാരെ, നിങ്ങൾ ഇപ്പോൾ ഇവിടെ?

ഗർഗ്ഗൻ—രാജൻ, അങ്ങയുടെ തോളിൽ....

പൃഥു—അതെ. എന്റെ തോളിൽ വില്ലല്ല. കുന്താലിയാണ്. ഇപ്പോൾ ഇതാണ് എന്റെ രാജചിഹ്നം, കാരണം എന്റെ അനേകം പ്രജകൾ എന്നെ ഈ രൂപത്തിൽ സ്വീകരിച്ചിരിക്കുകയാണ്.

അത്രി—ഏതു പ്രജ?

പൃഥു—അങ്ങയുടെ ആശ്രമത്തിനുചുററുമുള്ള കൃഷിക്കാരും കൂലിക്കാരുമാണ്, അത്രിമുനീ! ശുക്രാചാര്യരേ, അങ്ങയുടേതും. നിങ്ങൾ രണ്ടും വെറുതെ ചിന്തിച്ചു വിഷമിച്ചു. അവർ മുഴുവൻ അണക്കെട്ടിന്റെ പണി വേഗം പൂർത്തിയാക്കാൻ തയ്യാറായിരിക്കുന്നു. ഞാൻ കുന്താലിയെടുക്കാത്ത താമസം അഞ്ഞൂറുകരങ്ങൾ കുന്താലി ഏന്തി. ഞാൻ മണ്ണു ചുമക്കാനായി കുട്ട എടുക്കാത്ത താമസം അഞ്ഞൂറുപേരുടെ തലയിൽ കുട്ടകൾ കിരീടംപോലെ ശോഭിച്ചു.....

ശുക്ര—(പരിക്ഷീണനായി) അഞ്ഞൂറു കൂലിക്കാരോ!

പൃഥു—വേറെ അഞ്ഞൂറുപേർ കൂടി തയ്യാറുണ്ട്....അവർ അണയിലേക്കു പോയിക്കഴിഞ്ഞു. നാം ചെന്നാലുടൻ പണിതുടങ്ങി നിമിഷനേരം കൊണ്ട് പണി പൂർത്തിയാക്കും...പിന്നെ നാം തിരിച്ചുവരുന്നതു് സരസ്വതിയിലെ വെള്ളത്തോടൊപ്പമാവും. (കുതിരക്കുളമ്പടി ശബ്ദം.) ഇതാ എന്റെ കുതിര എത്തിക്കഴിഞ്ഞു... അർച്ചനേ! ...അർച്ചനേ!! (സൂതമാഗധന്മാർ പ്രവേശിക്കുന്നു) ആരു്?...

ഗർഗ്ഗൻ—സൂതമാഗധന്മാരോ?

പൃഥു—നിങ്ങൾ രണ്ടും അണവിട്ടിട്ട് എങ്ങനെ എത്തി സൂതമാഗധന്മാരേ?

സൂതൻ ഞങ്ങരം കതിരപ്പുറത്തു കയറിയാണു് വന്നതു്. കാരണം..... കാരണം അങ്ങയെ വേഗം വിവരം അറിയിക്കാൻ !

പൃഥു—എന്തു വിവരം ?

മാഗ —അണക്കെട്ടു തകർന്നുപോയി മഹാരാജാവേ !

പൃഥു—(ഇടിവെട്ടേററതുപോലെ) എന്തു്?

ഗർഗ്ഗൻ—മാഗധാ, എന്താ ഈ പറയുന്നതു്?

മാഗധൻ—ഹിമാലയത്തിൽ ഭയങ്കര മഴയുണ്ടായതുകാരണം ദൃഷദ്വതിയിലും യമുനയിലും ഭയങ്കര വെള്ളപ്പൊക്കമുണ്ടായി. അണക്കെട്ടിൻെറ ഒരു ഭാഗത്തു് മാത്രമേ മണ്ണു് ബാക്കിയിടാനുണ്ടായിരുന്നുള്ളു. നൂറുപേർ കൂടി ഉണ്ടായിരുന്നെങ്കിൽ അണ പൂർത്തിയായേനെ, ഇങ്ങനെ തകരില്ലായിരുന്നു.

പൃഥു—അണ ...പൊട്ടിപ്പോയി !

സൂതൻ—ദൃഷദ്വതി യമുനയിലേക്കു തിരിഞ്ഞു....തോടു് വരണ്ടുപോയി.

പൃഥു—തോടു് വരണ്ടു് ....പോയോ!!

സൂതൻ—വെറും നൂറുപേർ കൂടി ഉണ്ടായിരുന്നെങ്കിൽ....

പൃഥു—(വെളിച്ചം തിരിച്ചുകിട്ടുന്നു.) നൂറല്ല അഞ്ഞൂറുപേർ പോവുകയാണു്, കൂടെ ഞാനും. ഉർവ്വിയുടേയും കവഷൻേറയും നിർദ്ദേശാനുസരണം പണി വീണ്ടും തുടങ്ങും....തോന്നിവാസിയായ നദീ, നിനക്കു ഒന്നുകൂടി സരസ്വതിയുടെ അടുക്കലേക്കു തിരിയേണ്ടിവരും.

മാഗ—ഒരു നിർദ്ദേശവും കൊടുക്കാൻ പററില്ല, മഹാരാജാവേ.

ഗർഗ്ഗൻ—അതിൻെറ അർത്ഥം ?

മാഗ – ഉർവ്വി ഒരു മണൽത്തിട്ടയിൽ നിന്നു് പണിക്കാരെ സഹായിക്കാനായി വടം ഇട്ടുകൊടുക്കുകയായിരുന്നു. ശക്തിയേറിയ ഓളങ്ങളിൽപെട്ടു് തിട്ട ഒഴുകിപ്പോയി.

സൂതൻ—ഉർവ്വി മുങ്ങുവാൻ തുടങ്ങി. ഞൊടിയിടയിൽ ഒരു വലിയ മത്സ്യത്തെപോലെ കവഷൻ എടുത്തുചാടി–അവളെ രക്ഷിക്കാനായി. ഞങ്ങൾക്കു ശ്വാസം തിരിച്ചു കിട്ടി.

മാഗ - പക്ഷേ എത്രനേരത്തേക്കു്?....മറെറാരു മണൽത്തിട്ട കവഷൻെറ ദേഹത്തു് മുകളിൽനിന്നും പതിച്ചു....മഹാരാജൻ! രണ്ടുപേരും അപ്രത്യക്ഷരായി.

പൃഥു—ഉർവ്വി......ഒപ്പം...കവഷനും! (നിശ്ചലനായിക്കൊണ്ടു്) രണ്ടുപേരും....രണ്ടുപേരും.

(കുന്താലി കൈയിൽനിന്നു താഴെ വീഴുന്നു. അർച്ചന പ്രവേശിക്കുന്നു)

അർച്ചന —ആര്യപുത്രാ! (അല്പനേരത്തേക്കു മൗനം. മുനിമാർ പരസ്പരം നോക്കുന്നു.)

ശുക്ര—(ഉറച്ച സ്വരത്തിൽ, നിർത്തിനിർത്തി) ദേവി, മഹാരാജാവിനെ സാന്ത്വനപ്പെടുത്തരുത്.... അദ്ദേഹത്തിനു ശസ്ത്രം കൊടുക്കു—അമ്പും വില്ലും വാളും.

അത്രി—കിഴക്കുഭാഗത്തു് ശത്രുക്കൾ തലയുയർത്തുന്നു. രാജാവേ, അങ്ങയുടെ പരാക്രമം വീണ്ടും കാട്ടേണ്ടിവന്നിരിക്കുന്നു. വൈശ്വാനര അഗ്നിക്കു് മുമ്പേ നടക്കൂ. ചക്രവർത്തിയുടെ മാർഗ്ഗത്തിൽ വനങ്ങളേയും ശത്രുക്കളേയും സംഹരിച്ചുകൊണ്ടു്.. പരാക്രമിയായ പൃഥു!

ശുക്ര—(അല്പം മൗനത്തിനുശേഷം) ആചാര്യന്മാരേ വരൂ നമുക്കു പുറത്തു പോകാം. സൂതമാഗധന്മാരേ വരൂ.

(പൃഥുവും അർച്ചനയും ഒഴിച്ചു് മററുള്ളവർ പോകുന്നു. അൽപ്പനേരത്തെ മൗനം. ഇരുട്ടിനുള്ളിൽ പൃഥുവിൻേറയും അർച്ചനയുടേയും മേൽ പ്രകാശം തങ്ങിനിൽക്കുന്നു. അർച്ചന പൃഥുവിൻെറ തോളിൽ ആദ്യം ആവനാഴിയും പിന്നെ വില്ലും തൂക്കിയിടുന്നു. പൃഥു ക്ഷണനേരത്തേക്കു് അവളെ നോക്കുന്നു. പിന്നീടു് പുറംതിരിഞ്ഞു് അൽപ്പം നടക്കുന്നു. അദ്ദേഹത്തിൻെറ 'പ്രൊഫൈൽ' കാണാം.)

പൃഥു—അർച്ചനേ, കുറച്ചുനേരത്തേക്കു് എന്നെ തനിച്ചുവിടാമോ?

അർച്ചന—ആര്യപുത്രാ, എത്രനേരത്തേക്കു വേണമെങ്കിലും. (തിരിച്ചു പോകുന്നു. അൽപ്പനേരത്തെ മൗനം)

പൃഥു—(വില്ലിൽ കൈ ഓടിച്ചുകൊണ്ടു്) അതെ ശരിതന്നെയാണു് — ഞാൻ ആദ്യരാജാവു് പൃഥു. ആര്യന്മാരുടെ ആദ്യത്തെ രാജാവു്. എൻെറ ഈ രൂപമാവും നൂററാണ്ടുകൾക്കുശേഷം ഓർക്കപ്പെടുക. അമ്പും വില്ലും കൊണ്ടലങ്കരിച്ച ശരീരം! വാളിൻെറ പ്രകാശത്താൽ ശോഭിക്കുന്ന മുഖം, ശത്രുക്കളെ ദഹിപ്പിക്കുന്ന ഭയങ്കരശബ്ദത്തിൻെറ ഉടമസ്ഥൻ, പരാക്രമിയായ ജേതാവു്, ശത്രുനാശകൻ, പ്രജാനായകൻ, മുനിരക്ഷകൻ—പൃഥു!! പൃഥു അവതാരമായിരുന്നെന്നു് ആളുകൾ പറയും ...... അവതാരം....പക്ഷേ ഈ മുഖാവരണത്തിനടിയിൽ പരിശ്രമത്തിൻെറ വിയർപ്പുതുള്ളികൾകൊണ്ടലംകൃതമായ മുഖം ആരു കാണും? ഈ കൈകളിലെ കുന്താലിത്തഴമ്പു് ആർക്കു മനസ്സിലാകും. ഭൂമിയെ സമതലമാക്കി അതിനെ കറന്നെടുത്ത കൈകൾ ഏതാണെന്നു് ആരു് ഓർക്കും? പൃഥ്വീ!......പൃഥുവിൻെറ പൃഥ്വീ.....ഈ വാക്കുകൾ ആരു് മനസ്സിലാക്കും? (കുന്നിനു മുകളിൽ കയറുന്നു. മുകളിലേക്കു് ദൃഷ്ടി പായിക്കുന്നു)....അമംഗളങ്ങളുടെ ദൈവമേ, യാഗപുരുഷനെന്നും ജഗത്‌വിധാതാവു് എന്നും പറയപ്പെടുന്ന അല്ലയോ പരബ്രഹ്മമേ, എനിക്കറിയാം ഈ ശക്തി നിൻേറതല്ല എൻേറതാണെന്നു്. എന്നിട്ടും ഞാൻ നിൻെറ മുമ്പിൽ യാചിക്കു

ന്നു. ആയിരക്കണക്കിനു ശാഖോപശാഖകൾ ഏതോ ആകാശവൃത്തത്തിൽ പരന്നുകിടക്കുന്നു. എന്റെ കണ്ണുകൾ അന്തരീക്ഷത്തിലെ അനന്തപുഷ്പഫലങ്ങൾ വഹിക്കുന്ന ആ വൃക്ഷത്തിൽ നിന്നും മാററൂ. പൃഥ്വിയിൽ പരന്നുകിടക്കുന്ന കരിയിലകളിൽ ഞാൻ ഒന്നന്വേഷിക്കട്ടെ, എന്റെ സഹചാരി ആയിരുന്ന, എന്റെ പ്രാണനായിരുന്ന, എന്റെ അമ്മയെ......ഉർവ്വിയെ......അമ്മേ, അമ്മേ (തൊണ്ടയിടറുന്നു) അമ്മേ!

(ഇരുട്ട്. പ്രകാശം നടിയിലും സൂത്രധാരനിലും പതിയുന്നു)

നടി—(ദീർഘശ്വാസം വിട്ടുകൊണ്ട്) യുഗങ്ങളുടെ മുററങ്ങളിൽ ഈ ശബ്ദത്തിന്റെ പ്രതിധ്വനി മുഴങ്ങി കേൾക്കട്ടെ, സൂത്രധാരാ.

സൂത്രധാരൻ—(അൽപം മൗനത്തിനുശേഷം) നടീ, എനിക്ക് എന്റെ വന്ദനം പൂർത്തിയാക്കണം. അർത്ഥവേദത്തിലെ ആ സൂത്രം ഓർമ്മയുണ്ടോ?

നടി—പൃഥ്വീ സൂക്തമോ?

സൂത്രധാരൻ—ഒന്നു കേൾപ്പിക്കൂ. (നടി പാടുന്നു, അതിനനുസരിച്ച് സൂത്രധാരൻ അർത്ഥം പറയുന്നു)

നടി—

വിശ്വംഭരാ വസുധനി പ്രതിഷ്ഠാ ഹിരണ്യവക്ഷാ ജഗതോ നിവേശിനി!
വൈശ്വാനരം വിഭ്രതി ഭൂമിരഗ്നിം ഇന്ദ്രഋഷഭാ ദ്രവിണേ നോ ദധാതു!

സൂത്രധാരൻ—ലോകത്തെ ഭരിക്കുന്നവളേ, രത്നഖനീ, സ്വർണ്ണം കൊണ്ടു നിറഞ്ഞ മാതൃഭൂമീ, നീ ലോകത്തിന്റെ അടിസ്ഥാനമാണ്. ഞങ്ങളുടെ രത്നങ്ങളെ അനുകൂല മനസ്സോടെ കരന്നെടുക്കൂ.

നടി—

യത്തേമധ്യം പൃഥിവീ യച്ചനഭ്യം യാസ്ത ഊർജ്ജസ്തന്വ: സംബഭൂവു:
താസു നോ ധേഹ്യഭിന: പവസ്വ മാതാഭൂമി: പുത്രോ അഹം പൃഥിവ്യ!!

സൂത്രധാരൻ—പൃഥ്വിയുടെ കേന്ദ്രത്തിൽ നിന്നു പുറപ്പെടുന്ന ബലവും ശക്തിയും പോലെ ചേതനയുടെ പ്രാണവായുവിൽ നിന്നു് ഞാനും സ്ഫുരിക്കട്ടെ. പൃഥ്വിയുടെ ആകാശത്തിൽ വിചാര മേഘങ്ങൾ അലയുന്നു. ഞാനും അവയുടെ വെള്ളത്തിൽ നനയട്ടെ. ഭൂമി മാതാവാണ്. ഞാൻ ഈ ഭൂമിയുടെ മകനും.

(ഇരുട്ട്)

# പശ്ചാത്തലം

## പ്രശ്നങ്ങൾ

ഹിന്ദി നാടകകൃത്തുക്കളുടെ ശ്രദ്ധ വളരെ കുറച്ചുമാത്രം പതിഞ്ഞിട്ടുള്ള ചില പ്രശ്നങ്ങൾ ഈയിടെ എൻെറ ബുദ്ധിയിൽ ഉയരാറുണ്ട്.

പ്രവൃത്തിയിൽ (ആക്ഷൻ) മനുഷ്യൻ ഫലമല്ലാതെ സമാധാനം അന്വേഷിക്കുന്ന സന്ദർഭം ഒരു ഉദാഹരണമാണ്. പുരുഷാർത്ഥം ഒരു പ്രകാരത്തിൽ യാഥാർത്ഥ്യത്തിൽ നിന്നു ഒഴിഞ്ഞു മാറാനുള്ള ഒരു ആശ്രയമാണോ (എസ്കേപ്പിസം)? സ്വന്തം ഭാവനയുടെ ഉയർച്ചയും അന്ത:കരണത്തിൻെറ വിവേകവും കർമ്മനിരതനായ മനുഷ്യൻെറ പുരോഗതി തടയാറുണ്ടോ?

അഥവാ മനുഷ്യനും പ്രാകൃതികവസ്തുക്കളും തമ്മിലുള്ള പരസ്പരബന്ധം? പ്രകൃതിയുടെ വിരാടവും രഹസ്യപൂർണ്ണവുമായ കാര്യങ്ങൾ ദേവന്മാരുടെ രൂപത്തിൽ സങ്കൽപിച്ചപ്പോൾ മനുഷ്യൻ കാവ്യവും നാടകവും രചിച്ചു. പക്ഷേ പ്രകൃതിയുടെ കോടാനുകോടി സമ്പത്തുക്കളെ തൻെറ ഉപയോഗത്തിനായി കണ്ടെത്താനും അവയെ നന്നായി ഉപയോഗിക്കാനും മനുഷ്യനു കഴിയുന്നു. ആ മനുഷ്യൻെറ സംഘർഷങ്ങളിലും പ്രശ്നങ്ങളിലും വ്യാപിച്ചു കിടക്കുന്ന 'ഡ്രാമ' ഉപേക്ഷിക്കുന്നതു ശരിയാണോ?

അഥവാ ഏതെങ്കിലും സമുദായത്തിൻെറ വികാസത്തിൽ വർണ്ണസങ്കരതക്കുള്ള സ്ഥാനം സങ്കരബീജങ്ങളിൽനിന്നും ഉണ്ടാകുന്ന ഉയർന്ന വിളവിനു തുല്യമാണ്. രക്തത്തിൽ കലർപ്പു ചേർക്കുന്നതിനെതിരായി മനുഷ്യൻ രക്തച്ചൊരിച്ചിലുകൾ നടത്തിയതു് എന്തു വിഡ്ഢിത്തമാണ്? ഭാരതത്തിൻെറ ചരിത്രത്തിൽ ആര്യന്മാരും അനാര്യന്മാരും ഒന്നിച്ചുചേർന്ന പ്രക്രിയയും ഇതുപോലുള്ള കുഴപ്പങ്ങളിൽ കൂടി കടന്നുപോയിട്ടില്ലേ?

അഥവാ സമുദായവും രാജസത്തയും തമ്മിലുള്ള ബന്ധങ്ങളുടെ അടിസ്ഥാനം? രാജാവിൽ ഈശ്വരീയ തേജസ്സിൻെറ അംശം കാർണം ഈ ബന്ധങ്ങൾ ഉണ്ടായതാണോ അതോ സമുദായത്തോടൊപ്പം അതിൻെറ പരസ്പരനന്മക്കുവേണ്ടി ഉണ്ടായ ഒത്തുതീർപ്പാണോ?

അഥവാ മഹത്തായ അഭിലാഷമുള്ള പുരുഷന് കർമ്മത്തിൻെറ ഉത്സാഹവും കാമത്തിൻെറ (സെക്സ്) ശക്തിയായ ആകർഷണവും കൊണ്ടുള്ള സ്വാഭാവികമായ സഹവർത്തിത്വം? ഫ്രോയിഡും മററു മനശ്ശാസ്ത്രജ്ഞന്മാരും 'ലിബിഡോ'യിൽ കാമവാസനയുടെയും മനശ്ശക്തിയുടെയും സാമംജസ്വം കണ്ടെത്തിയതു് സംസ്കൃതനാടകങ്ങളിലെ നായകന്മാരിൽ കാണാനില്ലേ? ശൃംഗാരത്തിൽ

മുങ്ങിക്കുളിക്കുമ്പോഴും അനായാസമായി വീരരസം കൊണ്ടു് അഭിഷേകം ചെയ്യാൻ അവർക്കു കഴിഞ്ഞിട്ടില്ലേ?

ഈ പ്രശ്നങ്ങളെ രംഗത്തവതരിപ്പിക്കാൻ പ്രതീകങ്ങളുടെ മാധ്യമം എനിക്കു അധികം സമൃദ്ധമായിത്തോന്നി. ഒരു പൗരാണിക കഥയിൽ അങ്ങനെയുള്ള പ്രതീകങ്ങളും ഞാൻ കണ്ടെത്തി. മഹാഭാരതത്തിലും പുരാണങ്ങളിലും ആ കഥ ഇപ്രകാരമാണു്.

## ആധാരകഥ

വളരെ പ്രാചീനകാലത്തു് രാജാവില്ലായിരുന്നു. ആര്യന്മാർ ഭാരതത്തിലെത്തിയിട്ടു് അധികം നാളായില്ല. ഹാരപ്പാസംസ്കാരത്തിലെ പുരാതന നിവാസികളുമായി അവർ ശണ്ഠം കൂടിക്കൊണ്ടിരുന്ന സമയം. ദേവന്മാരുടെ അപേക്ഷയനുസരിച്ചു് ഭഗവാൻ വിഷ്ണു തന്റെ തേജസ്സുകൊണ്ടു് വിർജാ എന്ന പേരിൽ ഒരു മാനസപുത്രനെ സൃഷ്ടിച്ചു. അദ്ദേഹം മനുഷ്യസമുദായത്തിൽ സർവ്വശ്രേഷ്ഠസ്ഥാനം കൈവരിച്ചു. അദ്ദേഹത്തിനു ശേഷം ബ്രഹ്മാവർത്തത്തിൽ (ഹരിയാനയിലേയും പഞ്ചാബിലേയും സരസ്വതി പ്രദേശം) നാലോ അഞ്ചോ രാജാക്കന്മാർകൂടി ഉണ്ടായി. പക്ഷേ എല്ലാവരും സന്യാസിമാരായതേയുള്ളൂ. ആരും രാജപദം ഏറെറടുത്തില്ല.

നാലാമത്തെ (അഥവാ അഞ്ചാമത്തെ—സംഖ്യയുടെ കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടു്) ആളിന്റെ പേർ അംഗൻ എന്നായിരുന്നു. അംഗന്റെ ഭാര്യയുടെ പേർ സുനീഥാ എന്നായിരുന്നു. അവളെ 'മൃത്യു'വിന്റെ മകരം എന്നു വിളിച്ചുവന്നു. അവർ രണ്ടുപേരുടേയും മകനാണു് 'വേൻ'. വേൻ കുട്ടിക്കാലംമുതലെ അഹങ്കാരിയും ദുർവിനീതനും ആയിരുന്നു. അവന്റെ പെരുമാററം സഹിക്കവയ്യാതെ അംഗൻ ഒരു ദിവസം രാത്രി സർവ്വവും ഉപേക്ഷിച്ചു് വനത്തിലേക്കു പോയി.

ബ്രഹ്മാവർത്തത്തിൽ കൊള്ളക്കാരെ(ഹാരപ്പ സംസ്കാരത്തിലെ പഴയ താമസക്കാർ) ഭയന്നു് അത്രി, ഭൃഗു, ശുക്രാചാര്യർ, ഗർഗ്ഗൻ, വാൽഖില്യൻ തുടങ്ങിയ മുനിമാർ സുനീഥയുടെ അഭിപ്രായമനുസരിച്ചു് വേനിനെ രാജാവായി വാഴിച്ചു. വേൻ വലിയ അത്യാചാരിയായിരുന്നു. അദ്ദേഹം യാഗവും ഹോമവും ഒക്കെ നിർത്തലാക്കി. താൻ തന്നെയാണു് ഈശ്വരൻ എന്നദ്ദേഹം വിളംബരം ചെയ്തു. അദ്ദേഹം ബ്രാഹ്മണർ തുടങ്ങിയ ഉയർന്ന ജാതിയിലെ മുനിമാരുടെ ഉപദേശം തള്ളിക്കളഞ്ഞു. എന്നിട്ടു് വർണ്ണസങ്കരതയെ പ്രോത്സാഹിപ്പിച്ചു.

അപ്പോൾ മുനിമാർ തങ്ങളുടെ മന്ത്രോച്ചാരണം കൊണ്ടും മന്ത്രം ജപിച്ച കുശപ്പുല്ലുകൊണ്ടും വേനിനെ കൊന്നു.

വേനിൻെറ അമ്മ സുനീഥാ ശവത്തെ മന്ത്രങ്ങൾ (ഏതോ ലേപനം കൊണ്ട്) കൊണ്ട് സൂക്ഷിച്ചു വച്ചു. ബ്രഹ്മാവർത്തത്തിൽ വീണ്ടും കൊള്ളക്കാരുടെ ആക്രമണം ഉണ്ടായി. മുനിമാർക്ക് തങ്ങളുടെ ആശ്രമത്തെപ്പററി വീണ്ടും ചിന്തയായി.

ഒടുവിൽ മുനിമാർ വേനിൻെറ ശവമെടുത്തിട്ട് മന്ത്രോച്ചാരണത്തോടെ ആദ്യം വലതു തുട കടഞ്ഞു. അതിൽനിന്നും ഉയരം കുറഞ്ഞ ഒരു മനുഷ്യൻ ഉണ്ടായി. അയാളുടെ രൂപം വികൃതമായിരുന്നു. നിറം കുറഞ്ഞും കണ്ണുകൾ ചുവന്നും മുടി കറുത്തും ഇരുന്നു. മുനിമാർ അയാളോട് പറഞ്ഞു 'നിഷീദ്'' (ഇരിക്കു്), അങ്ങനെ അവൻ നിഷാദനായി. തൻെറ ജന്മത്തോടൊപ്പംതന്നെ അവൻ വേനിൻെറ സർവ്വപാപങ്ങളും സ്വയം ഏറെറടുത്തു. അയാളുടെ വംശക്കാർ പർവ്വതങ്ങളിലും വനങ്ങളിലും താമസിക്കുന്ന നിഷാദന്മാരായിത്തീൎന്നു.

പിന്നീട് മുനിമാർ വേനിൻെറ വലത്തെ കൈ കടഞ്ഞു. അതിൽ നിന്നും ദേവരാജാവ് ഇന്ദ്രനെ പോലെ സുന്ദരനായ ഒരു പുരുഷൻ പുറത്തു വന്നു. അസ്ത്രശസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞ് തേജസ്വിയും പ്രതാപിയുമായ ചെറുപ്പക്കാരൻ, അദ്ദേഹത്തിൻെറ പേരു് പൃഥു എന്നായിരുന്നു. സൂതനും മാഗധനും (സ്തുതി പാഠകന്മാർ) അദ്ദേഹത്തിൻെറ ഗുണഗാനങ്ങൾ പാടിത്തുടങ്ങി. പൃഥു അവരെ തടഞ്ഞിട്ട് ചോദിച്ചു ''ഞാൻ ഇതുവരെ പ്രശംസയർഹിക്കുന്ന യാതൊന്നും ചെയ്തിട്ടില്ല. പിന്നെ ഇപ്പോഴേ എന്നെ സ്തുതിക്കുന്നതെന്തിനാണു്?''

അതിനു ശേഷം പൃഥു മുനിമാരോട് ചോദിച്ചു: നിങ്ങൾക്കു വേണ്ടി ഞാൻ എന്തു സേവനം അനുഷ്ഠിക്കണം. നിങ്ങൾക്കു പ്രയോജനംവരുന്ന എന്തു കാര്യമാണ് ചെയ്യേണ്ടതു്, എനിക്കു പറഞ്ഞു തരൂ. അപ്പോൾ ശുക്രാചാര്യനും മുനിമാരും ചേൎന്ന് പൃഥുവിനെ കൊണ്ട് ചില പ്രതിജ്ഞകൾ ചെയ്യിച്ചു. അവയിൽ പ്രധാനപ്പെട്ടവ ഇവയായിരുന്നു—മനസ്സും വാക്കും പ്രവൃത്തിയും കൊണ്ട് വേദത്തെ അനുസരിക്കുക, വേദത്തിൽ പറഞ്ഞിട്ടുള്ള ശിക്ഷാ സമ്പ്രദായം നടപ്പാക്കുക, വർണ്ണ സങ്കരത ഇല്ലാതാക്കുക. ഈ പ്രതിജ്ഞകൾ ചെയ്യിച്ച ശേഷമാണ് മുനിമാർ പൃഥുവിനെ രാജാവായി പ്രഖ്യാപിച്ചതു്. പൃഥുവായിരുന്നു ആദ്യത്തെ രാജാവ്. എല്ലാ ലോകങ്ങളേയും പ്രജകളേയും പരിപാലിക്കുന്ന രാജാവ്. പൃഥു തൻെറ മന്ത്രി സഭയിൽ ശുക്രാചാര്യനെ പുരോഹിതനാക്കി, ഗർഗ്ഗനെ ജ്യോതിഷിയും. സരസ്വതി തീരത്തെ വാൽഖില്യ ഗണങ്ങളേയും അത്രിയേയും മററു മന്ത്രിമാരാക്കി. സൂതമാഗധന്മാരിൽ സന്തുഷ്ടനായി അവർക്കു അനൂപ മഗധ ദേശങ്ങൾ കൊടുത്തു. മുനിമാർ അദ്ദേഹത്തിനു് ആജഗവം എന്ന വില്ലു കൊടുത്തു. പൃഥു കൊള്ളക്കാരെ തോൽപിച്ചു. ബ്രഹ്മാവർത്തത്തിൽ ശാന്തി സ്ഥാപിച്ചു. സരസ്വതി തീരത്തുള്ള മുനിമാരുടെ ആശ്രമങ്ങളിൽ വീണ്ടും യാഗങ്ങളാരംഭിച്ചു.

പൃഥുവിന്റെ ഭാര്യയുടെ പേർ അർച്ചി എന്നായിരുന്നു. വേനിന്റെ ശവത്തിൽ നിന്നും പൃഥു ഉണ്ടായപ്പോൾ തന്നെ അർച്ചിയും രംഗത്തുവന്നു.

കുറെ നാൾ കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ രാജ്യത്ത് ക്ഷാമം പടർന്നു. ഭൂമി അന്നഹീനയായി തീർന്നു. വിശപ്പുകൊണ്ട് പ്രജകൾ വല്ലാതെ ബുദ്ധിമുട്ടി. ഭൂമി മനഃപൂർവ്വം അന്നവും ഔഷധാദികളും തന്റെ ഉള്ളിൽ ഒളിച്ചുവച്ചതാണെന്നു പൃഥുവിനു മനസ്സിലായി. അദ്ദേഹം അത്യന്തം ക്രൂരനായി അമ്പുംവില്ലും എടുത്തു. ഭൂമിയെ കൊല്ലുവാനായി പുറപ്പെട്ടു. ഭൂമി പേടിച്ച് പശുവിന്റെ രൂപം ധരിച്ച് നാലു ദിക്കിലേക്കും—സ്വർഗ്ഗം, പാതാളം, അന്തരീക്ഷം— ഓട്ടമായി. പക്ഷേ പൃഥു എല്ലായിടത്തും അവളെ പിൻതുടർന്നു. അങ്ങനെ ഭൂമിക്കു മൂന്നു ലോകങ്ങളിലും രക്ഷയില്ലാതായി.

ഒടുവിൽ ഭൂമി പൃഥുവിന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് കരുണസ്വരത്തിൽ യാചിച്ചു. "ഞാൻ നിരപരാധിയാണ്. അങ്ങ് എന്നെ എന്തിനു വധിക്കുന്നു? എന്നെ നശിപ്പിച്ചിട്ട് അങ്ങേയ്ക്കു സ്വന്തം പ്രജകളെ രക്ഷിക്കുവാൻ കഴിയുമോ?" രാജാവ് പറഞ്ഞു "നീ ദിനം പ്രതി പച്ചപ്പുല്ല് തിന്നുന്നു. പക്ഷേ നിന്റെ അകിട്ടിലെ പാൽ തരുന്നില്ല. ഞാൻ അമ്പുകൾകൊണ്ട് നിന്നെ കഷണമാക്കിയിട്ട് എന്റെ യോഗബലം കൊണ്ട് പ്രജകളെ രക്ഷിക്കും."

ഭൂമി പറഞ്ഞു "നിങ്ങൾ മനുഷ്യർ എന്നെ രക്ഷിക്കുകയും ആദരിക്കുകയും ചെയ്തു വന്നതു് ഉപേക്ഷിച്ചു. കൃഷിയും മററു കാര്യങ്ങളും വേണ്ടവിധം ചെയ്യുന്നില്ല. അതുകൊണ്ട് ഞാൻ അന്ന ഔഷധാദികൾ എന്റെ ഉള്ളിൽ ഒളിച്ചുവച്ചു. സർവ്വജീവജാലങ്ങൾക്കും ബലപുഷ്ടി പ്രദാനം ചെയ്യുന്ന അന്നം അങ്ങേയ്ക്കു ആവശ്യമുണ്ടെങ്കിൽ അങ്ങ് എനിക്കു പററിയ കിടാവും കറവപ്പാത്രവും കറവക്കാരേയും ഏർപ്പാടുചെയ്ക. അപ്പോൾ ഞാൻ പാലിന്റെ രൂപത്തിൽ അങ്ങേയ്ക്കു സർവ്വാഭീഷ്ടവസ്തുക്കളും തരാം. ഒരു കാര്യംകൂടി—അങ്ങ് എന്നെ സമതലമാക്കണം. എങ്കിൽ മാത്രമേ വർഷക്കാലം കഴിഞ്ഞാലും എന്റെ മേൽ ഇന്ദ്രൻ പെയ്യിക്കുന്ന വെള്ളം ബാക്കി ഉണ്ടാവുകയുള്ളൂ — എന്റെ ഉള്ളിലെ നനവ് വററാതുള്ളൂ."

പൃഥു വില്ലിന്റെ മുനകൊണ്ട് ചുററുമുള്ള ഉയർന്ന ഭാഗങ്ങൾ ഇടിച്ചു വീഴ്ത്തി ഭൂമിയെ സമതലമാക്കി. ആ സമതല ഭൂമിയിൽ വീടുകളും കൃഷിസ്ഥലങ്ങളും മററും വേർതിരിച്ചു. മനുവിനെ കിടാവാക്കി തന്റെ കൈകൊണ്ട് പൃഥു പതിനേഴുതരത്തിലുള്ള ധാന്യങ്ങൾ കറന്നെടുത്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മററു വിദ്വാന്മാർ പല പല രീതിയിൽ ഭൂമിയെ കറന്ന് അഭീഷ്ടവസ്തുക്കൾ എടുത്തു. ഋഷിമാർ ബൃഹസ്പതിയെ കിടാവാക്കി വാണിതുടങ്ങിയ പാത്രങ്ങളിൽ വേദങ്ങൾ കറന്നെടുത്തു. ദേവന്മാർ ഇന്ദ്രനെ കിടാവാക്കി സ്വർണ്ണപാത്രത്തിൽ മൂന്നു തരത്തിലുള്ള ശക്തികളെ കറന്നു. അസുരന്മാരും രാക്ഷസന്മാരും പ്രഹ്ലാദനെ കിടാവാക്കി ഇരുമ്പുപാത്രത്തിൽ മദ്യമാകുന്ന പാൽ കറന്നു. ഗന്ധർവ്വന്മാരും അപ്സരസുകളും വിശ്വാവസുവിനെ കിടാവാക്കി, താമരപ്പാത്രത്തിൽ സംഗീതവും സൗന്ദര്യവും കറന്നു. ഖനികൾ, സസ്യങ്ങൾ, ലോഹ

പുല്ലുകറം തുടങ്ങി ഭൂമിയിൽ നിന്നു് സർവ്വ വസ്തുക്കളും കറന്നെടുത്തു. സർവ്വാഭീഷ്ടസിദ്ധയായ വസുന്ധര പൃഥുവിൻെറ പേരിൽ പൃഥ്വിയായി തീർന്നു

പിന്നെ പൃഥു നൂറ് അശ്വമേധയാഗങ്ങറം നടത്താനുള്ള ശ്രമമാരംഭിച്ചു. അതിൽ തൊണ്ണൂററൊമ്പതെണ്ണം പൂർത്തിയായി. പക്ഷേ നൂറാമത്തെ യാഗം പൂർത്തിയാകാൻ ഇന്ദ്രൻ സമ്മതിച്ചില്ല. അദ്ദേഹം കള്ളവേഷം ധരിച്ചു് അശ്വമേധത്തിലെ കുതിരയെ പല വട്ടം അപഹരിച്ചു. പൃഥു ഇന്ദ്രനെ വധിക്കാൻ തീരുമാനിച്ചു. പക്ഷേ ഇന്ദ്രനെ യാഗത്തിൽ ആഹുതി കൊടുത്തിട്ടു് ഭസ്മമാക്കാൻ മുനിമാർ നിർദ്ദേശിച്ചു. അപ്പോറം ബ്രഹ്മാവ് പൃഥുവിനെ തടഞ്ഞു—"രാജാവേ അങ്ങ് മോക്ഷധർമ്മം അറിയാവുന്നയാളാണു്. അങ്ങേയ്ക്കു യാഗാനുഷ്ഠാനങ്ങറം അവശ്യമില്ല."

## കുറെ ചരിത്രപരമായ വസ്തുതകളും ഊഹങ്ങളും

പൃഥുവിൻെറ കഥ മഹാഭാരതത്തിൽ 'രാജധർമ്മാനുശാസനപർവ്വ'ത്തിൽ ചുരുക്കത്തിൽ കൊടുത്തിട്ടുണ്ടു്. ഭാഗവത പുരാണത്തിലും (ചതുർത്ഥസ്കന്ധം പതിനഞ്ചാം അദ്ധ്യായം) വിഷ്ണുപുരാണത്തിലും കൂടുതൽ ഭാഗങ്ങറം ചേർത്തു് വലുതാക്കിയിട്ടുണ്ടു്. പൃഥുവിൻെറ പരാമർശം ഋഗ്വേദത്തിലും അഥർവ്വവേദത്തിലും ഉണ്ടു്. ശതപഥബ്രാഹ്മണത്തിൽ അദ്ദേഹത്തിനു് ആദ്യത്തെ രാജാവ് എന്ന പേരു് കൊടുത്തിട്ടുണ്ടു്. ഈ പരാമർശങ്ങളെ മഹാഭാരതത്തിലും മററു പുരാണങ്ങളിലും ക്രമത്തിൽ വർണ്ണിച്ചു കാണുന്നുണ്ടു്.

പൃഥുവിൻെറ കഥയിൽ നിഷാദനേയും സരസ്വതിയേയും പററിയുള്ള പരാമർശങ്ങളെപ്പററി ഗവേഷണം നടത്തിയപ്പോറം എനിക്കു രണ്ടു വസ്തുതകറം മനസ്സിലായി. ഒന്നു് നിഷാദശബ്ദം ബ്രാഹ്മണ അഥവാ ക്ഷത്രിയ പിതാവിനു് ശൂദ്രമാതാവിൽ ഉണ്ടാകുന്ന സന്താനം ആണു്.

കവഷൻ എന്നു പേരുള്ള നിഷാദനെപ്പററി ഋഗ്വേദത്തിലും ഐതേരയ ബ്രാഹ്മണത്തിലും പരാമർശം ഉണ്ടു്. ഋഗ്വേദത്തിൽ പത്താം അദ്ധ്യായത്തിൽ കവഷൻ വെള്ളത്തെ സ്തുതിക്കുന്ന അനേകം സൂക്തങ്ങറം ഉണ്ടു്. ഈലൂഷനു് ഒരു ദാസിയിലുണ്ടായ മകനായിരുന്നു കവഷൻ. ഐതേരയ ബ്രാഹ്മണത്തിൽ സരസ്വതീ തീരത്തു് മുനിമാർ യാഗം നടത്തുമ്പോറം കവഷനും അക്കൂട്ടത്തിലുണ്ടായിരുന്നു. പക്ഷേ അവൻ ദാസിയുടെ മകനായതുകൊണ്ടു് മുനിമാർ അയാളെ തങ്ങളുടെ ആശ്രമത്തിൽ നിന്നും പുറത്താക്കി. പുറത്താക്കപ്പെട്ട നിഷാദൻ—കവഷൻ—മരുഭൂമിയിലേക്കു പോയി. അവിടെ അയാറം സരസ്വതിയെ സ്തുതിച്ചു പാടി. അതിൻെറ ഫലമായി മരുഭൂമിയിൽ തന്നെ സരസ്വതി അയാറംക്കു ചുററും പ്രത്യക്ഷമായി. മുനിമാർ നിഷാദൻെറ സ്തുതിയുടെ മഹത്വം കണ്ടിട്ടു് അയാളെ വീണ്ടും തങ്ങളുടെ ആശ്രമത്തിൽ പ്രവേശിപ്പിച്ചു യാഗങ്ങളിൽ പങ്കു കൊള്ളിച്ചു.

അനാര്യന്മാരെപ്പററി ഋഗ്വേദത്തിൽ പലയിടത്തു് പരാമർശിച്ചിട്ടുണ്ട്. അവരുടെ നഗരങ്ങൾ നശിപ്പിക്കാൻ ഋഗ്വേദത്തിലെ ആര്യന്മാർ ഇന്ദ്രനോടും മററു ദേവന്മാരോടും തുടർച്ചയായി അഭ്യർത്ഥിച്ചിട്ടുണ്ട്. അടുത്ത കാലത്തു് സരസ്വതിയുടെ തീരത്തു ഹാരപ്പാസംസ്ക്കാരത്തിൻെറ അവശിഷ്ടങ്ങൾ കണ്ടു കിട്ടി. രാജസ്ഥാനിൽ സൂരത്ഗഢിനടുത്തു് കാളിബംഗയിൽ ഹാരപ്പ—മോഹഞ്ചദാരോ പോലുള്ള ഒരു നഗരത്തിൻെറ അവശിഷ്ടങ്ങളാണ് അതിൽ പ്രധാനം. ഞാൻ ആ അവശിഷ്ടങ്ങൾ കാണുകയുണ്ടായി. കൂടാതെ ഉയർന്ന കുന്നിന്മേൽ കയറി സരസ്വതി വററിപ്പോയതിൻെറ കാരണങ്ങളെപ്പററി ഊഹാപോഹങ്ങൾ നടത്തുകയും ചെയ്തു—മുകളിൽ നിന്നു് ഒഴുകിവന്ന മണ്ണ് സരസ്വതിയുടെ പ്രവാഹത്തെ തടഞ്ഞുകാണും. വനനഉദ്യോഗസ്ഥൻ ശ്രീ താപ്പർ എന്നോട് രസകരമായ ഒരു കാര്യം പറഞ്ഞു. ഭൂഗർഭശാസ്ത്രജ്ഞന്മാർ സരസ്വതിയിലെ വരണ്ട മണ്ണ് പരിശോധിച്ചിട്ട് പഴയ സരസ്വതിയിൽ മറെറാരു നദികൂടി ചേർന്നിരുന്നു എന്നും അതു് യമുനയുടെ തന്നെ കൈവഴി ആയിരുന്നുവെന്നും ഊഹിച്ചിരിക്കുന്നു. ഒരു പക്ഷേ ഇതാവും ദൃഷദ്വതി. അതു പിന്നീട് യമുനയിലേക്കു തിരിഞ്ഞൊഴുകിയതു കാരണം സരസ്വതിയിൽ അതിൻെറ ജലം കിട്ടാതായി. അതും സരസ്വതി വരണ്ടുപോകാൻ കാരണമായി തീൎന്നു.

സരസ്വതിയുടെ മരുപ്രദേശത്തു് കാളിബംഗ തുടങ്ങിയ സ്ഥലങ്ങളിൽ നശിച്ചുപോയ വീടുകളിൽ താമസിച്ചിരുന്നതു്, സരസ്വതിയുടെ മുകൾഭാഗത്തുള്ള ആര്യമുനികളുടെ ആശ്രമങ്ങൾ ആക്രമിച്ച അതേ കൊള്ളക്കാർ തന്നെയല്ലേ? ആ കൊള്ളക്കാരിൽ മാതൃപൂജ നടപ്പുണ്ടായിരുന്നു. ഹാരപ്പാ—മോഹഞ്ചദാരോയിൽനിന്നു കിട്ടിയ മൺകോലങ്ങൾ ഇതിനുള്ള തെളിവു നൽകുന്നുണ്ട്. ഒരു രൂപത്തിൽ ഭൂമിദേവിയുടെ വയററിൽനിന്നും ഒരു വൃക്ഷം പുറത്തു വന്നതു കാണാം - ഭൂമിയുടെ സസ്യോല്പാദകരൂപം. മാതൃപൂജ പിന്നീട് ആര്യജീവിതത്തിൻെറ ഭാഗമായിത്തീർന്നു. പക്ഷേ അതിൻെറ ആദിരൂപം ഇപ്പോഴും രാജസ്ഥാനിലെ കാട്ടുജാതിക്കാർ ഉണ്ടാക്കുന്ന വിചിത്രവും ബീഭൽസവുമായ പ്രതിമകളിൽ കാണാം. ഇവയെ ഇന്നും അക്കൂട്ടർ ആരാധിക്കുന്നു. (ഈ പ്രതിമകളുടെ ആകർഷകമായ ഒരു സംഗ്രഹം ഉദയപുരിയിലെ ഭാരതീയലോക കലാമണ്ഡലത്തിൽ കാണാം.) രാജസ്ഥാനിൽ തന്നെ മാതാവിനെ (അംബ) ആരാധിക്കുമ്പോൾ ആരാധകൻെറയോ ആരാധികയുടെയോ മേൽ ദേവി ആവേശിക്കുന്ന രീതിയും അതു സംബന്ധിച്ചുള്ള സംഗീതവും നൃത്യവും നിലവിലുണ്ട്.

അക്കാലത്തു് (ക്രിസ്തുവിനു മുമ്പ് പതിനാറും പന്ത്രണ്ടും നൂററാണ്ടുകൾക്കിടയ്ക്കു്) ആര്യന്മാരുടെ ജീവിതത്തിൽ യുഗാന്തരകാരികളായ മൂന്നു മാററങ്ങൾ ഉണ്ടായി എന്നു തോന്നുന്നു. ആദ്യത്തെ മാററം അവരുടെ രാഷ്ട്രീയ സമ്പ്രദായത്തിലായിരുന്നു. അധികാരം മുനിമാരുടെയും ബ്രാഹ്മണരുടെയും കൈയിലായിരുന്നു. പക്ഷേ തങ്ങളുടെ ആശ്രമങ്ങളുടെ രക്ഷയ്ക്കും യാഗാനുഷ്ഠാനങ്ങളുടെ പൂർത്തിക്കും വേണ്ടി അവർ കാട്ടുജാതിക്കാരുടെ നേതാക്കളെ ഭരണ

കർത്താക്കളായി സ്വീകരിച്ചു. ആദ്യം ഭരണാധികാരിയുടെ ശക്തിയും അവകാശങ്ങളും നിശ്ചയിച്ചിരുന്നില്ല. മുനികളും ബ്രാഹ്മണരും തമ്മിൽ ഏററുമുട്ടി. ഭരണകർത്താക്കൾ പിന്മാറി. കുറെപ്പേരൊക്കെ വധിക്കപ്പെട്ടു. അവസാനം ഭരണകർത്താവിനു് രാജാവിൻെറ രൂപം കൊടുത്തു. മുനികളും ബ്രാഹ്മണരുമായി രാജാവിൻെറ ബന്ധം ചില വ്യക്തമായ കർത്തവ്യങ്ങളെ (അതായതു് രാജധർമ്മം) അടിസ്ഥാനമാക്കി നിശ്ചയിക്കപ്പെട്ടു. ഈ ബന്ധങ്ങൾക്കു പിന്നീടു് ശുക്ര നീതി എന്ന പേരു് കിട്ടി.

ആര്യന്മാർ ഭാരതത്തിലെ പഴയ ആര്യേതര വർഗ്ഗക്കാരുമായി സമ്പർക്കത്തിലേർപ്പെട്ടതും അവർക്കു് തങ്ങളുടെ സമുദായത്തിൽ സ്ഥാനം നൽകിയതുമാണു് രണ്ടാമത്തെ പ്രധാനമാററം. ഹാരപ്പാ—മോഹഞ്ചദാരോ സംസ്ക്കാരത്തിലെ വർഗ്ഗക്കാരെ കൂടാതെ ഭാരതത്തിൽ അനേകം കാട്ടുജാതിക്കാരും ഉണ്ടായിരുന്നു. ആര്യന്മാർ ചില വർഗ്ഗക്കാരെ അതുപോലെ തന്നെ സ്വീകരിച്ചു. ചില സ്ത്രീകളിൽ വർണ്ണസങ്കര സന്താനങ്ങളെ ഉത്പാദിപ്പിച്ചു. അവരെ പുതിയ (പക്ഷേ മിക്കവാറും താണ)വർഗ്ഗമാക്കി. കുറെ പേരെ സമുദായത്തിൽ നിന്നും പാടെ ബഹിഷ്കരിച്ചു. ഇക്കാര്യത്തിൽ അനേകം വാദ—വിവാദങ്ങൾ ഉണ്ടായി— പ്രത്യേകിച്ചു് വർണ്ണസങ്കരപ്രശ്നങ്ങളെപ്പററി അച്ഛൻ ആര്യനും അമ്മ കാട്ടുജാതിക്കാരിയുമായുള്ള വർണ്ണസങ്കര സന്താനങ്ങൾക്കാണു് 'നിഷാദൻ' എന്നപേരു തന്നെ കൊടുത്തതു്. മാതൃപൂജയും മററു വിവിധ രീതിയിലുള്ള ആചാര സമ്പ്രദായങ്ങളും ഉത്സവങ്ങളും ആര്യസമുദായത്തിൻെറ ഭാഗമായിത്തീർന്നു. നാനാരീതിയിലുള്ള ബന്ധങ്ങളും പരീക്ഷണങ്ങളും നിയമാനുസൃതമാക്കുക എളുപ്പമായിരുന്നു. ഈ പ്രക്രിയയിൽ ആര്യസമുദായത്തിൽ വൈവിധ്യം ഉണ്ടായതോടൊപ്പം ആര്യമനോഭാവത്തിനു ജഡത ബാധിക്കുകയും ചെയ്തു.

കൃഷിയോടും പാർപ്പിടങ്ങളോടും നാഗരിക സംസ്കാരത്തോടുമുള്ള ആര്യന്മാരുടെ പ്രതികരണവും ക്രമേണ ആ ജീവിതത്തെ അവർ അംഗീകരിച്ചതുമാണു് മൂന്നാമത്തെ പ്രധാന കാര്യം. ആര്യന്മാർക്കു് കാലിവളർത്തൽ പരിചയമായിരുന്നു. നിത്യവും പുതിയ മേച്ചിൽ സ്ഥലങ്ങളന്വേഷിച്ചു നടന്നാണു് അവർ മനുഷ്യ ജീവിതത്തിലെ പുരോഗതിയുടെ ലക്ഷണം കണ്ടെത്തിയതു്. തുടക്കത്തിൽ അവരുടെ കൃഷി സമ്പ്രദായം ഇന്നത്തെ നഗാ തുടങ്ങിയ ആദിവാസികളുടെ 'ത്ധൂ' രീതി പോലുള്ളതായിരുന്നു. കാടുകൾ ആവശ്യാനുസരണം ചുട്ടു് കുറെക്കാലം വിളവെടുക്കുകയും ഒടുവിൽ (അതായതു് ഭൂമിയിലെ വളം നശിക്കുമ്പോൾ) അതുപേക്ഷിച്ചു് പുതിയ കാടുകൾ വെട്ടിത്തെളിക്കുകയും ചെയ്യുക. കാടുകളിൽ മേച്ചിൽ സ്ഥലങ്ങൾ അന്വേഷിച്ചു നടന്ന ആര്യന്മാർ ഭാരതത്തിലെ നിബിഡ വനങ്ങളിൽ ഈ സമ്പ്രദായം സ്വീകരിച്ചതിൽ തെല്ലും ആശ്ചര്യത്തിനു വകയില്ല. പക്ഷേ രാജ്യത്തെ ചില ഭാഗങ്ങളിൽ ഈ സമ്പ്രദായത്തിനു മാരകമായ ഫലമുണ്ടായിക്കാണും. സരസ്വതി നദിയുടെ തീരത്തെ നഗരങ്ങളിലേയും ഗ്രാമങ്ങളിലേയും പ്രാചീന നിവാസികൾ (ഹാര

പ്പമോഹഞ്ചദാരോ സംസ്കാരത്തിൻെറ ആളുകഠം) ദജ്ലാഫറാത്തിൻെറയും നീലനദിയുടേയും തീരത്തെ ആദിവാസികഠം ചെയ്തതു പോലെ, മരുഭൂമിക്കു നടുവിൽ തോട്ട വെട്ടി കൃഷിയും വാണിജ്യവും വികസിപ്പിച്ചു. പ്രോത്സാഹനമാർഗ്ഗങ്ങളും ഭൂമിയുടെ ഫലപുഷ്ടി സമാഹരിക്കലും അവരെ സംബന്ധിച്ചിടത്തോളം അനിവാര്യമായിരുന്നു, പക്ഷേ ആര്യന്മാർക്ക് അതു പുതുതായിരുന്നു. ആര്യന്മാരുടെ കാട്ട ചുട്ടു ചാമ്പലാക്കുന്ന രീതികൊണ്ടാണോ സരസ്വതി വററി പോയതു്? ഒരു പക്ഷേ അങ്ങനെയാവും സംഭവിച്ചതു്. അതു കൊണ്ട് ക്ഷാമവും ഉണ്ടായിക്കാണും, വരാംച്ചയും ഉണ്ടായിരിക്കും. കാട്ട ചുട്ടു വന്ന ഋഷി—മുനിമാർക്ക് ഭൂമിയുടെ വിളവും അതിൻെറ മററു സമ്പത്തുക്കളും വർദ്ധിപ്പിക്കാൻ പുതിയ മാർഗ്ഗങ്ങഠം അവലംബിക്കേണ്ടിവന്നു.

ഭൂമിയെ അങ്ങനെ പാലിക്കുകയും അതിൻെറ സമ്പത്തുക്കഠം ഉപയോഗിക്കാൻ ചിട്ടയുണ്ടാക്കുകയും അതിനെ സമതലമാക്കി ഉൽപ്പാദകശക്തി സമാഹരിക്കുകയും ചെയ്ത ആളിൻെറ പേരു്—മഹാഭാരതത്തിലും മററു പുരാണങ്ങളിലും—'പൃഥു' എന്നാണു്.

പൃഥു! മുമ്പു പറഞ്ഞ യുഗാന്തരകാരികളായ മാററങ്ങളുടെ പ്രതീകമാവും! 'പൃഥു' 'പൃഥ്വി' എന്നീ വാക്കുകളിൽ ആദ്യം ഉണ്ടായതു് ഏതാണെന്നകാര്യം അനിശ്ചിതമാണെങ്കിലും പുരാണ കൃത്തുക്കഠം പൃഥ്വിയെ പൃഥുവിൻെറ കന്യകയും കൂട്ടുകാരിയും ഭാര്യയും അമ്മയും മററുമായി സങ്കല്പിച്ചിരുന്നു എന്നതു വ്യക്തമാണു്. ആ സാങ്കല്പിക വ്യവസ്ഥിതിയാണു് ആര്യന്മാരുടെ ജീവിതത്തെയും ഭാരത ഭൂമിയേയും പാടെ മാററിക്കളഞ്ഞതു്.

## പ്രത്യേക ടിപ്പണികഠം

സാധാരണ ഗതിക്കു് സംശയം തോന്നാവുന്ന നാടകത്തിലെ ചില സന്ദർഭങ്ങളുടെ ആധാര സാമഗ്രികളെപ്പററി താഴെ ഞാൻ ചില ടിപ്പണികഠം കൊടുക്കുന്നതു് പ്രത്യേക ജിജ്ഞാസയുള്ള വായനക്കാരുടെ സൗകര്യാർത്ഥമാണു്.

## കുശപ്പുല്ലുകൊണ്ടുള്ള ചരടും ഹുങ്കാരങ്ങഠംകൊണ്ടു് വേനിനെ വധിച്ചതും

മഹാഭാരതത്തിൽ (രാജധർമ്മാനുശാസനപർവ്വത്തിൽ) ഒരു ശ്ലോകമുണ്ടു് ''തം പ്രജാസു വിധർമ്മാണം രാഗദ്വേഷവശാനുഗം! മന്ത്ര പൂതൈകുശൈർദ്ധ്വജ ഋഷയോ ബ്രഹ്മവാദിനഃ'' അതായതു് വേൻ രാഗദ്വേഷങ്ങഠംക്കു വശീഭൂതനായി പ്രജകളെ ഉപദ്രവിച്ചു തുടങ്ങി. അപ്പോഠം വേദവാദികളായ ഋഷിമാർ മന്ത്രം ജപിച്ചു കുശപ്പുല്ലുകൊണ്ടു് അദ്ദേഹത്തെ വധിച്ചു. ശ്രീമദ് ഭാഗവതത്തിൽ കുശപ്പുല്ലിനെപ്പററി പരമർശിച്ചിട്ടില്ലെങ്കിലും ഋഷിമാർ കുപിതരായി വേനിനെ കൊല്ലുമെന്നു പ്രഖ്യാപിച്ചു, എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ടു്. ''ഇത്യം വ്യവസിതാ

ഹന്തുമൂഷയോ രുഢമന്യവഃ! നിജ ധ്വന്ദ ഹുംകൃതൈർവ്വേനം ഹതമച്യാതനി ജയാ'' (ചതുർത്ഥസ്കന്ധം അദ്ധ്യായം 14) അങ്ങനെ തങ്ങളുടെ മറച്ചു വച്ച കോപം പ്രകടിപ്പിച്ചിട്ട് അവർ അദ്ദേഹത്തെ വധിക്കുവാൻ നിശ്ചയിച്ചു. അദ്ദേഹം ഭഗവൽ നിന്ദകൊണ്ട് മുമ്പുതന്നെ മരിച്ചു കഴിഞ്ഞിരുന്നു. അതു കൊണ്ട് അവർ വെറും ഗർജ്ജനം കൊണ്ട് അദ്ദേഹത്തിന്റെ കഥ കഴിച്ചു. വേറൊരു ശ്ലോകമുള്ളതിൽ—മുനിമാർ 'ഹന്യതാം ഹന്യതാം മേഷപാപഃ പ്രകൃതി ദാരുണ'(കൊല്ലു, സ്വഭാവം കൊണ്ടുതന്നെ ദുഷ്ടനായ ഈ പാപിയെ കൊല്ലു) എന്നുവിളിച്ചു പറഞ്ഞു് തങ്ങളുടെ കോപം പ്രകടിപ്പിക്കുന്നുണ്ട്.

ഇങ്ങനെയുള്ള ഹുങ്കാരങ്ങളും ഇക്കാലത്തെ മുദ്രാവാക്യങ്ങളും സമരങ്ങളും തമ്മിൽ കാര്യമായ സാമ്യം എനിക്കുതോന്നി. 'മന്ത്രം ജപിച്ചകുശ' കൊണ്ടു വധം എന്നതു വ്യക്തമായും ചരടുകൊണ്ട് കഴുത്തു ഞെരിച്ചെന്നോ അഥവ കുശകൊണ്ട് അടിച്ചു കൊന്നെന്നോ ആവാം.

## വേനിന്റെ ശവം സുനീഥാ സൂക്ഷിച്ചു വച്ചതു്

ശ്രീമദ് ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട് ''ഗതേ പുത്രകളേബരം സുനീഥ പാലയമാസ വിദ്യയോഗേന ശോചതി'' (ശാകാകുലയായ സുനീഥ വിദ്യയും യുക്തിയും കൊണ്ട് തന്റെ മകന്റെ ശവം സൂക്ഷിച്ചു വച്ചു) സുനീഥ വേനിന്റെ ശവം കേടുകൂടാതെ സൂക്ഷിച്ചുവച്ച ഈ വിദ്യയും യുക്തിയും ഏതാണോ? അങ്ങകലെ ഈജിപ്റ്റിൽ അക്കാലത്തും അതിനുമുമ്പും ശവത്തെ ഒരു അത്ഭുത ലേപനം കൊണ്ട് സൂക്ഷിച്ചുവയ്ക്കുന്ന രീതി നിലവിലുണ്ടായിരുന്നു. ഈജിപ്റ്റിലെ പിരമിഡുകളിൽ സൂക്ഷിച്ചിട്ടുള്ള അനേകം 'മമ്മികൾ' ഇതിനു തെളിവാണ്. ഭാഗവതകാരൻ അതുപോലുള്ള ഏതെങ്കിലും സമ്പ്രദായ. മാണോ സൂചിപ്പിക്കുന്നതു്? സുനീഥയെ മൃത്യുകന്യക എന്നു പറഞ്ഞിട്ടുണ്ട് അതിന്റെ അർത്ഥം അവരു വേറെ ഏതോദേശത്തെ കന്യക എന്നും അവിടെ നിന്നു് അവരു ആ സമ്പ്രദായം പഠിച്ചു എന്നുമാണോ?

## ശരീരം കടയൽ, തുടയിൽ നിന്നുണ്ടായ മകൻ, കൈയിൽ നിന്നുണ്ടായ മകൻ

ഋഷിമുനിമാർ വേനിന്റെ തുട കടഞ്ഞു് അതിൽ നിന്നും ഒരു കറുത്തു കുറുകിയ ആളിനെ പുറത്തു കൊണ്ടുവന്നു എന്നതു് ഈ കഥയിൽ വേനിനു ഏതോ ജാരപുത്രൻ—വർണ്ണസങ്കരപുത്രൻ—ഉണ്ടെന്നു സൂചിപ്പിക്കുന്നു. തുട കടഞ്ഞു എന്നതിനു മററർത്ഥമൊന്നുമുണ്ടാകാനിടയില്ല. വേനിനു് ഏതോ ആര്യേതര കന്യകയുമായി ബന്ധമുണ്ടായിരുന്നിരിക്കും. അവരുടെ സന്താനത്തെ ആര്യമുനിമാർ സ്വീകരിച്ചു കാണില്ല. അയാൾക്കു അധികാരം കൊടുക്കാതിരിക്കാൻ അവർ വേനിന്റെ ദേഹം കടയണമെന്ന യുക്തി ആലോചിച്ചു. ഒരു ആര്യവീരനെ വേനിന്റെ ഭുജാപുത്രനായി പ്രഖ്യാപിച്ചിട്ട് അയാളെ രാജാവിന്റെ രൂപത്തിൽ പ്രതിഷ്ഠിച്ചു. ''മന്ഥസ്ഥുദക്ഷിണം ഛോരു മൃഷയസ്തസ്യമന്ത്രത: തദാംസ്യ വികൃതോജജ്ഞേ എസ്വാംഗ: പുരുഷോഭ്രുവി:'' എന്നും ''ഭ്രയോസ്യ ദക്ഷിണം

പാണിം മമന്ഥ്സ്തേ മഹർഷയഃ തദഃപുരുഷ ഉല്പന്നോ രൂപംണത്ര യുവ പരഃ'' എന്നുമുള്ള മഹാഭാരതത്തിലെ രണ്ടു ശ്ലോകങ്ങളും ഇതുപോലെ പുരാണ ങ്ങളിൽ തുടയും കൈയും കടയുന്ന വർണ്ണനകളും, അന്നത്തെ വർണ്ണസങ്കര പ്രശ്നത്തെ ബ്രാഹ്മണഗ്രന്ഥകാരന്മാർ കപടമായി അവതരിപ്പിക്കുന്ന രീതി കളാണ്.

## നിഷാദൻ, കവഷൻ, മരുഭൂമിയിൽ കവഷൻെറ സരസ്വതിയോടുള്ള ആഹ്വാനം

ഡൗസൻെറ ക്ലാസിക്കൽ ഡിക്ഷ്ണറിയിൽ നിഷാദശബ്ദത്തിന് പർവ്വത ങ്ങളിലും കാടുകളിലും താമസിക്കുന്ന ഒരു ജാതി എന്നർത്ഥമുണ്ട്. അച്ഛൻ ബ്രാഹ്മണനും അമ്മ ശൂദ്രയുമായ, ജാതിയിൽനിന്നു തള്ളപ്പെട്ട, ആളിനും ഈ ശബ്ദം ഉപയോഗിക്കാറുണ്ട്. വേനിൻെറ ജംഘാപുത്രനായ നിഷാദനാണ് ഈ വർഗ്ഗത്തിലെ ആദിപുരുഷൻ—''തസ്മാ നിഷാദ: സംഭൂതാ: ക്രൂരാ: ശൈല-വനാശ്രയ:'' (മഹാഭാരതം)

മഹാഭാരതത്തിലേയും പുരാണങ്ങളിലേയും കവഷൻെറ കഥയ്ക്ക് വേനി ൻേറയും പൃഥുവിൻേറയും കഥകളുമായി ഒരു ബന്ധവുമില്ല. ഐതേരയബ്രാഹ്മ ണത്തിൽ കവഷനെപ്പററി പരാമർശമുണ്ട്. അവൻ ദാസീപുത്രനായിരുന്നു. ഋഗ്വേദത്തിൽ അവൻെറ അച്ഛൻെറ പേരു് ഈരൂഷ് എന്നാണ്. സര സ്വതീതീരത്തു് അവൻ ഋഷിമുനിമാരോടൊപ്പം യാഗത്തിൽ പങ്കുകൊള്ളാനാഗ്ര ഹിച്ചു. പക്ഷേ ദാസീപുത്രനായതുകൊണ്ട് അവന് സരസ്വതിയിലെ വെള്ളം കൊണ്ട് ആചമനം ചെയ്യാൻ അനുവാദം കിട്ടിയില്ല. അപ്പോഠം അവൻ മരു ഭൂമിയിൽ പോയി തപസ്സും സ്തുതിയും ആരംഭിച്ചു. സരസ്വതിയിലെ വെള്ളം അവിടെ പ്രത്യക്ഷപ്പെട്ടു. ഇതു സംബന്ധിച്ച് ഋഗ്വേദത്തിലെ പത്താം അദ്ധ്യാ യത്തിൽ കവഷൻെറ മന്ത്രങ്ങഠം നോക്കുക. ''ധനശാലിയായ വെള്ളമേ, എൻെറ ആഹ്വാനം കേഠംക്കു. എൻെറ ആഹ്വാനത്തിൽ യാഗത്തിനുവേണ്ടി നെയ്യ് ഒഴി ക്കാറുണ്ട്. നിൻെറ സ്തോത്രങ്ങഠം പാടാറുമുണ്ട്—എല്ലാവിധത്തിലുമുള്ള വെള്ളവും വരുന്നുണ്ട്. ഇതു ധനത്തിൻെറ അടിസ്ഥാനവും ജീവജാലങ്ങഠംക്കു സുഖ പ്രദവുമാണ്.''

കവഷൻ മരുഭൂമിയിൽ പോയി സരസ്വതിയിലെ ജലത്തെ ആഹ്വാനം ചെയ്തതും ജലം അവിടെ പ്രത്യക്ഷപ്പെട്ടതും സംബന്ധിച്ചുള്ള ഭാഗത്തു് സരസ്വ തിയിലെ വെള്ളം എതോ തോടു വഴി മരുഭൂമിവരെ കൊണ്ടെത്തിച്ചതിൻെറ സൂചനയുണ്ട്. കാളീബംഗയ്ക്കടുത്തു് മരുഭൂമിക്കു സമീപം സരസ്വതിയുടെ വരണ്ട ചാൽ കണ്ടപ്പോഠം എനിക്കീ സംശയം ഉണ്ടായി. അതുകൊണ്ടു് ഞാൻ ഈ നാടകത്തിൽ വേനിൻെറ ജംഘാപുത്രൻ നിഷാദനേയും സരസ്വതിയിലെ വെള്ളം പ്രത്യക്ഷപ്പെടുത്തിയ ദാസീപുത്രൻ കവഷനേയും ഒററയാളായി ചിത്രീ കരിച്ചിരിക്കുന്നു.

നാടകത്തിൽ കവഷൻ പൃഥുവിന്റെ അപൂർണ്ണ പുരുഷാത്ഥത്തിന്റെ അഭീഷ്ടഭാഗമാണെന്നു വിജ്ഞരായ വായനക്കാരോട് പറയേണ്ട കാര്യമില്ല. ഒരേ വ്യക്തിത്വത്തിന്റെ തന്നെ രണ്ടു ഭാഗങ്ങൾ ഭാഗികമായി പരസ്പരം പ്രതിധ്വനി മാത്രമായിത്തീരുന്നു.

## സരസ്വതിയുടെ അക്കരെയുള്ള കൊള്ളക്കാർ

ഋഗ്വേദത്തിൽ മ്ലേച്ഛരന്മാരേയും 'പണി'കളേയും ആര്യവിരോധികളായി ചിത്രീകരിച്ചിട്ടുണ്ട്. ഇക്കൂട്ടർ പശുവിനെ മോഷ്ടിക്കുന്നവരും യാഗം നശിപ്പിക്കുന്നവരും ആണ്. ഇന്ദ്രൻ നശിപ്പിച്ച നഗരങ്ങളുടെ ഉടമസ്ഥരായ രാക്ഷസന്മാരും ഈ കൊള്ളക്കാരും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടായിരുന്നുവോ ഇല്ലയോ എന്നു ഋഗ്വേദത്തിൽ വ്യക്തമാക്കിയിട്ടില്ല. ശ്രീമദ് ഭാഗവതത്തിൽ പലയിടത്തും, സരസ്വതീ തീരത്തെ ആശ്രമങ്ങളിൽ താമസിക്കുന്ന മുനിമാർ മ്ലേച്ഛരന്മാരെ ഭയന്നു കഴിഞ്ഞിരുന്നുവെന്നു പറഞ്ഞിട്ടുണ്ട്. വേനിനെപ്പോലുള്ള ക്രൂരരാജാവ് ബ്രഹ്മാവർത്തത്തിൽ അധികാരത്തിൽ വന്നപ്പോൾ ഈ കൊള്ളക്കാർ സർപ്പത്തെപ്പേടിച്ച് ഒളിക്കുന്ന എലികളെപ്പോലെ ഓടിയൊളിച്ചു. 'നിലില്യുദർസ്യവ: സദ്യ: സർപ്പത്രസ്താ ഇവാഖവ:' പക്ഷേ വേൻ മരിച്ചപ്പോൾ ശക്തിശാലിയായ ഭരണാധിപനില്ലാതായതുകണ്ട് വീണ്ടും ഈ കൊള്ളക്കാർ അക്രമം തുടങ്ങി. മുനിമാർ നാനാ ദിക്കുകളിൽ നിന്നു് ആക്രമിക്കുന്ന ഈ കൊള്ളക്കാരുയർത്തിയ പൊടി പടലം കണ്ടു. ''ഏവം മൃശന്ത ഋഷയോ ധാവതാം സർവ്വതോ ദിശം—പാംസു സമുദ്ധിതോ ഭൂരിശ്ചോരാണാമഭിലുമ്പതാം.''

ആര്യന്മാരും അവരുടെ നേതാവ് ഇന്ദ്രനും നശിപ്പിച്ച പട്ടണങ്ങൾ ഏതൊക്കെയായിരുന്നു?—ഈ ചോദ്യത്തിനു മറുപടി പറയാൻ അനേകം വിദ്വാന്മാർ ശ്രമിച്ചിട്ടുണ്ട്. ഹാരപ്പ സംസ്കാരത്തിൽ നിന്നു പരാജിതരായ പൗരന്മാരെയാണ് ഞാൻ ആര്യന്മാരുടെ ശത്രുക്കളായി കണക്കാക്കിയതു്. സരസ്വതിയുടെ തീരത്തു് കാളി ബംഗയിലും മറു പതിനെട്ടു സ്ഥലങ്ങളിലും ആ പ്രാചീനസഭ്യതയുടെ അവശിഷ്ടങ്ങൾ കിട്ടി. അങ്ങനെ ആര്യന്മാർ വരുന്നതിനു മുമ്പ് സിന്ധു–രാവി–സരസ്വതി തീരങ്ങളിൽ ഒരു നാഗരികത തഴച്ചു വളന്നിരുന്നു എന്ന വിവരം മനസ്സിലായി. അതു് ആര്യന്മാരാവും നശിപ്പിച്ചതു്. അവശേഷിച്ച ആളുകൾ നിവൃത്തിയില്ലാതെ കൊള്ളക്കാരായി തീന്നു. ഒടുവിൽ ആര്യന്മാരുടെ സംസ്കാരത്തിൽ ആ നാഗരികതയുടെ അനവധി തത്വങ്ങൾ ലയിച്ചുചേന്നു.

## ശുക്രാചാര്യർ, അത്രി, ഗർഗ്ഗൻ തുടങ്ങിയവർ

ശുക്രാചാര്യർ നീതി ശാസ്ത്രത്തെ ആയിരം ശ്ലോകങ്ങളിൽ ചുരുക്കിയെഴുതി എന്നു മഹാഭാരതത്തിൽ പറഞ്ഞിട്ടുണ്ട്. ''അദ്ധ്യായാനാം സഹസ്രേണ കാവ്യ: സംക്ഷേപമബ്രവീത്. തച്ഛാസ്ത്രമമിത പ്രജ്ഞോയോഗചാര്യാ മഹായശാ:'' ഈ

പരാമർശത്തിനു ശേഷം അതേ 'രാജധർമ്മാനുശാസന' പർവ്വത്തിൽ തന്നെ പൃഥുവിനെ ആദ്യ രാജാവാക്കിയതിൻെറ വിവരണമുണ്ട്. ആ വിവരണത്തിലെ പ്രധാന ഭാഗം ഋഷി മുനിമാർ പൃഥുവിനെക്കൊണ്ടു രാഷ്ട്രതന്ത്രം, ശിക്ഷാനിയമം, രാജകർത്തവ്യം എന്നിവയെ സംബന്ധിക്കുന്ന പ്രതിജ്ഞകൾ ചെയ്യിക്കുന്നതാണ്. ഞാനാ പ്രതിജ്ഞകളെ ഏറിയകൂറും മഹാഭാരതത്തിലെ വാക്കുകളിൽ തന്നെ നാടകത്തിൽ ചേർത്തിട്ടുണ്ട്. അവയ്ക്ക് ഒരു പ്രകാരത്തിൽ ഭരണ ഘടനയുടെ രൂപം നൽകി. ഈ പ്രതിജ്ഞകൾ ചെയ്തു കഴിഞ്ഞപ്പോഴാണ് പൃഥു രാജാവായതും ഋഷിമാർ 'ഏവമസ്തു' എന്നു പറഞ്ഞ് അദ്ദേഹത്തെ ആശിർവ്ദിച്ചതും. നീതിശാസ്ത്രജ്ഞനായ ശുക്രാചാര്യർ ഈ ചടങ്ങിൻെറ നേതാവായിരുന്നു. അതിൻെറ തെളിവാണ് ഉടൻ തന്നെ പൃഥു അദ്ദേഹത്തെ തൻെറ പുരോഹിതനാക്കിയതും, ഗർഗ്ഗ-ബാൽഖില്യാദി മുനിമാർക്കു മററു സ്ഥാനങ്ങൾ നൽകിയതും. ''ഏവമസ്ത്വിതി വൈന്യസ്തു തൈരുക്തോ ബ്രഹ്മവാദിഭിഃ പുരോധാശ്ചാഭവത് തസ്യ ശുക്രോബ്രഹ്മയോ നിധി:! മന്ത്രിണോ ബാൽഖില്യാംശ്ച സാരസ്വത്യോ ഗണസ്ഥഥാ! മഹർഷി ഭഗവാൻ ഗർഗ്ഗസ്തസ്യ സാംവത്സരോ ഭവത്.''

ശുക്രാചാര്യനെ കൂടാതെ പൃഥുവിൻെറ കഥയിൽ അത്രിമുനിയുടെ കാര്യം ശ്രീമദ് ഭാഗവതത്തിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്. ഇന്ദ്രൻ പൃഥുവിൻെറ അശ്വമേധയജ്ഞത്തിനു തടസ്സം സൃഷ്ടിച്ചപ്പോൾ അത്രിയാണ് പൃഥുവിനെ ഇന്ദ്രനോട് ഏററുമുട്ടാൻ പ്രേരിപ്പിച്ചത്. പ്രേരകനും ഉദ്ബോധകനുമായിട്ടാണ് ഈ കഥകളിൽ അത്രിയെ അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് ഞാൻ അദ്ദേഹത്തിൽ വാഗ്വീരന്മാരായ ആധുനിക നേതാക്കന്മാരുടെ ചില സാമ്യം കണ്ടു. അദ്ദേഹത്തെക്കാൾ ശുക്രാചാര്യർ രാജ്യതന്ത്രജ്ഞനും കൂടുതൽ ക്രാന്തദർശിയുമായി തോന്നി. ഭൃഗുവംശവും ആത്രേയ വംശവും തമ്മിലുള്ള പരസ്പര മത്സരം, ഞാൻ വസിഷ്ഠനും വിശ്വാമിത്രനും തമ്മിലുള്ള പ്രസിദ്ധ കലഹത്തിൽ നിന്നും എടുത്തതാണ്. കോപത്തെ അതിജീവിച്ചവരാണെങ്കിലും ആശ്രമങ്ങൾ തമ്മിൽ ഇമ്മാതിരി വഴക്കുകൾ എനിക്കു സ്വാഭാവികമായി തോന്നി. പാർട്ടി കലഹം തീർത്തും ആധുനിക പ്രശ്നമല്ല! മുനിമാരുടെ ഇടയ്ക്കും ഇമ്മാതിരി ദുർവ്വിചാരണ ഉണ്ടായിരുന്നു. തങ്ങളുടെ ശക്തിയും സ്വാധീനവും ജനങ്ങളിൽ ഉറപ്പിക്കാനായി ഇടയ്ക്കിടെ അവർ കലഹിച്ചാൽ അതിൽ ആശ്ചര്യപ്പെടാനില്ല.

നാടകത്തിൽ അണക്കെട്ടിൻെറ പണി മന്ദീഭവിപ്പിക്കാൻ സ്വീകരിച്ച സ്വാർത്ഥ പ്രേരിതമായ ഗൂഢാലോചന, ഒരു യഥർത്ഥ സംഭവത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. കുറെ വർഷം മുമ്പു വെള്ളപ്പൊക്കം തടയാനായി ഒരു അണക്കെട്ടിൻെറ ചില അററകുററപ്പണികൾ ചെയ്യേണ്ടതു് സ്ഥലവാസിയായ ഒരു നേതാവിൻെറ ദുരാഗ്രഹം നിമിത്തം മന്ദീഭവിപ്പിച്ച വിവരം എനിക്കറിയാം. കൂടുതൽ പണിക്കാരെ അയച്ചാൽ തൻെറ പാർട്ടിക്കാരായ പണിക്കാരുടെ വരുമാനം കുറയുമെന്നു് ആ നേതാവു കരുതി,

## സൂതനും മാഗധനും

സൂതമാഗധന്മാർ പൃഥു പ്രത്യക്ഷപ്പെട്ട നിമിഷം തന്നെ അദ്ദേഹത്തെ സ്തുതിച്ചു പാടി. അവരിൽ സന്തുഷ്ടനായി പൃഥു അനൂപ പ്രദേശം അവർക്കു കൊടുത്തു. ഈ ഭാഗം മഹാഭാരതത്തിലുണ്ട്. പക്ഷേ ശ്രീമദ് ഭാഗവതത്തിൽ ഇതു് കുറെക്കൂടി രസകരമാണ്. അവർ രണ്ടുപേരും കൂടി പൃഥുവിനെ പ്രശംസിച്ചു തുടങ്ങിയപ്പോൾ പൃഥു അവരെ തടഞ്ഞു ''വര്യ തവവിദിതാ ലോകേ സ താദ്യാപി വരീമഭി:! കമ്മഭി: കഥമാത്മാനം ഗാപയിഷ്യാമി ബാലവത്!''

ഞാൻ സൂതമാഗധന്മാരെ ഇക്കാലത്തെ പ്രചാരകന്മാരും പരസ്യക്കാരുമായി താരതമ്യപ്പെടുത്തി. പ്രാചീന ഗ്രന്ഥങ്ങളിലും സ്തുതികളും പ്രശംസകളും ധാരാളം കാണാം. പക്ഷേ ആരും പ്രശംസകരെ ''കാരണം കൂടാതെ മുഖസ്തുതി പറയുന്നതു തെററാണ്'' എന്നു പറഞ്ഞു തടഞ്ഞ സംഭവം ഉണ്ടായിട്ടില്ല.

## അർച്ചി, അർച്ചന

പൃഥുവിൻെറ ഭാര്യ എവിടെ നിന്നും, എങ്ങനെ വന്നു എന്ന കാര്യം മഹാഭാരതത്തിലും പുരാണങ്ങളിലും കാണാൻ കഴിഞ്ഞില്ല. വേനിൻെറ വലതു കൈയിൽ നിന്നും പൃഥു ഉണ്ടായപ്പോൾ തന്നെ സർവ്വാലങ്കാര വിഭൂഷിതയായി അദ്ദേഹത്തിൻെറ റാണിയും പ്രത്യക്ഷപ്പെട്ടു എന്നുമാത്രം ശ്രീമദ് ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട്. ഞാൻ അർച്ചിയെ ഒരു ആശ്രമ കന്യകയായും ഗർഗ്ഗമുനിയുടെ ദത്തുപുത്രിയായും അവതരിപ്പിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ആശ്രമകന്യകമാരെപ്പററി പ്രാചീനകഥകളിൽ പലയിടത്തും പറഞ്ഞിട്ടുണ്ട്. ശകുന്തളയുടെ കഥ വളരെ പ്രസിദ്ധമാണല്ലൊ.

## ഉർവ്വി, ഭൂമി, പൃഥ്വി

പൃഥുവിൻെറ കഥയിലെ ഒരു അസാധാരണ സന്ദർഭമാണ് പൃഥു ഭൂമിയെ ഉദ്ബോധിപ്പിക്കുന്ന ഭാഗം. പൃഥുവിൽ നിന്നു രക്ഷനേടാനായി ഭൂമി പശുവിൻെറ രൂപം ധരിച്ച് ഓടി. ഒടുവിൽ ഭയചകിതയായി അവൾ അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അവൾ അദ്ദേഹത്തോട് എന്തുകൊണ്ട് താൻ തൻെറ ധനവും സമ്പത്തും വിത്തും പുറത്തുകാട്ടുന്നില്ല എന്നു പറഞ്ഞു. ഈ പ്രതീകകഥ നന്നായിരിക്കുന്നു. ആദ്യം ഈ ഭാഗം സ്വപ്നരംഗമായി ചിത്രീകരിക്കാൻ ഞാൻ ആലോചിച്ചു. പക്ഷേ പൃഥു ഭൂമിയെ സമതലമാക്കി കൃഷിക്കുവേണ്ട ഏർപ്പാടുകൾ ചെയ്തു എന്നും ഭൂമിയുടെ സമ്പത്തിനെ വിഭിന്നരീതിയിൽ ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്തു എന്നും മഹാഭാരതത്തിലും മററു പുരാണങ്ങളിലും പറഞ്ഞിട്ടുള്ള സ്ഥിതിക്ക്, സ്വപ്നരംഗത്തെക്കാൾ നല്ലതു് ഏതെങ്കിലും കഥാപാത്രത്തെ പ്രതീകമായി അവതരിപ്പിക്കുകയാവും എന്നെനിക്കു തോന്നി.

ഉർവ്വി എന്ന വാക്കിൻെറ അർത്ഥം ഭൂമി എന്നുതന്നെയാണ്. ഈ കഥാപാത്രം യാഥാർത്ഥ്യത്തിൻേറയും പ്രതീകത്തിൻേറയും കർമ്മത്തിൻേറയും സങ്കല്പത്തിൻേറയും രണ്ടു വ്യത്യസ്ത ബിന്ദുക്കളുടെ മദ്ധ്യത്തിൽ വിഹരിക്കുന്നു. ഉർവ്വി ഭൂമിയുടെ ആത്മാവാണ്. ഉർവ്വി പുരുഷാർത്ഥത്തിനു വെല്ലുവിളിയാണ്. ഉർവ്വി ജനജീവിതത്തിൻെറ അന്തർധ്വനിയാണ്.

അതുകൊണ്ട് ഉർവ്വി എന്ന മാദ്ധ്യമത്തിൽക്കൂടി ഞാൻ നാടൻ പാട്ടുകളുടെ രാഗം ആലപിക്കാൻ ശ്രമിച്ചു ('സ്വർണ്ണത്തളികയൊരുക്കി' എന്ന പ്രയോഗത്തിൽ ഒരു മൈഥിലി ഗീതത്തിൻെറ സ്വാധീനമുണ്ട്). ഭൂചണ്ഡിക അഥവാ ദേവിയുടെ ഉന്മാദനൃത്തവും ഭൂമിയെ കറക്കുന്ന ഭാഗവും അങ്ങനെ അവതരിപ്പിച്ചു.

പൃഥു

പൃഥുവിൻെറ വംശം ഏതാണെന്നും ഞാൻ ചിലതു് ഊഹിച്ചു. ഹിമാലയത്തിൽ ബിയാസിനും സത്‌ലജിനും മദ്ധ്യേ ത്രിഗർത്തത്തിലെയോ കലൂതത്തിലെയോ (ഇപ്പോൾ ഇവയെ കാംഗ്ഡാ എന്നും കലു എന്നും വിളിക്കുന്നു) ആര്യകുലത്തിലാണ് അദ്ദേഹം ഉണ്ടായതു്. വേനിനുശേഷം രാജാവിനെ അന്വേഷിച്ചു നടന്ന മുനിമാർ അദ്ദേഹത്തിൽ രാജകീയ ഗുണങ്ങൾ കണ്ടു് അദ്ദേഹത്തെ വേനിൻെറ ഭുജാപുത്രനായി പ്രഖ്യാപിച്ചു. ഡാ. വാസുദേവശരൺ അഗ്രവാൾ തൻെറ 'ഭാരതസാവിത്രി', 'ഭാരതത്തിൻെറ മൗലിക ഏകത' എന്നീ ഗ്രന്ഥങ്ങളിൽ ത്രിഗർത്തത്തെപ്പററി പരാമർശിച്ചിട്ടുണ്ടു്. കാംഗ്ഡാ—കലൂപ്രദേശം പൗരാണിക കാലത്തെ പർവ്വതാശ്രയീപ്രദേശമായിരിക്കുമെന്നും അദ്ദേഹം കരുതുന്നു. ഇവിടത്തെ ജനപദങ്ങളിൽ ത്രിഗർത്തം — അതായതു് റാവി, ബിയസ്, സത്‌ലജ് ഈ മൂന്നു നദികളുടെ സംയുക്തപ്രദേശ —പ്രധാനമാണ്. അദ്ദേഹം കലൂതത്തിലെ ദേവപ്രസ്ഥവംശത്തെപ്പററിയും പറഞ്ഞിട്ടുണ്ടു്. അതിനടുത്താണ് കിന്നരന്മാരുടെ നിവാസസ്ഥാനം. അവിടെ പലവിധ ഉത്സവങ്ങളും ആഘോഷങ്ങളും പതിവുണ്ടായിരുന്നു.

പുരാണങ്ങളിൽ പൃഥുവിനെ ദൃഢ സങ്കല്പവാനും സത്യപ്രതീകവും മഹാനായ വിജേതാവും ബ്രാഹ്മണഭക്തനും ശരണാഗതവത്സലനും ദണ്ഡപാണിയായ അവതാരപുരുഷനും ആയി ചിത്രീകരിച്ചിട്ടുണ്ടു്. പക്ഷേ ഇതിലൊക്കെ മഹത്തും പ്രാമാണികവുമാണ് ഉത്പാദനം വർദ്ധിച്ച, ഭൂമിയെ സമതലമാക്കി അതിൻെറ ആർദ്രത വർദ്ധിപ്പിച്ച കൃഷിയുടേയും ജലസേചനത്തിൻേറയും ഭൂഗർഭ ശാസ്ത്രത്തിൻേറയും പ്രമുഖ നേതാവായ പൃഥുവിൻെറ രൂപം. മഹാഭാരതത്തിലും പുരാണത്തിലും ശതപഥ ബ്രാഹ്മണത്തിലും മററും ഈ പൃഥുവിനെ ശരിക്കും വർണ്ണിച്ചിട്ടുണ്ടു്. എന്നെ ഈ പൃഥുവാണ് ആകർഷിച്ചതു്.

പക്ഷേ നാടകത്തിൽ പൃഥു മററു ചിലതു കൂടിയാണ്. അദ്ദേഹം വിഭിന്ന വൈഷമ്യങ്ങളുടേയും ആകർഷണങ്ങളുടേയും ബിന്ദുവാണ്. പ്രകൃതിയുടെ നി

ശ്ചലമായ മടിയിൽ ലയിച്ച ചേരാനാഗ്രഹിക്കുന്ന ഹിമാലയത്തിന്റെ പുത്രനാണ്. പുരുഷാർത്ഥത്തിന്റേയും ശൗര്യത്തിന്റേയും ഇരിപ്പിടമായ ആര്യയുവാവാണ്. ഒരു സമീകൃത സംസ്കാരം സ്വപ്നം കാണുന്ന, നിഷാദ കിന്നര—ആര്യേതരജാതിക്കാരുടെ ബന്ധുവാണ്. ചക്രവർത്തിയും അവതാരവും ആകാൻ നിർബന്ധിതനായ അദ്ദേഹം ദാരിദ്ര്യത്തിന്റെ ശത്രുവും നിർമ്മാണത്തിന്റെ വിധാതാവുമാണ്........അദ്ദേഹം ആരാണെന്നു ഞാൻ ഇനി കൂടുതൽ സൂചനകൾ നല്കുന്നില്ല.

## സൂത്രധാരനും നടിയും

'കൊണാർക്കിൽ' 'വൃന്ദവാർത്തികനെ' ഞാൻ കഥയുടെ പൂർവ്വരൂപം നൽകുന്നവനും കഥാസന്ദർഭങ്ങളെ കൂട്ടി ഇണക്കുന്ന കണ്ണിയുമായി അവതരിപ്പിച്ചു. 'ആദ്യത്തെ രാജാ'വിലെ സൂത്രധാരനിലും നടിയിലും ഗ്രീക്ക് കോറസ്, അസമിയാ അങ്കയാനാട്ടിലെ സൂത്രധാരനും സംഗിയും, പുരാണ മഹാഭാരതങ്ങളിലെ വൈശമ്പായനൻ, സൂത—ശൗനകന്മാർ എല്ലാത്തിന്റേയും അംശമുണ്ട്. അവരുടെ സംഭാഷണങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ദർശനം—കൺസിസ്റ്റന്റ് ഫിലോസഫി—അന്വേഷിക്കുന്നതു വ്യർത്ഥമാവും. അനേകം കണ്ണാടിച്ചില്ലുകൾ പോലെ ചിതറിക്കിടക്കുന്ന അവരുടെ സംഭാഷണം കുറെയൊക്കെ കഥാപാത്രങ്ങളുടെ മനസ്സ് പ്രതിഫലിപ്പിക്കുന്നുണ്ട്. അവരുടെ സന്ദർഭപ്രാധാന്യം ബാഹ്യത്തേക്കാളമധികം ആന്തരികമാണ്.

# അർദ്ധം-അപൂർണ്ണം

മോഹൻ രാകേശ്

# അർദ്ധം-അപൂർണ്ണം

## കഥാപാത്രങ്ങൾ

ക. സൂ. ആ. (കറുത്ത സൂട്ടിട്ട ആറം): ഇദ്ദേഹം ഒന്നാമൻ, രണ്ടാമൻ, മൂന്നാമൻ, നാലാമൻ എന്നീ വേഷങ്ങളിലും വരുന്നു. പ്രായം ഏതാണ്ട് 49–50 വയസ്സ് വരും. മുഖത്തെ മാന്യതയിൽ ഒരു വ്യംഗ്യഭാവം. ഒന്നാമൻെറ വേഷത്തിൽ മാററം. പാൻറും ഷർട്ടും. ജീവിതസമരത്തിൽ പരാജയപ്പെട്ടതിൻെറ പ്രയാസം കാണാം. രണ്ടാമൻെറ വേഷം പാൻറും കോട്ടും. സ്വയം സന്തുഷ്ടനാണെങ്കിലും സംശയാലു കൂടിയാണ്. മൂന്നാമൻെറ വേഷം പാൻറും ടീഷർട്ടും. കൈയിൽ സിഗററു ടിൻ. തുടർച്ചയായി സിഗററു വലിക്കുന്നു. സ്വന്തം സൗകര്യമനുസരിച്ച് ജീവിക്കുക എന്ന തത്വശാസ്ത്രം ഹാവഭാവങ്ങളിൽ ആകെ കാണാം. നാലാമൻെറ വേഷം പാൻറും പഴയമട്ടിലുള്ള നീണ്ട കോട്ടും. മുഖത്ത് മുതിർന്ന ആളാണെന്ന ഭാവം. ഒപ്പം സൂത്രശാലിത്വവും.

സ്ത്രീ: പ്രായം നാല്പതോടടുത്തിരിക്കുന്നു. മുഖത്ത് യൗവനത്തിൻെറ തിളക്കവും ആവേശവും ഇപ്പോഴും ബാക്കിയുണ്ട്. സാധാരണ മട്ടിലുള്ള ബ്ലൗസും സാരിയും ആണെങ്കിൽ കൂടി അതു കലാബോധത്തോടെ ധരിച്ചിരിക്കുന്നു. വിശേഷ അവസരങ്ങളിൽ ഉടുക്കാൻ വെണ്ട സാരിയുണ്ട്.

മൂത്തമകൾ: പ്രായം ഇരുപതിൽ കൂടുതലില്ല. പരിതസ്ഥിതികളോട് മല്ലിടുന്നതിന്റെ ക്ഷീണവും തളർച്ചയും കാണാം. ചിലപ്പോഴൊക്കെ പ്രായത്തിൽ കവിഞ്ഞ പക്വത. അമ്മയെപ്പോലെ സാധാരണ സാരി. വ്യക്തിത്വത്തിൽ ആകെ കൂടി ഒരു ശൈഥില്യം.

ഇളയമകൾ: പന്ത്രണ്ടിനും പതിമൂന്നിനും ഇടയ്ക്കു പ്രായം. ഭാവത്തിലും നടപ്പിലും സ്വരത്തിലും നിഷേധം കാണാം. ചന്തമുള്ള ഫ്രോക്ക്. പക്ഷേ കാലിലെ ഒരു സോക്സ് കീറിയതാണ്.

മകൻ: കഷ്ടിച്ച് ഇരുപത്തിയൊന്നു വയസ്സ്. പാൻറിനകത്തേക്കു ഇട്ട കടും നിറത്തിലുള്ള ഷർട്ട് വല്ലാതെ ഉടഞ്ഞിരിക്കുന്നു. മുഖഭാവത്തിൽ, ചിരിയിൽ പോലും ഒരു പ്രത്യേക വെറുപ്പ്.

ഇടത്തരം വീടിന്റെ നിലവാരത്തിൽ നിന്നും കുറെ കൂടി താഴ്ന്ന നിലവാരത്തിലെത്തിച്ചേർന്ന വീട്.

എല്ലാ ആവശ്യങ്ങൾക്കുമായി ഉപയോഗിക്കുന്ന ഒരു മുറി. അതിൽ ആ വീടിന്റെ അസ്തമിച്ചുപോയ പ്രതാപത്തിന്റെ അവശിഷ്ടങ്ങളെന്നോണം സോഫാസെററും ഡൈനിംഗ് ടേബിളും കപ്പ്ബോർഡും ഡ്രസ്സിംഗ് ടേബിളും മററും അവിടവിടങ്ങളിലായി സ്ഥാനം പിടിച്ചിരിക്കുന്നു. ഉപകരണങ്ങൾക്കു അവയുടെ സൗകര്യമനുസരിച്ചല്ല മുറിയുടെ സൗകര്യം അനുസരിച്ചാണ് സ്ഥാനം കൊടുത്തിരിക്കുന്നത്. ഒരു ഉപകരണത്തിന് മറെറാന്നുമായുള്ള ബന്ധം താല്ക്കാലിക സൗകര്യത്തിന്റെ പേരിൽ ഇല്ലാതായിരിക്കുന്നു. പക്ഷേ ആ സൗകര്യം തന്നെ മററു പല അസൗകര്യങ്ങളെ യോജിപ്പിച്ചു കൊണ്ടുള്ളതാണ്. മാത്രമല്ല ചില അസൗകര്യങ്ങളിൽ തന്നെ സൗകര്യം കണ്ടെത്തിയിരിക്കുകയാണ്. സാമാനങ്ങളിൽ ഒരു ടീപ്പോയിയും ഒന്നുരണ്ടു സ്റ്റൂളും, കീറിപ്പറിഞ്ഞ പുസ്തകങ്ങളുടെ ഒരു ഷെൽഫും പഠനമേശയും കസേരയും അങ്ങിങ്ങായി കാണാം. മെത്തകളും കർട്ടനുകളും മേശവിരികളും കിടക്കവിരികളും വളരെ പഴകിയതാണ്. അവ ഇല്ലാതിരിക്കുന്നത് ഉണ്ടായിരിക്കുന്നതിനേക്കാൾ ഭേദമായിരിക്കും എന്നു് തോന്നിപ്പോകും.

മുറിയിലേക്കു മൂന്നു വാതിലുകൾ ഉണ്ട്. ഒന്നു മുറിയുടെ പുറകിലോട്ടുള്ള മുററത്തേക്കും, രണ്ടാമത്തേതു അകത്തെ മുറിയിലേക്കും, മൂന്നാമത്തേതു പുറത്തേക്കുമാണ്. അടുക്കളയിലോട്ടു പോകണമെങ്കിൽ മുററത്തുകൂടി പോയേ ഒക്കൂ.

കർട്ടൻ ഉയരുമ്പോൾ ഡൈനിംഗ് ടേബിളിൽ ചായകുടി കഴിഞ്ഞു വച്ച പകുതി പൊട്ടിയ ടീ—സെററാണ് ആദ്യം കാണുക. പിന്നെ കീറിയ പുസ്തകങ്ങളും ഒടിഞ്ഞ കസേരയും. അല്പം കഴിഞ്ഞു് പ്രകാശം സോഫയുടെ നടുക്കു പതിയുന്നു. അവിടെ കറുത്ത സൂട്ടിട്ട ആൾ ഇരുന്നു സിഗാററു വലിക്കുന്നു.

പ്രകാശം അയാളിൽ തന്നെ കേന്ദ്രീകരിക്കുന്നു. ഇടയ്ക്കിടയ്ക്കു മുറിയുടെ ചില കോണുകളിലേക്കു പ്രകാശം പരക്കുന്നു.

ക. സു ആ.— (അന്തർമ്മുഖനായി സിഗററിൻെറ ചാരം തട്ടിക്കൊണ്ട്) വീണ്ടും ഒരിക്കൽ, വീണ്ടും ഒരിക്കൽ കൂടി അതേ തുടക്കം.........

(പ്രയാസപ്പെട്ട് ചുമതലാബോധം വീണ്ടെടുത്തുകൊണ്ട് സോഫയിൽ നിന്നും എഴുന്നേൽക്കുന്നു.)

ഞാനാരാണ്, പറയാൻ പോകുന്നതു് എന്താണ് എന്നിവയെപ്പററി നിങ്ങരം എന്തു ധരിക്കുമെന്നു എനിക്കറിയില്ല. ഞാൻ ഈ നാടകത്തിലെ ഒരു നിശ്ചിത വ്യക്തിയാണെന്നു നിങ്ങരം ഒരുപക്ഷേ വിചാരിച്ചേക്കും. നടനോ അവതാരകനോ മാനേജരോ അഥവാ മററാരെങ്കിലുമോ. പക്ഷേ എനിക്കു ഈ നാടകത്തെപ്പററി എന്നതുപോലെ തന്നെ എന്നെപ്പററിയും നിശ്ചിതമായി യാതൊന്നും പറയാൻ കഴിയില്ല. കാരണം ഈ നാടകവും എന്നെപ്പോലെ അനിശ്ചിതമാണ്. അനിശ്ചിതമാകാനുള്ള കാരണം പറയാം......പക്ഷേ കാരണം പറയുക വ്യർത്ഥമാണ്. ഓരോ കാര്യത്തിനും എന്തെങ്കിലും ഒരു കാരണം കാണും. പക്ഷേ ആ പറയുന്ന കാരണം തന്നെ യഥാർത്ഥ കാരണമാകണമെന്നില്ല. എനിക്കു എൻെറ കാര്യത്തിൽ തന്നെ നിശ്ചിതത്വമില്ലെങ്കിൽ പിന്നെ മറേറതെങ്കിലും കാര്യത്തിൻെറ കാരണത്തേയും അകാരണത്തേയും പററി എങ്ങനെ നിശ്ചിതത്വമുണ്ടാകും?

(സിഗററിൻെറ പുക വിട്ടുകൊണ്ട് അല്പനേരം ആലോചിച്ചു നില്ക്കുന്നു.)

ഞാൻ യഥാർത്ഥത്തിൽ ആരാണ്? ഇവിടെ വന്നിട്ടു ഞാൻ ഈ ചോദ്യം ഉപേക്ഷിച്ചിരിക്കുകയാണ്. ഇവിടെ ഈ വേദിയിൽ ഞാൻ എങ്ങനെയാണോ, വെളിയിൽ അങ്ങനെയല്ല. വെളിയിൽ എങ്ങനെയാണോ.....പോട്ടെ, ഞാൻ ഇതിനുവെളിയിൽ എന്താണെന്നു അറിയാൻ നിങ്ങരംക്കു താല്പര്യം കാണില്ല. റോഡിൽ ഫുട്പാത്തിൽ കൂടി നടക്കുമ്പോരം നിങ്ങരം പെട്ടെന്നു കണ്ടുമുട്ടുന്ന ആളാണു ഞാൻ എന്നു പറഞ്ഞാൽ മതിയായിരിക്കും. നിങ്ങരം എന്നെ വെറുതേ തുറിച്ചു നോക്കും. അതല്ലാതെ ഞാൻ എവിടെ താമസിക്കുന്നു, എന്തു ജോലി ചെയ്യുന്നു, ആരെയൊക്കെ കാണുന്നു, ഏതു പരിതസ്ഥിതികളിൽ ജീവിക്കുന്നു എന്നൊക്കെ അറിയാൻ താല്പര്യം കാണില്ല. കാരണം എനിക്കു് നിങ്ങളുമായി ബന്ധമില്ല. കണ്ടുമുട്ടുന്ന സമയം ഞാൻ നിങ്ങരംക്കു് എങ്ങനെയാണോ അതേ പോലെയാണു നിങ്ങരം എനിക്കും. അതുകൊണ്ടു ഞാൻ ഇപ്പോരം എവിടെ നില്ക്കുന്നുവോ അവിടെ, എൻെറ സ്ഥാനത്തു് നിങ്ങളുമാവാം. കണ്ടുമുട്ടുന്ന രണ്ടു വ്യക്തികളെന്ന നിലയ്ക്കു നാം തമ്മിൽ വളരെ സാമ്യമുണ്ട്. ഇതേ സാമ്യം നിങ്ങളിലും അയാളിലും അയാളുടെ അടുത്ത ആളിലും, അടുത്ത ആളിലും, എന്നിലും.......എങ്ങനെയായാലും ഈ കണക്കുകൂട്ടലിൽ യാതൊരർത്ഥവുമില്ല.

സംഗതി ഇത്രയേയുള്ള വിഭജിക്കപ്പെട്ടിട്ടും ഞാൻ ഏതെങ്കിലും തരത്തിൽ നിങ്ങളിൽ ഓരോരുത്തരുമാണ്. ഇതേ കാരണംകൊണ്ടുതന്നെ നാടകത്തിനു പുറത്തായാലും അകത്തായാലും എനിക്കു് നിശ്ചിതമായ ഒരു ഭാഗമില്ല.

(മുറിയിൽ ഒരിടത്തു നിന്നു മറെറാരിടത്തേക്കു നടക്കുന്നു)

ഈ നാടകവും എന്നെപ്പോലെ തന്നെ അനിശ്ചിതമാണെന്നു ഞാൻ പറഞ്ഞല്ലോ. അതിനു കാരണം, ഞാനിതിനകത്തുണ്ടു് എന്നതു തന്നെ. ഞാനുള്ളതുകൊണ്ടുമാത്രമാണ് ഇതിനകത്തു എല്ലാം നടക്കുന്നതും നടക്കാതിരിക്കുന്നതും. ഒരു പ്രത്യേക കുടുംബവും അതിൻെറ പ്രത്യേക പരിതസ്ഥിതികളും! കുടുംബം വേറെയായാൽ പരിതസ്ഥിതികൾ മാറും. പക്ഷേ ഞാൻ മാറില്ല. ഇതുപോലെ എല്ലാ കാര്യങ്ങളും നടത്തും. ഈ കുടുംബത്തിലെ സ്ത്രീയുടെ സ്ഥാനത്തു വേറൊരു സ്ത്രീ വേറെ വിധത്തിൽ എന്നെ നേരിടും. അഥവാ അവൾ എൻെറ ഭാഗം സ്വീകരിക്കുകയും ഞാൻ അവളുടെ ഭാഗം സ്വീകരിച്ച് അവളെ നേരിടുകയും ചെയ്യും. എന്നാലും നാടകം അവസാനം വരെ ഇത്രയും തന്നെ അനിശ്ചിതമായിരിക്കും. ഇതിൽ മുഖ്യഭാഗം ആരുടെയായിരുന്നെന്നു നിശ്ചയിക്കുക—ഞാനോ, ആ സ്ത്രീയോ, പരിതസ്ഥിതികളോ അതോ മൂന്നിൻെറ മദ്ധ്യത്തിലുയരുന്ന ചോദ്യങ്ങളോ— വളരെ പ്രയാസമായിരിക്കും.

(പിന്നീടു കാണികളുടെ മുമ്പിൽ വന്നു നില്ക്കുന്നു. സിഗാർ വായിൽ വച്ചുകൊണ്ടു് ഒരു നിമിഷം മുകളിലോട്ടു നോക്കുന്നു. പിന്നെ ഹ് ഹ് ശബ്ദത്തോടെ സിഗാർ വയിൽ നിന്നും എടുത്തു ചാരം തട്ടിക്കളയുന്നു.)

ഞാൻ ഒരു അനിശ്ചിതമായ നാടകത്തിൽ ഒരു അനിശ്ചിത കഥാപാത്രം ആയതിൻെറ സമാധാനം ബോധിപ്പിക്കുകയാണെന്നും വരാം. ഏതെങ്കിലും പാത്രങ്ങളെ ഒഴിവാക്കുകയോ ഒന്നു രണ്ടു പാത്രങ്ങളെ കൂട്ടിച്ചേർക്കുകയോ, കുറെ പാർട്ടുകൾ മാററുകയോ, കുറെ വരികൾ മാററുകയോ, കുറെ വരികൾ കൂട്ടുകയോ പരിതസ്ഥിതികളിൽ അല്പം മാററം വരുത്തുകയോ ചെയ്താൽ ഈ നാടകത്തിനു നിശ്ചിത രൂപം കിട്ടി എന്നു വരാം. മുഴുവൻ കണ്ടിട്ട്, അഥവാ അതിനു മുമ്പു തന്നെ നിങ്ങൾക്കു ഇക്കാര്യത്തിൽ കുറെ നിർദ്ദേശങ്ങൾ തരാൻ കഴിഞ്ഞു എന്നും വരാം. ഈ അനിശ്ചിത പാത്രത്തെ നിങ്ങൾ ഇതിനിടയ്ക്കു പല തവണ കാണും......

(നേരിയ അഭിവാദനത്തിൻെറ മട്ടിൽ തല കുലുക്കുന്നു. അതോടൊപ്പം അയാളുടെ രൂപം സാവധാനം മങ്ങി, ഇരുട്ടിൽ അപ്രത്യക്ഷമാകുന്നു. പിന്നെ മുറിയുടെ പ്രത്യേകം പ്രത്യേകം കോണുകൾ ഓരോന്നായി പ്രകാശിക്കുന്നു. ഒരേ മട്ടിലുള്ള പ്രകാശവ്യവസ്ഥയിൽ അവ ലയിക്കുന്നു. മുറി ശൂന്യമാണ്. ടീപ്പോയിൽ തുറന്നിട്ട ഒരു ഹൈസ്കൂൾ ബാഗ് കിടപ്പുണ്ടു്. അവയിൽ പകുതി പുസ്തകങ്ങളും നോട്ടുബുക്കുകളും പുറത്തു ചിന്നിച്ചിതറി കിടക്കുന്നു. സോഫയിൽ

ഒന്നോ രണ്ടോ പഴയ മാസികകളും ഒരു കത്രികയും ഏതാനും കീറിയ പടങ്ങളും വച്ചിട്ടുണ്ട്. ഒരു കസേരയുടെ പുറത്തു് ഊരിയിട്ട ഒരു പൈജാമ ആടുന്നുണ്ട്.

സ്ത്രീ എന്തൊക്കെയോ സാധനങ്ങളുമായി പുറത്തു നിന്നും വരുന്നു. അവയിൽ ചിലതു വീട്ടിലേയ്ക്കും, ചിലതു ഓഫീസിലേയ്ക്കും കുറച്ചു സ്വന്തവും ആണ്. മുഖത്തു്, പകൽ മുഴുവൻ ജോലി ചെയ്തതിന്റെ ക്ഷീണമുണ്ട്. ഇത്രയും സാധനങ്ങൾ കൂടെ കൊണ്ടുവന്നതിന്റെ പ്രയാസവും. കയറി വന്ന് സാധനങ്ങൾ കസേരയിൽ വച്ചിട്ടു മുറി മുഴുവൻ ഒന്നു നോക്കുന്നു.)

സ്ത്രീ:—(ക്ഷീണം പുറത്തു കാട്ടിക്കൊണ്ട്) ഓഹോ ഹോ ഹോ ഹോ ഹ്...! (അല്പം നിരാശയോടെ) വീണ്ടും വീട്ടിൽ ആരുമില്ല. (അകത്തെ വാതില്ക്കലേക്കു നോക്കിയിട്ട്) കിന്നീ!..... ആരു ഇല്ലെങ്കിൽ എങ്ങനെയാ വിളി കേൾക്കുക? (ടീപ്പോയിപ്പുറത്തെ ബാഗ് നോക്കിയിട്ട്) ഇതിന്റെ സ്ഥിതി ഇതാണ് (ബാഗിൽ നിന്നു ഒരു പുസ്തകം എടുത്തിട്ട്) വീണ്ടും ഒരു പുസ്തകം കീറിക്കൊണ്ടുവന്നു! എന്നും എന്നും പുതിയ പുസ്തകത്തിനു പണം എവിടെ? നാണമില്ലാത്തവൾ!

(സോഫയുടെ അടുത്തു വന്നിട്ട്) അശോക്ബാബു, ഇതാണ് സമ്പാദിക്കുന്നതു്! (ചിത്രങ്ങൾ എടുത്തു നേക്കുന്നു) എലിസബത്തു് ടെയ്ലർ........ ആഡ്രെഹെർബൺ.... ...ഷെർലിമാക്ലിൻ! ഈ ചിത്രങ്ങൾ നോക്കിക്കൊണ്ടാണ് ജീവിതം നയിക്കുന്നതു്.

(ചിത്രങ്ങൾ തിരിച്ചുവെച്ചിട്ട് ഇരിക്കാൻ തുടങ്ങുന്നു. പെട്ടെന്ന് തൂക്കിയിട്ടിരിക്കുന്ന പൈജാമയിലേക്കു ശ്രദ്ധ തിരിയുന്നു.)

(അങ്ങോട്ട് ചെന്നിട്ട്) ഗൃഹനാഥൻ കാണിച്ചുവച്ച പണി കണ്ടില്ലേ?

(ചത്ത ജന്തുവിനെ നോക്കുന്നപോലെ പൈജാമ എടുത്തു നോക്കുന്നു. വലിച്ചെറിയാൻ തുടങ്ങിയിട്ട് പെട്ടെന്നു അതു മടക്കിവയ്ക്കുന്നു.)

പകൽ മുഴുവൻ വീട്ടിൽകഴിയുന്ന മനുഷ്യൻ മറെറാന്നും ചെയ്തില്ലെങ്കിലും സ്വന്തം വസ്ത്രങ്ങൾ അടക്കിവെച്ചിരുന്നെങ്കിൽ മതിയായിരുന്നു.

(പൈജാമ അലമാരയിൽ വയ്ക്കുന്നതിനുമുമ്പ് ഡൈനിങ്ങ് ടേബിളിൽ വച്ചിരിക്കുന്ന ചായപ്പാത്രങ്ങൾ കണ്ടിട്ട് ദ്വേഷ്യം വരുന്നു. പൈജാമ കസേരയിൽതന്നെ എറിഞ്ഞിട്ട് കപ്പുകളും മററും എടുത്തു് ട്രേയിൽ വയ്ക്കുന്നു.)

ചായ കുടിച്ചുകഴിഞ്ഞാൽ പാത്രങ്ങൾ അടുക്കളയിൽ കൊണ്ടുവയ്ക്കുകപോലുമില്ല. ഞാൻ തന്നെ കൊണ്ടുപോകണം.........

(ട്രേ എടുത്തിട്ട് മുററത്തേക്കുള്ള വാതിലിന്റെ അടുത്തേക്കു പോകുന്നു. അവിടെനിന്നും ഒന്നാമൻ വരുന്നു. സ്ത്രീ പെട്ടെന്നു നിന്നിട്ടു നേരെ അയാളുടെ കണ്ണുകളിലേക്കു നോക്കുന്നു. പക്ഷേ അയാൾ കണ്ണുവെട്ടിച്ചു അരികത്തുകൂടി നടന്ന് അല്പം മുമ്പോട്ടുചെല്ലുന്നു.)

ഒന്നാമൻ—വന്നോ ആഫീസിൽനിന്നു്? ഇന്നു ബസു് വേഗം കിട്ടി എന്നു തോന്നുന്നല്ലോ?

സ്ത്രീ—(ട്രേ മേശപ്പുറത്തു വച്ചുകൊണ്ടു്) ഇതു കൊള്ളാം, ഓഫീസിൽ നിന്നു വന്നാൽ വീട്ടിൽ ആരേയും കാണുകയേ ഇല്ല. എവിടെപ്പോയിരുന്നു, നിങ്ങൾ?

ഒന്നാമൻ—എങ്ങും പോയില്ല. ഇവിടെത്തന്നെ പുറത്തുണ്ടായിരുന്നു. മാർക്കററിൽ.

സ്ത്രീ—(അയാളുടെ പൈജാമ കൈയിലെടുത്തുകൊണ്ടു്) ഈ വീട്ടിൽ കാര്യങ്ങൾ എങ്ങനെയാണെന്നു് ഒരു നിശ്ചയവുമില്ല. എന്നും വന്നാൽ നൂറു കൂട്ടം സാധനങ്ങൾ അവിടവിടെ ചിന്നിച്ചിതറിക്കിടക്കുന്നതുകാണാം.

ഒന്നാമൻ—(കൈനീട്ടിക്കൊണ്ടു്) തരൂ—അതിങ്ങുതരൂ.

സ്ത്രീ—(പൈജാമ കുടഞ്ഞു മടക്കിവച്ചുകൊണ്ടു്) ഇനിയും എന്തിനാ തരുന്നതു്? നേരത്തെതന്നെയങ്ങു ചെയ്യാമായിരുന്നല്ലൊ.

(ദേഷ്യത്തോടെ അലമാരി തുറന്നു് പൈജാമ അകത്തുവയ്ക്കുന്നു. ഒന്നാമൻ വെറുതെ അങ്ങോട്ടും ഇങ്ങോട്ടും നോക്കുന്നു. പിന്നെ ഒരു കസേരയുടെ പുറത്തു കൈവയ്ക്കുന്നു.)

(അലമാരയുടെ അടുത്തുനിന്നും വന്നു് ട്രേ എടുത്തുകൊണ്ടു്) ആരൊക്കെ ചായ കുടിച്ചു?

ഒന്നാമൻ—(അപരാധ സ്വരത്തിൽ) ഞാൻ മാത്രം.

സ്ത്രീ—ഒരാൾക്കു മാത്രം കുടിക്കാൻ ഈ ട്രേ മുഴുവൻ.....കിന്നിക്കു പാലു കൊടുത്തോ?

ഒന്നാമൻ—അവളെ ഇതുവരെ കണ്ടതേ ഇല്ല.

സ്ത്രീ—(ട്രേയും കൊണ്ടു പോകുന്നു) വീട്ടിൽ ഉണ്ടായെങ്കിലല്ലേ കാണൂ?

(മുററത്തേയ്ക്കുള്ള വാതിലിൽ കൂടി പുറകിൽ അടുക്കളയിലേക്കു പോകുന്നു. ഒന്നാമൻ 'ഹും' എന്നു നീട്ടിപ്പറഞ്ഞു കൊണ്ടു് കസേര ആട്ടുന്നു. സ്ത്രീ കൈ തുടച്ചുകൊണ്ടു് അടുക്കളയിൽ നിന്നും പുറത്തു വരുന്നു.)

ഒന്നാമൻ—ഞാൻ അല്പ സമയത്തേയ്ക്കേ പുറത്തു പോയുള്ളു.

സ്ത്രീ—(മററു സാധനങ്ങൾ നേരെയാക്കുന്ന ധൃതിയിൽ) എത്ര സമയത്തേക്കാണു പോയതെന്നു ഞാൻ എങ്ങനെ അറിയും?....അദ്ദേഹം ഇന്നു വീണ്ടും വരും അല്പസമയത്തിനുള്ളിൽ. അപ്പോൾ നിങ്ങൾ വീട്ടിൽ കാണുമല്ലോ?

ഒന്നാമൻ—(കൈ കാട്ടിക്കൊണ്ടു്) ആരാ വരുന്നതു്? സിംഘാനിയായോ?

സ്ത്രീ—അദ്ദേഹത്തിനു് ഇവിടെ എവിടെയോ ഡിന്നറിനു വരണം. അഞ്ചു മിനിട്ടു നേരത്തേയ്ക്കു ഇവിടെയും വരും.

(പുരുഷൻ ഒരിക്കൽ കൂടി 'ഹ്ഹും' എന്നു പറഞ്ഞുകൊണ്ടു് കസേര ആട്ടുന്നു.)

നിങ്ങളുടെ ഈ സ്വഭാവം എനിക്കിഷ്ടമല്ല. എത്ര പ്രാവശ്യം പറഞ്ഞു കഴിഞ്ഞു?

(പുരുഷൻ കസേരയിൽ നിന്നും കൈ എടുക്കുന്നു.)

ഒന്നാമൻ—അയാളോടു വരാൻ പറഞ്ഞതു നീ തന്നെയാവും.

സ്ത്രീ—പറയേണ്ടതു എൻെറ കടമയല്ലേ? എൻെറ ബോസല്ലേ അദ്ദേഹം.

ഒന്നാമൻ—ബോസാണെന്നു വിചാരിച്ച്.....

സ്ത്രീ—നിങ്ങൾക്കു കൂടുതലറിയാമോ? അദ്ദേഹത്തിൻെറ കീഴിൽ ജോലി ചെയ്യുന്നതു ഞാനല്ലേ.

(ഒന്നാമൻ കസേര ആട്ടാൻ ഭാവിച്ചിട്ടു് പെട്ടെന്നു കൈ വലിക്കുന്നു.)

ഒന്നാമൻ—എപ്പോൾ വരും?

സ്ത്രീ—അറിയില്ല, ഈ വഴി കടന്നു പോകുമ്പോൾ എപ്പോഴെങ്കിലും.

ഒന്നാമൻ—(പതിഞ്ഞ സ്വരത്തിൽ) അതു കൊള്ളാം......

സ്ത്രീ—അദ്ദേഹം രണ്ടു പ്രാവശ്യം ഇവിടെ വന്നതു കൊണ്ടു് ആളുകൾക്കു എന്നോടു് അസൂയയാണു്. ഇന്നു മൂന്നാമത്തെ പ്രാവശ്യം ആവും വരിക.

(കത്രികയും മാഗസിനും ചിത്രങ്ങളും ഒക്കെ ഒന്നിച്ചു ചേർത്തു പഠനമേശയുടെ വലിപ്പിൽ വയ്ക്കുന്നു. പുസ്തകങ്ങൾ ബാഗിൽ അടച്ചിട്ടു് അതു നേരെ വയ്ക്കുന്നു.)

ഒന്നാമൻ—അപ്പോൾ അയാൾ ഇവിടെ വരുന്ന കാര്യം മററുള്ളവർക്കും അറിയാമോ?

സ്ത്രീ—(ഭർത്താവിനെ തുറിച്ചു നോക്കിക്കൊണ്ടു്) എന്താ, മോശമായ കാര്യമാണോ?

ഒന്നാ—മോശമായ കാര്യമാണെന്നു ഞാൻ പറഞ്ഞോ? ഞാൻ പറയുന്നതു നല്ല കാര്യം ആണെന്നാണു്.

സ്ത്രീ—നിങ്ങൾ പറയുന്നതിൻെറ ഒക്കെ അർത്ഥം എനിക്കു മനസ്സിലാകുന്നുണ്ടു്.

ഒന്നാ—എങ്കിൽ ഞാൻ ഒന്നും പറയാതെ മിണ്ടാതെ ഇരിക്കുകയാവും നല്ലതു്. മിണ്ടാതിരുന്നാൽ അപ്പോൾ........

സ്ത്രീ—നിങ്ങൾ മിണ്ടാതിരിക്കുകയോ! മററു വല്ലവരുമായിരിക്കണം.

(സ്വന്തം സാധനങ്ങൾ കസേരയിൽ നിന്നും എടുത്തു യഥാസ്ഥാനങ്ങളിൽ വയ്ക്കുന്നു.)

ഒന്നാ—മുമ്പ് അയാാം വന്നിട്ടുള്ളപ്പോഠം എപ്പോഴെങ്കിലും ഞാൻ നിന്നോട്ട എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

സ്ത്രീ—സ്വന്തം ലജ്ജകൊണ്ട്! രണ്ടു പ്രാവശ്യം നിങ്ങഠം വീട്ടിലില്ലായിരുന്നല്ലോ!

ഒന്നാ—അതിനെന്താ? പുരുഷന്മാർക്ക് പുറത്തു ജോലി ഒന്നും ഉണ്ടായിക്കൂടെന്നുണ്ടോ?

സ്ത്രീ—(ധൃതിയിൽ) ഇന്നും നിങ്ങഠംക്ക് എന്തെങ്കിലും കാണും.

ഒന്നാ—(നിസ്സാരമട്ടിൽ) ഇന്നും എനിക്കു പുറത്തുപോകേണ്ട കാര്യമുണ്ട്.... പക്ഷേ ഞാൻ ഇവിടെ ഉണ്ടാകേണ്ടതു് അത്യാവശ്യമാണെന്നു നീ കരുതുന്നെങ്കിൽ.........

സ്ത്രീ—എനിക്കു വേണ്ടി നില്ക്കണമെന്നില്ല. (മുറിയിൽ മറെറന്തെങ്കിലും ചെയ്യാൻ ബാക്കിയുണ്ടോ എന്നു നോക്കുന്നു.) നിങ്ങഠംക്ക് ഇനിയും ചായ വേണോ? ഞാൻ എനിക്കു ഉണ്ടാക്കാൻ പോകുന്നു.

ഒന്നാ—ഉണ്ടാക്കുന്നെങ്കിൽ എനിക്കും ഒരു കപ്പ് ആകാം.......

(സ്ത്രീ മുററത്തേക്കുള്ള വാതില്ക്കലേക്കു പോകാൻ തുടങ്ങുന്നു) ഒന്നു നില്ക്കൂ.

(സ്ത്രീ നിന്നിട്ടു അയാളുടെ നേരെ നോക്കുന്നു)

നിങ്ങളുടെ ഓഫീസിൽ പണിമുടക്കു ഉണ്ടാകുമെന്നു പറഞ്ഞതു എന്തായി?

സ്ത്രീ—ഉണ്ടാകുമ്പോഠം നിങ്ങഠം അറിയും.

ഒന്നാ—പക്ഷേ ഉണ്ടാകുമോ?

സ്ത്രീ—നിങ്ങഠം അതു പ്രതീക്ഷിച്ചിരിക്കുകയാണോ?

(പോകുന്നു. പുരുഷൻ താൻ ജോലിത്തിരക്കിലാണെന്നു കാണിക്കാനായി അങ്ങോട്ടുമിങ്ങോട്ടും തലയുയർത്തി നോക്കുന്നു. പിന്നെ, പെട്ടെന്ന് ഓർത്തിട്ടെന്നവണ്ണം പോക്കററിൽ നിന്നു സായാഹ്നപത്രം എടുത്തു നിവർക്കുന്നു. തലവാചകം ഓരോന്നായി വായിക്കുന്നതിനനുസരിച്ച് മുഖഭാവം മാറിക്കൊണ്ടിരിക്കുന്നു. ഉത്സാഹവും പരിഹാസവും പിരിമുറുക്കവും തളർച്ചയും വരുന്നതിനനുസരിച്ചു 'കൊള്ളാം ഭേഷ്' 'തകർത്തു കളഞ്ഞു' 'നോക്കൂ' 'ഇനിയുമോ?' എന്നിങ്ങനെയുള്ള വാക്കുകഠം പറയുന്നു. സ്ത്രീ അടുക്കളയിൽ നിന്നും തിരിച്ചുവരുന്നു.)

ഒന്നാ—(പത്രം മാററിയിട്ടു സ്ത്രീയെ നോക്കുന്നു) പണിമുടക്ക് ഈയിടെ എല്ലായിടത്തും ഉണ്ട്. ഇതിൽ നോക്കൂ.

സ്ത്രീ—(അതിൽ ശ്രദ്ധിക്കാതെ) നിങ്ങഠംക്കു സത്യത്തിൽ എങ്ങോട്ടെങ്കിലും പോകാനുണ്ടോ? എവിടെയോ പോകുന്ന കാര്യം പറഞ്ഞല്ലോ.

ഒന്നാ—ജ്ഞനേജയുടെ അടുത്തുവരെ പോയിട്ടു വരാം എന്നു വിചാരിച്ചു.

സ്ത്രീ—ഓാ? ജനേജയുടെ അടുത്തോ?......പേരയിട്ടു വരൂ.

ഒന്നാ—തൽക്കാലം അയാറംക്കു കൊടുക്കാൻ പണം ഇല്ല. അതുകൊണ്ടു കുറഞ്ഞപക്ഷം മുഖംകാണിക്കുകയെങ്കിലും ചെയ്യണം.

സ്ത്രീ—അതേ...േ...േ...മുഖം കാണിച്ചുവരൂ.

ഒന്നാ—അയാറം ആറു മാസം വിദേശത്തു താമസിച്ചിട്ടുവന്നിരിക്കുകയാണ്. എന്തെങ്കിലും പുതിയ വ്യവസായം തുടങ്ങാൻ ആലോചിക്കുന്നുണ്ടാവും. അതിൽ എനിക്കും ... ....

സ്ത്രീ—നിങ്ങറംക്കുവേണ്ടി അയാറം ജീവിതത്തിൽ എന്തൊക്കെ ചെയ്യുമെന്നു കണ്ടറിയണം! നേരത്തെ ചെയ്യതുതന്നെ കുറച്ചൊന്നുമല്ലല്ലോ.

(ബ്രഷ് എടുത്തു കസേരകളും മററും തുടയ്ക്കുന്നു.)

ഈ വീട്ടിൽ എപ്പോഴും എന്തു പൊടിയാണ്. എവിടെനിന്നാ വരുന്നതെന്നു അറിയാനും വയ്യ!

ഒന്നാ—നീ ആ മനുഷ്യനെ വല്ലാതെ ശപിച്ചുകൊണ്ടിരിക്കുന്നു. അയാറം സ്വന്തം നിലയിൽ എല്ലായ്പ്പോഴും എന്നെ സഹായിച്ചിട്ടുണ്ട്.

സ്ത്രീ—സഹായിച്ചില്ലായിരുന്നെങ്കിൽ, ആ സഹായം കൊണ്ടു ഇത്രയും നഷ്ടം സഹിക്കേണ്ടിവരില്ലായിരുന്നല്ലോ.

ഒന്നാ—(പിണങ്ങി സോഫയിൽ ഇരിക്കുന്നു.) എങ്കിൽ ഞാൻ പോകുന്നില്ല. എൻെറ സ്വന്തം കാര്യത്തിനായിട്ടാണോ ഞാൻ പോകുന്നതു്! ഇതുവരെ ഭാഗ്യം നമ്മെ അനുഗ്രഹിച്ചില്ല എന്നതുകൊണ്ടു മേലിലും........

സ്ത്രീ—ഇവിടെനിന്നു എണീക്കൂ. ഞാനൊന്നു തുത്തുവാരട്ടെ.

(ഒന്നാമൻ എണീററിട്ടു വീണ്ടും ഇരിക്കാൻ തയ്യാറായി നിൽക്കുന്നു.)

ആ കസേരയിൽ പോയിരിക്കൂ. അതു വൃത്തിയാക്കി.

(ഒന്നാമൻ ശകാരിക്കുന്ന മട്ടിൽ അവളെ നോക്കിയിട്ടു ആ കസേരയിൽ പോയി ഇരിക്കുന്നു.)

(പിറുപിറുക്കുന്നു.) ആദ്യം പ്രസ്സ് തുടങ്ങി. പററിയതുപററി. രണ്ടാമത്തെ പ്രാവശ്യം എന്തുപററി? നിങ്ങറം മുടക്കിയ പണംതന്നെ ജനേജയും മുടക്കി. ഒരേ ഫാക്ടറിതന്നെ തുടങ്ങി. ഒരേയിടത്തു പണമിടപാടുകാം നടത്തി. എന്നിട്ടും ഭാഗ്യം അയാളെ കടാക്ഷിച്ചു. നിങ്ങളെ കടാക്ഷിച്ചില്ല.

ഒന്നാ—(ദേഷ്യപ്പെട്ടു് എണീക്കുന്നു) നീ പറയുന്നതു കേട്ടാൽ തോന്നും.....

സ്ത്രീ—എന്താ എണീററതു്?

ഒന്നാ—എന്താ എനിക്കു എണീററുനില്ക്കാൻ വയ്യേ?

സ്ത്രീ—(അല്പം നിത്തി തിരസ്കാരപൂർണ്ണസ്വരത്തിൽ) ആകാം. പക്ഷേ വീട്ടിനകത്തു മാത്രം!

ഒന്നാ—(ദേഷ്യം ഉള്ളിലൊതുക്കിക്കൊണ്ട്) എന്റെ സ്ഥാനത്തു ഫാക്ടറിയുടെ പാർട്ട്നർ നീ അല്ലായിരുന്നെങ്കിൽ, നീ അറിഞ്ഞേനേ......

സ്ത്രീ—ഞാൻ ഇപ്പോഴും അറിയുന്നുണ്ട്. അറിയുന്നില്ലേ?

ഒന്നാ—(പിറുപിറുത്തുകൊണ്ട്) അന്നു ഫാക്ടറിയിൽ നിന്നു എന്തു പണം എടുത്തു? മുടക്കിയതു മുഴുവൻ ആദ്യം തന്നെ എടുത്തുതിന്നു. എന്നിട്ട്.....

സ്ത്രീ— ആരുതിന്നു? ഞാനോ?

ഒന്നാ— അല്ല. ഞാൻ. അന്നു ഈ വീട്ടിൽ എന്തു ചെലവായിരുന്നെന്നു അറിയാമോ? നാനൂറുരൂപ മാസം വീട്ടുവാടക. വരവും പോക്കും ഒക്കെ ടാക്സിയിൽ. തവണകളടച്ച് ഫ്രിഡ്ജ് വാങ്ങി. മകനും മകൾക്കും കോൺവെൻറിൽ കൊടുക്കാൻ ഫീസ്......

സ്ത്രീ— മദ്യം വാങ്ങി പാർട്ടികൾ നടത്തി. അതിനൊക്കെ പണം ചെലവാകുമായിരുന്നല്ലോ.

ഒന്നാ—നീ വഴക്കിടാൻ പോകയാണോ?

സ്ത്രീ—നിങ്ങൾക്ക ഇപ്പോൾ വഴക്കിടാനും കഴിയും. എന്നിട്ട് അക്കാരണം പറഞ്ഞു വീട്ടിൽ നിന്നും പോകാം ... അദ്ദേഹം വന്നാൽ എന്തു വിചാരിക്കും? എപ്പോഴും ഇവിടത്തെ ആളിനു വെളിയിൽ എന്തെങ്കിലും ജോലിയോ? ഞാൻ മനഃപൂർവ്വം പറഞ്ഞയക്കുന്നതാണെന്നു വിചാരിച്ചേക്കും.

ഒന്നാ—അയാൾ വരുമ്പോൾ ഞാനിവിടെ ഉണ്ടാകാൻ, എന്നോടു ആലോചിച്ചിട്ടല്ലല്ലോ അയാൾ വരുന്നതു്.

സ്ത്രീ—മേലിൽ നിങ്ങളുമായി ആലോചിച്ചിട്ടു വന്നാൽ മതി എന്നു പറയാം. നിങ്ങൾ അത്രയ്ക്കു തിരക്കുള്ള ആളല്ലേ? എപ്പോൾ ഏതു ബോർഡു മീററിംഗിനു പോകേണ്ടി വരുമെന്നു അറിയില്ലല്ലോ.

ഒന്നാ—(അൽപം പതുക്കെ പരാജിതഭാവത്തിൽ) നീ ആണെങ്കിൽ ഏതു സമയവും തയ്യാറായിരിക്കുമല്ലോ.

സ്ത്രീ—ഇപ്പോൾ ജൂനേജ മടങ്ങി എത്തിയിട്ടുണ്ടല്ലോ. അതു കൊണ്ട് ഇനിയും മൂന്നു ദിവസത്തേയ്ക്കു് വീട്ടിൽ കാണില്ല.

ഒന്നാ—(സർവ്വ ശക്തിയും സംഭരിച്ചു കൊണ്ട്) നീ വീണ്ടും അക്കാര്യം എടുത്തിടുകയാണോ? ഇനിയും എന്തെങ്കിലും ഞാൻ മൂന്നു ദിവസം വീട്ടിൽ കാണാതെവന്നിട്ടുണ്ടെങ്കിൽ തന്നെ അതിനു കാരണമെന്താണ്?

സ്ത്രീ- കാരണം നിങ്ങൾക്കോ നിങ്ങളുടെ മകനോ അറിയാമായിരിക്കും. അവനും മൂന്നു ദിവസം വീട്ടിൽ കാണാറില്ല.

ഒന്നാ—നീ എന്നെ അവനുമായി താരതമ്യപ്പെടുത്തുന്നുവോ?

സ്ത്രീ—അല്ല, അവനെ നിങ്ങളുമായി താരതമ്യപ്പെടുത്തുന്നു. നിങ്ങൾ സ്വന്തം ജീവിതം നശിപ്പിച്ച പോലെ അവനും....

ഒന്നാ—നിൻെറ മകളോ? അവൾ സ്വജീവിതം നശിപ്പിക്കാനുള്ള വിധം ആരിൽ നിന്നും പഠിച്ചു? (സ്വരം ഉയരുന്നു) ഞാൻ ഒരിക്കലും ആരുടെയെങ്കിലും കൂടെ വീട്ടിൽ നിന്നും ഒളിച്ചോടുന്ന കാര്യം ആലോചിച്ചിട്ടേയില്ല.

സ്ത്രീ (അയാളെ ഒരേ മട്ടിൽ നോക്കികൊണ്ട്) നിങ്ങൾ എന്താ പറഞ്ഞു വരുന്നതു്?

ഒന്നാ എന്തു പറയാനാ.....പോയി ചായ ഉണ്ടാക്കൂ. വെള്ളം തിളച്ചു കാണും.

(സോഫയിലിരുന്നു പത്രം നിവർക്കുന്നു. പക്ഷേ വായനയിൽ ശ്രദ്ധ പതിയുന്നില്ല).

സ്ത്രീ—വെള്ളം ആയിക്കാണുമെന്നു് എനിക്കുമറിയാം, ഞാൻ എപ്പോഴെങ്കിലും ആരെയെങ്കിലും ഇങ്ങോട്ടു വിളിച്ചാൽ അന്നു നിങ്ങൾ ഇതൊക്കെ ചെയ്യുമെന്നു എനിക്കറിയാം.

ഒന്നാ—(പത്രത്തിൽ എന്തോ വായിച്ചിട്ടെന്നവണ്ണം) ഹും—ഹും—ഹും—!

സ്ത്രീ—ചെറുക്കൻെറ ജോലിക്കാര്യം ആരൊടെങ്കിലും പറയണമെന്നു ഒരായിരം പ്രാവശ്യം പറയും. പക്ഷേ ഞാനതിനു അവസരം ഉണ്ടാക്കുമ്പോൾ......

ഒന്നാ—അതെ. സിംഘാനിയ തീർച്ചയായും അവനു ജോലികൊടുക്കും. അതിനാണു പാവം ഇങ്ങോട്ടു വരുന്നതുതന്നെ.

സ്ത്രീ—ഈശ്വരനു നന്ദി പറയണം. വെറും ഒരു പ്രാവശ്യം പറഞ്ഞപ്പോൾ തന്നെ ഇത്രയും വലിയ ആൾ......

ഒന്നാ—ഞാൻ നന്ദി പറയാറില്ലേ. പുതിയ ആളുകൾ ഇവിടെ വരുമ്പോഴൊക്കെ ഞാൻ എന്നും നന്ദി പറയാറുണ്ടു്. ആദ്യം ജഗമോഹൻ വരുമായിരുന്നു. പിന്നീടു് മനോജ് വന്നുതുടങ്ങി—

സ്ത്രീ—(സ്ഥിരദൃഷ്ടിയോടെ അയാളെ നോക്കിക്കൊണ്ടു്) ഇനിയും എന്തൊക്കെയുണ്ടു് പറയാൻ ബാക്കി? അതും കൂടി വേഗം പറയൂ.

ഒന്നാ— എന്താ. ഞാൻ ജഗമോഹൻെറ പേരു പറഞ്ഞതേയുള്ളു. അപ്പോഴേക്കും നിൻെറ ബുദ്ധി പതറുന്നതു് എന്താ?

സ്ത്രീ— (വലിയ വെറുപ്പോടെ) നിങ്ങളെപ്പോലെ നന്ദിയില്ലാത്ത ഒരാൾ കാണില്ല. അതു ആലോചിക്കുമ്പോൾ തന്നെ എനിക്കു തോന്നുന്നു, ഞാൻ ഇന്നു തന്നെ—........

(പറഞ്ഞിട്ടു് മുററത്തേക്കുള്ള വാതില്ക്കലേക്കു തിരിയുന്നു വെളിയിൽ നിന്നും മൂത്തമകളുടെ ശബ്ദം കേൾക്കുന്നു)

മൂത്തമകൾ— മമ്മാ!

(സ്ത്രീ— നിന്നിട്ടു് അങ്ങോട്ടുനോക്കുന്നു. മുഖം അല്പം വിളറുന്നു)

സ്ത്രീ— ബീന പുറത്തു വന്നിട്ടുണ്ട്.

(ഒന്നാമൻ ഇഷ്ടമില്ലാതെ പത്രം ചുരുട്ടിയിട്ട എണീററു നില്ക്കുന്നു.)

ഒന്നാ— വീണ്ടും പഴയപോലെ വന്നതാകും.

സ്ത്രീ— അവൾക്ക എന്തു വേണമെന്നു പോയി നോക്കു.

(മൂത്തമകളുടെ ശബ്ദം വീണ്ടും കേൾക്കുന്നു)

മകൾ— മമ്മാ അമ്പതുപൈസ ചില്ലറ തരു.

(ഒന്നാമൻ ഏതോ ഇഷ്ടപ്പെടാത്ത സ്ഥിതിയെ അഭിമുഖീകരിക്കുന്ന മട്ടിൽ പുറത്തെ വാതില്ക്കലേക്ക നടക്കുന്നു )

സ്ത്രീ— നിങ്ങളുടെ പോക്കററിൽ അമ്പതുപൈസ കാണില്ലേ ? പാലിൻെറ പൈസയുടെ ബാക്കി കാണണമല്ലോ.

ഒന്നാ— ഞാൻ അഞ്ചുപൈസയേ എനിക്ക വേണ്ടി ചെലവാക്കിയിട്ടുള്ളു. അതും ഈ പത്രത്തിനു വേണ്ടി.

(പുറത്തേക്ക പോകുന്നു. സ്ത്രീ നിമിഷനേരത്തേക്ക അങ്ങോട്ടു നോക്കിയിട്ട മുററത്തെ വാതിലിൽ കൂടി അടുക്കളയിലോട്ടു പോകുന്നു. മകൾ പുറത്തു നിന്നും വരുന്നു. ഒന്നാമൻ അവളുടെ പുറകെ പുറകെ നടന്നു മുറിയിലെത്തി ചുററും കണ്ണോടിക്കുന്നു. സ്ത്രീ അപ്പോൾ അവിടെ ഇല്ലാത്തതുകൊണ്ട് താൻ ഒരു തെററായ സ്ഥാനത്തു ഏകനായിപ്പോയെന്ന മട്ടിൽ)

ഒന്നാ— (തൻെറ പരിഭ്രമം മറയ്ക്കാൻ ശ്രമിക്കുന്നതിൽ പരാജയപ്പെട്ട് മകളോട്) നീ ഇരിക്ക്.

മകൾ— മമ്മാ എവിടെ?

ഒന്നാ— അവിടെ അടുക്കളയിൽ കാണും.

മകൾ— (വിളിക്കുന്നു) മമ്മാ!

(സ്ത്രീ രണ്ടു കൈയിലും ചായക്കപ്പുകളുമായി മുററത്തെ വാതിലിൽ കൂടി അകത്തു വരുന്നു.)

സ്ത്രീ— നിനക്ക എന്തുണ്ട് വിശേഷം?

മകൾ— വിശേഷം ഒന്നുമില്ല.

(മകൾ കൂടെ സാമാനമൊന്നും കൊണ്ടു വന്നിട്ടില്ലെന്നു ഒന്നാമൻ സ്ത്രീയോടു ആംഗ്യഭാഷയിൽ പറയാൻ ശ്രമിക്കുന്നു.)

സ്ത്രീ— ചായ വേണോ നിനക്ക്?

മകൾ— ഇപ്പോൾ വേണ്ട. ആദ്യം കുളിമുറിയിൽ പോയി കാലും മുഖവും കഴുകട്ടെ—മേലൊക്കെ വല്ലാതെ ഒട്ടിപ്പിടിക്കുന്നു,

സ്ത്രീ— നിൻെറ കണ്ണുകറം എന്താ ഇങ്ങനെ ഇരിക്കുന്നതു്?

മകറം— എങ്ങനെ ഇരിക്കുന്നതു്?

സ്ത്രീ— എങ്ങനെ ഇരിക്കുന്നു എന്നറിയില്ലേ?

മകറം—നിങ്ങറക്കു അങ്ങനെയേ തോന്നൂ. ഞാൻ മുഖം കഴുകിയിട്ടു വരാം. (മുററത്തെ വാതിലിൽ കൂടി പോകുന്നു. ഒന്നാമൻ അത്ഥഗർഭമായി ഭാര്യയെ നോക്കിക്കൊണ്ടു് അവളുടെ അടുത്തേക്കു ചെല്ലുന്നു.)

ഒന്നാ—എനിക്കു തോന്നുന്നതു ഇവറം പഴയപോലെ വന്നതാവുമെന്നാണു്.

(സ്ത്രീ ചായ അയാളുടെ നേരെ നീട്ടുന്നു)

സ്ത്രീ—ചായ കഴിക്കൂ.

ഒന്നാ—(ചായ വാങ്ങിക്കൊണ്ടു്) ഇത്തവണ കൂടെ സാമാനമൊന്നുംഇല്ല.

സ്ത്രീ—അല്പസമയത്തേക്കു വന്നതാവും.

ഒന്നാ—പേഴ്സിൽ ഒരു രൂപയേ ഉണ്ടായിരുന്നുള്ളു. സ്കൂട്ടർറിക്ഷായ്ക്കു കൊടുക്കാനുള്ള കൂലിപോലും ഇല്ല.

സ്ത്രീ—മററവിടെങ്കിലുംനിന്നു വന്നതാണോ എന്നു എങ്ങനെ അറിയും?

ഒന്നാ—നീ എപ്പോഴും കാര്യങ്ങറം മൂടിവയ്ക്കാൻ ശ്രമിക്കുന്നതു എന്താണു്? അവളോടു് ഒരിക്കൽ കാര്യം തുറന്നു ചോദിക്കരുതോ?

സ്ത്രീ—എന്തു ചോദിക്കും?

ഒന്നാ—അതു ഞാൻ നിനക്കു പറഞ്ഞുതരണോ?

(സ്ത്രീ ഒരു കവിറം ചായ കുടിച്ചുകൊണ്ടു് കസേരയിൽ ഇരിക്കുന്നു.)

ഒന്നാ—(അൽപനേരം മറുപടി പ്രതീക്ഷിച്ചിട്ടു്) എനിക്കു അയാളെപ്പററി ഒരിക്കലും നല്ല അഭിപ്രായം ഇല്ലായിരുന്നു. നീയാണു് ബഹളം കൂട്ടിയതു്. മനോജ് ആനയാണു് കുതിരയാണു് എന്നൊക്കെ. എന്താണോ ആവോ! നിൻെറ പ്രോത്സാഹനം കൊണ്ടു അയാറം വീട്ടിൽ വരികയും പോകുകയും ചെയ്തില്ലായിരുന്നെങ്കിൽ, പെണ്ണു് ഇങ്ങനെ അയാളുടെ കൂടെ പോയിട്ടു തിരിച്ചു വരുമായിരുന്നോ......?

സ്ത്രീ—(സഹിക്കവയ്യാതെ) എങ്കിൽ നിങ്ങറക്കു ചോദിക്കാനുള്ളതു അവളോടു നേരിട്ടു ചോദിക്കരുതോ?

ഒന്നാ—എനിക്കു എങ്ങനെ ചോദിക്കാൻ പററും?

സ്ത്രീ—എന്താ ചോദിക്കാൻ പററാത്തതു്?

ഒന്നാ—ഞാൻ ചോദിക്കുന്നതു ശരിയല്ല ......

സ്ത്രീ—നിങ്ങറം എന്തു ചെയ്യുന്നതും ഏതെങ്കിലും കാരണം കൊണ്ടു തെററാവും. എനിക്കറിയില്ലേ?

(ചായ മുഴവൻ ഒന്നിച്ചു കുടിച്ചുതീർക്കുന്നു)

ഒന്നാ—നിനക്കെല്ലാം അറിയാം! എല്ലാം ഞാൻ ചെയ്യുന്നതുകൊണ്ടാണു് ഈ വീട്ടിൽ സംഭവിക്കുന്നതെങ്കിൽ.......

സ്ത്രീ—(എണീററിട്ടു്) എങ്കിൽ എന്തൊക്കെ നാശം കൂടി വരുമായിരുന്നെന്നു കണ്ടറിയണം. എൻെറ ജോലി കൊണ്ടു ഇപ്പോഠം കിട്ടുന്ന രണ്ടു ചപ്പാത്തി കൂടി ഇല്ലാതാകുമായിരുന്നു. പെണ്ണും വീട്ടിലിരുന്നു നരച്ചേനേ. പക്ഷേ ആരും അങ്ങനെയൊന്നും വിചാരിക്കില്ല.

ഒന്നാ—(മുററത്തെ വാതില്ക്കലേക്കു ചൂണ്ടിയിട്ടു്) അവഠം വരുന്നു. (വേഗം തൻെറ ചായ മുഴവൻ കുടിച്ചിട്ടു കപ്പു സ്ത്രീയെ ഏൽപിക്കുന്നു. മൂത്തമകഠം മുമ്പത്തേതിലും കരുതലോടെ തിരിച്ചു വരുന്നു)

മകഠം—(വന്നുകൊണ്ടു്) മുഖത്തു തണുത്ത വെള്ളം ഒഴിച്ചപ്പോഠം അൽപ്പം ജീവൻ കിട്ടി. ഇപ്പോഠം ആകെ.....(രണ്ടു പേരും തന്നെ ശ്രദ്ധിച്ചു നോക്കുന്നതു കണ്ടിട്ടു്) എന്താകാര്യം മമ്മാ? നിങ്ങഠം എന്നെ ഇങ്ങനെ നോക്കുന്നതെന്താ?

സ്ത്രീ—ഞാൻ കപ്പു അകത്തു കൊണ്ടു വച്ചിട്ടു് ഇപ്പോഠം വരാം.

(മുററത്തേക്കുള്ള വാതിലിൽകൂടി പോകുന്നു. ഒന്നാമൻ കണ്ണുവെട്ടിച്ചിട്ടു തിരക്കുണ്ടെന്നു ഭാവിക്കുന്നു)

മകഠം—എന്താ ഡാഡീ കാര്യം?

ഒന്നാ—കാര്യമോ? ...കാര്യം ഒന്നുമില്ല.

മകഠം—(ക്ഷീണിതയായി) എന്തെങ്കിലും കാര്യം കാണും.

ഒന്നാ—നിൻെറ മമ്മാ ഇപ്പോഠം പറയുകയായിരുന്നു.....

മകഠം—എന്താ പറഞ്ഞതു്?

ഒന്നാ—അതല്ല, ഞാൻ അവളോടു പറയുകയായിരുന്നു........

മകഠം—എന്താ പറഞ്ഞതു്?

ഒന്നാ—നിന്നെപ്പററി പറയുകയായിരുന്നു.

മകഠം— എന്തു കാര്യം?

(സ്ത്രീ തിരിച്ചെത്തുന്നു)

ഒന്നാ—അവഠം വന്നല്ലോ. ഇനി അവഠംതന്നെ നിന്നോടു് പറയും.

(സ്വയം അതിൽനിന്നു അകന്നു നില്ക്കാനായി അല്പം മാറി പോകുന്നു)

മകഠം—(സ്ത്രീയോടു്) ഡാഡി എന്നെപ്പററി എന്താ പറഞ്ഞുകൊണ്ടിരുന്നതു്, മമ്മാ?

സ്ത്രീ—അദ്ദേഹത്തോടു ചോദിക്കരുതോ?

മകറം—അദ്ദേഹം പറഞ്ഞു നിങ്ങറം പറയുമെന്നു്. നിങ്ങറം പറയുന്നു അദ്ദേഹത്തോടു ചോദിക്കാത്തതെന്താണെന്നു്

സ്ത്രീ—നിൻെറ ഡാഡി നിന്നിൽ നിന്നും അറിയാനാഗ്രഹിക്കുന്നതു്.....

ഒന്നാ—(ഇടയ്ക്കു കയറി) നിനക്കു സ്വന്തനിലയിൽ അറിയണമെന്നില്ലെങ്കിൽ, അക്കാര്യം കളയൂ.

മകറം—പക്ഷേ അറിയേണ്ട കാര്യമെന്താണു്?

സ്ത്രീ കാര്യം ഇത്രയേയുള്ളു. നീ അവിടെ നിന്നും ഈയിടെ വരുന്ന രീതി കണ്ടിട്ടു ഇദ്ദേഹത്തിനു തോന്നുന്നു......

ഒന്നാ നിനക്കു തോന്നുന്നില്ലാത്തതുപോലെ.

മകറം—(സാക്ഷിക്കൂട്ടിൽ നില്ക്കുന്ന മട്ടിൽ) എന്തു തോന്നുന്നു?

സ്ത്രീ—നീ എന്തോ നിൻെറ മനസ്സിൽ ഒളിച്ചുവയ്ക്കുന്നെന്നും, ഞങ്ങളോടു അതു പറയുന്നില്ലെന്നും.

മകറം—എൻെറ ഏതു കാര്യം കൊണ്ടാണു് അങ്ങനെ തോന്നുന്നതു്?

സ്ത്രീ—(ഒന്നാമനോട്) എന്നോടു പറഞ്ഞ കാര്യങ്ങളൊക്കെ ഇപ്പോറം ഇവളോടു പറയൂ.

ഒന്നാ—നീ തുടങ്ങിവച്ച കാര്യം നീ തന്നെ ഇനിയും പൂർത്തിയാക്കിയാൽ മതി.

സ്ത്രീ - (മകളോട്) ഞാൻ നിന്നോടു ഒരു ചോദ്യം നേരെ ചോദിക്കട്ടെ ?

മകറം—തീർച്ചയായും ചോദിക്കാം.

സ്ത്രീ—നിനക്കു അവിടെ സുഖമാണോ?

മകറം—(ഒഴിഞ്ഞു മാറുന്ന സ്വരത്തിൽ) അതെ. വളരെ സുഖമാണു്.

സ്ത്രീ—സത്യത്തിൽ സുഖം തന്നെയോ?

മകറം—അല്ലാതെ വെറുതേ പറയുമോ?

ഒന്നാ—(നേരെ എതിരെ നോക്കിക്കൊണ്ടു്) ഇതൊരു മറുപടി അല്ല.

മകറം - (ശുണ്ഠി എടുത്തിട്ട്) എനിക്കു സുഖമല്ല. ഞാൻ വളരെ ദുഃഖിതയാണു് എന്നു പറഞ്ഞാലേ മറുപടി ആകുകയുള്ളോ?

ഒന്നാ—മനുഷ്യൻ എന്തു മറുപടി പറയുന്നുവോ അതു് അയാളുടെ മുഖത്തു പ്രതിഫലിക്കണം.

മകറം—എൻെറ മുഖത്തു എന്താ പ്രതിഫലിക്കുന്നതു്? എനിക്കു ക്ഷയരോഗം പിടിച്ചെന്നോ! ഞാൻ ഇഞ്ചിഞ്ചായി മരിക്കുകയാണെന്നോ!

ഒന്നാ—മനുഷ്യനു ക്ഷയം ഒന്നു മാത്രമേ ഉണ്ടാകുകയുള്ളോ?

മകശ—പിന്നെ എന്തൊക്കെയാണുണ്ടാവുക? കണ്ണിൻെറ കാഴ്ച നഷ്ടപ്പെട്ടുകയോ? മൂക്കും ചെവിയും വികൃതമാവുകയോ? ചുണ്ടു പൊളിഞ്ഞു താഴെ വീഴുകയോ? എൻെറ മുഖത്തു ഇമ്മാതിരി എന്തു കാര്യമാണു് കാണുന്നതു്?

ഒന്നാ—(ദേഷ്യപ്പെട്ടു തിരിച്ചു പോകുന്നു) നിൻെറ അമ്മയാണു നിന്നോടു ചോദിച്ചതു്. അവളോടു പറഞ്ഞാൽ മതി. ഞാൻ ഇമ്മാതിരി കാര്യങ്ങളിൽ ഇടപെടാറില്ല.

(സോഫയിൽ പോയി പത്രം നിവർക്കുന്നു. അൽപ്പം കഴിഞ്ഞു് പത്രം തിരിച്ചു പിടിച്ചിരിക്കുകയാണെന്നു മനസ്സിലാക്കി അതു നേരെ പിടിക്കുന്നു.)

സ്ത്രീ—(മകളോടു്) പോട്ടെ ഇനി ഇക്കാര്യം കളയൂ. മേലിൽ നിന്നോടു ഞാൻ ഇങ്ങനെ ചോദിക്കുകയില്ല.

(മകളുടെ കണ്ണുകശ നിറയുന്നു)

മകശ—ചോദിക്കുന്നതിൽ എന്തിരിക്കുന്നു മമ്മാ! എല്ലാവരുടേയും ജീവിതം ഇങ്ങനെ ഒരു കണക്കിനു മുമ്പോട്ടു പോകുന്നു.

ഒന്നാ—(പത്രത്തിൻെറ താശ മറിച്ചുകൊണ്ടു്) ഇതു വല്ലതും മറുപടി ആയോ?

സ്ത്രീ—(ഒന്നാമനോടു്) നിങ്ങശക്കു അൽപ്പനേരം മിണ്ടാതിരിക്കരുതോ?

ഒന്നാ—ഞാൻ അതിനു എന്തു പറയുന്നു? മിണ്ടാതിരിക്കുകയല്ലെ ഇവിടെ. (പത്രം വായിക്കുന്നു) നദിയിൽ പാലം പൂർത്തിയാക്കാനായി പന്ത്രണ്ടു വയസ്സുള്ള ബാലൻെറ ബലി. (പത്രത്തിൽ നിന്നും കണ്ണെടുത്തിട്ടു്) നിങ്ങശ എന്തു വേണമെങ്കിലും പറഞ്ഞുകൊള്ളു. എൻെറ വായിൽനിന്നും ഒരു വാക്കു പോലും പുറപ്പെടില്ല. (വീണ്ടും പത്രം വായിക്കുന്നു) ഉദയ്പൂരിലെ മഡ്ഢാഗ്രാമത്തിൽ അണകെട്ടിയ കോൺട്രാക്ടരുടെ അമാനുഷിക കൃത്യം. (പത്രത്തിൽ നിന്നും കണ്ണെടുത്ത്) എല്ലാത്തിനും ഒരു അതിരുണ്ടു്! (സ്ത്രീ മകളുടെ തോളിൽ കൈവച്ചുകൊണ്ടു് അവളെ പഠനമേശയുടെ അടുത്തേക്കു കൊണ്ടുപോകുന്നു.)

സ്ത്രീ—ഇവിടെ ഇരിക്കു്. (മകശ ക്ഷീണിച്ചമട്ടിൽ കസേരയിൽ ഇരിക്കുന്നു.) എല്ലാം തുറന്നുപറയൂ. നിനക്കു അവിടെ എന്താണു കുഴപ്പം?

മകശ—ഒരു കുഴപ്പവുമില്ല.

സ്ത്രീ—പിന്നെ?

മകശ—എന്നാൽ എല്ലാം കുഴപ്പമാണു്.

സ്ത്രീ—എങ്കിലും ഏതെങ്കിലും പ്രത്യേക കാര്യം?

മകശ—പ്രത്യേകിച്ചു് ഒന്നുമില്ല.

സ്ത്രീ—പിന്നെ?

മകൻ—എന്നാൽ എല്ലാം പ്രത്യേകമാണുതാനും.

സ്ത്രീ—എങ്ങനെ?

മകൻ—എങ്ങനെ എന്നു ചോദിച്ചാൽ എല്ലാ കാര്യങ്ങളും.

സ്ത്രീ—നീ ഉദ്ദേശിക്കുന്നതു്?

മകൻ—ഞാൻ ഉദ്ദേശിക്കുന്നതു്...വിവാഹത്തിനുമുമ്പു് എനിക്കുതോന്നി മനോജിനെ എനിക്കു വളരെ നന്നായി അറിയാമെന്നു്..പക്ഷേ ഇപ്പോൾ.. തോന്നുന്നു ആ അറിവു് ഒരു അറിവല്ലായിരുന്നു എന്നു്

സ്ത്രീ—(കാര്യത്തിന്റെ ഉള്ളിലേക്കിറങ്ങിയ മട്ടിൽ) അയാളുടെ സ്വഭാവത്തിൽ എന്തെങ്കിലും......?

മകൻ—ഇല്ല, അയാളുടെ സ്വഭാവത്തിൽ അങ്ങനെ ഒന്നുമില്ല. അക്കാര്യത്തിൽ വളരെ നല്ല ആളാണു്.

സ്ത്രീ—എങ്കിൽ പിന്നെ അയാളുടെ സ്വഭാവത്തിൽ മറെറന്തെങ്കിലും?

മകൻ—ഇല്ല അയാളുടെ സ്വഭാവം സാധാരണ എല്ലാവരുടേയും പോലെ തന്നെ. എന്നു മാത്രമല്ല, സാധാരണ ഒരാളേക്കാൾ അയാൾ സന്തോഷവാനാണു്.

സ്ത്രീ—(കുറെക്കൂടി ഉള്ളിലേക്കുചെന്നു കാരണം അന്വേഷിച്ചുകൊണ്ടു്) എങ്കിൽ പിന്നെ?

മകൻ—അതാണു് എനിക്കും മനസ്സിലാകാത്തതു്. എവിടെ എന്താണു തെററു് എന്നു് അറിയില്ല.

സ്ത്രീ—അയാളുടെ സാമ്പത്തികസ്ഥിതി ഭദ്രമാണല്ലോ?

മകൻ—അതെ

സ്ത്രീ—ആരോഗ്യം?

മകൻ—വളരെ മെച്ചം.

ഒന്നാ—(അങ്ങോട്ടു നോക്കാതെ) എല്ലാം ഒന്നിനൊന്നു മെച്ചം. പിന്നെ കുഴപ്പം എന്താണു്?

സ്ത്രീ—(ഒന്നാമനോടു്) നിങ്ങൾ കാര്യങ്ങൾ മനസ്സിലാക്കാൻ സമ്മതിക്കില്ല! (മകളോടു്) ഇതിലൊരു കാര്യത്തിലും കുഴപ്പമില്ലെങ്കിൽ എന്തെങ്കിലും വളരെ പ്രത്യേകമായ കാരണം കാണണം. അഥവാ.......

മകൻ—അഥവാ?

സ്ത്രീ—അഥവാ........ അഥവാ.... , എനിക്കു് ഇപ്പോൾ പറയാൻ കഴിയില്ല.

മകൻ—രണ്ടു പേരുടേയും ഇടയിലൂടെ കടന്നു പോകുന്ന വായു മാത്രമാണു കാരണം.

ഒന്നാ—(അങ്ങോട്ടു നോക്കിയിട്ടു്) എന്താ പറഞ്ഞതു്..... ..വായുവോ?

മകറം— അതെ വായ്യ.

ഒന്നാ—(നിരാശാഭാവത്തിൽ തലയാട്ടിക്കൊണ്ടു മുഖം വീണ്ടും തിരിക്കുന്നു) ഇവരം പറഞ്ഞ കാരണം കേട്ടോ..... വായ്യ!

സ്ത്രീ— (മകളുടെ മുഖം ശ്രദ്ധിച്ചുകൊണ്ട്) നീ പറഞ്ഞതു എനിക്കു മനസ്സിലായില്ല.

മകറം— (എണീററുകൊണ്ട്) എനിക്കു അതു മനസ്സിലാക്കിക്കാനും കഴിവില്ലായിരിക്കും. (ഇടറുന്നമട്ടിൽ ഏതാനും കാലടി വച്ചിട്ട്) മററുള്ളവർ പോയിട്ട് തന്നെപ്പോലും മനസ്സിലാക്കാൻ കഴിയില്ല. (പെട്ടെന്നു നിന്നിട്ട്) മമ്മാ, ഇങ്ങനെയും സംഭവിക്കാറുണ്ടോ?

സ്ത്രീ—എങ്ങനെ?

മകറം— രണ്ടു പേർ എത്രയധികം ഒന്നിച്ചു കഴിയുകയും ഒരേ വായു ശ്വസിക്കുകയും ചെയ്യുന്നുവോ, അത്രയധികം അവർ പരസ്പരം മനസ്സിലാക്കാതെ വരുമോ?

സ്ത്രീ—നിങ്ങരം രണ്ടുപേരും അങ്ങനെയാണോ?

മകറം—കുറഞ്ഞപക്ഷം എൻെറ കാര്യത്തിൽ അങ്ങനെയാണ്.

സ്ത്രീ—(ക്ഷണനേരത്തേക്കു അവളെ നോക്കിക്കൊണ്ട്) നീ ഇരുന്നു വർത്തമാനം പറയാത്തതെന്താ ?

മകറം—എനിക്കു ഇതാണു സുഖം.

സ്ത്രീ—നീ പറഞ്ഞതു സത്യമാണെങ്കിൽ അതിനു പുറകിൽ എന്തെങ്കിലും കുഴപ്പം കാണുമല്ലൊ......?

മകറം—എങ്ങനെയുള്ള കുഴപ്പം?......അയാളുടെ കൈയിൽനിന്നും ചായ തുളുമ്പിപ്പോകുകയോ അഥവാ ആഫീസിൽനിന്നു വരാൻ അയാരം അര മണിക്കൂർ താമസിക്കുകയോ തുടങ്ങിയുള്ള കൊച്ചു കൊച്ചു കാര്യങ്ങളിൽ കുഴപ്പമില്ല. പക്ഷേ കുഴപ്പമായി തീരാറുണ്ട്, എൻെറയുള്ളിൽ എപ്പോഴം ദുഃഖം നിറഞ്ഞിരിക്കും. അതിൽനിന്നും മോചനം നേടാൻ എന്തെങ്കിലും ഒഴിവുകഴിവു കണ്ടെത്താൻ ഞാൻ ആഗ്രഹിച്ചിരിക്കും. എന്നിട്ടു ഒടുവിൽ....

(സ്ത്രീ മൗനമായി നിന്നു ബാക്കികൂടി കേരംക്കാൻ തയ്യാറാവുന്നു) ഒടുവിൽ അയാരം ക്ഷീണിച്ചു തളരുന്ന സ്ഥിതി എത്തുന്നു. അപ്പോരം ആ മനുഷ്യൻ ഒരു കാര്യമേ പറയൂ.

സ്ത്രീ—എന്തു്?

മകറം—ഒരു സ്ഥിതിയിലും സ്വാഭാവികമായി ജീവിക്കാൻ അനുവദിക്കാത്ത എന്തോ ഒന്നു ഞാൻ ഈ വീട്ടിൽ നിന്നും കൂടെ കൊണ്ടുപോയിട്ടുണ്ടെന്നു്.

സ്ത്രീ—(ആരോ അവരുടെ മുഖത്തടിച്ചപോലെ) എന്തു കാര്യം?

മകരം—എന്താ കാര്യമെന്നു ഞാൻ ചോദിക്കുമ്പോഴം അയാഠം ഒരേ മറുപടിതന്നെ പറയും.

സ്ത്രീ—അതെന്താ?

മകരം—അക്കാര്യം എനിക്കു എന്റെ ഉള്ളിൽ നിന്നോ അഥവാ ഈ വീട്ടിനുള്ളിൽ നിന്നോ കിട്ടുമെന്നു്. അയാഠംക്കു ഒന്നും പറയാൻ പററില്ല.

ഒന്നാ—(വീണ്ടും അങ്ങോട്ടു നോക്കിയിട്ടു്) അയാഠം ഇങ്ങനെയൊക്കെ പറയുന്നോ? പിന്നെ എന്തൊക്കെ പറഞ്ഞു?

സ്ത്രീ—അവരം ഇപ്പോഠം നിങ്ങളോടല്ല സംസാരിക്കുന്നതു്.

ഒന്നാ—പക്ഷേ എന്റെ വീട്ടിലെ കാര്യമാണല്ലോ പറയുന്നതു്.

സ്ത്രീ—നിങ്ങളുടെ വീടോ? ഹ.ഹ!

ഒന്നാ—അപ്പോഠം ഇതെന്റെ വീടല്ലേ? അല്ലെന്നു പറയൂ.

സ്ത്രീ—യഥാർത്ഥത്തിൽ നിങ്ങഠം ഇതു സ്വന്തം വീടാണെന്നു കരുതുന്നോ? എങ്കിൽ——...

ഒന്നാ—പറയൂ. എന്താ പറയേണ്ടതെന്നുവച്ചാൽ പറയൂ.

സ്ത്രീ—കാര്യം പത്തുവർഷം മുമ്പു ഞാൻ പറയേണ്ടതായിരുന്നു......പറയാനാഗ്രഹിച്ച കാര്യം......

ഒന്നാ—ഇപ്പോഴും പറയാം.......പത്തുവർഷം പതിനൊന്നുവർഷം ആകുന്നതിനുമുമ്പു്.

സ്ത്രീ—എല്ലാം ഈ മട്ടിൽ നീങ്ങിയാൽ.......പതിനൊന്നു വർഷമാവില്ല.

ഒന്നാ—(ഒരേമട്ടിൽ അവളെ നോക്കിക്കൊണ്ടു് വേദനിപ്പിക്കാനായി) സത്യത്തിൽ ആവില്ലേ?....... ജഗമോഹൻ വളരെ നല്ലവനാണു്! ദില്ലിയിലേക്കു വീണ്ടും അയാഠംക്കു ട്രാൻസ്ഫറും ആയിരിക്കുകയാണു്. ഒരു ദിവസം കൊണാട്ടു് പ്ലേസിൽ വച്ചു കണ്ടു. ഒരു ദിവസം കാണാൻ വരാമെന്നു പറഞ്ഞു.

മകരം—(സമനിലതെററി) ഡാഡി!

ഒന്നാ—അതിനു ഞാനെന്തു പറഞ്ഞു? അയാളെ പ്രശംസിക്കുകയല്ലേ ചെയ്തതു്.

സ്ത്രീ—നന്നായി പ്രശംസിച്ചോളൂ... മററാരെയെങ്കിലും ഒക്കെക്കൂടി പ്രശംസിച്ചുകൊള്ളൂ. (മകളോടു്) മനോജു് ഇന്നു നിന്നോടു് പറയുന്ന കാര്യങ്ങഠം മുമ്പു ഇവിടെ വരികയും രാത്രിയും പകലും ഇവിടെ താമസിക്കുകയും ചെയ്തപ്പോളൊന്നും അയാഠം അറിഞ്ഞില്ലേ..... ?

മകരം—ഇതെനിക്കു അയാളോടു ചോദിക്കാൻ വയ്യ.

സ്ത്രീ—എന്തുകൊണ്ടു് വയ്യ?

മകരം—എന്തുകൊണ്ടാണെന്നു ചോദിച്ചാൽ എനിക്കതോന്നുന്നത്........ എന്താ തോന്നുന്നതെന്നു എങ്ങനെ പറയും? അയാരം എന്തും ഉറപ്പിച്ച് ഈ കാര്യങ്ങരം പറയുമ്പോരം എനിക്ക.......എനിക്ക് അപ്പോരം എന്നോട്ട തന്നെ ഒരു വല്ലാത്ത വെറുപ്പ തോന്നും...അപ്പോരം തോന്നും ചുററും കാണുന്നതൊക്കെ തല്ലിപ്പൊട്ടിക്കാൻ. എന്തെങ്കിലും സാഹസം കാട്ടാനും......അങ്ങനെ....

സ്ത്രീ—അങ്ങനെ?

മകരം—അങ്ങനെ അയാളുടെ മനസ്സിനെ ശക്തിയായി മുറിവേൽപ്പിക്കാനും. അയാരംക്ക് എൻെറ നീണ്ടമുടി ഇഷ്ടമാണ്. അതുകൊണ്ടു അതു മുറിച്ചു കളയണം. ഞാൻ ജോലിചെയ്യുന്നതു് അയാരംക്കിഷ്ടമല്ല. അതുകൊണ്ടു എവിടെയെങ്കിലും ഏതെങ്കിലും ചെറിയ ജോലി കണ്ടു പിടിച്ചു അതു ചെയ്യണം. ഏതെങ്കിലും കാരണം കൊണ്ടു അയാളുടെ മനസ്സ അസ്വസ്ഥമാക്കണം എന്നൊക്കെ വിചാരിക്കും. പക്ഷേ അതൊന്നും ചെയ്യാൻ പററുകയുമില്ല അങ്ങനെ പററാതെ വരുമ്പോരം, ദേഷ്യപ്പെട്ട്........

സ്ത്രീ—ഇങ്ങോട്ടു പോരും?

(മകരം ക്ഷണനേരം മൗനമായി ഇരുന്നിട്ട് തല കുലുക്കുന്നു)

മകരം— അല്ല.

സ്ത്രീ— പിന്നെ?

മകരം— വളരെ ദിവസങ്ങരം അയാളിൽ നിന്നും സ്വയം അകന്നു മാറുന്നു. പക്ഷേ ക്രമേണ എല്ലാം പഴയ പടി ആകും. പുതിയ മട്ടിൽ വീണ്ടും ഞങ്ങരം പിണങ്ങും. അതുവരെ എല്ലാം പഴയ പടി ആകും. ഞാൻ ഇവിടെ വരുന്നു. ഇവിടെ വരുന്നതു ഒരു കാര്യം കൊണ്ടു മാത്രമാണ്........

സ്ത്രീ— ഇതു നിൻെറ സ്വന്തം വീടായതുകൊണ്ട്.

മകരം— സ്വന്തം വീടോ.. ? അതെ ഈ വീട്ടിലെ ഏതു വസ്തു നിമിത്തമാണു ഞാൻ ഹീനയാക്കപ്പെടുന്നതു എന്നു ഒരിക്കൽ കൂടി അന്വേഷിച്ചു നോക്കാൻ വേണ്ടിയാണ്. (ഏതാണ്ടുതകർന്ന സ്വരത്തിൽ) മമ്മാ, നിങ്ങരംക്കു പറയാൻ കഴിയുമോ അതു ഏതു വസ്തുവാണെന്ന്? അതെവിടെയാണെന്ന്? ഈ വീട്ടിലെ ജനലുകളിലും വാതിലുകളിലും ഉണ്ടോ? മേൽക്കൂരയിൽ? ഭിത്തികളിൽ? നിങ്ങളിൽ? ഡാഡിയിൽ? കിന്നിയിൽ? അശോകനിൽ? ഞാൻ എൻെറ വീട്ടിൽ നിന്നും എന്നോടൊപ്പം കൊണ്ടു ചെന്നുവെന്നു അദ്ദേഹം പറയുന്ന ആ കൊള്ളരുതാത്ത വസ്തു എവിടെ ഒളിച്ചിരിക്കുന്നു? (സ്ത്രീയുടെ രണ്ടു കൈകളും കൈക്കുള്ളിലാക്കിക്കൊണ്ട്) പറയൂ മമ്മാ, ആ വസ്തു എന്താണ്? ഈ വീട്ടിൽ എവിടെയാണ്?

(അല്പം നീണ്ട വിരാമം. കുറെ നേരത്തേക്കു മകളുടെ കൈകരം സ്ത്രീയുടെ കൈകളോടു ചേർന്നിരിക്കുന്നു. രണ്ടു പേരുടേയും കണ്ണുകരം ചേരുന്നു. ക്രമേണ പുരുഷൻെറ കഴുത്തു അവരുടെ നേരെ തിരിയുന്നു. അപ്പോരം സ്ത്രീ സാവധാനം

മകളുടെ കൈ തന്റെ കൈകളിൽ നിന്നും അകററുന്നു. അവളുടെ കണ്ണുകഠം പുരുഷന്റേതുമായി ചേരുന്നു. അയാളോട് എന്തോ പറയാനായി അവർ ഏതാനും അടി മുമ്പോട്ടു വയ്ക്കുന്നു. മകഠം അപ്പോഴും തന്റെ ചോദ്യത്തിനു മറുപടി പ്രതീക്ഷിച്ചു. സ്വസ്ഥാനത്തുനിന്ന് അവരെ രണ്ടുപേരെയും നോക്കുന്നു. പുരുഷൻ തന്റെ നേരെ വരുന്ന സ്ത്രീയെ കണ്ടിട്ട് അവിടെ നിന്നും കണ്ണു വലിച്ച് ഒന്നു രണ്ടു നിമിഷം വിഷണ്ണനായി നിന്നശേഷം അറിയാതെ പത്രം ചുരുട്ടി രണ്ടു കൈകൊണ്ടും കയറുപോലെ പിരിക്കുന്നു. സ്ത്രീ പകുതി വഴിയിൽ വച്ചു തന്നെ എന്തോ പറയാൻ വന്നതു വേണ്ടെന്നു വച്ചിട്ട് സ്വയം നിയന്ത്രിച്ചു കൊണ്ടു മൂത്തമകളുടെ അടുത്തു ചെന്നു സാവധാനം അവളുടെ തോളിൽ കൈവയ്ക്കുന്നു. മകഠം ഒരു നിമിഷം കണ്ണടച്ചു നിന്ന് തന്റെ വികാരം അടക്കാൻ ശ്രമിക്കുന്നു. എന്നിട്ടു സ്ത്രീയുടെ കൈ തോളത്തു നിന്നും മാററിയിട്ടു ഒരു കസേരയിൽ താങ്ങി അതിലിരിക്കുന്നു. താൻ ഇനി എന്തു ചെയ്യണമെന്നറിയാതെ സ്ത്രീ ഇതികർത്തവ്യതാമൂഢയായി നില്ക്കുന്നു. അവർ ഒരിക്കൽ കൂടി പുരുഷനെ നോക്കുന്നു. കണ്ണുകഠം കൊണ്ടു തന്നെ അയാളെ തിരസ്കരിക്കുന്ന മട്ടിൽ അവർ ഒരു സ്റ്റൂഠം മാററി ഇടുന്നു. പുരുഷൻ തന്റെ സ്ഥാനത്തുനിന്നും എഴുന്നേൽക്കുന്നു. ചുരുട്ടിയ പത്രം തന്റെ കൈയിലിരിക്കുന്നതുകണ്ട് അയാഠംക്കു വല്ലാതെ തോന്നുന്നു. അല്പനേരം അനിശ്ചിത ഭാവത്തിൽ നിന്നശേഷം വീണ്ടും ഇരുന്നുകൊണ്ട് പത്രം കഷണം കഷണമായി മുറിക്കുന്നു. പെട്ടെന്ന് ഇളയ മകഠം വെളിയിലെ വാതിലിൽ കൂടി വരുന്നു. മൂന്നു പേരെയും ആ സ്ഥിതിയിൽ കണ്ട് അവഠം ഞെട്ടുന്നു.)

ഇളയമകഠം— എന്താ ഇവിടെ എന്ന് ഒരു പിടിയും കിട്ടുന്നില്ല.

(മൂന്നുപേരിൽ സ്ത്രീ മാത്രം അവളെ നോക്കുന്നു.)

സ്ത്രീ—നീ എന്താ പറഞ്ഞതു്?

ഇളയമകഠം—എന്താ എന്ന് എങ്ങനെ പറയും? സ്കൂളിൽനിന്നും വന്നപ്പോഠം വീട്ടിലാരുമില്ല. ഇപ്പോഠം വന്നപ്പോഠം അമ്മയും ഡാഡിയും ബിന്നിചേച്ചിയും എല്ലാവരും ഉണ്ട്. പക്ഷേ എല്ലാവരും മൗനം.

സ്ത്രീ—(അവളുടെ അടുത്തേക്കു ചെന്നിട്ട്) സ്കൂളിൽനിന്നു വന്നയുടൻ എവിടെയാ പോയതെന്നു ആദ്യം പറയൂ.

ഇളയമകഠം—എവിടെയെങ്കിലും പോയി. ഇവിടെയിരിക്കാൻ വീട്ടിലാരെങ്കിലും ഉണ്ടായിരുന്നോ? എന്റെ പാലു കാച്ചിയോ?

സ്ത്രീ—ഇപ്പോഠം കാച്ചിത്തരാം.

ഇളയമകഠം—സ്കൂളിൽവച്ചു വിശപ്പുതോന്നിയാൽ കൈയിൽ ഒരു പൈസ പോലുമില്ല. എന്നിട്ട് വീട്ടിൽ വന്നാൽ മണിക്കൂറുകഠം നോക്കി ഇരിക്കണം പാലു കാച്ചിക്കിട്ടാൻ,

സ്ത്രീ—നിന്നോട പറഞ്ഞില്ലേ പാൽ ഇപ്പോഠം കാച്ചിത്തരാമെന്നു്. (പുരുഷനോടു്) നിങ്ങഠം എണീക്കുന്നോ അതോ ഞാൻ വരട്ടെയോ?

(പുരുഷൻ പത്രച്ചുരുളുകഠം രണ്ടു കൈകളിലും കൂടി എടുത്തുകൊണ്ടു് എഴുന്നേൽക്കുന്നു.)

ഒന്നാമൻ—(എന്തോ കയ്പുള്ള മരുന്നു ഇറക്കുന്നപോലെ) ഞാൻതന്നെ പൊയ്ക്കൊള്ളാം.

(ഏതോ പ്രധാനപ്പെട്ട രേഖകഠം കീറിക്കളഞ്ഞമട്ടിൽ പത്രച്ചുരുളുകളിലേക്കു നോക്കുന്നു.)

സ്ത്രീ—(ഇളയമകളോടു്) നീ ഇന്നു വീണ്ടും ഒരു പുസ്തകം കീറി കൊണ്ടുവന്നിരിക്കുന്നു.

(ഈ പ്രധാന പ്രശ്നത്തിന്റെ തീരുമാനം എന്താണെന്നുകൂടി അറിയാനെന്നമട്ടിൽ ഒന്നാമൻ ഇടയ്ക്കുനില്ക്കുന്നു)

ഇളയമകഠം—തന്നത്താനെ കീറിപ്പോയതിനു ഞാനെന്തുചെയ്യും? ഇന്നു തയ്യൽക്ലാസിൽവച്ചു വീണ്ടും എനിക്കു ശകാരം കിട്ടി. മിസ് പറഞ്ഞു. . .

സ്ത്രീ—മിസിന്റെ കാര്യം നീ പുറകെ പറഞ്ഞാൽ മതി. ആദ്യം പറയേണ്ടതു്......

ഇ.മകഠം—എന്നും പറയും പിന്നെയാകട്ടെ എന്നു്. ഇന്നെങ്കിലും എനിക്കു റിലുകൊണ്ടുവന്നു തന്നില്ലെങ്കിൽ ഞാൻ നാളെ മുതൽ സ്ക്കൂളിൽ പോകില്ല. മിസ് ക്ലാസിൽ എല്ലാവരുടേയും മുമ്പിൽ വച്ചു് എന്നോടു് പറഞ്ഞു.....

സ്ത്രീ—നീയും നിന്റെ മിസ്സും! ഭയങ്കര ശല്യംതന്നെ.

ഇ.മകഠം—എങ്കിൽ എന്നെ സ്ക്കൂളിൽനിന്നും മാററുക. എപ്പോഴും ശോക്കിയെപ്പോലെ ഞാനും ചുററി നടന്നുകൊള്ളാം.

(മൂത്തമകഠം അപ്പോഴേക്കും വല്ലാതെ ക്ഷീണിച്ചമട്ടിൽ ഇളയമകളെ നോക്കുന്നു.)

മൂ.മകഠം—(സ്വയം നിയന്ത്രിക്കാൻ കഴിയാതെ) നിനക്കു മര്യാദക്കു സംസാരിക്കാനറിയില്ലേ? ശോക്കി നിന്റെ ചേട്ടനല്ലെ?

ഇ.മകഠം—അതിനെന്താ? എപ്പോഴും ചുററിക്കറങ്ങാറില്ലേ ചേട്ടൻ?

മൂ.മകഠം—കിന്നീ!

ഇ. മകഠം—ചേച്ചി ഇവിടെ ഉണ്ടായിരുന്നപ്പോഠം ചേട്ടനെ എന്തെങ്കിലും പറയുമായിരുന്നോ? നിങ്ങളുടേയും ചേട്ടൻതന്നെയാണല്ലോ. ഒരു വർഷമേ മൂപ്പു കൂടുതലുള്ളവെങ്കിലും ചേട്ടൻതന്നെയല്ലേ.

മൂ. മകഠം—(അമ്മയോടു്) മമ്മാ, നിങ്ങഠം ഇവഠംക്കു എന്തും പറയാനുള്ള സ്വാതന്ത്ര്യം കൊടുത്തിരിക്കുകയാണു്.

ഒന്നാ—ഞാനീക്കാര്യം ഇവളോട്ട പറഞ്ഞാൽ ...

സ്ത്രീ—എന്തൊക്കെയാണ് പറയാനുള്ളതെന്നുവച്ചാൽ നിങ്ങരം പറയൂ. പിന്നെ നോക്കാം എന്തെ്...

ഒന്നാ (മുററത്തേക്കുള്ള വാതിൽക്കലേക്കപോകുന്നു.) എന്തു പറയാനാ? ഒരിക്കലും ഒന്നും പറയാറില്ലല്ലോ. ഞാൻ ഇവളുടെ പാലു ചൂടാക്കട്ടെ.

(വാതിൽക്കൽക്കൂടി പോകുന്നു,)

ഇ. മകരം—നാളെ എനിക്കു റീൽപെട്ടി തീർച്ചയായും കിട്ടണം. കൂടാതെ മിസ് ബാനർജി ഇന്നു എല്ലാകുട്ടികളോടും പറഞ്ഞു. ഫൗണ്ടേഴ്സ് ഡേ പി. ടി. ക്കു മൂമ്മൂന്നു പുതിയ കിററ് വീതം...

സ്ത്രീ—എത്ര?

ഇ. മകരം—മൂമ്മൂന്ന്, എല്ലാ പെൺകുട്ടികളും ഉണ്ടാക്കണം. നിങ്ങരം പറഞ്ഞതല്ലെ ക്ലിപ്പും സോക്സും ഈ ആഴ്ച തീർച്ചയായും വാങ്ങാമെന്നു്. എന്നിട്ടു വാങ്ങിയോ? കീറിയ സോക്സുംകൊണ്ടു് സ്കൂളിൽപോകാൻ എനിക്കു നാണമാകുന്നു!

(ക്ഷണനേരത്തേക്കു മൗനം)

സ്ത്രീ—(സ്വയം ആ പ്രകരണത്തിൽനിന്നും ഒഴിയാനുള്ള ശ്രമത്തിൽ) ആട്ടെ നോക്ക്...സ്കൂളിൽനിന്നും വന്നിട്ട നീ നിൻെറ ബാഗ് ഇവിടെ തുറന്നിട്ടിട്ടുപോയി! ഞാനാണ് വന്നു അടച്ചുവച്ചതു്. ആദ്യം ഇതുകൊണ്ടുപോയി അകത്തു വച്ചിട്ടു വരൂ.

ഇ. മകരം—ഞാൻ പറഞ്ഞതു നിങ്ങരം കേട്ടോ?

സ്ത്രീ—കേട്ടു.

ഇ. മകരം—പിന്നെ മറുപടി ഒന്നും പറയാത്തതെന്താ? (മൂലയ്ക്കുനിന്നും ബാഗ എടുത്തിട്ട് പെട്ടെന്നു അകത്തേക്കുപോകുന്നു ) ഞാൻ പറയുന്നതു് ക്ലിപ്പിൻേറയും സോക്സിൻേറയും കാര്യം. ഇങ്ങോട്ടുപറയുന്നതു് ബാഗുകൊണ്ടു് അകത്തുവച്ചിട്ടാകട്ടെയെന്നു് (പോകുന്നു. മൂത്തമകരം കസേരയിൽനിന്നും എണീക്കുന്നു.)

മൂ. മകരം—നാം എന്തെങ്കിലും ഇമ്മട്ടിൽ സംസാരിക്കാറുണ്ടോ? പകുതി ക്കാര്യം ഇവളോടുപറഞ്ഞാൽ മതി, പിന്നെ നല്ലകണക്കിനു തിരിച്ചടിക്കും.

(സ്ത്രീ അൽപ്പനേരം സ്വയം ലയിച്ചുനിൽക്കുന്നു.)

സ്ത്രീ (സ്വയം നിയന്ത്രിച്ചുകൊണ്ടു്) നീ എന്താ പറഞ്ഞതു്?

മൂ. മകരം—ഞാൻ പറഞ്ഞതു് (പെട്ടെന്നു സ്ത്രീയുടെ മുഖഭാവം കണ്ടു കരുതലോടെ) നിങ്ങരം എന്തെങ്കിലും ആലോചിക്കുകയായിരുന്നോ?

സ്ത്രീ—അല്ല.. ആലോചിക്കുകയല്ലായിരുന്നു. (ചുററും ദൃഷ്ടിപായിച്ചു

കൊണ്ടു്) ഇനി ഒന്നും അടുക്കിവയ്ക്കാനില്ലയോ എന്നു നോക്കുകയായിരുന്നു. വെളിയിൽനിന്നും ഒരാൾ ഇപ്പോൾ വരും. അപ്പോൾ...

മൂ. മകൾ—ആരാവരുന്നതു്?

(ഒന്നാമൻ ഗ്ലാസിൽ പഞ്ചസാര ഇട്ടു് ഇളക്കിക്കൊണ്ടു് മുററത്തെ വാതിലിൽ കൂടി വരുന്നു.)

ഒന്നാ—സിംഘാനിയ.. ഇവളുടെ ബോസ്. ഈയിടെയായി അയാൾ പുതിയ വരവു് തുടങ്ങിയിരിക്കുകയാണു്.

(ഗ്ലാസ് ഡൈനിംഗ് ടേബിളിൽ വച്ചിട്ടു ആരേയും നോക്കാതെ തിരിച്ചുപോകുന്നു. സ്ത്രീ ദേഷ്യത്തോടെ അയാൾ പോകുന്നതു നോക്കുന്നു. മൂത്ത മകൾ സ്ത്രീയുടെ അടുത്തു ചെല്ലുന്നു.)

മൂ.മകൾ—മമ്മാ!

(സ്ത്രീ കണ്ണുകൾ തിരിച്ചു മൂത്തമകളുടെ നേരെ നോക്കുന്നു. അവൾക്കു ഒന്നും പറയാൻ കഴിയുന്നില്ല.)

എന്താണു് മമ്മാ!

സ്ത്രീ—ഒന്നുമില്ല.

മൂ.മകൾ—എങ്കിലും?

സ്ത്രീ—ഒന്നുമില്ലെന്നു പറഞ്ഞില്ലേ.

(അവിടെനിന്നു മാറി അലമാരിയുടെ അടുത്തേക്കു പോകുന്നു. അതു് തുറന്നു് അകത്തു എന്തോ തപ്പുന്നു.)

മൂ.മകൾ—(അവരുടെ പുറകെ ചെന്നിട്ടു്) മമ്മാ!

(സ്ത്രീ മറുപടി ഒന്നും പറയാതെ അലമാരയിൽനിന്നും ഒരു മേശവിരി എടുത്തിട്ടു് അത് അടയ്ക്കുന്നു.)

നിങ്ങൾ എന്നും ഇതൊക്കെ കേട്ടു തഴമ്പിച്ചുകാണും. എന്നത്തേക്കു ഇദ്ദേഹത്തെ നേരെ കൊണ്ടുവരും?

(സ്ത്രീ മകൾ പറഞ്ഞതു പൂർത്തിയാക്കുന്നതുവരെ അവിടെ നിന്നിട്ടു പോയി ടീപ്പോയിയുടെ വിരി മാററുന്നു.)

(അവരുടെ അടുത്തു ചെന്നിട്ടു്) ഈ വീട്ടിലെ സർവകാര്യങ്ങളും നടത്തുന്നതു നിങ്ങൾ ഒരാളാണു്! നിങ്ങൾതന്നെ.......

(സ്ത്രീയുടെ ഭാവപ്പകർച്ച കണ്ടിട്ടു് ഇടയ്ക്കുവച്ചു നിർത്തുന്നു. സ്ത്രീ പഴയ വിരിപ്പുകൈയിൽ വച്ചുകൊണ്ടു്.അവളെ ഒന്നു നോക്കുന്നു. പിന്നെ തൻെറ മുഖത്തെ വികാരം നിയന്ത്രിക്കാനുള്ള ശ്രമത്തിൽ വിരിപ്പുകൊണ്ടു മുഖം പൊത്തുന്നു.

(വളരെ പതുക്കെ) മമ്മാ!

(സ്ത്രീ പതുക്കെ സ്റ്റൂളിലിരുന്നുകൊണ്ട് വിരിപ്പു മുഖത്തുനിന്നു മാററുന്നു)

സ്ത്രീ—(കരച്ചിൽ കടിച്ചമർത്തിക്കൊണ്ട്) ഇനിയും എന്നെക്കൊണ്ടാവില്ല, ബിന്നി. ഇനിയും എനിക്കു പററില്ല.

(ഒന്നാമൻ മുററത്തേക്കുള്ള വാതിലിൽക്കൂടി ഒരു പ്ലേററിൽ പൊരിച്ച രണ്ടു റൊട്ടിക്കഷണവുമായി എത്തുന്നു. സ്ത്രീയുടെ വാക്കുകഠം അയാഠം കേഠംക്കുന്നുണ്ടെങ്കിലും തൻെറ മുഖത്തു യാതൊരു പ്രതികരണവും വരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. പ്ലേററ് പാൽഗ്ലാസിനടുത്തു വച്ചിട്ടു അയാഠം പുസ്തകഷെൽഫിനടുത്തേക്കു പോകുന്നു. താഴത്തെ തട്ടിലിരിക്കുന്ന ഫയലുകളിൽനിന്നും ഏതോ പ്രത്യേക ഫയൽ നോക്കുന്നു. മൂത്ത മകഠം സംസാരിക്കാൻ തുടങ്ങുന്നതിനുമുമ്പ് അൽപ്പം സമയം അയാളെ നോക്കുന്നു.)

മൂ.മകഠം—(പ്രത്യേകിച്ചു അയാളെ കേഠംപ്പിക്കാനായി സ്ത്രീയോട്) നിങ്ങളെക്കൊണ്ട് പററാത്ത കാര്യം ഈ വീട്ടിൽ പിന്നെ ആരെക്കൊണ്ട് പററും?........ഒന്നു പറയാമോ?

(ഒന്നാമൻ ഫയലിലെ പൊടി തട്ടിക്കളയാനായി അതിൽ ഒന്നു രണ്ടു പ്രാവശ്യം ശക്തിയായി അടിക്കുന്നു)

ഞാൻ വലുതായതുമുതൽ കാണുന്നതാണ്. സർവ്വവും സഹിച്ച് നിങ്ങഠം രാത്രിയും പകലും ഒരുപോലെ ഈ വീടിനുവേണ്ടി സ്വയം മരിക്കുകയാണ്. എന്നിട്ടും......

(ഒന്നാമൻ അപ്പോഠം മറെറാരു ഫയൽ മുമ്പത്തെക്കാളും ശക്തിയായി അനേകവട്ടം അടിക്കുന്നു.)

സ്ത്രീ—പക്ഷേ അതുകൊണ്ടു എന്തു പ്രയോജനം? (സഹിക്കാൻ പാടില്ലാത്തവണ്ണം പുരുഷൻെറ നേരെ നോക്കിയിട്ട് സ്റ്റൂളിൽ നിന്നും എഴുന്നേൽക്കുന്നു. ഒന്നാമൻ രണ്ടു ഫയലുകളും പരസ്പരം കൂട്ടി അടിക്കുന്നു.)

(പെട്ടെന്നു ഒന്നാമൻ പൊടി തട്ടിക്കളയുന്നതിൽ അക്ഷമയായി) നിങ്ങഠംക്കു വീടു മുഴുവൻ പൊടി പരത്തുന്നതു ഇപ്പോഠംതന്നെ വേണോ?

ഒന്നാ—ജൂനേജയുടെ ഫയൽ നോക്കുകയായിരുന്നു. ഇനിയും നോക്കുന്നില്ല

(ഫയലുകഠം പൂർവ്വസ്ഥാനങ്ങളിൽ തിരിച്ചു വയ്ക്കുന്നു. ഇളയ മകഠം കാലിട്ടടിച്ചുകൊണ്ട് അകത്തുനിന്നും വരുന്നു)

ഇ.മകഠം—നോക്കൂ മമ്മാ! ഇയാഠം എന്നെ വീണ്ടും ഉപദ്രവിക്കുകയാണ്.

മൂ.മകഠം—(ശകാരിക്കുന്നമട്ടിൽ) നീ ഇത്ര ബഹളം കൂട്ടുന്നതെന്തിനാ?

ഇ. മകഠം—ബഹളം കൂട്ടുന്നതെന്തിനാണെന്നു ചോദിച്ചാൽ ശോക്കി അകത്തു എന്നെ.....

മൂ. മകരം—ശോക്കി ശോക്കി എന്നു എന്തിനു പറയുന്നു? നിനക്കു അശോക് ചേട്ടൻ എന്നു പറയരുതോ?

ഇ. മകരം—അശോക് ചേട്ടൻ.... .അയാരം!

(പരിഹാസച്ചിരി ചിരിക്കുന്നു)

സ്ത്രീ--അശോക് ഇപ്പോരം അകത്തു് എന്തു ചെയ്യുകയാണു്? ഞാൻ വിചാരിച്ചു അവൻ......

ഇ. മകരം -കിടന്നുറങ്ങുകയായിരുന്നു ഇതുവരെ. ഞാൻ ചെന്നു ഉണർത്തിയപ്പോരം എൻെറ തലമുടിയിൽ പിടിച്ചു വലിയായി.

(മകൻ അകത്തു നിന്നും വരുന്നു. രണ്ടു മൂന്നു ദിവസമായി അവൻ ഷേവു ചെയ്തിട്ടില്ലെന്നു തോന്നുന്നു)

മകൻ—ആരാ കിടന്നുറങ്ങ.യതു്? ഞാനോ? പച്ചക്കള്ളം.

മൂ. മകരം—നീ ഷേവു വേണ്ടെന്നു വച്ചു തുടങ്ങിയോ?

മകൻ—(മുഖത്തു കൈയോടിച്ചിട്ടു്) ഫ്രഞ്ചുകട്ട് ആക്കാൻ ആലോചിക്കുകയാണു്. എൻെറ മുഖത്തു അതു എങ്ങനെ ഇരിക്കും?

ഇ. മകരം—(അക്ഷമയോടെ) ഞാൻ പറഞ്ഞതു് ആരും കേട്ടില്ല. അകത്തു വച്ചു എൻെറ മുടിപിടിച്ചു വലിച്ചിട്ടു് ഇവിടെ വന്നു സ്വന്തം ഫ്രഞ്ച്കട്ടിൻെറ കാര്യം പ്രസംഗിക്കുന്നു.

(ഡൈനിംഗ് ടേബിളിൽ നിന്നും പാൽഗ്ലാസ് എടുത്തു ഒററവലിക്കു കുടിച്ചുതീർക്കുന്നു. ഒന്നാമൻ ഈ സമയം ഷെൽഫും ഫയലുകളുമായി മല്ലിടുന്നു. ഒരു ഫയൽ എങ്ങനെയെങ്കിലും അകത്തു തള്ളിവച്ചാൽ മറേറതാനും ഫയലുകരം വെളിയിലേക്കു ചാടും. അവ നേരെയാക്കിയാൽ അപ്പുറത്തെ ഫയലുകരം പുറകിൽ വീഴും)

സ്ത്രീ—(മകൻെറ അടുത്തു ചെന്നിട്ടു്) നിന്നോടു് ഒരു കാര്യം ചോദിക്കട്ടെ?

മകൻ – ചോദിക്കു.

സ്ത്രീ—ഈ പെണ്ണിൻെറ പ്രായം എന്താണു്?

മകൻ—ഇതു തന്നെയാണു ഞാൻ അങ്ങോട്ടു ചോദിക്കാൻ ആഗ്രഹിച്ചതു്. പന്ത്രണ്ടു വയസ്സിൽ തന്നെ ഇവരം......?

മൂ. മകരം—പതിമൂന്നു വയസ്സിൽ.

സ്ത്രീ –പതിമൂന്നു വയസ്സുള്ളവരം എന്തു വലുതായിരിക്കും?

മകൻ—പതിമൂന്നു വയസ്സുള്ളവരംക്കു പതിമൂന്നു വയസ്സിൻെറ വലിപ്പം കാണും. പതിമൂന്നു വയസ്സിൻെറ വലിപ്പം കാണുകയും വേണം, പക്ഷേ ഇവരം ....

സ്ത്രീ— നീ അവളുടെ മുടി പിടിച്ചു വലിക്കാൻ അവരം കുട്ടിയല്ലിപ്പോരം. (ഇളയമകരം മകൻെറ നേരെ നാക്കു നീട്ടി ഗോഷ്ഠി കാണിക്കുന്നു. ഒന്നാമൻ ഒരു പ്രകാരത്തിൽ ഫയലുകരം നേരെ അടുക്കി വച്ചിട്ടു എണീക്കുന്നു.)

മകൻ— എങ്കിൽ സത്യത്തിൽ ഞാൻ എൻെറ തെററു സമ്മതിക്കണം.

സ്ത്രീ— തീർച്ചയായും സമ്മതിക്കണം.

മകൻ— ഞാൻ വെറുതെ അവളുടെ കൈയിൽ നിന്നും ആ പുസ്തകം തട്ടിപ്പറിച്ചതു തെററായിപ്പോയെന്നു്.

ഒന്നാ—(തൻെറ നിഷ്പക്ഷത നിലനിൎത്താൻ കഴിയാതെ മുമ്പോട്ടുചെന്നു്) ഏതു പുസ്തകം?

ഇ. മകരം— കള്ളം പറയുകയാണു്. ഞാൻ ഇയാളുടെ പുസ്തകം ഒന്നും എടുത്തില്ല.

(ടോസ്റ്റു് പ്ലേററും കൈയിലെടുത്തുകൊണ്ടു് മേശപ്പുറത്തു്ഇരിക്കുന്നു)

ഒന്നാ— (മകൻെറ തൊട്ടടുത്തു ചെന്നിട്ടു്) ഏതു പുസ്തകം?

മകൻ— (ബുഷ്ഷർട്ടിൻെറ അകത്തു നിന്നും പുസ്തകം എടുത്തു കാണിച്ചുകൊണ്ടു്) ഈ പുസ്തകം.

ഇ. മകരം— കള്ളം, പച്ചക്കള്ളം, ഞാനീപുസ്തകം കണ്ടിട്ടുപോലുമില്ല.

മകൻ—(അവളെ തുറിച്ചു നോക്കിക്കൊണ്ടു്) കണ്ടിട്ടില്ലേ?

ഇ. മകരം— (ശക്തി കുറച്ചു നിസ്സങ്കോചം) നീ തലയിണയുടെ അടിയിൽ വച്ചുകൊണ്ടു ഉറങ്ങിയാൽ കുഴപ്പമില്ല. ഞാൻ ഒന്നു എടുത്തു നോക്കിയതേയുള്ളു. അപ്പോഴേക്കും ....

ഒന്നാ— (കൈ നീട്ടിയിട്ടു്) ഞാൻ ഒന്നു കാണട്ടെ?

മകൻ— (പുസ്തകം തിരിച്ചു ബുഷ്ഷർട്ടിനകത്തു വച്ചിട്ടു്) വേണ്ട. അങ്ങേയ്ക്കു കാണാൻ ഉള്ളതല്ല. (സ്ത്രീയോടു്) ഇനിയും ഇവളോടു ഒന്നു കൂടി ചോദിക്കു— ഇവരംക്കു പ്രായം എന്തായെന്നു്.

മൂ. മകരം— എന്താ അശോക് .......... ആ പുസ്തകം തന്നെയല്ലെ, കെസാനോവ.....?

ഒന്നാ— (ഉറക്കെ) നിൎത്തു. (ഓരോരുത്തരെയായി എല്ലാവരേയും മാറി മാറി നോക്കിക്കൊണ്ടു്) എനിക്കു എത്ര വയസ്സായി എന്നു ആർക്കെങ്കിലും പറയാൻ കഴിയുമോ?

(അല്പനേരത്തെ മൗനം. ഇളയ മകരം മാത്രം കാലും മുഖവും ആട്ടിക്കൊണ്ടിരിക്കുന്നു.)

സ്ത്രീ— അതിനു ഇവിടെ ആരെങ്കിലും അങ്ങനെ വല്ലതും പറഞ്ഞോ?

ഒന്നാ— (ഓരോവാക്കിനും ശക്തി കൊടുത്തുകൊണ്ടു്) എനിക്കു എത്രവയ

സ്സായി എന്നാണു ഞാൻ ചോദിക്കുന്നതു്? എന്റെ പ്രായം എന്താണു്?

സ്ത്രീ—(പുതുതായി ഉണ്ടായ സ്ഥിതി നേരിടാൻ തയ്യാറായി) ഇതു നിങ്ങൾ ചോദിച്ചറിയേണ്ട കാര്യമുണ്ടോ?

ഒന്നാം— (ഉണ്ടു്. ഇന്നു ചോദിച്ചതന്നെ അറിയണം. ഞാൻ ജീവിത ഭാരം ചുമന്നു തുടങ്ങിയിട്ടു എത്ര വർഷമായി? ഈ കുടുംബം പരിപാലിക്കാൻ അതിൽ എത്ര വർഷം ചിലവഴിച്ചു? അതൊക്കെ കഴിഞ്ഞു ഇന്നു ഞാൻ എവിടെ എത്തി? കാണുന്നവരൊക്കെ എന്നോടു് മറുത്തു പറയുന്ന ഈ ഘട്ടം വരെ? കാണുന്നവരൊക്കെ എന്നോടു് തോന്നിവാസം കാട്ടുന്നതുവരെ?

മകൻ— (സ്വയം സമാധാനം ബോധിപ്പിക്കുന്ന മട്ടിൽ) ഡാഡീ. ഞാൻ പറഞ്ഞതു മറെറാരു കാരണം കൊണ്ടാണു്....

ഒന്നാം— ഓരോരുത്തർക്കും ഏതെങ്കിലും ഒരു കാരണം ഉണ്ടാകും. ഇയാൾ ഇന്ന കാരണം കൊണ്ടു പറഞ്ഞു. അയാൾ അക്കാരണം കൊണ്ടു പറഞ്ഞു. എനിക്കറിയേണ്ടതു് ഈ വീട്ടിൽ എനിക്കു് എന്തു സ്ഥാനമാണുള്ളതു്? ആരെങ്കിലും എപ്പോഴെങ്കിലും എന്തെങ്കിലും കാരണം കൊണ്ടു എന്തു പറഞ്ഞാലും ഞാൻ മിണ്ടാതെ കേൾക്കണമെന്നോ? ഓരോ അവസരത്തിലുള്ള നിന്ദ, എല്ലായ്പ്പോഴുമുള്ള ശകാരം, ഇത്രമാത്രമാണോ ഇത്രയും കാലത്തെ സമ്പാദ്യം?

സ്ത്രീ—(വെറുപ്പോടെ അയാളെ നോക്കിയിട്ടു്) ഇതൊക്കെ നിങ്ങൾ ആരോടാ പറയുന്നതു്?

ഒന്നാം—ആരോടു പറയും? കേൾക്കാൻ ആരെങ്കിലുമുണ്ടോ? കേൾക്കേണ്ട ആളുകൾ എന്നെ വെറും ഒരു റബ്ബർ സ്റ്റാമ്പിൽ കവിഞ്ഞ ഒന്നുമായി കരുതുന്നില്ല. ആവശ്യം വരുമ്പോൾ മാത്രം ഈ സ്റ്റാമ്പു മുദ്ര കുത്തിയിട്ടു്......

സ്ത്രീ—നിങ്ങൾ ഈ പറയുന്നതു വലിയ കാര്യമൊന്നുമല്ല.

മകൻ—(അവരെ തടയാൻ ശ്രമിച്ചു കൊണ്ടു്) മമ്മാ....

സ്ത്രീ—റബ്ബർ സ്റ്റാമ്പു് എന്നു വച്ചാൽ എന്താ അർത്ഥം എന്നു മാത്രം ഞാൻ ഇദ്ദേഹത്തോടു ഒന്നു ചോദിക്കട്ടെ. ഒരു സ്ഥാനം, ഒരു ആദരവു് ഒരു അവകാശം അതല്ലേ?

മകൻ—(വീണ്ടും പഴയ ശ്രമത്തിൽ) പറയുന്നതു കേൾക്കു, മമ്മാ.....

സ്ത്രീ—(അവനെ ശ്രദ്ധിക്കാതെ) ഈ വീട്ടിലുള്ള ആർക്കെങ്കിലും എന്തെങ്കിലും കിട്ടിയിട്ടുണ്ടോ ഇദ്ദേഹത്തിൽ നിന്നു്? എന്തടിസ്ഥാനത്തിലാണു് ഇദ്ദേഹം ഈ പറയുന്നതു്.......?

ഒന്നാം—ഒരടിസ്ഥാനത്തിലുമല്ല. ഞാൻ ഈ വീട്ടിൽ ഒരു റബ്ബർസ്റ്റാമ്പു പോലുമല്ല, വെറും ഒരു റബ്ബർ കഷണം മാത്രം. എപ്പോഴും തേഞ്ഞുകൊണ്ടിരിക്കുന്ന ഒരു റബ്ബർ കഷണം. ഇനിയും ഈ വീട്ടിൽ ഞാൻ എന്തിനു താമസിക്കണം എന്നതിനുള്ള കാരണം—ഒരു കാരണമെങ്കിലും—ആർക്കെങ്കിലും പറയാൻ കഴിയുമോ?

(എല്ലാവരും മൗനമായിരിക്കുന്നു)

പറയാൻ കഴിയില്ല, അല്ലേ?

സ്ത്രീ—ഞാൻ നിങ്ങളോട് ഒരു ചെറിയ കാര്യമാണ് ചോദിച്ചത്....

ഒന്നാ—(തലയാട്ടിക്കൊണ്ട്) അതെ. ഇതു് ഒരു ചെറിയ കാര്യം തന്നെയാണ്. അവകാശം, സ്ഥാനം, ആദരവ്—ഇതൊക്കെ വീട്ടിനുപുറത്തുള്ളവരിൽനിന്നും കിട്ടും. ഈ വീട്ടിൽ ഇതുവരെ എന്തെങ്കിലും സംഭവിച്ചതും ഇനിയും സംഭവിക്കാൻ പോകുന്നതും പുറത്തുള്ളവരുടെ ബലത്തിൽ മാത്രമാണ്. എന്റെ ശക്തികൊണ്ട് എല്ലാം നശിച്ചിട്ടേയുള്ളു. ഭാവിയിലും നശിക്കാനേ ഇടയുള്ളൂ. (മകന്റെ നേരെ ചൂണ്ടിക്കൊണ്ട്) ഇവൻ ഇതുവരെ തൊഴിലില്ലാതെ നടക്കുന്നതെന്താ? ഞാൻ കാരണം. (മൂത്ത മകളെ ചൂണ്ടിക്കൊണ്ട്) ഇവൾ പറയാതെ രാത്രി വീട്ടിൽ നിന്നും ഒളിച്ചോടി വന്നതോ? ഞാൻ കാരണം. (സ്ത്രീയുടെ തൊട്ടടുത്തു വന്നിട്ട്) നിങ്ങളുടെ കാര്യവും അതുതന്നെ. നിങ്ങളും ഇത്രയും കാലം എന്തിന് ആഗ്രഹിച്ചുവോ......!

സ്ത്രീ—(ശുണ്ഠി എടുത്തു മററു മൂന്നു പേരോടും) നിങ്ങൾ ഇതു കേൾക്കുന്നുണ്ടോ?

ഒന്നാ—എന്റെ ജീവിതം നശിപ്പിച്ചതിനു കാരണക്കാരൻ ഞാനാണ്. നിങ്ങളുടെ ജീവിതം നശിപ്പിച്ചതിനു കാരണക്കാരൻ ഞാൻ തന്നെ. എല്ലാവരുടേയും ജീവിതം നശിപ്പിച്ചതിനു കാരണക്കാരൻ ഞാൻ ആണ്. എന്നിട്ടും ഞാൻ ഈ വീട്ടിൽ പററിപ്പിടിച്ചിരിക്കുന്നു. കാരണം അകമേ ഞാൻ സുഖിമാനാണ്. മടിയനാണ്. എന്റെ എല്ലുകൾക്കു തുരുമ്പു പിടിച്ചു.

സ്ത്രീ—നിങ്ങൾക്കു വാസ്തവത്തിൽ അങ്ങനെ തോന്നുന്നോ ഇല്ലയോ എന്ന് എനിക്കറിയില്ല.

ഒന്നാ—സത്യത്തിൽ തോന്നുന്നുണ്ട്. ഈ വീടിനെ അകത്തു നിന്നു കാന്നു തിന്നുന്ന ഒരു കീടമാണ് ഞാനെന്നു എനിക്കറിയാം. (പുറത്തെ വാതില്ക്കലേക്കു പോയിട്ട്) പക്ഷേ ഇപ്പോൾ എനിക്കു വയറു നിറഞ്ഞു. എന്നെന്നേക്കുമായി നിറഞ്ഞു കഴിഞ്ഞു. (വാതിൽക്കൽ നിന്നിട്ട്) ഇനിയും ബാക്കികൂടി തിന്നാനായി ഇവിടെ താമസിക്കത്തക്കവണ്ണം എന്തുണ്ടിവിടെ ബാക്കി?

(നടന്നു പോകുന്നു. കുറെ നേരത്തേക്കു എല്ലാവരും മരവിച്ചിരിക്കുന്നു. പിന്നെ ഇളയ മകൾ കൈയിലെ റൊട്ടിക്കഷണം വായിലേക്കു കൊണ്ടുപോകുന്നു.)

മൂ.മകൾ—മമ്മാ, നിങ്ങൾ കരുതുന്നതു്......?

സ്ത്രീ—രാത്രി ആവുമ്പോഴേക്കു തിരിച്ചെത്തും. എല്ലാ ചൊവ്വാഴ്ചയും ശനിയാഴ്ചയും ഇങ്ങനെ ഒക്കെ സംഭവിക്കാറുണ്ട്.

ഇ.മകൾ—(കടിച്ച റൊട്ടി പ്ലേററിൽ തിരിച്ചിട്ടുകൊണ്ട്) ഹൂ-ഹൂ!

മൂ.മകരം—(വളരെ ദേഷ്യപ്പെട്ടു്) നിനക്കു എന്തു പററി?

ഇ.മകരം—എനിക്കു എന്തു പററിയെന്നു്! ഇതു റൊട്ടിയോ അതോ കൽക്കരിയോ?

സ്ത്രീ—(പല്ലു കടിച്ചുകൊണ്ടു്) നീ ഇങ്ങോട്ടു വരൂ, ഒരു നിമിഷം.

ഇ.മകരം—വരില്ല.

മൂ.മകരം—വരില്ലേ?

ഇ.മകരം—ഇല്ല, വരില്ല. (വേഗം എണീററു പുറത്തേക്കു നടക്കുന്നു) അകത്തോട്ടു പോയാൽ തലമുടി പിടിച്ചു വലിക്കും. പുറത്തേക്കു വന്നാൽ ശകാരം. തിന്നാൻ കൽക്കരിയും. ഇനിയും അങ്ങോട്ടു വന്നാൽ അടി വീണ്ടും കൊള്ളും.

(പോകുന്നു)

മകൻ—(അവളുടെ പുറകെ പോകാൻ ഭാവിക്കുന്നു) ഇവളെ ഞാൻ നോക്കിക്കൊള്ളാം. കുറഞ്ഞ പക്ഷം ഈ പെണ്ണിനെയെങ്കിലും എനിക്കു്.....

(വാതില്ക്കലോളം എത്തിയപ്പോൾ പുറകിൽ നിന്നും സ്ത്രീ അവനെ വിളിച്ചു നിത്തുന്നു.)

സ്ത്രീ—നോക്കു്

മകൻ—(എങ്ങനെയെങ്കിലും പോകാൻ ശ്രമിച്ചുകൊണ്ടു്) ആദ്യം ഞാൻ ചെന്നു് അവൾക്കു....

സ്ത്രീ—(വളരെ കടുത്ത സ്വരത്തിൽ) ആദ്യം നീ ഇവിടെ വന്നു് .... ഞാൻ പറയുന്നതു കേൾക്കു.

(ഏതോ അത്യാവശ്യ കാര്യത്തിനു പോകുന്നതിൽ നിന്നും പിന്തിരിപ്പിച്ച മുഖഭാവത്തോടെ മകൻ തിരിച്ചു സ്ത്രീയുടെ അടുത്തെത്തുന്നു)

മകൻ—പറയൂ.

സ്ത്രീ—ഏതായാലും നീ ഇപ്പോൾ എങ്ങും പോകണ്ട. ഏതാനും നിമിഷങ്ങൾക്കുള്ളിൽ അദ്ദേഹം ഇവിടെ വരും. അപ്പോൾ.....

മകൻ—('എനിക്കു ആരെങ്കിലും വരാനുണ്ടോ' എന്ന മട്ടിൽ) ആരു വരും?

മൂ.മകരം—മമ്മായുടെ ബോസ്....എന്താ അദ്ദേഹത്തിൻെറ പേരു്?

മകൻ—ശരി......ആ മനുഷ്യനോ!

മൂ.മകരം—നീ അദ്ദേഹത്തെ കണ്ടിട്ടുണ്ടോ?

മകൻ—രണ്ടു പ്രാവശ്യം.

മൂ.മകരം—എവിടെ വച്ചു്?

മകൻ—ഇവിടെ വച്ചു തന്നെ,

സ്ത്രീ—(മൂത്തമകളോട്) രണ്ടു പ്രാവശ്യം ഇവനു വേണ്ടി ഞാൻ അദ്ദേഹത്തെ ക്ഷണിച്ചതാണ്. ഇന്നും ഇവന്റെ കാര്യത്തിനായിട്ടാണ്.....

മകൻ—(കുട്ടപ്പിച്ച്) എന്റെ കാര്യത്തിനോ? എനിക്ക് അദ്ദേഹവുമായി എന്തു ബന്ധം?

മൂ.മകൾ—മമ്മാ അദ്ദേഹം വഴി നിനക്കു ജോലിക്കു ശ്രമിക്കുന്നുണ്ടാവും..

മകൻ—എനിക്കു ജോലി വേണ്ട. ഏതായാലും ആ മനുഷ്യൻ മുഖാന്തിരം ഒരിക്കലും വേണ്ട.

മൂ.മകൾ—എന്താ, അദ്ദേഹത്തിന് എന്താ തകരാറ്?

മകൻ—കിഴങ്ങൻ! അയാൾ മനുഷ്യനാണോ? നേരെ ചൊവ്വെ ഇരിക്കാനും വർത്തമാനം പറയാനും അറിയാൻ പാടില്ലാത്തയാൾ.

സ്ത്രീ—അയ്യായിരം രൂപയാണ് അദ്ദേഹത്തിന്റെ ശമ്പളം. ഓഫീസു മുഴുവൻ ഭരിക്കുന്ന ആളാണ്.

മകൻ—അയ്യായിരം രൂപ ശമ്പളമുണ്ട്. ഓഫീസു മുഴുവൻ ഭരിക്കുന്നു. പക്ഷേ തന്റെ പാന്റിന്റെ ബട്ടൺ എങ്ങനെ എന്നു പോലും ഓർമ്മയില്ല.

സ്ത്രീ—അശോക്!

മകൻ—നിങ്ങളുടെ ബോസല്ലായിരുന്നെങ്കിൽ അന്നുതന്നെ ഞാൻ ചെവിക്കു പിടിച്ചു വീട്ടിൽ നിന്നും പുറത്താക്കുമായിരുന്നു. സോഫയിൽ കാലുവിടർത്തി ഇരുന്നു സ്വയം എന്തോ ആലോചിക്കും, കാലുചൊറിഞ്ഞുകൊണ്ട് നോക്കുന്നതു വേറൊരിടത്തും സംസാരിക്കുന്നത് എന്നോടും. (അനുകരിക്കുന്നു) 'ആട്ടെ നിങ്ങളുടെ രാഷ്ട്രീയ അഭിപ്രായങ്ങൾ എന്തൊക്കെയാണ്?' എന്റെ രാഷ്ട്രീയ അഭിപ്രായങ്ങൾ—ചൊറിച്ചിലും അതിനുള്ള ചികിത്സയും!

സ്ത്രീ—(തലക്കു കൈ വച്ചു കൊണ്ട് മൂത്തമകളോട്) ഇവക്കു വേണ്ടിയാണ് ഞാൻ രാത്രിയും പകലും പ്രാണൻ കളയുന്നത്.

മകൻ—ആദ്യം അഞ്ചു നിമിഷം മനുഷ്യരുടെ കണ്ണുകളിലേക്കു നോക്കും. എന്നിട്ടു വലത്തേ ചുണ്ടു അല്പം ഉയർത്തി പതുക്കെ ചിരിക്കും. പിന്നെ ഓരോ വാക്കായി ചവച്ചുകൊണ്ടു ചോദിക്കും......(അനുകരിക്കുന്നു) 'ഈയിടെ യുവാക്കന്മാരുടെ ഇടയിൽ ഇത്ര അരാജകത്വം എന്താണ്? നിങ്ങൾക്കു എന്തു തോന്നുന്നു?' സർക്കാരി ഹിന്ദിയിലെ വാക്കുകൾ പെറുക്കി എടുക്കാം. യുവാക്കന്മാരുടെ ഇടയിൽ! അരാജകത്വം!

സ്ത്രീ—എങ്കിൽ പിന്നെ?

മകൻ—എങ്കിൽ പിന്നെ എന്താ?

സ്ത്രീ—പിന്നെ നിന്റെ പ്ലാനെന്താ?

മകൻ—ഏതു കാര്യത്തിൽ?

സ്ത്രീ—സ്വന്തം കാര്യത്തിൽ.

മകൻ—എനിക്കു അതിനു എന്തു പററി?

സ്ത്രീ—ജീവിതത്തിൽ നിനക്കു വല്ലതുമൊക്കെ ചെയ്യാനില്ലേ, അതോ അച്ഛനെപ്പോലെ.......

മകൻ—(വീണ്ടും കക്കശസ്വരത്തിൽ) എല്ലാ കാര്യത്തിലും വെറുതെ അദ്ദേഹത്തിൻെറ പേരു ഇടയ്ക്കു കൊണ്ടു വരുന്നതെന്തിനാ?

സ്ത്രീ—നിന്നെ പഠിപ്പിച്ചു. പക്ഷേ പഠിത്തം പൂർത്തിയാക്കിയില്ല. എയർഫ്രീസിൽ ജോലി വാങ്ങിത്തന്നു. ആറാഴ്ച കഴിഞ്ഞു നീ അതുപേക്ഷിച്ചിട്ടു പോന്നു. ഇപ്പോഠം ഞാൻ പുതുതായി എന്തെങ്കിലും ശ്രമിക്കാമെന്നു വിചാരിച്ചപ്പോഠം.........

മകൻ—എന്തിനു ശ്രമിക്കുന്നു? ശ്രമിക്കാൻ ഞാൻ നിങ്ങളോടു പറഞ്ഞോ?

മൂ.മകഠം—അപ്പോഠം നിൻെറ ഉദ്ദേശം.....ജീവിതം മുഴുവൻ യാതൊന്നും ചെയ്യേണ്ട എന്നാണോ?

മകൻ—ഞാൻ അങ്ങനെ പറഞ്ഞോ?

മൂ.മകഠം—പിന്നെ ജോലിയില്ലാതെ നീ എന്ത്........

മകൻ—അതെനിക്കു പറയാൻ പററില്ല. പക്ഷേ ഒന്നു പറയാം. എൻെറ മനസ്സിൽ ഒരു താല്പര്യവും തോന്നാത്ത കാര്യത്തിന്.........

സ്ത്രീ—നിൻെറ താല്പര്യം.......

മൂ.മകഠം—നിൽക്കു മമ്മാ......!

സ്ത്രീ—നീ നിത്തു. ഞാൻ പറയാനുള്ളതു പറയട്ടെ (മകനോട്) നിനക്കു താൽപര്യം മൂന്നു കാര്യങ്ങളിൽ മാത്രമേ ഉള്ളു. പകൽ മുഴുവൻ ഉറക്കംതൂങ്ങാനും, ചിത്രങ്ങഠം മുറിച്ചെടുക്കാനും, പിന്നെ വീട്ടിൽ നിന്നു അതുമിതും സാധനങ്ങഠം കൊണ്ടു പോയി........

മകൻ—(അവരെ കടപ്പിച്ചു നോക്കിയിട്ട്) ഇതിനെ നിങ്ങഠം വീടെന്നു വിളിക്കുന്നോ?

സ്ത്രീ—പിന്നെ നീ ഇതിനെ എന്താണെന്നു കരുതിയാ ഇവിടെ താമസിക്കുന്നതു്?

മകൻ—ഞാൻ ഇതിനെ........

മൂ. മകഠം—(അവനെ പറയാൻ സമ്മതിക്കാതെ) നോക്കു അശോക്, മമ്മാ ഇപ്പറഞ്ഞതിൻെറ ഒക്കെ അർത്ഥം കേവലം ഇത്രമാത്രമേ....

മകൻ—എനിക്കു് അറിയരുതോ അത്ഥം? നീ ഇവിടെനിന്നും പോയി. ഞാൻ ഇപ്പോഴും ഇവിടെത്തന്നെയാണു താമസിക്കുന്നതു്.

സ്ത്രീ—(നിരാശയോടെ) നിനക്കു് എന്തുകൊണ്ടു പിന്നെ.....?

മൂ. മകരം—(കുററപ്പെടുത്തുന്ന മട്ടിൽ) എന്താ മമ്മാ ഈ പറയുന്നതു്?

സ്ത്രീ—എന്താ പറയുന്നതെന്നോ? ഇവിടെയുള്ളവരൊക്കെ എന്നെ എന്താ കരുതുന്നതു്? വെറും ഒരു യന്ത്രം. എല്ലാവർക്കുംവേണ്ടി ഗോതമ്പുമാവു ആട്ടി ആട്ടി രാത്രി പകലും പകൽ രാത്രിയും ആക്കുന്ന യന്ത്രം, അല്ലേ? ആരുടെയെങ്കിലും മനസ്സിൽ, ഞാൻ എങ്ങനെ കഴിയുന്നു എന്നു ലവലേശമെങ്കിലും വിചാരം ഉണ്ടായിരുന്നെങ്കിൽ ......

(അപ്പോരം പുറത്തെ വാതിൽക്കൽ രണ്ടാമത്തെ പുരുഷന്റെ ആകൃതി കാണുന്നു. പതുക്കെ വാതിലിൽ മുട്ടുന്ന ശബ്ദം. സ്ത്രീ ഞെട്ടി അങ്ങോട്ടു നോക്കുന്നു. പെട്ടെന്നു തന്റെ പകുതിയാക്കിയ വാചകം അവരം കടിച്ചമർത്തുന്നു.)

(ശബ്ദം എങ്ങനെയോ നിയന്ത്രിച്ചുകൊണ്ടു്) അങ്ങു്? അങ്ങു് എത്തിയോ? വരു. അകത്തേക്കു വരു.

മൂ. മകരം—(കർത്തവ്യബോധത്തോടെ വാതില്ക്കലേക്കു ചെന്നിട്ടു്) വരു...

(രണ്ടാമൻ പരിചിതമായ മട്ടിൽ പ്രത്യഭിവാദനം നടത്തിയിട്ടു് അകത്തേക്കു വരുന്നു.)

സ്ത്രീ—ഇതെന്റെ മൂത്ത മകരം—ബിന്നി. അശോകൻ അങ്ങയെ നേരത്തെ കണ്ടിട്ടുണ്ടു്.

രണ്ടാ—ശരി. ശരി. ഇതാണോ മകരം? ഇവളുടെ കാര്യം നിങ്ങരം പറയാറുണ്ടല്ലോ. കഴിഞ്ഞ വർഷം ഇവരംക്കല്ലേ ഓപ്പറേഷൻ നടത്തിയതു്?...അല്ല. അല്ലല്ല. അതു മിസിസ് മാഥുറിന്റെ മകരംക്കായിരുന്നു. (ആലോചിക്കുന്ന മട്ടിൽ) മിസിസ് മാഥുറിന്റെ മകരംക്കോ? അല്ലായിരിക്കും....പക്ഷേ ആരുടേയോ മകരംക്കു ഓപ്പറേഷൻ നടന്നു.

സ്ത്രീ—ഇവിടെ ഈ സോഫയിലോട്ടു് ഇരിക്കാം.

(സോഫയിൽ ഇരിക്കാൻ പോകുമ്പോരം രണ്ടാമന്റെ കണ്ണുകരം മകനിൽ പതിയുന്നു. അവൻ അദ്ദേഹത്തെ വണങ്ങുന്നു. രണ്ടാമൻ വീണ്ടും പഴയ മട്ടിൽ പ്രത്യഭിവാദനം ചെയ്യുന്നു.)

രണ്ടാ—(ഇരുന്നുകൊണ്ടു്) അനേകം പേരെ കാണേണ്ടിവരുന്നതുകൊണ്ടു്... (തന്റെ വാച്ചിലേക്കു നോക്കിയിട്ടു്) അഞ്ചുമിനിട്ടേയുള്ളു ഏഴാകാൻ. ഏഴാകുമ്പോഴേക്കും തീർച്ചയായും എത്തണമെന്നു അദ്ദേഹം പറഞ്ഞിട്ടുണ്ടു്. പലരേയും അദ്ദേഹം ക്ഷണിച്ചിട്ടുണ്ടു്—എല്ലാവരേയും പ്രത്യേകം കാണാൻ. (മൂത്ത മകളെ ശ്രദ്ധിച്ചു നോക്കിക്കൊണ്ടു്, സ്ത്രീയോടു്) ഇവളുടെ കാര്യം നിങ്ങരം പറഞ്ഞിരുന്നല്ലോ. ഏതു കോളജിലാ ഇവരം പഠിക്കുന്നതു്?

സ്ത്രീ—ഇപ്പോരം പഠിക്കുന്നില്ല.

രണ്ടാ—അതെ, അതെ. നിങ്ങൾ പറഞ്ഞിരുന്നല്ലോ. (മൂത്ത മകളോട്) ഇരിക്കൂ. (സ്ത്രീയോട്) നിങ്ങളും ഇരിക്കൂ.

(സ്ത്രീ— സോഫയുടെ അടുത്തു കസേരയിലിരിക്കുന്നു. മൂത്ത മകൾ എന്തു ചെയ്യണമെന്നറിയാതെ നില്ക്കുന്നു.)

സ്ത്രീ— ഇരിക്കൂ. എന്താ നില്ക്കുന്നതു്?

മൂ. മകൾ— ഇദ്ദേഹം വേഗം പോകുമല്ലൊ. ചായയ്ക്കുവെള്ളം വയ്ക്കാമെന്നു വിചാരിച്ചു.

രണ്ടാ—വേണ്ട, വേണ്ട. ഇപ്പോൾ ചായയും മററും വേണ്ട. അല്ലെങ്കിൽ തന്നെ ഞാൻ വളരെ കുറച്ചേ കുടിക്കാറുള്ളു. ഒരു ലേഖനം വായിച്ചല്ലോ എവിടെയോ ......റീഡേഴ്സ് ഡൈജസ്റ്റിലായിരുന്നോ? അധികം ചായ കുടിച്ചാൽ (കാലു ചൊറിയുന്നു) ഈ റീഡേഴ്സ് ഡൈജസ്റ്റ് എന്തു നന്നായി പ്രസിദ്ധീകരിക്കുന്നു! നമ്മുടെ നാട്ടിൽ കുറെ കഥകൾ മാത്രം അവിടെയും ഇവിടെയും. നല്ല ഒരു മാസിക കിട്ടാനേ ഇല്ല. ഈയിടെ ഒരു അമേരിക്കൻ വന്നിരുന്നു. അദ്ദേഹം പറഞ്ഞു........

(അതുവരെ അകന്നു നില്ക്കുകയായിരുന്ന മകൻ നടന്നു് അവരുടെ അടുത്തേയ്ക്കു വരുന്നു.)

മകൻ—(സ്ത്രീയോട്) മമ്മാ എനിക്കു അത്യാവശ്യമായി.......

സ്ത്രീ—നിൽക്കൂ. (രണ്ടാമനോട്) ഒരു കപ്പുപോലും വേണ്ടെന്നോ?

രണ്ടാ—വേണ്ട. ഒട്ടും വേണ്ട...കമ്പനിക്കു് അന്താരാഷ്ട്രീയ ബന്ധങ്ങൾ ഉള്ളതുകൊണ്ടു് എല്ലാ രാജ്യത്തു നിന്നും ആളുകൾ കാണാൻ വരുന്നുണ്ടു്. കഴിഞ്ഞ ദിവസം ജപ്പാനിൽ നിന്നും ഒരു പ്രതിനിധിമണ്ഡലം വന്നിരുന്നു.... എന്തു പറഞ്ഞാലും ജപ്പാൻ വൻ രാഷ്ട്രങ്ങൾക്കു മുഴുവൻ മൂക്കു കയറ് ഇട്ടിരിക്കുകയാണു്. ഈയിടെ ഞാൻ ജപ്പാൻെറ കഴിഞ്ഞ വർഷത്തെ വ്യവസായ സ്ഥിതി വിവര കണക്കുകൾ നോക്കുകയുണ്ടായി.

മകൻ—ക്ഷമിക്കണം. എനിക്കു......

സ്ത്രീ—അല്പം കൂടി കഴിയട്ടെ എന്നു നിന്നോടു് പറഞ്ഞല്ലോ. (രണ്ടാമനോട്) അങ്ങേയ്ക്കു കാപ്പി ഇഷ്ടമാണെങ്കിൽ.....

രണ്ടാ—ചായയും വേണ്ട; കാപ്പിയും വേണ്ട. കാപ്പി കുടിക്കുന്നതു സംബന്ധിച്ച ഒരു സംഭവം പറയാം. ഇപ്പോഴത്തെ കാര്യമല്ല. വളരെ വർഷങ്ങൾക്കു മുമ്പുണ്ടായതു്. ഞാൻ ഞങ്ങളുടെ യൂണിവേഴ്സിററിയിലെ സാഹിത്യ സമാജത്തിൻെറ സെക്രട്ടറി ആയിരുന്ന കാലം (മനസ്സിൽ ആ രസം അനുഭവിച്ചുകൊണ്ടു്) ഹ്, ഹേ, ഹ്ഹേ ....സാഹിത്യ കാര്യങ്ങളിൽ ആദ്യം തൊട്ടേ എനിക്കു താൽപര്യമുണ്ടായിരുന്നു... അപ്പോൾ.....(മൂത്ത മകളോടും മകനോടും) നിങ്ങൾ ഇരിക്കൂ,

(മൂത്ത മകാം ഇരിക്കുന്നു)

മകൻ—എനിക്കു പോകണമെന്നു പറഞ്ഞതിൻെറ കാര്യം.....

സ്ത്രീ—(എണീററുകൊണ്ടു്) നീ ഇരിക്കു. ഞാൻ തിന്നാനെന്തെങ്കിലും കൊണ്ടുവരാം.

(മകനെ ഇരിക്കാൻ നിർബ്ബന്ധിച്ചിട്ടു് മുററത്തെ വാതിലിലൂടെ പുറത്തേക്കു പോകുന്നു. മകൻ അതൃപ്തിയോടെ അവരെ നോക്കിയിട്ടു നടന്നു് പഠനമേശയുടെ അടുത്തു ചെല്ലുന്നു. മൂത്ത മകളെ നോക്കി അവൻ കൊഞ്ഞനം കാണിക്കുന്നു. എന്നിട്ടു കസേര സോഫയുടെ വശത്തേക്കു നീക്കിയിട്ടു് അതിൽ ഇരിക്കുന്നു.)

രണ്ടാ—(മൂത്ത മകളോടു്) നിങ്ങളെ മുമ്പു് എവിടെയോ വച്ചു കണ്ടിട്ടുണ്ടു് ........ഇല്ലേ?

മൂ.മകാം—എന്നെയോ? . . . .അങ്ങോ?

രണ്ടാ—ഏതെങ്കിലും ഇൻററർവ്യൂവിൽ?

മൂ.മകാം—ഇല്ലല്ലൊ.

രണ്ടാ—എങ്കിലും കണ്ടിട്ടുണ്ടെന്നു തോന്നുന്നു...മററാരെങ്കിലുമാകും...ശരിക്കും നിന്നെപ്പോലെതന്നെയിരുന്നു. ഇതു ഒരു വിചിത്ര കാര്യമാണു് ...അല്ലേ?

മൂ.മകാം—ഏതു്?

രണ്ടാ—അനേകം പേർ തമ്മിൽ പരസ്പരം ഛായയുണ്ടെന്നതു്. ഞങ്ങാക്കു ഒരു അങ്കിാം ഉണ്ടു്. പുറകിൽ നിന്നു നോക്കിയാൽ മൊറാർജിഭായി ആണെന്നു തോന്നും.

(മകൻ ഇതിനിടക്കു മേശ വലിച്ചു തുറന്നു ചിത്രങ്ങാം എടുത്തിട്ടു അവ മേശപ്പുറത്തു ചിതറുന്നു)

മകൻ—ഞങ്ങാക്കു ഒരു ആൻറിയുണ്ടു്—തല മാററിയിട്ടു നോക്കിയാൽ ജീനാ ലോലോ ബ്രിജ്ഡയെ പോലിരിക്കും.

രണ്ടാ—അതെ!.....ഇങ്ങനെ പലരുണ്ടു്. ജീവിതത്തിലെ വൈചിത്ര്യങ്ങളിലേക്കു നോക്കിയാൽ പലപ്പോഴും തോന്നും. ,....(പെട്ടെന്നു പോക്കററു തപ്പിക്കൊണ്ടു്) വീട്ടിൽ വച്ചു മറന്നു പോയോ?

(പോക്കററിൽ നിന്നും കണ്ണട എടുത്തിട്ടു് തിരിച്ചു വയ്ക്കുന്നു) ഇല്ല. അപ്പോാം ഞാൻ പറഞ്ഞു വന്നതു്.....എന്താ പറഞ്ഞു വന്നതു്?

മൂ.മകാം—ജീവിതത്തിലെ വൈചിത്ര്യങ്ങളിലേക്കു നോക്കിയാൽ..

മകൻ—ജപ്പാനിലെ വ്യാവസായിക... അതെന്തായി?..... അക്കാര്യമല്ലേ പറഞ്ഞു കൊണ്ടിരുന്നതു്?

(സ്ത്രീ പ്ലേററിൽ മിക്സ്ചറും കൊണ്ടു് മുററത്തെ വാതിലിൽ കൂടി വരുന്നു)

സ്ത്രീ—ഏതോ സംഭവം പറയുകയായിരുന്നു.....കാപ്പി കുടിക്കുന്നതുസംബന്ധിച്ച്.

രണ്ടാ—അതെ.....അപ്പോഠം.....അപ്പോഠം......ആ.....അതു്......

സ്ത്രീ—ഇതു് അല്പം കഴിക്കൂ.

രണ്ടാ—ആട്ടെ. ആട്ടെ. തീർച്ചയായും (മൂത്ത മകളോടു്) നിങ്ങളും അല്പം എടുക്കൂ. (സ്ത്രീയോടു്) ഇനിയും ഇരിക്കൂ.

സ്ത്രീ—(സ്റ്റൂളിലിരിക്കുന്നു.) അക്കാര്യം പിന്നീടു് അങ്ങു് ആലോചിച്ചോ ?

രണ്ടാ—(മുഖം തിരിച്ചുകൊണ്ടു്) എതു കാര്യം ?

സ്ത്രീ—ഞാൻ അങ്ങയോടു പറഞ്ഞ കാര്യം...അങ്ങയുടെ അറിവിൽ ഏതെങ്കിലും നല്ല പോസ്റ്റുണ്ടെങ്കിൽ----

രണ്ടാ— നല്ല സ്വാദുണ്ടു്.

സ്ത്രീ—അങ്ങേയ്ക്കു ഓർമ്മയുണ്ടല്ലോ ?

രണ്ടാ—ഓർമ്മയുണ്ടു്. നിങ്ങഠം ഒരിക്കൽ പറഞ്ഞല്ലോ. എതോ കസിനു വേണ്ടി. അല്ല. അതു മിസിസ് മൽഹോത്രയാണു പറഞ്ഞതു്. നിങ്ങഠം ആർക്കു വേണ്ടിയാണു് പറഞ്ഞതു് ?

സ്ത്രീ—(മകൻെറ നേരെ നോക്കി) ഇവനുവേണ്ടി.

(രണ്ടാമൻ തിരിഞ്ഞു മകനെ നോക്കുന്നു. അപ്പോഠം അവൻ ഒരു കൃത്രിമ പുഞ്ചിരി ചിരിക്കുന്നു.)

രണ്ടാ—ഹും ഹും: ഇയാഠം എന്തു പാസ്സായിട്ടുണ്ടു് ? ബി. കോം ?

സ്ത്രീ—ഞാൻ പറഞ്ഞല്ലോ. ബി. എസ് സിക്കു പഠിക്കുകയായിരുന്നു. മൂന്നാം വർഷം സുഖക്കേടു് പിടിച്ചതുകൊണ്ടു് ....

രണ്ടാ—ശരി. ശരി...നിങ്ങഠം പറഞ്ഞതാണു്. കുറെ നാഠം എയർ ഇന്ത്യയിൽ...

സ്ത്രീ—എയർ ഫ്രീസിൽ

രണ്ടാ—അതെ എയർ ഫ്രീസിൽ ....ഹും ഹും...ഹും.

(വീണ്ടും തിരിഞ്ഞു മകനെ നോക്കുന്നു. അവൻ വീണ്ടും പഴയപോലെ പുഞ്ചിരിക്കുന്നു.)

ഇങ്ങോട്ടുവരൂ. നിങ്ങഠം അവിടെ ദൂരെ ഇരിക്കുന്നതെന്താ?

മകൻ—(തൻെറ മൂക്കു തൊട്ടുകൊണ്ടു്) എനിക്കല്പം......

രണ്ടാ—ശരിശരി........നമ്മുടെ നാട്ടിലെ കാലാവസ്ഥതന്നെ അങ്ങനെയാണു്. പിന്നെ എന്തുചെയ്യും? കാലാവസ്ഥയുടെ അടിസ്ഥാനത്തിൽ എനി

ക്ക ഏററവും ഇഷ്ടപ്പെട്ട രാജ്യം ഇററലിയാണ്. കഴിഞ്ഞവർഷം ഏഴെനാം യാത്രചെയ്യേണ്ടിവന്നു. യൂറോപ്പുമുഴവൻ ചുററിക്കറങ്ങി. പക്ഷേ ഇററലിയിൽ ഞാൻ കണ്ട കാര്യം മറെറങ്ങും കിട്ടിയില്ല. ഇററലിയിലെ ഏററവും വലിയ വിശേഷം എന്താണെന്നു് അറിയാമോ....ഇതു നന്നായിരിക്കുന്നു. എവിടെ നിന്നും വാങ്ങിയതാണു്? (വാച്ചു നോക്കിയിട്ടു്) ഏഴു് അഞ്ചായി. അപ്പോഠം...

സ്ത്രീ—ഇവിടെ മൂലയ്ക്കു ഒരു കടയുണ്ടു്.

രണ്ടാ—നല്ല കടയാണോ? ഞാൻ മിക്കവാറും പറയാറുണ്ടു്. ആഹാരവും വസ്ത്രധാരണവും. ഈ രണ്ടു കാര്യങ്ങളിൽ ... – ആ അമേരിക്കക്കാരനും ഇതു തന്നെ പറഞ്ഞു. ഈ നാട്ടിലെ ആഹാരത്തിലും വസ്ത്രധാരണത്തിലും എന്തു വൈവിധ്യമുണ്ടു്. അദ്ദേഹം മാത്രമോ? എല്ലാം വിദേശീയരും ഈ വസ്തുത സമ്മതിക്കാറുണ്ടു്. റഷ്യക്കാരനും ജർമ്മൻകാരനും ഒക്കെ! ലോകത്തിലെ ശീതസമരം ലഘൂകരിക്കാൻ നമ്മുടെ യഥാൎത്ഥ സംഭാവന ഇതാണെന്നു ഞാൻ പറയുന്നു....നിങ്ങഠം എൻെറ ഈ കാറുതന്നെ ഉദാഹരണമായി എടുക്കു. വെറും സാധാരണ വണ്ടി. എങ്കിലും... ഈ പണിമുടക്കും മററും ഇല്ലായിരുന്നെങ്കിൽ നമ്മുടെ തുണിവ്യവസായം ഇതിനകം....ആട്ടെ യൂണിയൻ മാനേജ്മെൻറിനു നൽകിയ നോട്ടീസ് നിങ്ങഠം കണ്ടോ?

(സ്ത്രീ 'ഉവ്വ്' എന്ന അർത്ഥത്തിൽ തലയാട്ടുന്നു)

എന്തു നിസ്സാരമായ കാരണങ്ങളാണു് അതിലുള്ളതു്. നമ്മുടെ ഇവിടെ ഡി. എ. നേരത്തെ തന്നെ....

(മകൻ മേശവലിപ്പിൽനിന്നും ഒരു പാഡ് എടുത്തിട്ടു് വലിപ്പ് നോക്കുന്നു. രണ്ടാമൻ വീണ്ടും തിരിഞ്ഞു് അങ്ങോട്ടു് നോക്കുന്നു. മകൻ വീണ്ടും പുഞ്ചിരിക്കുന്നു. രണ്ടാമൻ മുഖം തിരിക്കുന്നതിനോടൊപ്പം അവൻ പാഡിൽ പെൻസിൽകൊണ്ടു വരകഠം വരയ്ക്കുന്നു.)

അപ്പോഠം ഞാൻ പറഞ്ഞുവന്നതു്....എന്താ പറഞ്ഞുവന്നതു്?

സ്ത്രീ—പറഞ്ഞുകൊണ്ടിരുന്നതു്....

മൂ. മകഠം—പല കാര്യങ്ങഠം പറഞ്ഞുകൊണ്ടിരുന്നു.

രണ്ടാ—പക്ഷേ ഞാൻ എവിടെ നിന്നാണു് തുടങ്ങിയതു്?

മകൻ—ഇററലിയിലെ ഏററവും വലിയ വിശേഷത്തിൽനിന്നു്.

രണ്ടാ—പക്ഷേ അതിനുശേഷം....

മകൻ—ആഹാരത്തിലും വസ്ത്രധാരണത്തിലുമുള്ള വൈവിധ്യം......അമേരിക്കക്കാരനും ജർമ്മൻകാരനും റഷ്യക്കാരനും... ശീതസമരങ്ങളും പണിമുടക്കുകളും....തുണിവ്യവസായം....ഡി. എ........

രണ്ടാ—നല്ല ഓർമ്മശക്തിയുണ്ടു് മകനു്. അപ്പോഠം പറഞ്ഞതിൻെറ താൽപര്യം.....,

സ്ത്രീ—സ്വല്പംകൂടി കഴിക്കൂ.

രണ്ടാ—ഇനിയും ഒട്ടും വേണ്ട.

സ്ത്രീ—അൽപം കൂടി....എങ്ങനെയായാലും വേണ്ടില്ല, ഇവന്റെ കാര്യത്തിൽ അങ്ങു എന്തെങ്കിലും ചെയ്തേ മതിയാകൂ.

രണ്ടാ—തീർച്ചയായും........ആർക്കുവേണ്ടി എന്തു ചെയ്യണം?

സ്ത്രീ—(മകനെ ചൂണ്ടിക്കാട്ടി) ഇവനുവേണ്ടി........എന്തെങ്കിലും...

രണ്ടാ—ശരി. ശരി....തീർച്ചയായും. അതു ചെയ്തേപറ്റൂ. (പയ്യന്റെ നേരെ തിരിഞ്ഞിട്ടു്) ബി. എസ് സി. ഏതു ക്ലാസ്സിലാണു് നിങ്ങൾ പാസ്സു് ചെയ്തതു്?

(പയ്യൻ കൈകൊണ്ടു അന്തരീക്ഷത്തിൽ പൂജ്യം വരച്ചുകൊണ്ടിരിക്കുന്നു)

എതു ക്ലാസ്സിൽ?

മകൻ—(രണ്ടുമൂന്നു പ്രാവശ്യം കൈ ചുഴററിക്കൊണ്ടു്) ഓ!

രണ്ടാ—(കാര്യം മനസ്സിലായിട്ടെന്നവണ്ണം) ഓ!

സ്ത്രീ—മൂന്നാം വർഷം സുഖക്കേടായിപ്പോയതുകൊണ്ടു്...

രണ്ടാ—ശരിശരി..അതെ—ശരി. ഞാൻ നോക്കട്ടെ (വാച്ചുനോക്കിയിട്ടു്) ഇനിയും ഞാൻ പോകട്ടെ. വളരെ നേരമായി. (എണീററുകൊണ്ടു്) നിങ്ങൾ ഒരു ദിവസം വീട്ടിലേക്കു വരൂ. വന്നിട്ടു ഏറെ നാളായല്ലോ.

(സ്ത്രീയും മൂത്ത മകളും ഒപ്പം എണീക്കുന്നു.)

സ്ത്രീ—ഞാനും വരാമെന്നു വിചാരിച്ചിരിക്കുകയായിരുന്നു. ബേബിയെ ക്കാണാൻ.

രണ്ടാ—ആൺടി ഇത്രനാളായി വരാത്തതെന്താ എന്നവൾ ചോദിച്ചു. ആൺടിമാരെ അവൾക്കു വലിയ ഇഷ്ടമാണു്. അമ്മയില്ലാത്തതുകൊണ്ടു പാവം...

സ്ത്രീ—വളരെ നല്ല കുട്ടിയാണു്. ഒരിക്കൽ ഞാൻ അവളെ ചോദിക്കും. ഇവനോടും അവിടെ വന്നു് അങ്ങയെ കാണാൻ പറയാം.

രണ്ടാ—(മൂത്ത മകളെ നോക്കിക്കൊണ്ടു്) ആരോടു്? ഇവളോടോ?

സ്ത്രീ—അശോകനോടു്

രണ്ടാ—അതെ അതെ. തീർച്ചയായും....പക്ഷേ നിങ്ങൾ ഏതായാലും വരുമല്ലോ. നിങ്ങളോടു തന്നെ വിവരം പറയാം.

സ്ത്രീ—അശോക്, ഇദ്ദേഹം പോകുന്നു.

മകൻ—(നേരത്തേ അറിയാൻവയ്യാത്ത മട്ടിൽ) അങ്ങു പോകയാണോ?

(എണീററു് അടുത്തു ചെല്ലുന്നു.)

രണ്ടാ—(വാച്ചു നോക്കിക്കൊണ്ടു്) ഇത്രയും നേരം ഇവിടെ കഴിയാമെന്നു വിചാരിച്ചതല്ല. (വാതില്ക്കലേക്കു നീങ്ങിക്കൊണ്ടു് മൂത്ത മകളോടു്) നിങ്ങൾ ജോലി ഒന്നും ചെയ്യുന്നില്ലേ?

മൂ. മകഠം—ഇല്ല

സ്ത്രീ—ചെയ്യണമെന്നു് ആഗ്രഹമുണ്ടു്, പക്ഷേ........ (മൂത്ത മകളോടു്) ആഗ്രഹമില്ലേ?

മൂ. മകഠം—ഉണ്ടു്...ഇല്ല..കാര്യം എന്താണെന്നുവച്ചാൽ......

സ്ത്രീ—പേടിയാണു്.

രണ്ടാ—പേടിയോ?

സ്ത്രീ—ഭർത്താവിനെ.

രണ്ടാ—ഭർത്താവിനെയോ?

സ്ത്രീ—അതെ....അയാഠംക്കിഷ്ടമില്ല.

രണ്ടാ—ഇവളെയോ?

സ്ത്രീ—അല്ല. ഇവഠം ജോലിചെയ്യുന്നതു്.

രണ്ടാ—ഓഹോ. അങ്ങനെയോ!

സ്ത്രീ—അപ്പോഠം അങ്ങു പറഞ്ഞ കാര്യം ഓർക്കുമല്ലോ?

രണ്ടാ—ഇവളുടെ കാര്യം?

സ്ത്രീ—ഞാൻ പറഞ്ഞതു അവൻെറ കാര്യം.....

രണ്ടാ—ശരി. ശരി. ശരി. നിങ്ങഠം വീട്ടിൽ വരുമല്ലൊ, ചില ഓഫീസു കാര്യങ്ങഠം പറയാനാണു്. ആ യൂണിയൻേറയും മററും കാര്യമില്ലേ. അതൊക്കെ തന്നെ.

സ്ത്രീ—ഞാൻ തീർച്ചയായും വരാം. ഇവനും വന്നുകാണട്ടെ....

രണ്ടാ—(വാച്ചുനോക്കിയിട്ടു്) നേരം ഏറെയായി. (മകനോടു്) ആട്ടെ ഇന്നു എല്ലാ മണ്ഡലങ്ങളിലുംകാണുന്ന ഈ പണിമുടക്കുകളെപ്പററി നിങ്ങളുടെ അഭിപ്രായം എന്താണു്?

(ഏതോ പ്രാണി പാൻറിൻെറ ഉള്ളിൽപോയമട്ടിൽ മകൻ നിന്നു തുള്ളുന്നു.)

മകൻ—ഹോ! ഹോ! ഹോ!

(വെളിയിൽനിന്നും പ്രാണിയെ പിടിക്കാൻ ശ്രമിക്കുന്ന മട്ടു്)

മൂ. മകഠം—എന്തു പററി?

സ്ത്രീ—(അൽപ്പം ദേഷ്യത്തോടെ) അദ്ദേഹം ചോദിച്ചതെന്താ?

മകൻ—(മൂത്തമകളോട്) ഒന്നുംപററിയില്ല....ഒരു പ്രാണി

മൂ. മകഠം—പ്രാണിയോ?

രണ്ടാ—നമ്മുടെ രാജ്യത്തു്...

മകൻ—പിടിച്ചു.

രണ്ടാ—അനേകംതരത്തിലുള്ള പ്രാണികഠം ഉണ്ടു്....

മകൻ—അതിനെ ശരിപ്പെടുത്തി.

രണ്ടാ—ശരിപ്പെടുത്തിയോ? ശിവ. ശിവ. ശിവ ഈ ഹിംസാപ്രവണത..

സ്ത്രീ—ഇവനു അതു വളരെയുണ്ടു്. ഏതെങ്കിലും പ്രാണിയെ കൈയിൽ കിട്ടാത്ത താമസം.

മകൻ—പ്രാണി നമ്മെ എത്ര ഹിംസിച്ചാലും തരക്കേടില്ല, അല്ലേ?

രണ്ടാ—ഇതു മൂല്യങ്ങളുടെ പ്രശ്നമാണു്. ഞാൻ മിസ്സുവാറും പറയാറുണ്ടു് ...നിങ്ങഠം എല്ലാവരും ഇരിക്കു.

സ്ത്രീ— ഞാൻ റോഡുവരെ കൂടെവരാം.

രണ്ടാ—ഈ രാജ്യത്തു ധാർമികമൂല്യങ്ങഠം ഉയത്താൻ....നിങ്ങഠം അദ്ദേഹത്തിൻെറ പ്രസംഗംകേട്ടോ? ഈയിടെവന്ന ആ സന്യാസി. എന്താ അദ്ദേഹത്തിൻെറ പേരു്?

മകൻ—നിരോധ് മഹർഷി?

രണ്ടാ—അതെ. അതെ, അതുതന്നെയല്ലെ പേരു്? എന്തു നല്ല പ്രസംഗമാണ് അദ്ദേഹത്തിൻെറതു്. ജാതകഫലവും പറയാറുണ്ടു്. പക്ഷേ പ്രസംഗം ഗംഭീരം തന്നെ.

(അവസാന വാക്കുകളോടു കൂടി വാതിൽ കടക്കുന്നു. സ്ത്രീയും കൂടെ പുറത്തേക്കുപോകുന്നു.)

മകൻ—ഹാ ഹാ!

മൂ. മകഠം—എന്തിനാ ഹാഹാ!

മകൻ—ആക്ടിങ്ങ് കണ്ടോ?

മൂ. മകഠം—ആരുടെ?

മകൻ— എൻെറ.

മൂ. മകഠം—അപ്പോഠം നീ......

മകൻ—അയാളെ വിഡ്ഢിയാക്കുകയായിരുന്നു,

മൂ. മകാം—ആരാ യഥാർത്ഥത്തിൽ വിഡ്ഢിയായതെന്നറിയില്ല.

മകൻ – അതെന്താ?

മൂ. മകാം—എന്തായാലും അദ്ദേഹത്തിന്ന അയ്യായിരം രൂപ ശമ്പളമുണ്ട്.

മകൻ—അയ്യായിരം രൂപാ ശമ്പളക്കാരൻെറ മുഖം കണ്ടോ?

(പാഡിൽ വരച്ച പടം എടുത്തുകൊണ്ടു വന്നു കാണിക്കുന്നു.)

മൂ. മകാം—ഇതു് അദ്ദേഹത്തിൻെറ പടമാണോ?

മകൻ—അല്ലേ?

മൂ.മകാം—തലയിലെന്താ ഇതു്?

മകൻ – കൊമ്പു വരച്ചതാണ്. പിന്നെ തുത്തുകളഞ്ഞു. പറയാറില്ലേ.... കൊമ്പില്ലെന്നു്.

(മൂത്ത മകാം അവൻെറ കൈയിൽനിന്നും പാഡ് വാങ്ങി നോക്കുന്നു. അപ്പോഴേക്കും സ്ത്രീ തിരിച്ചു വരുന്നു.)

സ്ത്രീ—ഒരു നിമിഷം പുറത്തേക്കു ചെല്ലൂ.

മകൻ—എന്തിനു്?

സ്ത്രീ—അദ്ദേഹത്തിൻെറ വണ്ടി സ്റ്റാർട്ടാകുന്നില്ല.

മകൻ—എന്തുപററി?

സ്ത്രീ—ബാററി ഡൗണായി. ഒന്നു തള്ളിക്കൊടുക്കണം.

മകൻ—ഇപ്പോഴേ വേണോ? ഇതുവരെ ജോലിതരുന്ന കാര്യമൊന്നും അയാാം പറഞ്ഞില്ലല്ലൊ....

സ്ത്രീ—വേഗം ചെല്ല്. അദ്ദേഹം ഏറെ താമസിച്ചുപോയി.

മകൻ—സത്യത്തിൽ അയാാം ജോലിവാങ്ങിത്തന്നാൽ പിന്നെ എന്തൊക്കെ....

(വെളിയിലത്തെ വാതിലിൽക്കൂടി പോകുന്നു.)

സ്ത്രീ—ഈ ചെറുക്കൻ എങ്ങനെയായിത്തീരുമെന്നു് അറിയില്ല....നിൻെറ കൈയിൽ എന്താണു്?

മൂ.മകാം—എൻെറ കൈയിലോ? ..ഇതു്? ഇതു അവൻ വരച്ചുകൊണ്ടിരുന്നതാണ്.

സ്ത്രീ—എന്താ വരച്ചുകൊണ്ടിരുന്നതു്?—— കാണട്ടെ.

മൂ. മകാം—(പാഡ് അമ്മയുടെനേരെ നീട്ടിക്കൊണ്ടു്) വെറുതെ . എന്താണ് വരച്ചുകൊണ്ടിരുന്നതെന്നു അറിയില്ല. വെറുതെ ഇരുന്നു ഇങ്ങനെ......

(സ്ത്രീ—ക്ഷണനേരം ചിത്രത്തിലേക്കു നോക്കുന്നു.)

സ്ത്രീ—ഈ മുഖം ഏതാണ്ടൊക്കെ അതുപോലെയല്ലേ?

മൂ. മകൾ— ഏതുപോലെ?

സ്ത്രീ— നിന്റെ ഡാഡിയുടേതുപോലെ.

മൂ. മകൾ— ഡാഡിയുടേതുപോലെയോ? അല്ലല്ലോ.

സ്ത്രീ— ഏതാണ്ട് അതുപോലെ തോന്നുന്നു.

മൂ. മകൾ—ഇപ്പോൾ ഇവിടെ നിന്നും പോയ ആളിന്റെ ചിത്രമാണ് അവൻ വരച്ചുകൊണ്ടിരുന്നതു്......

സ്ത്രീ—(ശകാരിച്ചുകൊണ്ടു്) അപ്പോൾ ഇതായിരുന്നോ വേല?

(മകൻ തിരിച്ചെത്തുന്നു)

മകൻ—(കൈയിലെ പൊടി തട്ടിക്കളയുന്നമട്ടിൽ) സ്വന്തം രൂപം ഗംഭീരം! വണ്ടിയുടേതോ!

സ്ത്രീ—ഇവിടെ വരൂ.

മകൻ—(അടുത്തു ചെന്നിട്ട്) കാറിന്റെ എഞ്ചിൻ തള്ളിയാലെങ്കിലും അനങ്ങും. പക്ഷേ (തല ചൂണ്ടി കാട്ടിയിട്ട്) ഈ എഞ്ചിന്റെ കാര്യമോ?

സ്ത്രീ—(അല്പം ഗൗരവത്തിൽ) നീ എന്താ ഈ വരച്ചുകൊണ്ടിരുന്നതു്?

മകൻ—നിങ്ങൾക്ക എന്തു തോന്നുന്നു?

സ്ത്രീ— നീ എന്താ വരച്ചതു്?

മകൻ—ഒരു ആദിമ വന മനുഷ്യൻ.

സ്ത്രീ— എന്താ?

മകൻ—വന മനുഷ്യൻ.

സ്ത്രീ—കളി നിറുത്തു. കാര്യം തെളിച്ചുപറയൂ.

മകൻ—കാണരുതോ. ഈ നീണ്ട നാക്കും, ഈ ഗുഹപോലുള്ള ഭയങ്കര കണ്ണുകളും ഒക്കെ.......

സ്ത്രീ—എനിക്ക ഇമ്മാതിരി ചേഷ്ടകൾ തീരെ ഇഷ്ടമില്ല. കേൾക്കുന്നുണ്ടോ നീ?

(മകൻ മറുപടിപറയാതെ പഠനമേശയുടെ അടുത്തേക്കുപോകുന്നു. എന്നിട്ട് അവിടെ നിന്നു് ചിത്രങ്ങൾ എടുത്തുനോക്കുന്നു.)

നീ കേൾക്കുന്നുണ്ടോ അതോ ഇല്ലയോ?

മകൻ—കേൾക്കുന്നുണ്ട്.

സ്ത്രീ—കേൾക്കുന്നുണ്ടെങ്കിൽ മറുപടി ഒന്നും പറയാനില്ലേ?

(മകൻ പഴയപോലെ ചിത്രങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു,) പറയാനില്ലേ?

മകൻ—(ചിത്രങ്ങൾ തിരിച്ചു മേശപ്പുറത്തു വച്ചിട്ട്) എന്തു പറയാനാ?

സ്ത്രീ—പറയാൻ വയ്യെങ്കിൽ പറയേണ്ട. പക്ഷേ ഒരു കാര്യം. ഞാൻ നിർബന്ധിച്ചു ആളുകളെ വീട്ടിലേക്കു ക്ഷണിക്കുകയും, അവർ വരുമ്പോൾ നീ അവരെ പരിഹസിക്കുകയും അവരുടെ കാർട്ടൂൺ വരയ്ക്കുകയും ചെയ്യുന്നത് എനിക്കു തീരെ സഹിക്കില്ല കേട്ടോ? തീരെ—തീരെ സഹിക്കില്ല.

മകൻ—സഹിക്കില്ലെങ്കിൽ പിന്നെ അങ്ങനെയുള്ളവരെ വീട്ടിൽ വിളിക്കുന്നതെന്തിനാ? എന്നിട്ടു അവർ വരുമ്പോൾ.....

സ്ത്രീ—ശരി പറയൂ—അവർ വരുമ്പോൾ എന്തു പററുന്നു?

മകൻ—കളയൂ. ഞാൻ അതുകൊണ്ടാണ് നേരത്തെതന്നെ പോകാൻ ആഗ്രഹിച്ചതു്.

സ്ത്രീ—നീ പറഞ്ഞതു് പൂർത്തിയാക്കു.

മകൻ—അവർ വരുമ്പോൾ നാം നമ്മുടെ ദൃഷ്ടിയിൽ മുമ്പത്തെക്കാളും വളരെ ചെറുതായിപ്പോകുന്നു.

സ്ത്രീ—(അല്പം സ്തബ്ധയായി) എന്നുവച്ചാൽ?

മകൻ—എന്നുവച്ചാൽ ഞാൻ പറഞ്ഞതുതന്നെ. ഇന്നോളം നിങ്ങൾ ആളുകളെ ക്ഷണിച്ചിട്ടുള്ളതു എന്തിനു വേണ്ടിയാണ്?

സ്ത്രീ—എന്തിനാണ് ക്ഷണിച്ചതെന്നു നിനക്കു തോന്നുന്നു?

മകൻ—അവരുടെ ഏതെങ്കിലും 'വലിപ്പം' കൊണ്ടു്. ഒരാളെ വിളിച്ചതു് അയാൾ വലിയ ഇൻറലക്ചൽ ആയതുകൊണ്ടു്. ശമ്പളം അയ്യായിരം രൂപയായതുകൊണ്ടു് മറെറാരാളെ. മൂന്നാമനെ വിളിച്ചതു അയാൾ ചീഫ് കമ്മീഷണർ സ്ഥാനം വഹിക്കുന്നതുകൊണ്ടു്. എപ്പോൾ വിളിച്ചാലും ആളുകളെ അല്ല വിളിക്കുന്നതു്. അവരുടെ ശമ്പളത്തെ, സ്ഥാനത്തെ, പേരിനെയാണു വിളിക്കുന്നതു്.

സ്ത്രീ—നീ ഈ പറഞ്ഞു വരുന്നതെന്താ? അങ്ങനെയുള്ളവർ വരുന്നതുകൊണ്ടു് ഇവിടെ ഉള്ളവർ ചെറുതായിപ്പോകുന്നെന്നോ?

മകൻ—വളരെ വളരെ ചെറുതായി പോകുന്നു.

സ്ത്രീ—ഞാൻ അവരെ വിളിക്കുന്നതു്......

മകൻ—എന്തിനാണ് വിളിക്കുന്നതു എന്ന് എനിക്കറിഞ്ഞുകൂടാ. പക്ഷേ വിളിക്കുന്നതു അമ്മാതിരി ആളുകളെ മാത്രമേയുള്ളു. അല്ല. നിങ്ങൾ തന്നെ പറയൂ, എന്തിനാണ് വിളിക്കുന്നതു്?

സ്ത്രീ—ഈ വീട് എങ്ങനെയെങ്കിലും രക്ഷപ്പെടട്ടെ എന്നു കരുതി. എൻെറ ചുമലിൽ മാത്രമുള്ള ഈ വീടിൻെറ ഭാരം മററാരെങ്കിലും കൂടെ ചുമക്കട്ടെ

എന്നു കരുതി. ഞാൻ ഏതെങ്കിലും പ്രത്യേക വ്യക്തികളുമായി ബന്ധം സ്ഥാപിക്കാനാഗ്രഹിക്കുന്നെങ്കിൽ അതെനിക്കു വേണ്ടിയല്ല. നിങ്ങൾക്കു വേണ്ടിയാണ്. ഇനിയും നിങ്ങൾ അതുകൊണ്ട് ചെറുതായിപ്പോകുന്നെങ്കിൽ ഞാൻ എന്റെ ശ്രമം ഉപേക്ഷിക്കാം. പക്ഷേ ഒരു കാര്യം. ഞാൻ ഒരുത്തിയെ കൊണ്ട് ഈ വീടിന്റെ ഭാരം മുഴുവൻ ചുമക്കാൻ സാദ്ധ്യമല്ല ഇവിടെ ഒരു മനുഷ്യൻ ഉള്ളതു വീട്ടിലെ പണം മുഴുവൻ നശിപ്പിച്ചിട്ടു ഏറെ വർഷങ്ങളായി കൈയും കെട്ടി ഇരിപ്പാണ്. മറേറാരുത്തൻ ഉള്ളതു സ്വയം ഒന്നും ചെയ്യുകയില്ല. അതോ പോട്ടെ, എന്റെ തല ഇട്ടടിച്ചു എന്തെങ്കിലും നടക്കുമെങ്കിൽ അതു അപമാനമായി കരുതുന്നു. ഈ സ്ഥിതിയിൽ എന്നെക്കൊണ്ടു ഒന്നും സാദ്ധ്യമല്ല. ഇവിടെ മററാക്കും ഒരു കാര്യത്തിനും വേദന തോന്നുന്നില്ലെങ്കിൽ, പിന്നെ ഞാൻ ഒററക്കു രാത്രിയും പകലും ഒരുപോലെ കഷ്ടപ്പെടുന്നതെന്തിനു്? ഞാനും ഒരു മൂലയ്ക്കു സുഖമായി ഇരുന്നു കൊള്ളാം. അപ്പോൾ നിങ്ങളിലാരും ചെറുതാകുകയില്ല.

(മകൻ മിണ്ടാതെ ഇരുന്നിട്ട് മേശവലിപ്പു തുറക്കുകയും അടയ്ക്കുകയും ചെയ്യുന്നു.)

എന്താ ഇപ്പോൾ മിണ്ടാട്ടമില്ലാതായതു്? സ്ഥാനവലിപ്പംകൊണ്ടു ജീവിതം കഴിക്കാൻ എന്തു മാർഗ്ഗമാണു നീ ആലോചിച്ചിട്ടുള്ളതെന്നു പറയൂ.

മകൻ—ഇക്കാര്യം നിർത്താം മമ്മാ. വേണ്ട........എന്റെ വായിൽ നിന്നു വല്ലാത്ത വാക്കുകൾ വല്ലതും വീഴുകയും അമ്മയ്ക്കതു ....

സ്ത്രീ—അതുകൊണ്ടു എനിക്കു്? നിനക്കു പറയാനുള്ളതു മുഴുവനും പറയൂ.

മകൻ—(കസേരയിലിരുന്നുകൊണ്ട്) എനിക്കൊന്നും പറയാനില്ല.

(ഉത്സാഹമില്ലാതെ ഒരു മാഗസിനും കത്രികയും മേശപ്പുറത്തു നിന്നും എടുത്തിട്ടു മേശ ശക്തിയായി അടയ്ക്കുന്നു.)

സ്ത്രീ—നിനക്കൊന്നും പറയാനില്ല. മോൻ കസേരയിലിരുന്നു കുറെ ചിത്രങ്ങൾ കൂടി മുറിച്ചെടുക്കു്. കുഞ്ഞുമോൻ ഇതുവരെ എത്ര പടം മുറിച്ചെടുത്തു? നിനക്കൊന്നും പറയാനില്ലെങ്കിൽ പിന്നെ എന്തുകൊണ്ടു നേരത്തെ തന്നെ നിന്റെ നാക്കു്.....

മൂ. മകൾ—(അടുത്തുചെന്നു അമ്മയുടെ കൈയ്ക്കു പിടിച്ചുകൊണ്ട്) നിർത്തു അമ്മേ, ഇവനുമായി ഞാൻ സംസാരിക്കാം. (മകനോട്) നോക്കു അശോക്...

മകൻ—ഇപ്പോൾ നിനക്കു സംസാരിക്കണമെന്നു നിർബന്ധമാണോ?

മൂ. മകൾ—ഞാൻ നിന്നോട് ഇത്രമാത്രമേ ചോദിക്കാൻ ഉദ്ദേശിക്കുന്നുള്ളു...

മകൻ—പക്ഷേ ചോദിക്കുന്നതെന്തിനാണു്? ഞാൻ ഇപ്പോൾ ആരുടേയും ചോദ്യത്തിനു മറുപടി നല്കാൻ പോകുന്നില്ല.

മൂ. മകറം—(അല്പം നീർത്തിയിട്ട്) നിനക്കും അറിയാമല്ലൊ, മമ്മ ഒരാളാണു ഇന്നു വരെ ....

മകൻ— നീ പിന്നെയും സംസാരിക്കുകയാണോ?

സ്ത്രീ—നീ എന്തിനു ഇവനുമായി സംസാരിക്കുന്നു? ആരോടും സംസാരിക്കേണ്ട കാര്യമില്ല. ഇന്നു എനിക്കു സ്വയം ഒരു തീരുമാനം എടുക്കേണ്ട സന്ദർഭം എത്തിയിരിക്കുന്നു.

മകൻ—തീർച്ചയായും എടുക്കണം.

മൂ.മകറം—അശോക്!

മകൻ—ഞാൻ പറയാൻ വിചാരിച്ചതല്ല, പക്ഷേ.....

മൂ.മകറം—എങ്കിൽ പറയുന്നതെന്തിനു്?

മകൻ—പറയേണ്ടി വരുന്നു, കാരണം.... ഇവൾക്കു ഇവിടെയുള്ളവരുമായി യോജിച്ചു പോവാൻ വയ്യെങ്കിൽ, പിന്നെ എന്തിനു ഇങ്ങനെ കൊണ്ടു നടക്കുന്നു?

സ്ത്രീ—ഞാൻ കൊണ്ടു നടക്കുന്നതിൻെറ കാരണം ...

മകൻ—മററാരും ഇല്ലാത്തതു കൊണ്ടു്. ഇക്കാര്യം ഈ വീട്ടിൽ പല തവണ പറഞ്ഞു കഴിഞ്ഞതാണു്.

മൂ. മകറം—അപ്പോഠം നീ കരുതുന്നതു്, മമ്മാ ഇവിടെ ചെയ്യുന്നതൊക്കെ...

മകൻ—ഞാൻ ചോദിക്കുന്നതു്, എന്തിനു ചെയ്യുന്നു? ആർക്കുവേണ്ടി ചെയ്യുന്നു?

മൂ.മകറം—എനിക്കു വേണ്ടി ചെയ്തുകൊണ്ടിരുന്നു.....

മകൻ—നീ വീടു വിട്ടു പോയില്ലേ?

മൂ.മകറം—കിന്നിക്കു വേണ്ടി ചെയ്യുന്നു.

മകൻ—അവഠം ദിവസം ചെല്ലുന്തോറും മഹാ ചീത്തയായി വരികയാണു്.

മൂ.മകറം—ഡാഡിക്കു വേണ്ടി ചെയ്യുന്നു.

മകൻ—അദ്ദേഹത്തിൻെറ സ്ഥിതി കണ്ടിട്ടു കഷ്ടം തോന്നുന്നില്ലേ?

മൂ.മകറം—പിന്നെ ഏററവും കൂടുതലായി നിനക്കു വേണ്ടി ചെയ്യുന്നു.

മകൻ—ഞാനായിരിക്കും ഈ വീട്ടിൽ ഏററവും കൊള്ളരുതാത്തവൻ....... പക്ഷേ എന്തുകൊണ്ടു്?

മൂ.മകറം—അതു് അതെനിക്കു് എങ്ങനെ പറയാൻ കഴിയും?

മകൻ—കുറഞ്ഞ പക്ഷം സ്വന്തം കാര്യം പറയാമല്ലോ. നീ ഈ വീടു വിട്ടു പോയതെന്താ?

മൂ.മകൾ—(മറുപടി തോന്നാതെ) ഞാൻ പോയി.... ഞാൻ പോയതിന്റെ കാരണം........

മകൻ—കാരണം നീ മനോജിനെ പ്രേമിച്ചിരുന്നു ......നിനക്കു തന്നെ ഇവിടം........

മൂ.മകൾ—(തൊണ്ട ഇടറിക്കൊണ്ട്) അപ്പോൾ നീ എന്നോട്.... എന്നോടും പറയുകയാണോ... ....?

(അസ്വസ്ഥയായി ഒരു സ്റ്റൂളിലിരിക്കുന്നു.)

മകൻ—ഞാൻ നിന്നോടു പറഞ്ഞില്ലേ ...സംസാരിക്കേണ്ടെന്ന്.

(സ്ത്രീ പതുക്കെ നടന്നു മകന്റെ അടുത്തു ചെല്ലുന്നു.)

സ്ത്രീ—(വളരെ ഗൗരവത്തോടെ) നീ പറഞ്ഞതെന്താണെന്നു നിനക്കറിയാമല്ലൊ?

(മകൻ ഒന്നും പറയാതെ മാഗസിൻ തുറന്നു അതിൽ നിന്നും ഒരു ചിത്രം മുറിക്കുന്നു.)

അറിയാമല്ലൊ?

(മകൻ അതേ മട്ടിൽ മിണ്ടാതെ ചിത്രം മുറിച്ചുകൊണ്ടിരിക്കുന്നു.)

എങ്കിൽ ശരി. ഇന്നുതൊട്ടു ഞാൻ എന്റെ കാര്യം മാത്രം നോക്കാം. നിങ്ങൾ സ്വയം അവരവരുടെ കാര്യം നോക്കിക്കൊള്ളൂ.

(മൂത്ത മകൾ ഒരു കൈകൊണ്ടു മറ്റെ കൈയിലെ നഖം മാന്തുന്നു.)

എനിക്കു ഇനി അധികകാലം ജീവിതമില്ല. പക്ഷേ ഉള്ളിടത്തോളം കാലം ഞാൻ ഇങ്ങനെതന്നെ മുമ്പോട്ടു പോകുന്നില്ല. എന്നെക്കൊണ്ടു ഈ വീടിനുവേണ്ടി ചെയ്യാവുന്നതൊക്കെ ചെയ്തു കഴിഞ്ഞു. ഇപ്പോൾ അതും അവസാനിച്ചു. നിശ്ചിതമായ അവസാനം!

(ഒരു പ്രേതാത്മാവിനെ ധ്വനിപ്പിക്കുന്ന നേരിയ സംഗീതം. മകൻ താൻ മുറിച്ചെടുത്ത പടം കൈയിൽ വച്ചു നോക്കുന്നു. എന്നിട്ടു വേഗം അതു വലിയ വലിയ കഷണങ്ങളായി മുറിച്ചു താഴെ തറയിൽ ചിതറുന്നു. പ്രകാശം മങ്ങി മങ്ങി അവസാനം മൂലയിൽ അസ്തമിക്കുന്നു. വേദിയിൽ പൂർണ്ണമായ ഇരുട്ടിനോടൊപ്പം സംഗീതവും നിലയ്ക്കുന്നു. എങ്കിലും കത്രിക ചലിക്കുന്ന ശബ്ദം കുറെ നേരത്തേക്കു കൂടി കേൾക്കുന്നു.)

[കർട്ടൻ]

## രണ്ടാം അങ്കം

(രണ്ടു പ്രത്യേക പ്രകാശ വൃത്തങ്ങളിൽ മകനും മൂത്ത മകളും. മകൻ സോഫയിൽ ചരിഞ്ഞു കിടന്നു കാലിട്ടിളക്കിക്കൊണ്ട് ചീട്ടുകൾ നിരത്തി വയ്ക്കുന്നു. മൂത്ത മകൾ പഠനമേശയിൽ പ്ലേററു വച്ചിട്ടു റൊട്ടിക്കഷണങ്ങളിൽ വെണ്ണ പുരട്ടുന്നു. അടുത്തു ടിൻകട്ടറും ഒരു ടിന്നിൽ ചീസും വച്ചിട്ടുണ്ട്. പ്രകാശം പൂർണ്ണമായും മുറിയിൽ പതിയുമ്പോൾ അവിടം വൃത്തികേടായും അലക്ഷ്യമായും കിടക്കുന്നതു കാണാം. അവിടവിടായി ഒഴിഞ്ഞ ചായ കപ്പുകളും, അഴിച്ചിട്ട വസ്ത്രങ്ങളും മററു ചില വസ്തുക്കളും ചിന്നിച്ചിതറി കിടക്കുന്നു.)

മൂ.മകൾ—ഈ ടിൻ ഒന്നു തുറന്നു തരാമോ?

മകൻ—(ചീട്ടു കളിയിൽ ലയിച്ച്) എന്നെക്കൊണ്ടു തുറക്കാൻ പററില്ല.

മൂ.മകൾ—തുറക്കാൻ വയ്യെങ്കിൽ പിന്നെ കൊണ്ടു വന്നതെന്തിന്?

മകൻ—നീയല്ലേ പറഞ്ഞതു് കടം കിട്ടുന്നതെന്തൊക്കെയാണെന്നു വച്ചാൽ കടയിൽ നിന്നും കൊണ്ടു വരാൻ. ഞാൻ കടമായി ഒരു ഫോൺ കോളും നടത്തി.

മൂ.മകൾ—ആർക്ക്?

മകൻ—ജുനേജാ അങ്കിളിന്.

മൂ.മകൻ—ഡാഡിയുമായി സംസാരിച്ചോ?

മകൻ—ഇല്ല.

മൂ.മകൾ—പിന്നെ?

മകൻ—ജുനേജാ അങ്കിളുമായി സംസാരിച്ചു.

മൂ.മകൾ—അദ്ദേഹം വല്ലതും പറഞ്ഞോ?

മകൻ—സംസാരിച്ചു എന്നതിൻെറ അർത്ഥം......അതല്ല.

മൂ.മകൾ ഡാഡി വീട്ടിൽ വരുന്നതു സംബന്ധിച്ച്.

മകൻ—വരികയില്ലെന്നു പറഞ്ഞു.

മൂ.മകൾ—വരികയില്ലേ?

മകൻ—ഇല്ല.

മൂ.മകൾ—പിന്നെ നീ നേരത്തെ എന്തു കൊണ്ട പറഞ്ഞില്ല? ഞാൻ വെറുതെ ഈ സാൻഡ്‌വിച്ച്……

മകൻ—ചീസും സാൻഡ്‌വിച്ചും നിനക്ക ഇഷ്ടമാണെന്ന കരുതി നീ പറഞ്ഞതാണെന്നു ഞാൻ വിചാരിച്ചു.

മൂ.മകൾ—മമ്മാ ഓഫീസിൽ നിന്നും വരുമ്പോഴേക്കും ഡാഡിയും വന്നേക്കുമെന്നു ഞാൻ പറഞ്ഞില്ലേ. ചീസും സാൻഡ്‌വിച്ചും രണ്ട പേർക്കും ഇഷ്ടമാണ്.

മകൻ—ജുനേജാ അങ്കിളിനും ഇഷ്ടമാണ്. അദ്ദേഹം വരും. അപ്പോൾ കൊടുക്കാം.

മൂ മകൾ—വരുമെന്നു പറഞ്ഞോ?

മകൻ—മമ്മായുമായി എന്തോ സംസാരിക്കാനുണ്ട്. ആറ്—ആറര ആകുമ്പോഴേക്കും എത്തുമായിരിക്കും.

മൂ.മകൾ—മമ്മായുടെ മൂഡ് നേരത്തെ തന്നെ ഓഫാണ്. പുറമെ അദ്ദേഹം വന്നു സംസാരിക്കുക കൂടി ചെയ്താൽ....രാവിലെ ഓഫീസിൽ പോകാൻ നേരത്തു മമ്മായുടെ മുഖം കണ്ടോ?

മകൻ—ഞാൻ മുമ്പിൽ പ്രത്യക്ഷപ്പെട്ടതേ ഇല്ല.

മൂ.മകൾ—ഇന്നലെ രാത്രി തൊട്ടേ മൗനമായിരുന്നു. രാവിലെയും.. മുമ്പു കണ്ടിട്ടില്ലാത്ത വിധം മൗനം.

മകൻ—നീയുമായി വല്ലതും സംസാരിച്ചോ?

മൂ. മകൾ—ചായയുടെ കാര്യം.

മകൻ—നല്ല സാരിയുടുത്തുകൊണ്ടാണല്ലോ പോയതു്……. ഏതോ വിവാഹത്തിൽ പങ്കെടുക്കാനുള്ള മട്ടിൽ.

മൂ. മകൾ—നീ കണ്ടോ?

മകൻ—വെളിയിൽ ഇറങ്ങിയപ്പോൾ ഒരു ഏകദേശരൂപം കണ്ടു.

മൂ. മകൾ—ഓഫീസിൽ നിന്നു മറെറങ്ങോട്ടെങ്കിലും പോകുമെന്നു ഞാൻ വിചാരിച്ചു. പക്ഷേ പതിവുപോലെ അഞ്ചരമണിക്കു തന്നെതിരിച്ചെത്തുമെന്നു പറഞ്ഞു.

മകൻ—നീ ചോദിച്ചോ?

മൂ. മകൾ—ചോദിച്ചതു് അതിനനുസരിച്ചു ഞാനും എൻെറ പ്രോഗ്രാം...... പക്ഷേ ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല.

മകൻ—എന്തു്?

മൂ. മകാം—മനസ്സിൽ എന്താ വിചാരിക്കുന്നതെന്നു്. അഞ്ചരയ്ക്കുതന്നെ വരുമെന്നാണു് പറഞ്ഞതു്. പക്ഷേ മുഖം കണ്ടിട്ടു തോന്നിയതു്.....

മകൻ— തോന്നിയതു്?

മൂ. മകാം—മനസ്സിൽ എന്തോ തീരുമാനം എടുത്തിട്ടുണ്ടെന്നും അതനുസരിച്ചു്,...

മകൻ—അതു നല്ലതല്ലേ?

മൂ. മകാം – അതു നല്ലതാണെന്നോ?

മകൻ – അങ്ങനെയെങ്കിലും എന്തെങ്കിലും നടക്കുമല്ലൊ എന്നു കരുതി.

മൂ. മകാം—എന്തു നടക്കും?

മകൻ—എന്തെങ്കിലും. വർഷങ്ങളായി ഒരിടത്തു തടഞ്ഞു നിന്ന കാര്യം ഇനിയും അങ്ങനെ തന്നെ നില്ക്കാൻ പാടില്ല.

മൂ. മകാം— അപ്പോൾ നീ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നതു്?

മകൻ—(തന്റെ ചീട്ടു അവസാനമായി നീക്കിക്കൊണ്ടു്)കാര്യം ഏതെങ്കിലും ഒരു തീരുമാനത്തിൽ എത്തട്ടെ എന്നു ഞാൻ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നു. നീ ആഗ്രഹിക്കുന്നില്ലേ?

(ചീട്ടു് ഒന്നിച്ചു കൂട്ടിയിട്ടു എണീക്കുന്നു.)

മൂ.മകാം—എനിക്കു ഈയിടെ നിന്റെ വാക്കുകൾ കേട്ടിട്ടു പേടിതോന്നുന്നു.

മകൻ—(അങ്ങോട്ടുചെന്നിട്ടു്) പക്ഷേ ഞാൻ പറയുന്നതു തെററാണെന്നു തോന്നുന്നില്ലല്ലോ?

മൂ.മകാം—അറിയില്ല...... പക്ഷേ ശരിയാണെന്നും തോന്നുന്നില്ല. (ടിന്നും ടിൻകട്ടറും കൈയിലെടുത്തിട്ടു്) ഈ ടിൻ?

മകൻ—ഈ ടിൻകട്ടറുകൊണ്ടു തുറക്കാൻ പററില്ല. ഇതിനു മൂർച്ച ഇല്ലാതായി.

മൂ. മകാം— പിന്നെ എന്തു ചെയ്യും?

മകൻ—വേറെ സാധനമൊന്നുമില്ലേ?

മൂ. മകാം—എനിക്കെങ്ങനെ അറിയാൻ കഴിയും? ഈ വീട്ടിൽ ഞാൻ തികച്ചും അന്യയാണെന്നു തോന്നുന്നു.

മകൻ— മുമ്പു തോന്നിയിട്ടില്ലേ?

മൂ. മകാം—മുമ്പോ? മുമ്പു്....

മകൻ— തെല്ലും തോന്നിയിരുന്നില്ല. കുറെശ്ശെ തോന്നി തുടങ്ങിയപ്പോൾ കിട്ടിയ ആദ്യസന്ദർഭത്തിൽ തന്നെ നീ വീടുവിട്ടുപോയി.

മൂ. മകാം—(ചൊടിച്ചുകൊണ്ടു്) നീ വീണ്ടും ഇന്നലത്തെപ്പോലെ സംസാരിക്കുകയാണോ?

മകൻ—ദേഷ്യപ്പെടുന്നതെന്തിനു്? ഞാൻ ഇവിടെ സ്വയം അന്യനാണെന്നു് എനിക്കു തോന്നുന്നു...... നീ പോയ ദിവസം മുതലാണു് അതനുഭവപ്പെടാൻ തുടങ്ങിയതു്.

മൂ. മകറം— ഞാൻ പോയ ദിവസം മുതലോ?

മകൻ—മുമ്പും അനുഭവപ്പെട്ടുകാണും. പക്ഷേ അന്നുതൊട്ടാണു ആലോചിച്ചു തുടങ്ങിയതു്.

മൂ. മകറം—ഇനിയും ആലോചിച്ച്...?

മകൻ—ഈ വീട്ടിൽ എന്തോ ഒരു പ്രത്യേകതയുണ്ടു്.....

മൂ. മകറം—നീയും ഇതുതന്നെ പറയുന്നുവോ?

മകൻ—മററാരാ പറയുന്നതു്?

മൂ. മകറം—ആരുമാവട്ടെ..പക്ഷേ ആ പ്രത്യേകകാര്യംഎന്താണു്?

മകൻ—(സ്ഥിരദൃഷ്ടിയോടെ അവളെ നോക്കിക്കൊണ്ടു്) നിനക്കു് അറിയില്ലേ?

മൂ. മകറം—(നോക്കാതെ) എനിക്കോ? ഞാൻ എങ്ങനെ?

മകൻ—നിന്നിൽനിന്നാണു ഞാൻ അറിഞ്ഞതു്. എന്നിട്ടു നീ ചോദിക്കുന്നു നീ എങ്ങനെ?

മൂ. മകറം—നീ എന്നിൽനിന്നു് അക്കാര്യം അറിഞ്ഞെന്നോ?...എനിക്കു മനസ്സിലായില്ല.

മകൻ—ശരി, ശരി. അക്കാര്യം അറിഞ്ഞിട്ടും അറിയാതിരിക്കുകയാവും ഭേദം. പക്ഷേ മനുഷ്യനു മററുള്ളവരെ കബളിപ്പിക്കാം. എങ്കിലും സ്വയം കബളിപ്പിക്കുന്നതെങ്ങനെ?

(മൂത്ത മകളുടെ കൈ വിറയ്ക്കുന്നതുകൊണ്ടു് റൊട്ടിയിൽ ശരിക്കു വെണ്ണ പുരട്ടാൻ കഴിയുന്നില്ല.)

മൂ. മകറം—നീ എല്ലായ്പ്പോഴും ഇങ്ങനെ....ഞാൻ നിന്നോടുപറഞ്ഞതു്.. ആദ്യം നീ ഈ ടിൻ തുറപ്പിച്ചുകൊണ്ടുവരു. ഇതു തുറന്നില്ലെങ്കിൽ....

മകൻ—നിൻെറ കൈ വിറയ്ക്കുന്നോ? (ടിൻ വാങ്ങിക്കൊണ്ടു്) ഇതു ഉടൻ തുറക്കാം. മൂർച്ചയുള്ള എന്തെങ്കിലും ഉപകരണം വേണം..ഒരു മിനിട്ടുവേണ്ട.

(പുറത്തെ വാതിലിൽക്കൂടി പോകുന്നു. മൂത്ത മകറം ജോലി തുടരാൻ ശ്രമിക്കുന്നു. പക്ഷേ കൈ അനങ്ങാത്തതുകൊണ്ടു് അതു ഉപേക്ഷിക്കുന്നു.)

മൂ. മകറം—(തലയ്ക്കുകൈവച്ചുകൊണ്ടു് ഇടറിയ സ്വരത്തിൽ) ഇവൻ എങ്ങനെ പറയുന്നു! എനിക്കു സത്യത്തിൽ...സത്യത്തിൽ എനിക്കു അറിയാമോ?

(തല ആട്ടുന്നു. അതിനുള്ളിൽ എന്തോ കൊടുങ്കാററടിക്കുന്നപോലെ. സ്വയം നിയന്ത്രിക്കാൻ ശ്രമിച്ചുകൊണ്ടു് എണീക്കുന്നു. അകത്തെ വാതിലുലേക്കു ചെന്നിട്ടു വിളിക്കുന്നു.)

കിന്നീ! (മറുപടി കിട്ടാതെവന്നപ്പോറം അകത്തേക്ക എത്തിനോക്കിയിട്ട തിരിച്ചുവരുന്നു.)

എവിടെപ്പോകുന്നോ എന്തോ? രാവിലെ സ്കൂളിൽപോകുന്നതിനുമുമ്പ് കരയും ഏതെങ്കിലും സാധനം കിട്ടിയില്ലെങ്കിൽ പോകുകയില്ലെന്ന്. പിന്നെ പകലെങ്ങും വീട്ടിലുണ്ടാകുകയില്ല.

(മകൻ വെളിയിലെ വാതിലിൽക്കൂടി ഇളയ മകളെ അകത്തേക്കുതള്ളി വിടുന്നു.)

മകൻ—പോ അകത്തേക്ക്.

(ഇളയമകറം ഓടിരക്ഷപ്പെടാൻ ശ്രമിക്കുന്നു. പക്ഷേ മകൻ അവളുടെ കൈയ്യുപിടിക്കുന്നു.)

അകത്തേക്ക പോകാൻ പറഞ്ഞില്ലേ.

മൂ.മകറം—(ദേഷ്യപ്പെട്ട്) എന്താ ഈ കാട്ടുന്നതു്?

ഇ. മകറം—നോക്ക ബിന്നിച്ചേച്ചീ, ഇവൻ എന്നെ....

(കൈ കുതറി ഓടാൻ ശ്രമിക്കുന്നു. പക്ഷേ മകൻ അവളെ മുറുക്കെ പിടിച്ചു അകത്തേക്ക കൊണ്ടുവരുന്നു.)

മകൻ—ഇവിടെ വാ. ഇപ്പോറം നിന്നെ പഠിപ്പിക്കാം.

(മൂത്തമകറം അങ്ങോട്ടു ചെന്നിട്ടു ഇളയമകളെ മോചിപ്പിക്കുന്നു)

മൂ.മകറം—ഇവളെ വിടു. ഇവറം അതിനു എന്തു ചെയ്തു........?

മകൻ—(ടിൻ കൊടുത്തിട്ട്) ഇതാ ടിൻ. ഇതു തുറന്നു. (ഇളയ മകളെ അടിച്ചു കൊണ്ട്) ഇവളെ ഞാൻ ഇപ്പോറം തന്നെ....

മൂ.മകറം—(അവന്റെ കൈ തടഞ്ഞു കൊണ്ട്) നിന്റെ തല തിരിഞ്ഞോ?

മകൻ—തിരിഞ്ഞില്ല. പക്ഷേ തിരിയും.......മൈ ഗോഡ്!

മൂ.മകറം—അതിനു എന്തു ഉണ്ടായി?

മകൻ—ഇവളോട് ചോദിക്ക എന്തുണ്ടായി എന്ന്......മൈ ഗോഡ്!

മൂ.മകറം—എന്താ ഉണ്ടായതു് കിന്നി? നീ എന്താ ചെയ്തുകൊണ്ടിരുന്നതു്?

(ഇളയ മകറം മറുപടി പറയാതെ കരയാൻ തുടങ്ങുന്നു)

പറയൂ എന്താ ചെയ്തുകൊണ്ടിരുന്നതു്?

(ഇളയ മകറം മിണ്ടാതെ നിന്നു കരയുന്നു)

മകൻ—ചെയ്യുകയല്ല, എന്തോ പറയുകയായിരുന്നു, ആരോടോ.

മൂ.മകറം—എന്തു്?

മകൻ—ഇവളോട് ചോദിക്കു.

മൂ.മകരം—(ഇളയ മകളോട്) എന്താ നീ ഒന്നും മിണ്ടാത്തതു്? നാക്കു താണുപോയോ നിൻെറ?

മകൻ—താണുപോയതല്ല. പറഞ്ഞു പറഞ്ഞു ക്ഷീണിച്ചു പോയതാണ്. ആണുങ്ങളും പെണ്ണുങ്ങളും തമ്മിൽ പരസ്പരം.......

മൂ.മകരം—എന്തു്???

മകൻ—ഇവളോടു ചോദിക്കു. ഇപ്പോരം എല്ലാം നിനക്കു പറഞ്ഞു തരും... വെളിയിൽ സുരേഖയോടു പറഞ്ഞതൊക്കെ.....

ഇ.മകരം—(കരയുന്നതിനിടക്കു്) അവരം എന്നോടു പറഞ്ഞോ? അതോ ഞാൻ അവളോടു പറഞ്ഞോ?

മകൻ—നീ അവളോടു പറയുകയായിരുന്നു.

ഇ.മകരം—അവരം എന്നോടു പറയുകയായിരുന്നു.

മകൻ—അല്ല നീ പറയുകയായിരുന്നു. പുറകിൽ നിന്നു ഞാൻ കേരംക്കുകയാണെന്നു മനസ്സിലായ ഉടൻ.......

ഇ.മകരം—ഓടിപ്പോയതു സുരേഖയോ ഞാനോ?

മകൻ—നീയാണ് ഓടിയതു്.

ഇ.മകരം—സുരേഖയാണ് ഓടിയതു്.

മകൻ—നീയാണ് ഓടിയതു്. പക്ഷേ ഞാൻ വന്നു നിന്നെ പിടികൂടി. അപ്പോരം എല്ലാവരും കേരംക്കെ വിളിച്ചു കൂവി. ഞാൻ മമ്മായോട് നിന്നെപ്പററി പരാതി പറയാറുണ്ടു്. മമ്മാ വീട്ടിലില്ലാത്തപ്പോരം എന്നെ അടിക്കുകയാണ്.

മൂ.മകരം—(ഇളയ മകളോട്) ഇവൻ പറയുന്നതു സത്യമാണോ?

ഇ.മകരം—വത്തമാനം തുടങ്ങിയതു സുരേഖയാണ്. അവളുടെ മമ്മിയും ഡാഡിയും എങ്ങനെ........എന്നു അവരം പറയുകയായിരുന്നു.

മൂ.മകരം—(ദേഷ്യപ്പെട്ടു്) അവളുടെ മമ്മിയും ഡാഡിയും പരസ്പരം എങ്ങനെ ...എന്നറിയാൻ നിനക്കു ബഹുരസമാണ് അല്ലേ?

മകൻ—പരസ്പരമല്ല, അതല്ലേ അതിലും രസം!

മൂ.മകരം—നീ മിണ്ടാതിരിക്കു് അശോക്.

ഇ.മകരം—ഇദ്ദേഹത്തോട് ആരും ഒരിക്കലും ഒന്നും പറയാറില്ല. എന്തെങ്കിലും കാരണം പറഞ്ഞു് എന്നെ അടിക്കും.

മൂ.മകരം—എന്തിനു അടിക്കും?

ഇ.മകറം—എൻെറ സാധനങ്ങളൊക്കെ അവറംക്ക കൊടുക്കാൻ സമ്മതിക്കാത്തതു കൊണ്ടു്.

മൂ.മകറം—ആൎക്ക കൊടുക്കാൻ?

ഇ.മകറം—ഒരുത്തിയില്ലേ ഇദ്ദേഹത്തിനു്, ചിലപ്പോറം എനിക്ക ബത്ത്ഡേ പ്രസൻറു കിട്ടിയ വള കൊണ്ടു കൊടുക്കും. ചിലപ്പോറം എനിക്ക പ്രൈസു കിട്ടിയ ഫൗണ്ടൻ പേനയാവും. ഞാൻ മമ്മയോടു ഇക്കാര്യം പറഞ്ഞാൽ ഒററക്ക കിട്ടുമ്പോറം എൻെറ കഴുത്തു പിടിച്ചു ഞെരിക്കും.

മൂ.മകറം—(മകനോടു്) ഇവറം ആരുടെ കാര്യമാ പറയുന്നതു്?

മകൻ—വെറുതെ പുലമ്പുകയാണു് നുണ.

ഇ.മകറം—നുണയോ? എൻെറ ഫൗണ്ടൻ പെൻ നിൻെറ വർണ്ണയുടെ കൈയിലല്ലേ?

മൂ.മകറം—ഏതു വർണ്ണ?

ഇ.മകറം—ആ വ്യവസായസെൻറർകാരിയില്ലേ, അവളുടെ പുറകെ കൂടിയിരിക്കുകയാണു്.

മകൻ—(വീണ്ടും അവളെ പിടിച്ചു കൊണ്ടു്) നിന്നെ നോക്കിക്കോ. ഇന്നു നിന്നെ ഞാൻ ശരിപ്പെടുത്തുന്നുണ്ടു്.

(ഇളയ മകറം രക്ഷപ്പെടാനായി അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു. മകൻ അവളുടെ പുറകെ ഓടുന്നു.)

മൂ.മകറം—അശോക്!

മകൻ—ഇന്നു ഞാനിവളെ വെറുതെ വിടില്ല. ഇവളുടെ നാക്കിനു ഒരു നിയന്ത്രണവുമില്ല, അതു്......

(ഇളയ മകറം ഇടയിൽ കൂടി ഓടി വാതിലിനു പുറത്തു കടക്കുന്നു)

ഇ.മകറം—(പോകുന്ന വഴി) വ്യവസായ സെൻററിലെ വർണ്ണ! വ്യവസായ സെൻററിലെ വർണ്ണ!....വ്യവസായ സെൻററിലെ വർണ്ണ!.....

(മകൻ അവളുടെ പിന്നാലെ ഓടാൻ തുടങ്ങുമ്പോഴേക്ക പെട്ടെന്നു സ്ത്രീ അകത്തു വരുന്നതു കണ്ടു ഞെട്ടുന്നു. അവിടത്തെ യാതൊരു വസ്തുവുമായി തനിക്ക ഒരു ബന്ധവുമില്ലാത്ത മട്ടിൽ സ്ത്രീ അകത്തേക്ക വരുന്നു. ആ അന്തരീക്ഷത്തോടുള്ള ഉദാസീനതയോടൊപ്പം അവരുടെ മുഖത്തു നിശ്ചയവും അസ്വസ്ഥതയും ഇടകലൎന്ന ഭാവം. അവിടെയുള്ളവരെ നോക്കാതെ കൈയിലുള്ള സാമാനം അററത്തു ഒരു കസേരയിൽ വയ്ക്കുന്നു. മകൻ ആകെ വിഷണ്ണനായി അതുമിതുമൊക്കെ തൊട്ടു നോക്കുന്നു. മൂത്ത മകറം പ്ലേററുകളും റൊട്ടിക്കഷണങ്ങളും, ചീസു് ടിന്നും എടുത്തു കൊണ്ടു് മുററത്തേക്കുള്ള വാതില്ക്കലേക്ക പോകുന്നു.)

മൂ.മകാം—(സ്ത്രീയുടെ അടുത്തു കൂടി പോയിട്ട്) ഞാൻ ഇപ്പോൾ ചായ കൊണ്ടു വരാം.

സ്ത്രീ—എനിക്കു വേണ്ട.

മൂ.മകാം—ഒരു കപ്പു കുടിക്കൂ.

(പോകുന്നു. സ്ത്രീ മുറിയിൽ ചിന്നിച്ചിതറി കിടക്കുന്ന വസ്തുക്കൾ ഒന്നു നോക്കുന്നു. താൻ കൊണ്ടു വന്ന സാധനം ശരിക്കു വച്ചതല്ലാതെ മററു വസ്തുക്കളൊന്നും കൈ കൊണ്ടു തൊടുന്നില്ല. മൂത്ത മകാം തിരിച്ചു വരുന്നു.)

(ചായപ്പൊടിയുടെ ഒഴിഞ്ഞ പാസ്റ്ററു കാട്ടിക്കൊണ്ട്) ചായ തീൻ്ു.

സ്ത്രീ—എനിക്കു ചായ വേണ്ട.

മൂ.മകാം—എല്ലാവർക്കും ഓരോ കപ്പു വീതം ഉണ്ടാക്കുന്നുണ്ട്.

മകൻ—എനിക്കു വേണ്ട.

മൂ.മകാം—അതെന്താ?വെള്ളം വച്ചുന്നു, ചായപ്പൊടി കൊണ്ടു വരേണ്ട താമസമേയുള്ളു......

മകൻ—നിനക്കു വേണമെങ്കിൽ ഉണ്ടാക്കികൊള്ളൂ.

മൂ. മകാം— ഞാൻ മാത്രം കുടിക്കുകയോ? വളരെ രുചിയുള്ള ചീസ്-സാൻഡ് വിച്ച് ഉണ്ടാക്കുന്നുണ്ട്.

മകൻ—എനിക്കു വിശപ്പില്ല.

സ്ത്രീ—എനിക്കു ഒരാളുടെ കൂടെ ചായ കഴിക്കാൻ പുറത്തു പോകണം.

മൂ. മകാം—അപ്പോൾ നിങ്ങൾ ഇപ്പോൾ വീട്ടിലുണ്ടാവില്ലേ?

സ്ത്രീ—ഇല്ല. എന്നെ കൂട്ടിക്കൊണ്ടുപോകാൻ ജഗമോഹൻ വരും.

മൂ. മകാം—അദ്ദേഹം ഇവിടെ വരുമോ?

സ്ത്രീ—വരും. എന്താ?

മൂ. മകാം— ഇപ്പോൾ ജുനേജാ അങ്കിളും വരും.......

സ്ത്രീ— അദ്ദേഹം വരുമെന്നു എങ്ങനെ അറിയാം.?

മൂ. മകാം—അശോകൻ ഫോൺ ചെയ്തു. എന്തോ സംസാരിക്കാനുണ്ടെന്നു പറഞ്ഞു.

സ്ത്രീ—പക്ഷേ എനിക്ക് അദ്ദേഹത്തോട് ഒന്നും സംസാരിക്കാനില്ല.

മൂ. മകാം—എങ്കിലും അദ്ദേഹം വരുമെന്നുള്ളപ്പോൾ....

സ്ത്രീ—ഞാൻ വീട്ടിലില്ലെന്നും, എപ്പോൾ വരുമെന്നു നിശ്ചയമില്ലെന്നും പറയണം.

മൂ. മകറം—പ്രതീക്ഷിച്ചിരിക്കാം എന്നു പറഞ്ഞാലോ?

സ്ത്രീ—പ്രതീക്ഷിച്ചിരിക്കട്ടെ.

(കപ്പ് ബോർഡിൽ നിന്നും ഒന്നു രണ്ടു പേഴ്സ് എടുത്തിട്ടു ഏതുകൊണ്ടു പോകണം എന്നു നോക്കുന്നു. മൂത്തമകറം മകനെ ഒന്നു നോക്കുന്നു. അവൻ എങ്ങനെയെങ്കിലും അവിടെ നിന്നു പോകാനുള്ള മാർഗ്ഗം ആലോചിക്കുകയാണെന്നുതോന്നും)

മൂ. മകറം—(ഒരു പേഴ്സ് തൊട്ടുകൊണ്ടു്) ഇക്കൂട്ടത്തിൽ ഇതാണുനല്ലതു്. എപ്പോഴേക്കു തിരിച്ചെത്തും?

സ്ത്രീ—(ആ പേഴ്സ് വച്ചിട്ടു് വേറൊന്നു എടുത്തു കൊണ്ടു്) പറയാൻ വയ്യ. സംസാരിക്കാൻ താമസം നേരിട്ടു എന്നുവരാം........

മൂ. മകറം—(ആ പേഴ്സ് ചൂണ്ടിക്കാട്ടി) ഇതു കുറെക്കൂടി നല്ലതാണു്...... എവിടെപ്പോയെന്നും ആരുടെ കൂടെപ്പോയെന്നും ചോദിച്ചാൽ....?

സ്ത്രീ - പറഞ്ഞില്ലെന്നു പറയണം.....അല്ലെങ്കിൽ ജഗമോഹൻ വന്നിരുന്നു എന്നു പറയൂ. (മുറി ഒന്നു കൂടി നോക്കിയിട്ടു്) എന്തു വൃത്തികേടായി കിടക്കുന്നു?

മൂ. മകറം—അടുക്കി വയ്ക്കാം. (ധൃതിയിൽ) അദ്ദേഹത്തോടു പറയുന്നതു ശരിയായിരിക്കുമോ?

സ്ത്രീ—അതെന്താ?

മൂ. മകറം—വെറുതെ... അദ്ദേഹം ചെന്നു ഡാഡിയോടു വല്ലതുമൊക്കെ പറഞ്ഞാലോ......!

സ്ത്രീ—പറഞ്ഞാലെന്താ? (ചിലസാധനങ്ങറം എടുത്തു് അവളുടെ കൈയിൽ കൊടുത്തിട്ടു്) അകത്തുകൊണ്ടു് വച്ചിട്ടു വരൂ.

മൂ. മകറം—എന്താ സംഭവിക്കുന്നതെന്നു ചോദിച്ചാൽ......

സ്ത്രീ—ഒരാളുടെ കൂടെ ചായ കുടിക്കാനാണു ഞാൻ പോകുന്നതു്. മോഷണത്തിനും മററുമല്ല.

മൂ. മകറം—നിങ്ങറംക്കു അറിയാമല്ലൊ, ഡാഡിക്കു ജഗമോഹൻ അങ്കിളിനെ.......

സ്ത്രീ—നിൻെറ ഡാഡിക്കു ആരെയെങ്കിലും ഇഷ്ടമുണ്ടോ?

മൂ. മകറം—എങ്കിലും അല്പം നേരത്തെ ഇങ്ങു എത്തിയാൽ...

സ്ത്രീ—എനിക്കു അദ്ദേഹത്തോടു ചില പ്രത്യേക കാര്യങ്ങറം പറയാനുണ്ടു്. വൈകിട്ടു അദ്ദേഹത്തിനു മററു ജോലികളുണ്ടായിരുന്നതു എനിക്കു വേണ്ടി ക്യാൻസൽ ചെയ്യിരിക്കുകയാണു്. ഇഷ്ടമുള്ളപ്പോറം വിളിക്കാനും പറഞ്ഞയക്കാനും അദ്ദേഹം ജോലിയില്ലാത്ത ആളല്ല.

(മകൻ നടന്നു വാതില്ക്കൽ എത്തുന്നു)

മകൻ—ഞാൻ പുറത്തേക്കു പോകയാണു്, ബിന്നി!

മൂ. മകരം—നീയും......നീ എവിടെ പോകുന്നു?

മകൻ—ഇവിടെ അടുത്തുവരെ. ഉടൻ ഇങ്ങു എത്താം.

മൂ. മകരം—അപ്പോഴം ജ്ഞനേജാ അങ്കിറം വരുമ്പോഴം ഞാൻ.......

മകൻ—അപ്പോഴേക്കം ഞാനെത്തിയേക്കാം.

മൂ. മകരം—എത്തിയേക്കാമെന്നോ?

മകൻ—അല്ല.......തീർച്ചയായും വരാം.....

(പോകുന്നു)

മൂ. മകരം—(പുറകിൽ നിന്നു്) നോക്കു! (വാതില്ക്കലേക്കു പോകുന്നു) അശോക്!

(മകൻ നിൽക്കുന്നില്ല. അവൻ ചുണ്ടുകൂർപ്പിച്ചിട്ടു സ്ത്രീയുടെ അടുത്തു ത്വര ചെയ്യുന്നു)

ചായപ്പൊടി എങ്കിലും കൊണ്ടുവന്നാൽ മതിയായിരുന്നു.

സ്ത്രീ—(പറയുന്നതിനു മുമ്പു തയ്യാറെടുത്തു കൊണ്ടു്) നിന്നോടു് ഒരു കാര്യം പറയാനുണ്ടായിരുന്നു.

മൂ. മകരം—ഇതൊക്കെ അകത്തുകൊണ്ടുവച്ചിട്ടു വരട്ടെ? അവിടെയും എല്ലാം ചിതറിക്കിടക്കുകയാണു്. ജഗമോഹൻ അങ്കിറം വരുന്നതിനു മുമ്പു്...

സ്ത്രീ—എനിക്കു അല്പകാര്യമേ പറയാനുള്ളു.

മൂ. മകരം—പറയൂ.

സ്ത്രീ—അടുത്ത പ്രാവശ്യം വരുമ്പോഴം നീ ഇവിടെ എന്നെ കണ്ടില്ല എന്നു വരാം.

മൂ. മകരം—എന്താ ഈ പറയുന്നതു്?

സ്ത്രീ—ജഗമോഹനെ അതിനായിട്ടാണു ഇന്നു ഞാൻ ഫോൺവിളിച്ചതു്.

മൂ. മകരം—ഇനിയും?

സ്ത്രീ—ഇനിയും വരുന്നതു പോലൊക്കെ. എന്നെങ്കിലും ഒരിക്കൽ ഇതു സംഭവിക്കുമെന്നു എനിക്കറിയാമായിരുന്നു.

മൂ. മകരം—നിങ്ങരം നന്നായി ആലോചിച്ചു കഴിഞ്ഞോ?

സ്ത്രീ—(പതുക്കെ കണ്ണു് അടച്ചുകൊണ്ടു്) നന്നായി ആലോചിച്ചു. (ഉറക്കം വരുന്ന മട്ടിൽ) ഇനിയും നീ പോകൂ.

(മൃ. മകരം ക്ഷണനേരം മിണ്ടാതെ അകത്തേക്ക നോക്കി നില്ക്കുന്നു. പിന്നെ എന്തോ ആലോചിച്ചിട്ട് അകത്തേക്ക പോകുന്നു.)

മൃ. മകരം—(നടന്നു കൊണ്ട്) അല്പംകൂടി ആലോചിച്ചാൽ കൊള്ളാം....

(നടന്നു പോകുന്നു)

സ്ത്രീ—ഇനിയും എവിടെ അല്പം?

(കഴുത്തിലെ മാല കൈകൊണ്ട് കശക്കുന്നു. അതു പൊട്ടിപ്പോകുന്നു. അസ്വസ്ഥയായി മാല ഊരി കപ്പ്ബോർഡിൽ കൊണ്ട് വയ്ക്കുന്നു. എന്നിട്ട് അവിടെ നിന്നു മറെറാരു മാല എടുക്കുന്നു)

ഓരോ വർഷം കടന്നു പോകും.... ഇതു് അങ്ങനെ ആകട്ടെ, ഇതു് ഇങ്ങനെ ആകട്ടെ എന്നു വിചാരിച്ചു്....

(മാലയുടെ പാത്രം അടച്ചുവച്ചിട്ട് കപ്പ് ബോർഡ് അടയ്ക്കാൻ ശ്രമിക്കുന്നു. പക്ഷേ ഇടയ്ക്കുള്ള സാധനങ്ങൾ കുഴഞ്ഞുകിടക്കുന്നതു കാരണം കപ്പ്ബോർഡ് ശരിക്ക അടയുന്നില്ല.)

ഒരു ദിവസം......അടുത്ത ദിവസം

(കപ്പ് ബോർഡ് അടയാതെ വന്നപ്പോൾ അതു മുഴുവൻ തുറന്നിട്ട് ശക്തിയായി അടയ്ക്കുന്നു)

ഒരു വർഷം....അടുത്ത വർഷം!

(കപ്പ് ബോർഡിൻെറ അടിയിൽ ഇട്ടിട്ടുള്ള ഷൂസും ചപ്പലുകളും കാലുകൾ കൊണ്ട് തട്ടിനോക്കിയിട്ട ഒരു ചപ്പൽ മാററി എടുക്കുന്നു. മറെറ കാലിലെ കിട്ടാതെ വന്നപ്പോൾ എല്ലാം കാലുകൊണ്ട് തട്ടി തെറിപ്പിക്കുന്നു)

ഇനിയും ഒന്നുകൂടി ആലോചിക്കണംപോലും!

(ഡ്രസ്സിംഗ് ടേബിളിനടുത്തു ചെല്ലുന്നു. താനെന്തിനു് അവിടെ വന്നു എന്നു അല്പനേരം സംശയിക്കുന്നു. പിന്നെ ഓർത്തിട്ട കണ്ണാടിയിൽ നോക്കി മാല അണിയുന്നു. മാല ഇട്ടശേഷം സ്വയം ശ്രദ്ധിച്ചുനോക്കുന്നു. കഴുത്തുയർത്തി മുഖത്തു കൈ ഓടിച്ചിട്ട ചുളിവുകൾ നേരെയാക്കാൻ ശ്രമിക്കുന്നു)

എന്നു വരെ....എന്തിനു്?

(ഇനി എന്താ ചെയ്യുക എന്നു നിശ്ചയമില്ലാതെ ഡ്രസ്സിംഗ് ടേബിളിലെ ചില സാധനങ്ങൾ എടുക്കുകയും വയ്ക്കുകയും ചെയ്യുന്നു. ക്രീംബോട്ടിൽ കൈയിൽ എടുത്തു് അല്പനേരം അതു നോക്കിനിൽക്കുന്നു. പിന്നെ അതു തുറക്കുന്നു)

വീടും ഓഫീസും....വീടും ഓഫീസും!

(ക്രീം മുഖത്തു പുരട്ടിയപ്പോൾ അതു ഇപ്പോൾ പുരട്ടേണ്ടായിരുന്നു എന്നു മനസ്സിലാക്കുന്നു. അതു തോർത്തുകൊണ്ടു തുടച്ചിട്ട മറെറാരു കുപ്പി എടുക്കുന്നു. അതിൽനിന്നു പഞ്ഞിമുക്കി ലോഷൻ എടുത്തിട്ട എവിടെ പുരട്ടണമെന്നു സംശയിക്കുന്നു. മറെറങ്ങും പുരട്ടണ്ട എന്നു തീരുമാനിച്ചിട്ട കൈത്തണ്ടിൽ പുരട്ടുന്നു)

ആലോചിക്കു......ആലോചിക്കു!

(തലമുടിയിലേക്കു ശ്രദ്ധ തിരിയുന്നു. ഇഷ്ടമില്ലാതെ ലോഷൻ പുരട്ടിയ പഞ്ഞി തലയിൽ പുരട്ടാൻ ഭാവിക്കുന്നു. പക്ഷേ ഇടയ്ക്കുവച്ചു കൈതടഞ്ഞിട്ട് അതു മാററിവയ്ക്കുന്നു. കൈവിരലുകൾ കൊണ്ട് എവിടെയാണ് നരച്ച മുടി കൂട്ടതലെന്നു തപ്പിനോക്കുന്നു. ചീപ്പു തപ്പുന്നു. പക്ഷേ കിട്ടുന്നില്ല. അക്ഷമയോടെ എല്ലായിടവും നോക്കുന്നു. ഒടുവിൽ ചീപ്പ് അവിടെത്തന്നെ തോർത്തിന്റെ അടിയിൽനിന്നും കിട്ടുന്നു)

ചഖ്—ചഖ് .... കിട്ട്—കിട്ട്....ചഖ്—ചഖ്....കിട്ട്—കിട്ട്—കിട്ട് എന്തു ആലോചിക്കാനാണ്?

(ചീപ്പുകൊണ്ട് നരച്ചമുടി ഒതുക്കിവയ്ക്കുന്നു. കണ്ണുകളിലേക്കു ശ്രദ്ധ തിരിയുന്നു. ചീപ്പു വച്ചിട്ടു കൺപോളകൾ ഒതുക്കിവയ്ക്കുന്നു. അപ്പോൾ മൂന്നാമത്തെ പുരുഷൻ വാതില്ക്കൽ നിന്നും വരുന്നു സിഗററുപുകവിട്ടുകൊണ്ട്. സ്ത്രീ അയാളെ കാണുന്നില്ല. അയാൾ ചാരം കളയാനായി ടീപ്പോയിൽ വച്ചിട്ടുള്ള ആഷ് ട്രേയുടെ അടുത്തേക്കു ചെല്ലുന്നു. സ്ത്രീ പൗഡർ ടിന്നെടുത്തു തുറന്നു കണ്ണുകളുടെ താഴെ പൗഡർ പുരട്ടുന്നു. ടിൻ പിടിച്ച കൈ വിറയ്ക്കുന്ന കാരണം അൽപം പൗഡർ താഴെ വീഴുന്നു)

(ദീർഘശ്വാസത്തോടെ) ഒന്നും ആലോചിക്കേണ്ട!

(എഴുന്നേൽക്കുന്നു. ഒരു പ്രാവശ്യം സ്വയം നന്നായി കണ്ണാടിയിലേക്കു നോക്കുന്നു. മൂന്നാമത്തെ പുരുഷൻ ആദ്യത്തെ സിഗററു കൊണ്ടു രണ്ടാമത്തെ സിഗററു കത്തിക്കുന്നു)

വരുന്നതു വരട്ടെ.

(സോഫയുടെ അടുത്തേക്കു തിരിഞ്ഞപ്പോൾ പെട്ടെന്നു മൂന്നാമനെ കണ്ടു ഞെട്ടുന്നു. കണ്ണുകൾ പ്രകാശിക്കുന്നു)

മൂന്നാ—(വളരെ മൃദുവായി) ഹലോ, കുട്ടി!

സ്ത്രീ—അല്ല. നിങ്ങൾ വന്നതു് അറിഞ്ഞില്ലല്ലോ.

മൂന്നാ—സ്വയം എന്തോ പറഞ്ഞുകൊണ്ടിരുന്നതു ഞാൻ ശ്രദ്ധിച്ചു. അതു കൊണ്ട്....

സ്ത്രീ—ഞാൻ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. നിങ്ങൾ നേരെ ഓഫീസിൽനിന്നും വരികയാണോ?

(മൂന്നാമൻ സിഗററുവലിച്ചു പുകവിടുന്നു.)

മൂന്നാ—നേരിട്ടാണെന്നു കരുതിക്കൊള്ളു.

സ്ത്രീ—കരുതിക്കൊള്ളു എന്നുവച്ചാൽ അല്ലെന്നർത്ഥം.

മൂന്നാ—നൗ നൗ...... പോറംസ്സാറിൽ രണ്ടുമിനിട്ട നിന്നു. ഒരു ഡിസൈൻ കൊടുക്കാനുണ്ടായിരുന്നു. പിന്നെ വീട്ടിൽ പോയി കുളിച്ചിട്ട നേരെ ....

സ്ത്രീ—ഇതാണോ നേരെ ഇങ്ങോട്ട്?

മൂന്നാ—(പുകവിട്ടുകൊണ്ട്) നീ ഒട്ടും മാറിയിട്ടില്ല. ഇപ്പോഴും പഴയപോലെ തന്നെ ശകാരിക്കുന്നു. പക്ഷേ കുക്കു, ഡിയർ, ഓഫീസിലെ വേഷം ഉപയോഗിച്ചാൽ വൈകുന്നേരം വീർപ്പുമുട്ടൽ അനുഭവപ്പെടും. അതുകൊണ്ട് ഞാൻ വിചാരിച്ചു ...

സ്ത്രീ—പക്ഷേ നേരെ ഇങ്ങോട്ടുവരണമെന്നല്ലേ ഞാൻ പറഞ്ഞത്? ഒരു മിനിട്ടുപോലും കളയാതെ.

മൂന്നാ—ഒരു മിനിട്ടുപോലും കളഞ്ഞില്ലല്ലോ. പോറംസ്സാറിൽ...

സ്ത്രീ—പോട്ടെ. നിങ്ങളുടെ ഈ സമാധാനംപറച്ചിൽ എനിക്കുപുതിയ കാര്യമൊന്നുമല്ല.

മൂന്നാ—(സോഫയിൽ ഇരുന്നുകൊണ്ട്) എന്തുവേണമെങ്കിലും പറഞ്ഞുകൊള്ളൂ. കാരണം കൂടാതെ ഓരോന്നു പറയുന്നതു കേൾക്കുക എനിക്കും പുതിയ കാര്യം ഒന്നുമല്ല.

സ്ത്രീ—ഇരിക്കുകയാണോ? പോകണ്ടേ?

മൂന്നാ—ഒരു മിനിട്ട്. ഉടൻ പോകാം, ഇരിക്കൂ.

(സ്ത്രീ ഇഷ്ടമില്ലാതെ സോഫയിലിരിക്കുന്നു)

നിങ്ങൾ പെട്ടെന്നു ഫോൺ വിളിച്ചപ്പോൾ എനിക്കുതോന്നി—

(സ്ത്രീയുടെ കണ്ണുകൾ നിറയുന്നു.)

സ്ത്രീ—(അയാളുടെ കൈയിൽ പിടിച്ചുകൊണ്ട്) ജോഗ്!

മൂന്നാ—(കൈ തലോടിക്കൊണ്ട്) എന്താ കുക്കു?

സ്ത്രീ—ജീവിതം മുഴുവൻ ഞാൻ എത്തിച്ചേരാൻ പേടിച്ച സ്ഥാനത്തു ഇപ്പോൾ എത്തിച്ചേർന്നിരിക്കുന്നു. ഇപ്പോൾ എനിക്കുതോന്നുന്നു....

മൂന്നാ—(കൈയിൽ പതുക്കെ തട്ടിക്കൊണ്ട്) ഇങ്ങനെ വിഷമിക്കാതിരിക്കൂ.

സ്ത്രീ—ഞാൻ സത്യമാണുപറയുന്നത്. ഇന്നുനിങ്ങൾ എന്നോടുപറഞ്ഞാൽ

മൂന്നാ—(അകത്തേക്കു നോക്കിയിട്ട്) വീട്ടിൽ ആരുമില്ലേ?

സ്ത്രീ ബിന്നിയുണ്ട് അകത്ത് (കൈ മാററുന്നു).

മൂന്നാ അവൾ ഇവിടെയാണോ? അവളെപ്പററികേട്ടതു്...,

സ്ത്രീ—അതെ. പക്ഷേ ഇന്നലെ വന്നു.

മൂന്നാ—അന്നുകണ്ടതാണ്. എത്രവർഷമായിക്കാണും!

സ്ത്രീ—ഇപ്പോഠ പുത്തുവരുമായിരിക്കും..ഇന്നു എനിക്കു നിങ്ങളോട് വളരെ കാര്യങ്ങഠ പറയാനുണ്ട്.

മൂന്നാ—കേഠക്കാനായിട്ടുമാത്രമാണ് ഞാൻ വന്നതു്. ഫോണിൽ നിങ്ങളുടെ ശബ്ദം കേട്ടപ്പോഠ എനിക്കുതോന്നി....

സ്ത്രീ—ഞാൻ അപ്പോഠ വളരെ അസ്വസ്ഥയായിരുന്നു.

മൂന്നാ അതു ഇപ്പോഴും അങ്ങനെതന്നെ.

സ്ത്രീ—നിങ്ങഠ എന്നെ എന്തു നന്നായി അറിയുന്നു.....എന്തു നന്നായി! ഇപ്പോഠ എൻെറ ഉള്ളിലെ സ്ഥിതി.....

(സ്വരം ഇടറുന്നു)

മൂന്നാ—പ്ലീസ്!

സ്ത്രീ—ജോഗ്!

മൂന്നാ—പറയൂ.

സ്ത്രീ—നിങ്ങഠക്കറിയാമല്ലൊ ഞാൻ...... നിങ്ങഠ ഒരാളെ മാത്രമേ ഞാൻ..

മൂന്നാ—പറയുന്നതെന്തിനാണ്? പറയേണ്ട കാര്യമുണ്ടോ?

സ്ത്രീ—എങ്കിലും വായിൽ നിന്നും വന്നു പോകുന്നു. പറയാം. സംഗതി എന്താണെന്നു വച്ചാൽ.. വേണ്ട, പുറത്തിറങ്ങിയിട്ടു പറയാം.

മൂന്നാ—എനിക്കു ഒരു അഭിപ്രായമുണ്ട്.

സ്ത്രീ—പറയൂ.

മൂന്നാ—പറയാനുള്ളതു ഇവിടെ വച്ചു തന്നെ പറയൂ. അതിനുശേഷം.......

സ്ത്രീ—വയ്യ—വയ്യ ഇവിടെ വയ്യ.

മൂന്നാ—എന്തുകൊണ്ട്?

സ്ത്രീ—ഇവിടെ വച്ചു പറയാൻ എന്നെക്കൊണ്ടാവില്ല. എന്നോടൊപ്പം പുറത്തു പോരാൻ നിങ്ങഠക്കു മടിയാണെങ്കിൽ ...

മൂന്നാ—എന്താ ഈ പറയുന്നതു്? എവിടെ വേണമെന്നു നിങ്ങഠ പറയൂ. ഞാൻ കൂടെ വരാം. ഞാൻ പറഞ്ഞതിൻെറ കാരണം......

സ്ത്രീ—എനിക്കു എല്ലാം അറിയാം. നിങ്ങഠ പറയുന്നതു ഞാൻ ഒരിക്കലും തെററായി കരുതാറില്ല.

മൂന്നാ—എങ്കിൽ എവിടെ പോണമെന്നു പറയൂ.

സ്ത്രീ—നിങ്ങഠക്കിഷ്ടമുള്ളിടത്തു്.

മൂന്നാ—എനിക്കിഷ്ടമുള്ളിടത്തോ? എല്ലായ്പ്പോഴും നിങ്ങളല്ലേ അതു തീരുമാനിക്കുക പതിവ്.

സ്ത്രീ—ഗിൻസയിലായാലോ? അവിടെ ആ മൂലയ്ക്കുള്ള ടേബിറം ചില പ്പോറം ഒഴിഞ്ഞു കിട്ടിയേക്കും.

മൂന്നാ—ഇങ്ങോട്ടു ചോദിക്കാതെ. ഗിൻസ എന്നു പറയൂ.

സ്ത്രീ—അതോ യോർക്സോ?....അവിടെ ഇപ്പോറം അധികം ആളുകറം ഉണ്ടാവില്ല.

മൂന്നാ—ഞാൻ പറഞ്ഞില്ലേ.....

സ്ത്രീ—ശരി ആ ചെറിയ റെസ്റ്റോറണ്ടിൽ പോകാം. അവിടത്തെ ഇംച്ചി നിങ്ങറംക്കു ഇഷ്ടമാണല്ലൊ. അന്നത്തേതിൻെറശേഷം ഞാൻ പിന്നെ അവിടെ പോയിട്ടേയില്ല.

മൂന്നാ – (മടിയോടെ) അവിടെയോ? ഞാൻ ഇപ്പോറം അവിടെ പോകാറില്ല.... പക്ഷേ നിങ്ങറംക്കു അവിടെ പോകാൻ താല്പര്യമുണ്ടെങ്കിൽ അങ്ങോട്ടു പോകാം.

സ്ത്രീ—നോക്കു....പോകുന്നതിനു മുമ്പു നിങ്ങളോട് ഒരു കാര്യം പറയാം.

മൂന്നാ—(പുകവിട്ടുകൊണ്ട്) എന്തു കാര്യം?

സ്ത്രീ—ഞാൻ..... ഞാൻ ഇന്നലെ മനസ്സിൽ ഒരു തീരുമാനം എടുത്തു.

മൂന്നാ—ഉം?

സ്ത്രീ—മുമ്പും ഞാൻ ഇങ്ങനെ പറയുന്നതു നിങ്ങറം കേട്ടിട്ടുണ്ടാവും....... പക്ഷേ ഇപ്രാവശ്യം യഥാർത്ഥത്തിൽ തീരുമാനിച്ചു കഴിഞ്ഞു.

മൂന്നാ—(കാര്യം മനസ്സിലായ മട്ടിൽ) ഹും!

(അൽപ്പനേരത്തെ നിശ്ശബ്ദത. അയാറം എന്തോ ആലോചിച്ചുകൊണ്ട് ചുററും നോക്കുന്നു. പിന്നെ പുസ്തകത്തിലേക്കു കണ്ണു പതിഞ്ഞപ്പോറം എണീററു ഷെൽഫിൻെറ അടുത്തേക്കു പോകുന്നു)

സ്ത്രീ—അങ്ങോട്ടു പോയതു് എന്താ?

മൂന്നാ—(ഷെൽഫിൽ നിന്നും പുസ്തകം എടുത്തു കൊണ്ട്) വെറുതെ ഈ പുസ്തകം ഒന്നു നോക്കാമെന്നു വിചാരിച്ചു.

സ്ത്രീ—ഞാൻ പറഞ്ഞതു നിങ്ങറംക്കു വിശ്വാസമായില്ലായിരിക്കും.

മൂന്നാ—ഞാൻ ശ്രദ്ധിക്കുന്നുണ്ട്.

സ്ത്രീ—ഇവിടെ ഇതൊക്കെ സഹിച്ചുകഴിയുക മുമ്പും എനിക്കു അസാദ്ധ്യമായിരുന്നു. നിങ്ങറംക്കറിയാമല്ലോ. പക്ഷേ ഇപ്പോറം ഇതു തികച്ചും അസാദ്ധ്യമായി തീന്നിരിക്കുന്നു.

മൂന്നാ—(പുസ്തകം മറിച്ചുകൊണ്ട്) അതിൻെറ അർത്ഥം ......

സ്ത്രീ—നിങ്ങൾ വിചാരിക്കുന്നതു ശരിയാണ്.

മൂന്നാ—(പുസ്തകം തിരിച്ചുവച്ചുകൊണ്ട്) ഹും.

(സ്ത്രീ—എഴുന്നേററ് അയാളുടെ അടുത്തു ചെല്ലുന്നു)

സ്ത്രീ—ഞാൻ കാരണം നിങ്ങൾക്കു ജീവിതത്തിൽ ഇത്രയധികം ബുദ്ധിമുട്ടു സഹിക്കേണ്ടിവരുന്നു. ഇതെന്നെ എപ്പോഴും എത്രമാത്രം വേദനിപ്പിക്കാറുണ്ടെന്നു എനിക്കു പറഞ്ഞറിയിക്കാൻ സാദ്ധ്യമല്ല.

മൂന്നാ—(തൻെറ കഴുത്തു തലോടിക്കൊണ്ട്) നോക്കൂ ..സത്യം പറഞ്ഞാൽ ഞാൻ ഇപ്പോൾ ഇക്കാര്യം അധികം ആലോചിക്കാറേയില്ല.

(പതുക്കെ നടന്നു അവളുടെ അടുത്തു കൂടി മുമ്പോട്ടു പോകുന്നു.)

സ്ത്രീ—നിങ്ങൾ പറയാറുണ്ടായിരുന്നതു എനിക്കോർമ്മയുണ്ട്. "ആലോചിച്ചതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടെങ്കിലല്ലേ മനുഷ്യൻ ആലോചിക്കേണ്ടതുള്ളൂ."

മൂന്നാ—അതെ ...അതുതന്നെ.

സ്ത്രീ—പക്ഷേ അതോടൊപ്പം "ഇന്നലെയും ഇന്നുമായി വ്യത്യാസം ഉണ്ട്!"

മൂന്നാ— അതെ.... വളരെയധികം ഉണ്ടാകും.

സ്ത്രീ—അതുകൊണ്ടാണ് ഞാൻ നിങ്ങളോട് പറയാനാഗ്രഹിക്കുന്നതു്..

(മൂത്തമകൾ അകത്തുനിന്നും വരുന്നു)

മൂ. മകൾ—മമ്മാ, അകത്തു ഇസ്തിരിയിടാൻ വച്ചിട്ടുള്ള വസ്ത്രങ്ങൾ....

(മൂന്നാമനെ കണ്ടിട്ട്) ഹലോ അങ്കിൾ!

മൂന്നാ—ഹലോ ഹലോ .. അല്ലേ....ഇതു നീ തന്നെയാണോ?

മൂ. മകൾ—അങ്ങേയ്ക്കു എന്തു തോന്നുന്നു?

മൂന്നാ—നീ ഇത്രയും വലുതായി എന്നു അറിഞ്ഞിരുന്നെങ്കിൽ!

(സ്ത്രീയോട്) എന്തു വലിയതായി തോന്നുന്നു!

സ്ത്രീ—അതെ....ഈ മുഖം തുടുത്തിരിക്കുന്നു.

മൂന്നാ—അന്നു ഫ്രാക്കായിരുന്നു ഇട്ടു കൊണ്ടിരുന്നതു്.

മൂ. മകൾ (ലജ്ജിച്ച്) എന്നാണോ ആവോ?

മൂന്നാ—ഒരിക്കൽ ഇവൾ എൻെറ കൈ കടിച്ചതു ഓർമ്മയുണ്ടോ? വലിയ കുസൃതിയായിരുന്നു.

സ്ത്രീ—(തലയാട്ടിക്കൊണ്ട്) സർവ്വകുസൃതിയും കൈയിലുണ്ടായിരുന്നു.

മൂ.മകൾ—അങ്ങ് ഇരിക്കൂ. ഞാൻ ഉടൻ വരാം.

(മുററത്തേക്കുള്ള വാതില്ക്കലേക്കു പോകുന്നു)

മൂന്നാ—എങ്ങോട്ടാ ധൃതിയിൽ പോകുന്നതു്?

മൂ.മകൾ—ഇതാ വന്നു കഴിഞ്ഞു.

(പോകുന്നു)

മൂന്നാ—എന്തു നല്ല പെൺകുട്ടിയായിരുന്നു! കവിളുകൾ തുടുത്തു ചുവന്നു്..

സ്ത്രീ—കവിളുകളൊക്കെ പ്രായമാകുന്തോറും ഒട്ടിപ്പോകും!

മൂന്നാ—പക്ഷേ ഞാൻ കേട്ടതു സ്വന്തം ഇഷ്ടപ്രകാരം ഇവൾ.....

സ്ത്രീ—അതെ സ്വന്തം ഇഷ്ടപ്രകാരം തന്നെ. സ്വന്തം ഇഷ്ടത്തിൻെറ ഫലം ഇപ്പോൾ ഇങ്ങനെ....

മൂന്നാ—പക്ഷേ വലിയ ഗമയിലാണല്ലോ സംസാരമൊക്കെ.

സ്ത്രീ—ഈ പ്രായവും ഈ ഗമയും!... ശരി എങ്കിൽ നമുക്കു പോകാം.

മൂന്നാ—എങ്ങനെ വേണമെങ്കിൽ ചെയ്യാം.

സ്ത്രീ—(പേഴ്സിൽ തുവാല തപ്പിനോക്കുന്നു) എവിടെപ്പോയി?

(തുവാല കിട്ടിയതുകൊണ്ടു് പേഴ്സ് അടയ്ക്കുന്നു) ഇതിനകത്തുതന്നെയുണ്ടു്......ആട്ടെ ഞാൻ എപ്പോൾ തിരിച്ചെത്തും? ഇവളോടു അതനുസരിച്ചു പറഞ്ഞിട്ടു പോകാനാണു ചോദിക്കുന്നതു്....

മൂന്നാ—അതു നിങ്ങൾ തീരുമാനിക്കൂ. എങ്ങനെ വേണമെങ്കിലും ചെയ്യാം.

സ്ത്രീ—ഞാൻ താമസിച്ചേക്കും എന്നു പറയാം. ആരോ വരാനുണ്ടു് അയാളോടു പറയട്ടെ.

മൂന്നാ—വേറൊരാൾകൂടി വരാനുണ്ടോ?

സ്ത്രീ—ജൂനേജാ. നിങ്ങൾക്കെല്ലാം അറിയാമല്ലോ അയാൾ കാരണമാണ്....(മുററത്തേക്കു നോക്കിയിട്ടു്) ബിന്നീ! (മറുപടി കിട്ടാതെ) ബിന്നീ!... എവിടെ പോയി ഇവൾ?

(മുററത്തെ വാതില്ക്കലേക്കു പോയി അവിടെ നോക്കുന്നു. അല്പം ദേഷ്യത്തോടെ തിരിച്ചു വരുന്നു.)

എവിടെപ്പോയോ എന്തോ ! ഈ പെണ്ണും ഇപ്പോൾ...!

മൂന്നാ—അവൾ വരട്ടെ.

സ്ത്രീ—വേണ്ട. ആ മനുഷ്യൻ വന്നാൽ പ്രയാസമാവും. എനിക്കു നിങ്ങളോടു വളരെ പ്രധാനപ്പെട്ട ഒരു കാര്യം സംസാരിക്കാനുണ്ടു്. ഇന്നു തന്നെ. ഇപ്പോൾ തന്നെ.

മൂന്നാ—(പുതിയ സിഗററുകൊളുത്തിക്കൊണ്ടു്) എങ്കിൽ ശരി. അററ് യുവർ ഡിസ്പോസൽ.

സ്ത്രീ—(എന്തോ സാധനം അവിടെ ഉപേക്ഷിച്ചിട്ടു പോകുന്ന മട്ടിൽ മുറിയിലേക്കു നോക്കുന്നു.) ശരി വരൂ.

മൂന്നാ—(നടക്കുന്നതിനിടയിൽ നിന്നിട്ടു്) പക്ഷേ...വീടു് ഇങ്ങനെ തുറന്നിട്ടിട്ടു പോയാലോ....

സ്ത്രീ—സാരമില്ല. ആരെങ്കിലും ഇപ്പോഴ് എത്തും.

മൂന്നാ—(പുകവിട്ടുകൊണ്ടു്) നിങ്ങളുടെ ഇഷ്ടം. അതാണു ശരിയെങ്കിൽ അങ്ങനെ.

സ്ത്രീ—(വീണ്ടും ഒരിക്കൽകൂടി മുറിയിലേക്കു നോക്കിയിട്ടു്) എനിക്കു.... വരൂ.

(മൂന്നാമൻ ആദ്യം ഇറങ്ങുന്നു. പുറകിലായി സ്ത്രീ. വീണ്ടും പേഴ്സ് തുറന്നു അതിൽ എന്തോ തപ്പിക്കൊണ്ടു്. അല്പനേരം സ്റ്റേജിൽ ആരുമില്ല. പിന്നെ വെളിയിൽ നിന്നു ഇളയമകളുടെ കരച്ചിൽ കേൾക്കുന്നു. അവൾ കരഞ്ഞുകൊണ്ടു് അകത്തു വന്നു സോഫയിലിരുന്നു. എന്നിട്ടു് എണിററു മുറിയിൽ ആരുമില്ലെന്നു മനസ്സിലാക്കി മുമ്പത്തെപ്പോലെ കരഞ്ഞുകൊണ്ടു് അകത്തെ മുറിയിലേക്കു പോകുന്നു. സ്റേറജ് വീണ്ടും ഒന്നുരണ്ടു നിമിഷത്തേക്കു ശൂന്യമാകുന്നു. പിന്നെ മൂത്ത മകൾ ട്രേയിൽ ചായയും കൊണ്ടു് മുററത്തെ വാതിലിൽ കൂടി വരുന്നു.)

മൂ. മകൾ—അല്ല, അവർ പോയിക്കഴിഞ്ഞോ?

(ട്രേ ഡൈനിംഗ് ടേബിളിൽ വച്ചിട്ടു അവൾ പുറത്തെ വാതിൽവരെ ചെല്ലുന്നു. പുറത്തേക്കു ഒന്നു നോക്കിയിട്ടു ഏതാനും നിമിഷം ആത്മവിസ്മൃതിയിലാണ്ടു് അവിടെത്തന്നെ നില്ക്കുന്നു? പിന്നെ തിരിച്ചു ഡൈനിംഗ് ടേബിളിന്റെ അടുത്തേക്കു പോകുന്നു)

ചിലപ്പോഴൊക്കെ എന്തൊരു തലവേദന!

(വഴിയിൽ ഡ്രസ്സിംഗ് ടേബിളിൽ സാധനങ്ങൾ ചിന്നിച്ചിതറിക്കിടക്കുന്നതു കണ്ടു് നിൽക്കുന്നു. വേഗം അവയൊക്കെ അടുക്കിവയ്ക്കുന്നു)

അൽപം ഒന്നു ശ്രദ്ധിച്ചില്ലെങ്കിൽ എല്ലാം കാടുപോലെയാകും.

(അവിടെനിന്നും മാറി ഡൈനിംഗ് ടേബിളിന്റെ അടുത്തു ചെല്ലുന്നു. എന്നിട്ടു തനിക്കായി ഒരു കപ്പു ചായ ഉണ്ടാക്കുന്നു. ഇളയ മകൾ മുമ്പത്തെപ്പോലെ കരഞ്ഞുകൊണ്ടു് അകത്തുനിന്നും വരുന്നു)

ഇ. മകൾ—വേ—വേണ്ടാത്തപ്പോൾ എല്ലാവരും ചാടി തലയിൽ കയറും. വേ—വേണ്ടപ്പോൾ ആരെയും എങ്ങും കാണില്ല.

(മൂ. മകറം ചായ ഉണ്ടാക്കുന്നതു ഇടയ്ക്കുവച്ചു നിർത്തിയിട്ട് അവളുടെ നേരെ തിരിഞ്ഞു ചോദിക്കുന്നു)

മൂ. മകറം—കിന്നി! നിനക്കു ഇപ്പോറം എന്തുപററി? വെളിയിൽനിന്നും നീ എപ്പോറം എത്തി?

ഇ. മകറം—എപ്പോറം എത്തിയെന്നു്! ഇവിടെ ആ—ആരുമില്ലായിരുന്ന തെന്താ? അൽപം മുമ്പ് നി—നിങ്ങറം എവിടെയായിരുന്നു?

മൂ. മകറം—ഞാൻ ചായപ്പൊടി വാങ്ങാൻ പോയിരുന്നു.....ആരാ, അശോകാണോ നിന്നെ അടിച്ചതു്?

ഇ. മകറം—അതിനു അവൻ എ—എവിടെയായിരുന്നു? എൻെറ ചെവിക്കു നല്ലാനായി കാലൻ എ—എവിടെ നിന്നെങ്കിലും എഴുന്നെള്ളും. പക്ഷേ സുരേഖയുടെ മമ്മിയുമായി സംസാരിക്കേണ്ടി വന്നപ്പോറം ...

മൂ. മകറം—സുരേഖയുടെ മമ്മി നിന്നോടു വല്ലതും പറഞ്ഞോ?

ഇ. മകറം—മമ്മാ എവിടെ? എനിക്കു അവരെക്കൂടെ കൊണ്ടു പോകണം.

മൂ. മകറം—എവിടെ? സുരേഖയുടെ വീട്ടിലോ?

ഇ. മകറം—സുരേഖയുടെ മമ്മി അവരെ വിളിക്കുന്നു. ഉടൻ കൊണ്ടുചെല്ലണമെന്നു പറഞ്ഞു.

മൂ. മകറം—എന്തിനു്?

ഇ. മകറം—ഞങ്ങളെ അശോക് ശകാരിക്കുന്നതു എല്ലാവരും കണ്ടു. സുരേഖയുടെ മമ്മി സുരേഖയെ വീ—വീട്ടിൽ കൊണ്ടുപോയി തല്ലിയപ്പോറം അവറം എൻെറ കാര്യം പറഞ്ഞുകൊടുത്തു.

മൂ. മകറം—എന്തു പറഞ്ഞു?

ഇ. മകറം—അവളെ എല്ലാം പഠിപ്പിക്കുന്നതു ഞാനാണെന്നു്.

മൂ. മകറം—ശരി..എന്നിട്ടു്?

ഇ. മകറം—എന്നിട്ടു്..സുരേഖയുടെ മമ്മി എന്നെ വിളിപ്പിച്ചു് വല്ലാതെ ശകാരിച്ചു. ആദ്യം മമ്മാ എവിടെ എന്നു ചോദിച്ചു. ഞാൻ ഉടൻ അവരെയും കൊണ്ടു ചെല്ലണം. അവരുടെ മകളെ ഞാനാണു് ചീത്തയാക്കുന്നതെന്നു പറഞ്ഞു. നമ്മുടെ വീട്ടിനെപ്പററി വേറെയും ചീത്ത കാര്യങ്ങറം പറഞ്ഞു.

മൂ. മകറം—നമ്മുടെ വീട്ടിൽ ആരെപ്പററി?

ഇ. മകറം—എല്ലാവരേയും പററി. നിങ്ങളെ, അശോകനെ, ഡാഡിയെ, മമ്മിയെ. മമ്മാ എവിടെ എന്നു പറയൂ.

മൂ. മകറം—മമ്മാ പുറത്തു പോയിരിക്കുകയാണു്.

ഇ. മകറം—പുറത്തു എവിടെ?

മൂ. മകറം—പുറത്തു എവിടെയൊക്കെ പോകാൻ കഴിയുമെന്നു. നിനക്കറിയാമോ?

ഇ.മകറം—(പിണങ്ങിക്കൊണ്ടു്) നി—നിങ്ങളും എന്നെത്തന്നെ ശകാരിക്കുകയാണോ? മമ്മാ ഇല്ലെങ്കിൽ നിങ്ങറം എൻെറ കൂടെ വരു.

മൂ.മകറം—എനിക്കു വരാൻ പററില്ല.

ഇ.മകറം—(ആവേശത്തോടെ) എന്തു കൊണ്ടു് വരാൻ പററില്ല?

മൂ.മകറം—വരാൻ പററില്ലെന്നു പറഞ്ഞു കഴിഞ്ഞില്ലേ?

ഇ.മകറം—(അവളെ തള്ളിക്കൊണ്ടു്) വരാൻ പററില്ലെങ്കിൽ വരേണ്ട.

മൂ.മകറം—(കോപത്തോടെ) കിന്നീ!

ഇ.മകറം—എന്നോടു സംസാരിക്കേണ്ട. കിന്നീ!

മൂ.മകറം—നിനക്കു ഒരു മര്യാദയുമില്ലേ?

ഇ,മകറം—എനിക്കു മര്യാദയില്ല.

മൂ.മകറം—നോക്കു്, നീ ഇന്നെൻെറ കയ്യിൽ നിന്നു വാങ്ങും.

ഇ.മകറം—അടിക്കുന്നു് നിങ്ങറം.....ഇന്നു ഈ കൊച്ചമ്മയുടെ കയ്യിൽ നിന്നും അടി വാങ്ങും!

മൂ.മകറം—നീ ഈ കരച്ചിൽ നിത്താൻ ഭാവമുണ്ടോ?

ഇ.മകറം—ഇല്ല.....കരച്ചിൽ നിത്താൻ ഭാവമുണ്ടോ!

മൂ.മകറം—എങ്കിൽ ശരി, ഇരുന്നു കരഞ്ഞോ.

ഇ.മകറം—ഇരുന്നു ക—കരഞ്ഞോ!

(പുറകിൽ മുററത്തു നിന്നും വാതില്പൽ മുട്ടുന്ന ശബ്ദം കേറംക്കുന്നു.)

മൂ.മകറം—(അങ്ങോട്ടു നോക്കിയിട്ടു്) ഇതു...ഇപ്പോറം ഇവിടെ നിന്നും ഇതാരായിരിക്കും വരിക?

(വേഗം മുററത്തെ വാതില്ക്കലേക്കു പോകുന്നു. ഇളയ മകറം പിണങ്ങിയ മട്ടിൽ ഒരു കസേരയിൽ ഉറച്ചിരിക്കുന്നു. മൂത്ത മകറം നാലാമനുമായി തിരിച്ചു വരുന്നു)

മൂ. മകറം—(നടന്നു കൊണ്ടു്) പുറകിലത്തെ വാതിലിൽ മുട്ടുന്നതു ആരായിരിക്കും എന്നു ഞാൻ ആലോചിച്ചു, അങ്ങു വരുമെന്നു അറിയാമായിരുന്നു. പക്ഷേ അങ്ങു എല്ലായ്പോഴും മുമ്പിലത്തെ വാതിലിൽ കൂടിയാണു വരാറുള്ളതു്, അതു കൊണ്ടു്.....

നാലാ—ഞാൻ ആ വാതിലിൽ കൂടി തന്നെ വന്നേനെ. പക്ഷേ...... (ഇളയ മകളെ കണ്ടിട്ടു്) ഇവറംക്കെന്തു പററി? ഇതെന്താ ഇങ്ങനെ ഇരിക്കുന്നതു്?

മൂ. മകൾ—(ഇളയമകളോട്) ജൂനേജാ അങ്കിൾ വന്നിരിക്കുന്നു. ഇവിടെ വന്നു ഇദ്ദേഹത്തോടു വർത്തമാനം പറയൂ.

(ഇളയ മകൾ മുഖം തിരിച്ചിട്ട് കസേരയുടെ പിമ്പിൽ കൈ വയ്ക്കുന്നു)

നാലാ—(ഇളയ മകളുടെ അടുത്തു വന്നിട്ട്) അല്ല, ഇവൾ കരയുകയാണല്ലോ. (അവളുടെ തലയിൽ കൈ ഓടിച്ചു കൊണ്ട്) എന്താ എന്തു പററി മോൾക്ക്? ആരാ ദേഷ്യപ്പെടുത്തിയതു്?

(തലോടുന്നു) എണീക്കു മോളേ, ഇങ്ങനെ ഇരിക്കുന്നതു ശരിയല്ല. ഇപ്പോൾ നീ വലുതായി കഴിഞ്ഞു. അതുകൊണ്ട്.....

ഇ. മകൾ (വേഗം എണീററു പുറത്തേക്കു പോകുന്നു) അതെ.....വലുതായിക്കഴിഞ്ഞു! എപ്പോഴാണു ചെറുതാകുന്നതെന്നും എപ്പോഴാണു വലുതാകുന്നതെന്നും അറിയില്ല! (വെളിയിലത്തെ വാതിലിനടുത്തു നിന്നും) ഇനിയും ഞാൻ തിരിച്ചു വരികയില്ല.....മമ്മാ വരുന്നതു വരെ

(പോകുന്നു)

നാലാ—(തിരിച്ചു മൂത്ത മകളുടെ അടുത്തേക്കു ചെന്നിട്ട്) സാവിത്രി പുറത്തു പോയിരിക്കുകയാണോ?

(മൂത്ത മകൾ വെറുതെ തലയാട്ടുന്നു)

ഞാൻ അല്പം മുമ്പു വന്നതാണ്. വെളിയിൽ റോഡിൽ 'ന്യൂഇന്ത്യ'യുടെ വണ്ടി കിടക്കുന്നതു കണ്ടു. കുറെ നേരം വെറുതെ ചുററി നടക്കുകയായിരുന്നു. ജഗമോഹൻ ഇപ്പോൾ വീണ്ടും ട്രാൻസ്ഫറായി ഇവിടെത്തന്നെ വന്നിട്ടുണ്ടെന്നു നിൻെറ ഡാഡി പറഞ്ഞിരുന്നു ..... അയാൾ വെറുതെ കാണാൻ വന്നതാണോ, അതോ.... ?

മൂ. മകൾ—മമ്മക്കു അറിയാമായിരിക്കും. എനിക്കറിയില്ല.

നാലാ—അശോകൻ എന്നോടു പറഞ്ഞില്ല. അവനും ഒരുപക്ഷേ അറിയില്ലായിരിക്കും.

മൂ. മകൾ—അശോക് അങ്ങയെ കണ്ടോ?

നാലാ—ബസ്സ്റ്റോപ്പിൽ നിൽക്കുകയായിരുന്നു. ഞാൻ ചോദിച്ചപ്പോൾ ഡാഡിയുടെ വിവരം അന്വേഷിക്കാൻ അങ്ങയുടെ വീട്ടിലേക്കുവരികയായിരുന്നു എന്നു പറഞ്ഞു. അങ്കിളുടി വരൂ, എന്നിട്ടു ഒന്നിച്ചുതിരിച്ചുവരാം എന്നു പറഞ്ഞു. പക്ഷേ ഇത്രയും ദൂരം വന്നുകഴിഞ്ഞസ്ഥിതിക്കു ഇനിസാവിത്രിയെ കണ്ടിട്ടുതന്നെ പോകാം എന്നു ഞാൻ വിചാരിച്ചു. പിന്നെ അയാളെ ഒററയ്ക്കു വിട്ടിട്ടാണല്ലോ വന്നതു് എന്നോർക്കുമ്പോൾ..

മൂ. മകൾ—ആരുടെ കാര്യമാ പറയുന്നതു്...ഡാഡിയുടെ?

നാലാ—അതെ, മഹേന്ദ്രനാഥൻെറതന്നെ. ഒന്നാമതു അയാൾ രാത്രിയിൽ ഒട്ടും ഉറങ്ങിയില്ല. പിന്നെ...

മൃ. മകരം—അദ്ദേഹത്തിനു സുഖമില്ലേ?

നാലാ—സുഖമില്ല. പിന്നെ, അല്ലാതെ തന്നെയുള്ള...തൻെറ ഈ നിലയ്ക്കു് സ്വയം മഹേന്ദ്രനാഥ്തന്നെയാണു കാരണം എന്നു ഞാൻ കരുതുന്നു.

മൃ. മകരം—(ആ വിഷയം മാററാനായി) അങ്ങേയ്ക്കു ചായ ഉണ്ടാക്കട്ടെ?

നാലാ—(ചായ സാമഗ്രികരം കണ്ടിട്ടു്) ഇത്രയുംചായ ആർക്കുവേണ്ടിയാണു ഉണ്ടാക്കിയതു്? ആരും കുടിച്ചില്ലെന്നുതോന്നുന്നു.

മൃ. മകരം—(പരുങ്ങലോടെ) ഇതു ഞാൻ...... ഉണ്ടാക്കിയതു്..... ഞാൻ വിചാരിച്ചു.

നാലാ—(കാര്യം മനസ്സിലാക്കിയിട്ടു്) അവർ വേഗം പോയിക്കാണും. ഞാൻ വരുന്നുണ്ടെന്നു സാവിത്രിക്കു അറിയാമായിരുന്നോ?

മൃ. മകരം—(സാവധാനം) അറിയാമായിരുന്നു.

നാലാ—എന്നിട്ടു് അശോകൻ എന്നോടു് ഇതൊന്നും പറഞ്ഞില്ലല്ലോ... പക്ഷേ അവൻെറ സ്വരംകൊണ്ടുതന്നെ എനിക്കുതോന്നി... (പിന്നെ എന്തോ കാര്യം മനസ്സിലാക്കിയിട്ടെന്നവണ്ണം) ശരി ശരി ശരി നല്ല വിവരമുള്ള പയ്യനാണവൻ.

മൃ.മകരം—(പഞ്ചസാരപ്പാത്രം എടുത്തുകൊണ്ടു്) പഞ്ചസാരഎത്ര ഇടണം?

നാലാ—പഞ്ചസാര ഒട്ടും വേണ്ട. എനിക്കു പഞ്ചസാര പാടില്ല. അപ്പോരം അതുകൊണ്ടാവും അവൻ എന്നെ തിരിച്ചുകൊണ്ടുപോകാൻ ആഗ്രഹിച്ചതു്... ജഗമോഹൻെറ കാര്യം അവനു് അറിയാമായിരിക്കും.

മൃ. മകരം—പാലോ?

നാലാ—പതിവുപോലെ.

മൃ. മകരം—തിന്നാനെന്തെങ്കിലും കൊണ്ടുവരട്ടെ?

നാലാ—വേണ്ട.

മൃ. മകരം—ഇരിക്കൂ.

നാലാ—ഓ....ശരി.

(അവിടെത്തന്നെ ഒരു കസേര വലിച്ചിട്ടു് ഇരിക്കുന്നു. മൃത്തമകരം ഒരു കപ്പു ചായ അയാരംക്കു കൊടുത്തിട്ടു് ഒരു കപ്പു് സ്വയം എടുത്തുകൊണ്ടിരിക്കുന്നു. കുറച്ചുനേരത്തേക്കു് നിശ്ശബ്ദത)

മൃ. മകരം—എവിടൊക്കെ പോയിരുന്നു ഇതിനിടക്കു്? എവിടെയോ പുറത്തുപോയിരിക്കുകയായിരുന്നു എന്നുകേട്ടു.

നാലാ—അതെ പുറത്തുപോയിരുന്നു. പക്ഷേ പുതിയ സ്ഥലത്തെങ്ങും പോയില്ല. (വീണ്ടും കുറേനേരത്തേക്കു നിശ്ശബ്ദത)

മൂ. മകൻ—സുഷമ എങ്ങനെയുണ്ട്?

നാലാ—സുഖമായിരിക്കുന്നു, അവളുടെ വീട്ടിൽ.

മൂ. മകൻ—കുട്ടികൾ വല്ലതും?

നാലാ—ഇതുവരെ ആയിട്ടില്ല.

(വീണ്ടും അല്പനേരത്തെ നിശ്ശബ്ദത)

മൂ. മകൻ—അങ്ങു തികച്ചും മൗനമായിരിക്കുന്നു. എന്തെങ്കിലും പറയുന്നു!

നാലാ—(ദീർഘശ്വാസത്തോടെ) എന്തുപറയും?

മൂ. മകൻ—എന്തെങ്കിലും.

നാലാ—വളരെയധികം കാര്യങ്ങൾ ആലോചിച്ചിട്ടാണു വന്നതു്. സാവിത്രി ഉണ്ടായിരുന്നെങ്കിൽ കുറെ സംസാരിക്കുകയും ചെയ്യേനേ. പക്ഷേ എല്ലാം അർത്ഥശൂന്യമാണെന്നു ഇപ്പോൾ തോന്നുന്നു.

(വീണ്ടും കുറെനേരത്തെ നിശ്ശബ്ദത. രണ്ടുപേരും ഏതാണ്ട ഒരുമിച്ചു തന്നെ ചായ കുടിച്ചിട്ടു കപ്പു താഴെ വയ്ക്കുന്നു.)

മൂ. മകൻ—ഒരു കാര്യം ചോദിക്കട്ടെ. ഡാഡിക്കു വീണ്ടും ആ ബ്ലഡ് പ്രഷറിൻെറ ആക്രമണം ഉണ്ടായില്ലല്ലൊ?

നാലാ—ഇതു ചോദിക്കേണ്ട കാര്യമുണ്ടോ?

മൂ. മകൻ—അങ്ങ് അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കാത്തതെന്താണ്...?

നാലാ—(എണീററിട്ട്) അയാളെ ആക്കെങ്കിലും മനസ്സിലാക്കിക്കാൻ കഴിയുമോ? അയാൾ ഈ സ്ത്രീയെ വളരെ സ്നേഹിക്കുന്നു. അകമേ വളരെ സ്നേഹിക്കുന്നു ... .

മൂ. മകൻ—എന്നു അങ്ങേയ്ക്കു എങ്ങനെ പറയാൻ കഴിയും?

നാലാ—അതു ശരിയല്ലെന്നു നിനക്കു തോന്നുന്നുണ്ടോ?

മൂ. മകൻ—(എണീററുകൊണ്ട്) എങ്ങനെ ശരിയാകും? (അന്തർമുഖമായി) ഈ വീട്ടിൽ ഇവർ രണ്ടു പേരുടേയും ഇടയിൽ ഞങ്ങൾ എന്തൊക്കെ കണ്ടു എന്നു അങ്ങേയ്ക്കു് അറിയില്ല.

നാലാ—കണ്ടതെന്തായാലും ശരി ....

മൂ. മകൻ—അതു ഒഴുക്കൻ മട്ടിൽ പറഞ്ഞു കളയാവുന്ന കാര്യമല്ല, അങ്കിൾ. ഞാൻ ഇവിടെ ഉണ്ടായിരുന്നപ്പോൾ എനിക്കു പല പ്രാവശ്യം തോന്നിയിരുന്നു, ഞാൻ ഒരു വീട്ടിലല്ല, ഒരു മൃഗശാലയ്ക്കുള്ളിൽ ഒരു കൂട്ടിൽ കഴിയുകയാണെന്നു്.. ഇവിടെ എന്തൊക്കെ സംഭവിച്ചുകൊണ്ടിരുന്നു എന്നു അങ്ങേയ്ക്കു് ആലോചിക്കാൻപോലും കഴിയില്ല. ഡാഡി ചീററിക്കൊണ്ട് മമ്മായുടെ വസ്ത്രങ്ങൾ

തുണ്ടുതുണ്ടായി കീറുക.....അവരുടെ വായിൽ തുണി കെട്ടി മുറിയിലടച്ചിട്ട അടിക്കുക....വലിച്ചിഴച്ചു കുളിമുറിയിൽ കൊണ്ടുപോയി....(വിറച്ചുകൊണ്ട്) ഈ വീട്ടിൽ എന്തൊക്കെ ഭയങ്കര രംഗങ്ങളാം ഞാൻ കണ്ടിട്ടുണ്ടെന്നു എനിക്കു വർണ്ണിക്കാൻ കഴിവില്ല. പുറത്തുനിന്നാരെങ്കിലും അതൊക്കെ കാണുകയോ അറിയുകയോ ചെയ്തിരുന്നെങ്കിൽ എന്തുകൊണ്ട് ഇവർ ഇതിനുമുമ്പുതന്നെ.... എന്നു പറയുമായിരുന്നു.

നാലാ—നീ എന്നോടിപ്പറഞ്ഞതു പുതിയ കാര്യമൊന്നുമല്ല. മഹേന്ദ്രനാഥൻ തന്നെ സ്വയം എന്നോട്ട് ഇതൊക്കെ പറഞ്ഞിട്ടുണ്ട്.

മൂ. മകരം—പറഞ്ഞിട്ടുണ്ടെന്നോ? എന്നിട്ടും അങ്ങ് പറയുന്നതു്....?

നാലാ—എന്നിട്ടും അയാരം അവരെ വളരെ സ്നേഹിക്കുന്നു എന്നു ഞാൻ പറയുന്നു.

മൂ. മകരം—അങ്ങ് ഇതെങ്ങനെ പറയും! രാവും പകലും ഒരുപോലെ പരസ്പരം പ്രാണൻ കടിച്ചു തിന്നുന്ന രണ്ടു പേർ....?

നാലാ—ഞാൻ രണ്ടുപേരുടേയും കാര്യമല്ല, ഒരാളുടെ കാര്യമാണു പറയുന്നതു്.

മൂ. മകരം—അപ്പോരം അങ്ങു സത്യത്തിൽ വിശ്വസിക്കുന്നു......

നാലാ—ശരിക്കും വിശ്വസിക്കുന്നു. അതുകൊണ്ടാണു പറയുന്നതു് ഇന്നത്തെ തൻെറ സ്ഥിതിക്കു് ഉത്തരവാദി മഹേന്ദ്രനാഥുതന്നെയാണെന്നു്. അങ്ങനെയല്ലായിരുന്നെങ്കിൽ എങ്ങനെയെങ്കിലും സാവിത്രിയോട്ട് സംസാരിച്ചു അവരെ പറഞ്ഞു മനസ്സിലാക്കാമെന്നു ഇന്നു രാവിലെ എന്നോട്ട കേണു പറയുകയില്ലായിരുന്നു. ഞാനിപ്പോരം ഇവിടെ വന്നില്ലായിരുന്നെങ്കിൽ എന്തു സംഭവിക്കുമായിരുന്നു എന്നറിയാമോ?

മൂ. മകരം—എന്തു സംഭവിക്കുമായിരുന്നു?

നാലാ—മഹേന്ദ്രൻ നേരിട്ടു ഇങ്ങോട്ടു വന്നേനേ—ഇവിടെ വന്നാൽ തൻെറ ബ്ലഡ് പ്രഷറിനു് എന്തു സംഭവിക്കുമെന്നു വകവയ്ക്കാതെ. അങ്ങനെ സംഭവിക്കുക ഇതാദ്യമല്ല എന്നു നിനക്കറിയുകയും ചെയ്യാം. ഞാൻ എത്ര പ്രയാസപ്പെട്ടാണു അയാളെ തടഞ്ഞുനിർത്തിയതു എന്നു് എനിക്കേ അറിയൂ. ഇപ്പോഴും കാര്യം ശരിയായേക്കും എന്നു് എൻെറ മനസ്സിൽ അൽപ്പം വിശ്വാസം ബാക്കിയുണ്ട്....ഞാൻ അവരോട്ട സംസാരിച്ചാൽ കാര്യം വല്ലതും ശരിയായേക്കും.....പക്ഷേ വന്നു്....വെളിയിൽ ന്യൂ ഇന്ത്യയുടെ വണ്ടി കിടക്കുന്നതു കണ്ടപ്പോരം, ഇല്ല, ഒന്നും ശരിയാകുകയില്ലയെന്നു എനിക്കു തോന്നി. സംസാരിച്ചു ഞാൻ സ്വയം എന്നെ......ഇനിയും ഞാൻ പോകേണ്ട സമയമായി. പോകുമ്പോരം അയാരംക്കു മരുന്നു വാങ്ങിക്കൊണ്ടുപോകണം.......

(വെളിയിലെ വാതിൽക്കലേക്കു പോകുന്നു. മൂത്ത മകരം സ്വസ്ഥാനത്തു പ്രതിമപോലെ നില്ക്കുന്നു. പിന്നെ രണ്ടുമൂന്നടി വച്ചു നീങ്ങുന്നു.)

മൂ.മകരം—അങ്കിൾ!

നാലാ—(നിന്നിട്ട്) എന്താ?

മൂ.മകരം —അങ്ങുപോയി ഡാഡിയോട്ട് ഇക്കാര്യം പറയുമോ?

നാലാ—ഏതു കാര്യം?

മൂ.മകരം—ഇതുതന്നെ...ജഗമോഹൻ അങ്കിൾ വന്ന കാര്യം?

നാലാ—എന്തിനു്.......പറയേണ്ടേ?

മൂ.മകരം—എന്താണെന്നു വച്ചാൽ.........

നാലാ—(പതുക്കെ കണ്ണടച്ചിട്ടു തുറന്നുകൊണ്ടു്) ഞാൻ പറയുന്നില്ല എന്നു തന്നെ വക്കുക. പക്ഷേ അതുകൊണ്ടു വ്യത്യാസം ഒന്നും ഉണ്ടാകാൻ പോകുന്നില്ല......നീ ഇരിക്കൂ.

(വാതിൽക്കൽക്കൂടി പുറത്തേക്കു പോകാൻ തുടങ്ങുന്നു)

മൂ.മകരം—അങ്കിൾ!

നാലാ— (വീണ്ടും നിന്നിട്ട്) എന്താ മകളെ?

മൂ.മകരം.—സത്യത്തിൽ ഒന്നും സാദ്ധ്യമല്ലേ ഇനിയും?

നാലാ—ഒരു ദിവസത്തേക്കു സാദ്ധ്യമായേക്കാം. രണ്ടു ദിവസത്തേക്കു സാദ്ധ്യമായേക്കാം. പക്ഷേ എന്നെന്നേക്കും.........നടപ്പുള്ള കാര്യമല്ല.

മൂ.മകരം—ആ നിലയ്ക്കു ഇതല്ലേ ഭേദം.........

(വെളിയിൽ നിന്നും സ്ത്രീയുടെ ശബ്ദം കേൾക്കുന്നു)

സ്ത്രീ—എൻെറ കൈ വിടു......വിടു.

മൂ.മകരം—അവർ തിരിച്ചെത്തി.

നാലാ— ശരി.

(പുറത്തു പോകുന്നതിനു പകരം ചുണ്ടു കടിച്ചുകൊണ്ടു് ഡൈനിംഗ് ടേബിളിനടുത്തേക്കു പോകുന്നു. സ്ത്രീ ഇളയ മകളുടെ കൂടെ വരുന്നു. ഇളയ മകൾ അവരെ കൈകൊണ്ടു് പുറത്തേക്കു പിടിച്ചു വലിക്കുന്നു.)

ഇ.മകരം—നിങ്ങൾ എൻെറകൂടെ വരാത്തതെന്താ? വരുന്നേ....

സ്ത്രീ—(കൈവിടുവിച്ചുകൊണ്ടു്) നീ മാറുന്നോ അതോ ഇല്ലയോ?

ഇ.മകരം—മാറില്ല. അപ്പോൾ വീട്ടിലില്ലായിരുന്നു. എന്നിട്ട് ഇപ്പോൾ പറയുന്നു........

സ്ത്രീ—എൻെറ കൈവിടു.

ഇ.മകരം—വിടില്ല.

സ്ത്രീ—വിടില്ലേ? (ദേഷ്യപ്പെട്ട് കൈവിടുവിച്ചിട്ട് അവളെ പിടിച്ചു തള്ളുന്നു.) നിനക്കു വലിയ അഹങ്കാരം തുടങ്ങിയിരിക്കുകയാണ്.

ഇ.മകറം—അതെ തുടങ്ങിയിരിക്കുകയാണ്. എന്നോട് അവർ എന്തെങ്കിലും പറയുമ്പോഴൊന്നും ഇവിടെ ആർക്കും പോയി ചോദിക്കാൻ സമയമില്ല.

മൂ.മകറം—മമ്മാ ഒന്നു ശ്വാസം വിടട്ടെ. ഇപ്പോഴിങ്ങു വന്നു കയറിയതേയുള്ളു. അതിനുമുമ്പ് നീ— ....

ഇ. മകറം—നിങ്ങറം ഒന്നും പറയേണ്ട. മുമ്പു ഞാൻ വന്നുപറഞ്ഞപ്പോറം അനങ്ങാൻപോലും കൂട്ടാക്കിയില്ലല്ലോ....

സ്ത്രീ—(അവളുടെ ഫ്രോക്കിൽ പിടിച്ചുകൊണ്ട്) നീ പറഞ്ഞതു ഒന്നുകൂടി പറയൂ.

ഇ. മകറം—(സ്വയം രക്ഷപ്പെടാൻ ശ്രമിച്ചുകൊണ്ട്) ഞാൻ എന്തു പറഞ്ഞു? ഇവളോടു ചോദിക്കൂ. ഞാൻ വന്നു ഇവളോടു പറഞ്ഞപ്പോറം....

സ്ത്രീ—(അവളെ അടിക്കുന്നു) നീ ഒന്നുകൂടി പറഞ്ഞേ അക്കാര്യം.

(നിമിഷ നേരത്തെ നിശ്ശബ്ദത. എല്ലാവരും സ്ഥിരദൃഷ്ടിയോടെ നിൽക്കുന്നു. ഇളയ മകളുടെ ദൃഷ്ടി സ്ത്രീയിലും മററുള്ളവരുടേതു് ഇളയമകളിലും പതിയുന്നു)

ഇ. മകറം—(ആവേശംകൊണ്ട്) മൺകോലങ്ങറം....എല്ലാവരും മൺകോലങ്ങറം.

നാലാ—(അവരുടെ അടുത്തേക്കു ചെല്ലുന്നു) കുട്ടിയെ വിടൂ, സാവിത്രി. അവറം ഇപ്പോറം ഭ്രാന്തുപിടിച്ച മട്ടാണ്. അതുകൊണ്ട്.....

സ്ത്രീ—താങ്കറം ഇതിൽ ഇടപെടരുതു്.

നാലാ—നോക്കൂ......

സ്ത്രീ—താങ്കളോടു പറഞ്ഞല്ലോ ഇതിൽ ഇടപെടരുതെന്നു്. എൻെറ വീട്ടിൽ ആരോട് എങ്ങനെ പെരുമാറണമെന്നു എനിക്കു് മററുള്ളവരെക്കാറം നന്നായി അറിയാം. (ഇളയ മകളെ ഒന്നുകൂടി അടിക്കുന്നു) ഇനിയും മിണ്ടാതെ ആ മുറിയിലേക്കു പോ. വാ തുറന്നു ഒരക്ഷരം മിണ്ടിയാൽ നിന്നെ വച്ചേക്കുകയില്ല.

(ഇളയ മകളുടെ ചുണ്ടു മാത്രം അനങ്ങുന്നു. അവളുടെ വായിൽനിന്നും ശബ്ദം പുറത്തുവരുന്നില്ല. അവറം സ്ത്രീയെ നോക്കിക്കൊണ്ട് അതേ മട്ടിൽ നിൽക്കുന്നു)

പോ. ആ മുറിയിൽ. കേട്ടില്ലേ.

(ഇളയ മകറം വീണ്ടും അവിടെത്തന്നെ നിൽക്കുന്നു)

പോകകകില്ലേ?

(ഇളയ മകൾ പല്ലിറുമ്മിക്കൊണ്ട് ഒന്നും മിണ്ടാതെ അകത്തേ മുറിയിലേക്ക പോകുന്നു. സ്ത്രീ പോയി പുറത്തുനിന്നും കതകിൻെറ കൊളുത്തിടുന്നു)

അല്പം കഴിയട്ടെ നിന്നെ മര്യാദ പഠിപ്പിക്കാം.

മൂ. മകൾ—ഇരിക്കൂ അങ്കിൾ.

നാലാ—വേണ്ട, ഞാൻ ഉടൻ പോകുകയാണ്.

സ്ത്രീ—(അയാളുടെ അടുത്തു ചെന്നിട്ട്) താങ്കൾക്ക എന്നോടു എന്തോ പറയാനുണ്ട്....എന്നു് ഇവൾ പറഞ്ഞല്ലോ.

നാലാ—അതേ. പക്ഷേ ഇപ്പോൾ നിങ്ങൾ നല്ല മൂഡിലല്ല....

സ്ത്രീ—ഞാൻ തികച്ചും നല്ല മൂഡിലാണ്. താങ്കൾ പറയൂ.

മൂ. മകൾ—ഡാഡിയുടെ ആരോഗ്യനില മോശമാണെന്നു അങ്കിൾ പറഞ്ഞു.

സ്ത്രീ—വീട്ടിൽനിന്നു പോയാൽ എപ്പോഴാണ് അദ്ദേഹത്തിൻെറ ആരോഗ്യനില നന്നായിരിക്കാറുള്ളതു്? ഇപ്പോഴത്തേതും അതുപോലെ ഒരു കഥയല്ലേ?

മൂ. മകൾ—നിങ്ങൾ ക്ഷീണിച്ചിരിക്കുന്നു മമ്മാ. പറയാനുള്ളതു് ഇരുന്നു സമാധാനമായി പറയുകയാവും നന്നു്.

സ്ത്രീ—എനിക്ക നല്ല സമാധാനമാണ്. (നാലാമനോട്) താങ്കൾ പറയൂ.

നാലാ—ഇനിയും വിസ്തരിച്ചു ഒന്നും പറയുന്നില്ല. നിങ്ങളോടു ആകെ ഒരു കാര്യമേ പറയാനുള്ളൂ.

സ്ത്രീ—(അൽപ്പനേരം പ്രതീക്ഷിച്ചശേഷം) പറയൂ.

നാലാ—നിങ്ങൾക്ക ഒരു വിധത്തിലും ആ മനുഷ്യനു സമാധാനം കൊടുക്കാൻ കഴിയുകയില്ലേ?

സ്ത്രീ—സമാധാനം? ഞാൻ? അദ്ദേഹത്തിനു്? എന്തൊരു വിരോധാഭാസം.

നാലാ—വിരോധാഭാസമല്ല. നിങ്ങൾ അയാളെ ,നിങ്ങളോടുചേർത്തു കെട്ടിയിട്ടിരിക്കുന്നതു്....

സ്ത്രീ—അദ്ദേഹത്തെ കെട്ടിയിട്ടെന്നോ? ഞാൻ എന്നോടുചേർത്തു്? താങ്കൾക്കല്ലാതെ മററാർക്കും ഇങ്ങനെ പറയാൻ കഴിയില്ല.

നാലാ—കാരണം എനിക്കറിയാവുന്നതുപോലെ ഇതു മററാർക്കും അറിയുകയില്ല.

സ്ത്രീ—താങ്കൾക്ക വളരെക്കൂടുതൽ അറിയാമെന്നു താങ്കൾ എപ്പോഴും ഭാവിക്കുന്നു അല്ലേ?

നാലാ—അതെ. മഹേന്ദ്രനാഥന്റെ കാര്യത്തിൽ അറിഞ്ഞുകൊണ്ടുതന്നെ പറയുകയാണു്. നിങ്ങൾ അയാളെ വരിഞ്ഞുമുറുക്കിവച്ചതുകാരണം അയാൾക്ക ഇപ്പോൾ സ്വന്തംകാലിൽ നിൽക്കാൻപോലുംവയ്യാത്ത നിലയിലായി.

സ്ത്രീ—സ്വന്തംകാലിലോ? അയാൾക്കതിനു എപ്പോഴെങ്കിലും സ്വന്തം കാലുകൾ ഉണ്ടായിരുന്നോ?

നാലാ—എപ്പോഴെങ്കിലുമുള്ള കാര്യം പറയുന്നതെന്തിനു്? നിങ്ങൾ അയാളെ അറിയുന്നതിനു പത്തുവർഷം മുമ്പുതൊട്ടേ എനിക്കയാളെ അറിയാം.

സ്ത്രീ—അതുകൊണ്ടാവും ഞാൻ അറിഞ്ഞുതുടങ്ങിയപ്പോഴേക്കും അയാളുടെ സ്വന്തംകാലുകൾ തന്റെകൂടെ ഇല്ലാതെപോയതു്.

നാലാ—നിങ്ങൾ എന്നെപ്പററി എന്തൊക്കെ വിചാരിക്കുന്നുണ്ടെന്നും പറയുന്നുണ്ടെന്നും എനിക്കറിയാം, സാവിത്രി.

സ്ത്രീ—നിശ്ചയമായും അറിയാമായിരിക്കും. പക്ഷേ എന്നിട്ടും സാവിത്രി മററാരുടേയും മുമ്പിൽ പറയാത്ത എത്രയോ കാര്യങ്ങൾ ഉണ്ടു്?

നാലാ—ഉദാഹരണം?

സ്ത്രീ—ഉദാഹരണം?....പക്ഷേ താങ്കളല്ലേ സംസാരിക്കാൻ വന്നതു്?

നാലാ—അല്ല. ആദ്യം നിങ്ങൾ പറയൂ (മൂത്തമകളോടു്) മോളേ നീ അല്പനേരം ഒന്നു മാറിനിൽക്കൂ.

സ്ത്രീ—ഞാൻ പറയണമെന്നുണ്ടെങ്കിൽ, ഇവൾകൂടി കേട്ടുകൊള്ളട്ടെ.

നാലാ—ശരി. നീ ഇവിടെത്തന്നെ നിൽക്കൂ, ബിന്നീ.

മൂ. മകൾ—പക്ഷേ എനിക്കുതോന്നുന്നതു്..

സ്ത്രീ—നീ ഇവിടെത്തന്നെനിൽക്കാൻ ഞാൻ ആഗ്രഹിക്കുന്നതു് അതിനു കാരണമുള്ളതുകൊണ്ടാണു്.

(മൂ. മകൾ പതുക്കെ അവർ രണ്ടുപേരിൽനിന്നും അൽപ്പംമാറി ഡൈനിംഗ് ടേബിളിനടുത്തു കസേരയിലിരിക്കുന്നു.)

നാലാ—(സ്ത്രീയോടു്) നിങ്ങളും ഇരിക്കൂ.

(പറഞ്ഞുകൊണ്ടു് സോഫയിലിരിക്കുന്നു. സ്ത്രീ ഒരു സ്റ്റൂളിലിരിക്കുന്നു.)

നിങ്ങൾക്കു പറയാനുള്ളതുമുഴുവൻ പറയൂ.

സ്ത്രീ—പറയുന്നതിനുമുമ്പു് താങ്കളോടു് ഒരു കാര്യം ചോദിക്കാനുണ്ടു്. മനുഷ്യൻ ഏതു സ്ഥിതിയിലാണു് ഒരു യഥാർത്ഥമനുഷ്യനാകുന്നതു്?

നാലാ—ഒന്നും ചോദിക്കേണ്ട. പറയാനുള്ളതു മുഴുവൻ പറയൂ.

സ്ത്രീ—സാധാരണനിലയിൽ ഒരു മനുഷ്യനെപ്പോലെ നടക്കുകയും പെരുമാറുകയും സംസാരിക്കുകയുംചെയ്യുന്ന ആൾ മനുഷ്യൻ തന്നെയാണു്. പക്ഷേ മനുഷ്യനാകാൻ അയാളിൽ ഒരു കഴിവു്, പുരുഷത്വം ഉണ്ടായിരിക്കേണ്ടേ?

നാലാ—മഹേന്ദ്രനെ മുമ്പിൽ കണ്ടുകൊണ്ടു നിങ്ങൾ ഇതു പറയാനുള്ള കാരണം....

സ്ത്രീ—പറയാനുള്ളകാരണം.... ഞാൻ അയാളെ അറിഞ്ഞതുമുതൽ അയാൾ എപ്പോഴും ഏതുകാര്യത്തിനും ആരുടെയെങ്കിലും സഹായം അന്വേഷിക്കുന്നതു കണ്ടിട്ടുണ്ടു്. വിശേഷിച്ചും താങ്കളുടെ. ഒരു കാര്യം ചെയ്യണോ വേണ്ടയോ ജൂനേജായോടു ചോദിക്കണം. അവിടെ പോകണോ വേണ്ടയോ—ജൂനേജായുടെ അഭിപ്രായം ചോദിക്കാം. ഏതെങ്കിലും ചെറിയസാധനം വാങ്ങണമെങ്കിലും ജൂനേജായുടെ ഇഷ്ടപ്രകാരം, ഏതെങ്കിലും വലിയ ചുമതല ഏറെറടുക്കണോ? അതും ജൂനേജായുടെ ഉപദേശപ്രകാരം. എന്നുവേണ്ട എന്നെ വിവാഹം കഴിക്കാനുള്ള തീരുമാനംവരെ അയാൾ എടുത്തതു എങ്ങനെയാണു്? ജൂനേജാ സമ്മതിച്ചതുകൊണ്ടു്....

നാലാ—ഞാൻ അയാളുടെ സുഹൃത്താണു്. എന്നെ അയാൾക്കു വിശ്വാസമാണു്.

സ്ത്രീ—ആ വിശ്വാസത്തിന്റെ ഫലമോ? ചില കാര്യങ്ങളിൽ അയാൾക്കു സ്വയം വിശ്വാസം ഇല്ലാതെ വരിക. ജീവിതത്തിൽ ഏതു കാര്യത്തിന്റെയും ഉരകല്ലു് ജൂനേജായാണു്. ജൂനേജാ വിചാരിക്കുന്നതും, ജൂനേജാ ആഗ്രഹിക്കുന്നതും, ജൂനേജാ ചെയ്യുന്നതും മാത്രമേ അയാൾക്കും വിചാരിക്കാനും ആഗ്രഹിക്കാനും ചെയ്യാനുമുള്ളു. എന്തുകൊണ്ടു്? കാരണം ജൂനേജാ സ്വയം ഒരു പൂർണ്ണമനുഷ്യനാണു്. പക്ഷേ അയാൾ സ്വയമോ? അയാൾ സ്വയം ഒരു പൂർണ്ണമനുഷ്യന്റെ പകുതിയോ കാൽഭാഗമോ പോലുമല്ല.

നാലാ—നിങ്ങൾക്കു ഇക്കാര്യം ഈ കാഴ്ചപ്പാടിലൂടെ കാണാം. പക്ഷേ ഇതിന്റെ വാസ്തവസ്ഥിതി....

സ്ത്രീ—(എണീക്കുന്നു) എനിക്കറിയാവുന്ന ഇതിന്റെ വാസ്തവസ്ഥിതി ഞാൻ പറയട്ടെ.... ഒരു മനുഷ്യൻ കുടുംബം ഉണ്ടാക്കുന്നു. എന്തിനു്? ഒരു ആവശ്യം നിറവേററാൻ. ഏതു ആവശ്യം? തന്റെ ഉള്ളിലുള്ള ഒരു ...അതിനെ അപൂർണ്ണത എന്നു വിളിക്കാം... അതു പൂർണ്ണമാക്കാൻ. ഇങ്ങനെ അയാൾക്കു സ്വയം...തന്നിൽ...പൂർണ്ണനാകണം. ആരെങ്കിലും, മററുള്ളവർ പൂർത്തിയാക്കിയിട്ടു ജീവിക്കേണ്ട കാര്യമില്ല. പക്ഷേ താങ്കളുടെ മഹേന്ദ്രനു ജീവിതത്തിന്റെ അർത്ഥം...മററുള്ളവരുടെ ഒഴിഞ്ഞ അറകൾ നിറക്കുന്ന ഒരു വസ്തുവാണു് അതു്. ആ മററുള്ളവർ അയാളിൽനിന്നു ആഗ്രഹിക്കുന്നതും പ്രതീക്ഷിക്കുന്നതും... അഥവാ അവർ ആലോചിക്കുന്നതും അവരുടെ ജീവിതത്തിൽ പ്രയോജനപ്പെട്ടേക്കാം...

നാലാ—പ്രയോജനപ്പെട്ടേക്കാമെന്നോ?

സ്ത്രീ—ഇല്ലേ? അതിനു മററാരും പോകുകയില്ല. മഹേന്ദ്രനാഥ് പോകും···ആ ഭാരം മററാരും താങ്ങുകയില്ല· മഹേന്ദ്രനാഥ് താങ്ങും. പ്രസ്സ് തുടങ്ങിയാലും ശരി ഫാക്ടറി തുടങ്ങിയാലും ശരി, ഒഴിഞ്ഞ അറകൾ നിറയ്ക്കാൻ

മഹേന്ദ്രനാഥ്, അവ നിറഞ്ഞുകഴിഞ്ഞാലോ, പിന്നെ മഹേന്ദ്രനാഥ് എങ്ങുമില്ല. മഹേന്ദ്രനാഥ് തൻെറ വീതം നേരത്തേ വാങ്ങിക്കഴിഞ്ഞു. നേരത്തെ തിന്നുകഴിഞ്ഞു. അയാൾക്കുള്ള ജീവിതം? (മുറിയിലെ ഓരോ സാമാനവു ചൂണ്ടിക്കാട്ടിക്കൊണ്ട്) ഈ.. ഇക്കാണുന്ന രണ്ടാം തരവും മൂന്നാം തരവും നാലാം തരവുമായ മോശപ്പെട്ട സാമാനങ്ങൾ. ഇവകൊണ്ട് തൻെറ വീട്ട് രൂപം കൊള്ളുകയാണെന്നു അയാൾ കരുതി.

നാലാ—മഹേന്ദ്രനാഥ് ഇക്കാര്യം വളരെ ധൃതിയിൽ കൈകാര്യം ചെയ്തിരുന്നുവെന്നു എനിക്കറിയാം. പക്ഷേ അതിൻെറ കാരണം...

സ്ത്രീ— അതിൻെറ കാരണം ഞാനായിരുന്നു എന്നല്ലേ പറയാൻ വരുന്നതു്? അയാൾ എന്നെ സന്തോഷിപ്പിക്കാനായി, ഈ ഇരുമ്പും തടിയും കഴിയുന്നത്ര വേഗം വീട്ടിൽ കൊണ്ടുനിറച്ചു. ഓരോ പ്രാവശ്യവും അയാൾ തൻെറ നാശക്കുഴി സ്വയം തോണ്ടുകയായിരുന്നു! പക്ഷേ സത്യത്തിൽ അയാളുടെ നാശക്കുഴി തോണ്ടിയതു ഏതു വസ്തുവാണ്... ഏതു വസ്തുവാണ്----എതാളാണ്? താങ്കളുടെ ഉള്ളിൽ താങ്കൾക്കും ഇക്കാര്യം അറിയാമായിരിക്കുമല്ലോ.

നാലാ—നിങ്ങൾ പറഞ്ഞോളൂ. ഞാൻ പരിഭവിക്കുകയില്ല. ഏതായാലും നിങ്ങൾ അയാളുടെ ഭാര്യയാണ്. പിന്നെ...

സ്ത്രീ—(ആവേശത്തോടെ) എന്നെ മഹേന്ദ്രൻെറ ഭാര്യ എന്നു പറയരുതു്. മഹേന്ദ്രനും ഒരു മനുഷ്യനാണ്, അയാൾക്കു സ്വന്തം വീടും കുടുംബവുമുണ്ട്. ഭാര്യയുണ്ട് എന്ന കാര്യം മഹേന്ദ്രനെ സ്വന്തമായി കരുതുന്നവർക്കു ആദ്യം തൊട്ടേ ഇഷ്ടമായില്ല. മഹേന്ദ്രൻ എന്തിനു വിവാഹം കഴിച്ചു? താങ്കളെപ്പോലുള്ളവരുടെ ദൃഷ്ടിയിൽ താങ്കളുടെ എന്തോ അവകാശം താങ്കളിൽനിന്നും തട്ടിഎടുത്തു. മഹേന്ദ്രൻ ഇപ്പോൾ മുമ്പത്തെപ്പോലെ ചിരിക്കുന്നില്ല. മഹേന്ദ്രൻ ഇപ്പോൾ കൂട്ടുകാരുടെയിടയിൽ മുമ്പത്തെപ്പോലെ സന്തോഷിക്കുന്നില്ല. മഹേന്ദ്രൻ ഇപ്പോൾ മുമ്പത്തെ മഹേന്ദ്രനല്ലാതായിരിക്കുന്നു! താൻ എങ്ങനെയെങ്കിലും പഴയതുപോലെ കഴിയാൻ മഹേന്ദ്രൻ ശ്രമിക്കുന്നു. താൻ പഴയ മഹേന്ദ്രനല്ല ഇപ്പോൾ എന്നു ആരും പറയാതിരിക്കട്ടെ—അതിനായി മഹേന്ദ്രൻ വീട്ടിനുള്ളിൽ രാത്രിയും പകലും അസ്വസ്ഥനായി കഴിയുന്നു. ഭിത്തികളിൽ തലയിട്ടടിക്കുന്നു. കുട്ടികളെ അടിക്കുന്നു. ഭാര്യയുടെ കാലു് തല്ലിഒടിക്കുന്നു. സുഹൃത്തുക്കൾക്കു തങ്ങളുടെ വിശ്രമസമയം കഴിക്കാൻ അയാളെ ആവശ്യമുണ്ട്. മഹേന്ദ്രനില്ലാതെ ഒരു പാർട്ടിയും കൊഴുക്കുന്നില്ല. മഹേന്ദ്രനെക്കൂടാതെ ഒരു പിക്നിക്കിനും രസമില്ല. കൂട്ടുകാർക്കു സമയം കൊല്ലാനുള്ള മാർഗ്ഗമാണ്, മഹേന്ദ്രനു തൻെറ ജീവിതത്തിലെ പ്രധാന ജോലി. അയാളുടെ മാത്രമല്ല, അയാളുടെ വീട്ടിലുള്ളവരുടേയും പ്രധാന ജോലി അതായിരിക്കണം. നിനക്കു ഇന്ന സ്ഥലത്തു പോകാൻ പററില്ലെന്നു എങ്ങനെ പറയാൻ കഴിയും! ഇന്നയാളുമായി നിങ്ങൾ ശരിയായി സംസാരിക്കാത്തതു എന്താണ്? നിങ്ങൾ വിദ്യാസമ്പന്നയെന്നു സ്വയം പറയുന്നു. പക്ഷേ നിങ്ങൾക്ക് ആളുകളോട് പെരു

മാറേണ്ട വിധം അറിയില്ല. ഒരു സ്ത്രീ ഇങ്ങനെ നടക്കണം ഇങ്ങനെ സംസാരിക്കണം, ഇങ്ങനെ പുഞ്ചിരിക്കണം. നിങ്ങൾ ആളുകളുടെ ഇടയ്ക്കു എപ്പോഴും എന്റെ പൊസിഷൻ നശിപ്പിക്കുന്നതെന്താണ്? എന്നിട്ടു കൂട്ടുകാരുടെ ഇടയിൽ ലജ്ജാശീലനായി കഴിയുന്ന അതേ മഹേന്ദ്രൻ വീട്ടിൽ വന്നിട്ട് ഒരു ക്രൂരമൃഗമായിത്തീരുന്നു. ആരെ എപ്പോൾ മാന്തിക്കീറുമെന്നും ആരെ കീറി തിന്നുമെന്നും പറയാൻ വയ്യ. ഇന്ന് അയാൾ ക്രുദ്ധനായി തന്റെ ഷർട്ട് കീറി തീയിട്ടു. നാളെ അയാൾ സാവിത്രിയുടെ നെഞ്ചിൽ കയറി ഇരുന്നിട്ടു അവളുടെ തല താഴെയിട്ടു ചതയ്ക്കും. പറയൂ പറയൂ ഞാൻ പറയുന്നപോലെ നിനക്കു നടക്കാൻ വയ്യേ? ഞാൻ പറയുന്നതൊക്കെ അനുസരിക്കാൻ വയ്യേ? പക്ഷേ സാവിത്രി എന്നാലും അതേപോലെ നടക്കില്ല. അതൊക്കെ അനുസരിക്കില്ല. അവൾ അതൊക്കെ വെറുക്കുന്നു. ഈ മനുഷ്യന്റെ ആ രീതിയെ ...അവൾ തനിക്കു ഒരു പൂർണ്ണമനുഷ്യനെ ആഗ്രഹിക്കുന്നു. ഒരു പൂർണ്ണ........മനുഷ്യൻ. അവൾ തൊണ്ടതുറന്നു ഇക്കാര്യം പറയുന്നു. ചിലപ്പോഴൊക്കെ ഈ മനുഷ്യനെ അങ്ങനെയാക്കാൻ ശ്രമിക്കുന്നു. ചിലപ്പോൾ നിവൃത്തിയില്ലാതെ സ്വയം ഇവിടെനിന്നും അകന്നു മാറാൻ ആഗ്രഹിക്കുന്നു. ഇനിയും അവളുടെ പരിശ്രമംകൊണ്ട് ഈ മനുഷ്യൻ അല്പം ഒന്നു നന്നായാൽ, കൂട്ടുകാർ അതിന്റെ ദുഃഖം ആചരിക്കും. സാവിത്രി മഹേന്ദ്രനെ മൂക്കുകയറിട്ടു അയാളെ വരച്ച വരയിൽ നിർത്തുന്നു! സാവിത്രി, പാവം മഹേന്ദ്രന്റെ നട്ടെല്ലു ഒടിച്ചിട്ടു അയാളെ ഒന്നിനും കൊള്ളരുതാത്തവനാക്കി! കേട്ടാൽ തോന്നും പാവം മഹേന്ദ്രൻ മനുഷ്യനല്ല, എല്ലും തൊലിയും ഇല്ലാത്ത ഒരു പാവയാണെന്ന്!

(കിതച്ചുകൊണ്ട് മൗനമവലംബിക്കുന്നു. മൂത്ത മകൾ മേശപ്പുറത്തു കൈവച്ചിട്ട് കൈകൊണ്ടു മുഖംതാങ്ങി നിർജ്ജീവമായ കണ്ണുകളോടെ മിണ്ടാതെ ഇരുവരേയും നോക്കി ഇരിക്കുന്നു)

നാലാ—(എണീററിട്ട്) എല്ലും തൊലിയുമില്ലാത്ത പാവയെന്നോ മററെന്തെങ്കിലുമെന്നോ നിങ്ങൾ അയാളെപ്പററി പറഞ്ഞുകൊള്ളൂ—പക്ഷേ എന്റെ ദൃഷ്ടിയിൽ അയാൾ മററ് എല്ലാവരേയുംപോലെ ഒരു മനുഷ്യനാണ്. അയാളിൽ ആ ഒരു കുറവേയുള്ളൂ........

സ്ത്രീ—ഇതു താങ്കൾ എനിക്കു പറഞ്ഞുതരികയാണോ? ഇരുപത്തിരണ്ടു വർഷം ഒന്നിച്ചു താമസിച്ച് ആ മനുഷ്യനെ അടുത്തറിഞ്ഞ എന്നോട്?

നാലാ—അയാളോടുകൂടി നിങ്ങൾ കഴിഞ്ഞു എന്നതു തീർച്ചയാണ്...ഒരു പരിധിവരെ അയാളെ അറിഞ്ഞിട്ടുമുണ്ട്..പക്ഷേ....

സ്ത്രീ—(നിരാശയോടെ തല ആട്ടിക്കൊണ്ട്) ഹോ! ഹോ! ഹോ! ഓഹ്!

നാലാ—നിങ്ങൾ ഇപ്പോൾ പറഞ്ഞകാര്യങ്ങൾ ഒരു കണക്കിനു തെററല്ല. പക്ഷേ ഇരുപത്തിരണ്ടുവർഷം ഒന്നിച്ചുതാമസിച്ച നിങ്ങൾ അറിഞ്ഞകാര്യങ്ങൾ ഇവയല്ല. ഇന്നേയ്ക്കു ഇരുപത്തിരണ്ടുവർഷം മുമ്പും ഒരിക്കൽ ഏതാണ്ട് ഇതേ കാര്യങ്ങളുംതന്നെ നിങ്ങളിൽനിന്നും ഞാൻ കേട്ടിട്ടുണ്ട്.. ഓർമ്മയുണ്ടോ?

സ്ത്രീ—താങ്കൾക്കു ഇന്നത്തെ കാര്യങ്ങൾ പറയാൻവയ്യേ? ഇരുപതുവർഷം മുമ്പുപോലും! ഏതു ജീവിതത്തിലെ കാര്യമാണോ അവ?

നാലാ—അക്കാര്യങ്ങൾ എൻെറ വീട്ടിൽവച്ചു നടന്നതാണ്. നിങ്ങൾ സംസാരിക്കാനായിമാത്രം അവിടെ വന്നതായിരുന്നു. എൻെറ തോളിൽ തല ചായ്ച്ച് ഏറെനേരം കരയുകയുംചെയ്തു. അന്നു നിങ്ങൾ പറഞ്ഞു ..

സ്ത്രീ—നോക്കൂ. അന്നത്തെ കാര്യം താങ്കൾക്കുപറയണമെന്നുതന്നെയാണെങ്കിൽ ഒരു കാര്യം ചെയ്യു, ഇവൾ ..

നാലാ—ഇവൾ ഇവിടെത്തന്നെ നിന്നാൽ എന്താ കുഴപ്പം? പകുതികാര്യം അവളുടെ മുമ്പിൽവച്ചു പറഞ്ഞസ്ഥിതിക്കു് ബാക്കി പകുതികൂടി ഇവളുടെ മുമ്പിൽവച്ചുതന്നെ പറയണം.

മൂ. മകൾ—(എണീക്കാൻ ഭാവിച്ചിട്ട്) പക്ഷേ അങ്കിൾ...

നാലാ—(സ്ത്രീയോട്) ഇവളുടെ മുമ്പിൽവച്ചു ഞാൻ ഇക്കാര്യം പറയരുത് എന്നു നിങ്ങൾ കരുതുന്നോ?

സ്ത്രീ—ഞാൻ എന്നെക്കരുതി പറഞ്ഞതല്ല ആട്ടെ താങ്കൾ പറഞ്ഞു കൊള്ളൂ. (ഒരു കസേരയിലിരിക്കുന്നു)

നാലാ—ഇരിക്കൂ, ബിന്നി.

(മൂത്തമകൾവീണ്ടും പഴയമട്ടിൽ ഇരിക്കുന്നു.)

സ്ത്രീ—അന്നു ഞാൻ വെറും കുട്ടിയായിരുന്നു. ഇപ്പോൾ....

നാലാ—കുട്ടിയായിരുന്നാലും മറെറന്തായിരുന്നാലും, ഇപ്പോൾപറയുന്ന അതേമട്ടിലാണ് അന്നും സംസാരിച്ചതു്. അന്നും നിങ്ങൾ തികച്ചും ഇതേ മട്ടിൽ എൻെറ മുമ്പിൽ മഹേന്ദ്രനെ തൊലിയുരിച്ചുകാട്ടി. അയാൾ കൊള്ളരുതാത്തവനും, നാണംകുണുങ്ങിയും ആണെന്നു പറഞ്ഞു. പക്ഷേ അയാളെ അങ്ങനെ ആക്കുന്നവരുടെ പേരുകൾ അന്നു മററുചിലരുടേതായിരുന്നു. ഒന്നു് അയാളുടെ അമ്മയും മറെറാന്നു് അയാളുടെ അച്ഛനും ...

സ്ത്രീ—ശരിയാണ്. അയാളെ ഇങ്ങനെ ആക്കിയതിൽ അവരുടെ പങ്ക് ഒട്ടും കുറവല്ല.

നാലാ—പക്ഷേ അക്കൂട്ടത്തിൽ അന്നു് ജൂനേജായുടെ പേരു് ഇല്ലായിരുന്നു, എന്താ ഇല്ലായിരുന്നതു്. അതുകൂടി പറയട്ടെ?

സ്ത്രീ—നോക്കൂ....

നാലാ—വളരെ പഴയകാര്യമാണ്. പറയുന്നതുകൊണ്ടു് കുഴപ്പം ഒന്നും ഇല്ല എൻെറ പേരു് ഇല്ലായിരുന്നതിൻെറ കാരണം..

സ്ത്രീ ഞാൻ അങ്ങയെ ബഹുമാനിച്ചിരുന്നു.....അതുമാത്രമായിരുന്നു കാരണം.

നാലാ—അതിനെ ബഹുമാനം എന്നു നിങ്ങറം പറഞ്ഞുകൊള്ളൂ. .പക്ഷേ എന്തിനു അങ്ങനെ ബഹുമാനിച്ചു? ഒരു മനുഷ്യനെന്നനിലയിൽ നിങ്ങളുടെ ദൃഷ്ടിയിൽ ഞാൻ മഹേന്ദ്രനെക്കാറം യോഗ്യനായിരുന്നു എന്നതുകൊണ്ടല്ലേ? ........കൊണ്ടല്ലേ?

സ്ത്രീ—താങ്കളുടെ കൈയിൽ ധാരാളം പണം ഉണ്ടായിരുന്നതുകൊണ്ടാണെന്നു്. അല്ലേ? ആളുകളുടെ ഇടയിൽ താങ്കറംക്കു വളരെ സ്വാധീനം ഉണ്ടായിരുന്നതുകൊണ്ടാണെന്നു്. അല്ലേ?

നാലാ—അല്ല. ഞാൻ എങ്ങനെയായാലും എന്തായാലും മഹേന്ദ്രനല്ലായിരുന്നു എന്നതുകൊണ്ടു്.

സ്ത്രീ—(പെട്ടെന്നു എണീററുകൊണ്ടു്) അപ്പോറം താങ്കറം പറയാൻ പോകുന്നതു്... ....?

നാലാ—തിടുക്കം കൂട്ടുന്നതെന്തിനു്? എന്നെ മുഴുവൻ പറയാനനുവദിക്കൂ. എന്നിൽനിന്നും അന്നു നിങ്ങറം എന്താ ആഗ്രഹിച്ചിരുന്നതെന്നു് എനിക്കു ശരിയായി അറിയില്ല. പക്ഷേ നിങ്ങളുടെ വാക്കുകളിൽനിന്നും ഒരു കാര്യം വ്യക്തമായിരുന്നു. ഒന്നിച്ചു് ജീവിതം കഴിയ്ക്കാൻ കൊള്ളാവുന്ന ആളായി മഹേന്ദ്രനെ അപ്പോഴും നിങ്ങറം കരുതിയിരുന്നില്ല......

സ്ത്രീ—അതിനുശേഷം ഇന്നുവരെ അയാളോടൊപ്പം ജീവിച്ചിരുന്നിട്ടും...

നാലാ—പക്ഷേ രണ്ടുമൂന്നുവർഷം കൂടുമ്പോഴൊക്കെ സ്വയം അയാളിൽനിന്നു പറിഞ്ഞുമാറാൻ ശ്രമിച്ചു. നിങ്ങറം അയാളിൽനിന്നു അകന്നുമാറാൻ പററിയ സന്ദർഭം എപ്പോഴും പ്രതീക്ഷിച്ചു കഴിഞ്ഞു. ആദ്യം ഏതാനും നാറം നിങ്ങളുടെ മുമ്പിലുണ്ടായിരുന്നതു ജൂനേജായായിരുന്നു. അന്നു നിങ്ങറം അയാളെ ആദരിച്ചിരുന്നു എന്നു പറഞ്ഞുവല്ലോ. പക്ഷേ ഇന്നയാളെപ്പററിയുള്ള അഭിപ്രായവും ഇപ്പോറം പറഞ്ഞു കഴിഞ്ഞു. ജൂനേജക്കുശേഷം കുറെ നാളത്തേക്കു നിങ്ങളുടെ അടുത്ത ആറം ശിവജി ആയിരുന്നു. ഒരു വലിയ ഡിഗ്രിയും വലിയ വലിയ വാക്കുകളും ലോകം മുഴുവൻ ചുററിയ അനുഭവസമ്പത്തും ഉള്ള ആറം. പക്ഷേ വാസ്തവം അതല്ലായിരുന്നു. അയാറം മഹേന്ദ്രനെപ്പോലെ അല്ലായിരുന്നു. പക്ഷേ അയാറം രണ്ടു സ്വഭാവം വച്ചുപുലർത്തുന്ന ആളാണെന്നും ക്രമേണ നിങ്ങറം മനസ്സിലാക്കി. എല്ലായ്പ്പോഴും രണ്ടു തരത്തിൽ വർത്തമാനം പറയുന്നു. പിന്നെ വന്ന ആളാണു് ജഗമോഹൻ. ഉയർന്ന ബന്ധങ്ങളും മധുരസംഭാഷണവും ടിപ്പ്ടോപ്പായുള്ള നടപ്പും, പണം ചിലവുചെയ്യാനുള്ള സൗമനസ്യവും. പക്ഷേ വീണ്ടും അമ്പിന്റെ ശരിക്കുള്ള മുന അങ്ങോട്ടായി. അയാളിൽ ഉണ്ടായിരുന്നതൊക്കെ ജഗമോഹന്റെ അംശമായിരുന്നു. മഹേന്ദ്രനല്ലായിരുന്നു. പിന്നീടു് അയാളെപ്പററിയും നിങ്ങറംക്കു പരാതിയുണ്ടായി. അയാറം എല്ലാവർക്കുംവേണ്ടി ഒരേ മട്ടിൽ പണം ചിലവു്ചെയ്യുന്നതെന്തിനാണു്? മററുള്ളവരുടെ കടുത്ത വാക്കുകറംപോലും നിശ്ശബ്ദ

മായി പുഞ്ചിരിയോടെ സഹിക്കുന്നതെന്താ? ഏതായാലും അയാൾ ഇവിടെ നിന്നും ട്രാൻസ്ഫർ ആയി പോയതു നന്നായി. അന്യഥാ ........

സ്ത്രീ—എന്തിനു ഇങ്ങനെ അതുമിതുമൊക്കെ പറയുന്നു? നിങ്ങൾ പറയാനുള്ള പ്രധാന കാര്യം എന്താ പറയാത്തതു്?

നാലാ—പ്രധാന കാര്യം ഇത്രയേയുള്ളു. മഹേന്ദ്രന്റെ സ്ഥാനത്തു ഇവരിലാരെങ്കിലും ആയിരുന്നു നിങ്ങളുടെ ജീവിതത്തിൽ എങ്കിൽ, ഒന്നോ രണ്ടോ വർഷം കഴിഞ്ഞു് ഒരു തെററായ ആളിനെയാണു താൻ വിവാഹം കഴിച്ചതെന്നു നിങ്ങൾക്കു തോന്നുമായിരുന്നു. അയാളുടെ ജീവിതത്തിലും ഇതുപോലെ ഏതെങ്കിലും മഹേന്ദ്രനോ ജൂനേജായോ ശിവജിയോ അഥവാ ജഗമോഹനോ ഉണ്ടാകുകയും നിങ്ങൾ അക്കാരണംകൊണ്ടു ഇതൊക്കെത്തന്നെ വിചാരിക്കുകയും അനുഭവിക്കുകയും ചെയ്യുമായിരുന്നു. കാരണം നിങ്ങളെ സംബന്ധിച്ചിടത്തോളം ജീവിക്കുക എന്നുവച്ചാൽ എത്രത്തോളം ഒന്നിച്ചു കിട്ടി, എത്രത്തോളം ഒന്നിച്ചു കൂട്ടി ജീവിക്കുക എന്നാണു്. പക്ഷേ അതു മുഴവൻ ഒരിക്കലും നിങ്ങൾക്കും ഒന്നിച്ചു കിട്ടാതെ വരും. അതുകൊണ്ടു് നിങ്ങൾ ആരുടെ കൂടെ ജീവിതം ആരംഭിച്ചാലും എപ്പോഴും നിങ്ങൾക്കുള്ളതുപോലെ ശൂന്യതയും അസ്വാസ്ഥതയും അനുഭവപ്പെടും. ആ മനുഷ്യനും ഇതുപോലെ നിങ്ങളുടെ അടുത്തു തലയിട്ടടിക്കുകയും വസ്ത്രങ്ങൾ കീറിക്കളയുകയും ചെയ്യുന്നതു കാണും. അപ്പോൾ നിങ്ങൾ........

സ്ത്രീ—(സാരിയുടെ അററം കടിച്ചുപിടിച്ചുകൊണ്ടു് തലയാട്ടുന്നു. ചിരിയുടെയും കരച്ചിലിന്റെയും ഇടയ്ക്കുള്ള സ്വരത്തിൽ) ഹഹഹഹഹ ഹ—ഹ. ഹ ഹഹഹഹ—ഹ; ഹഹ; ഹഹ; ഹഹ;

നാലാ—(അത്ഭുതപ്പെട്ടുകൊണ്ടു്) നിങ്ങൾ ചിരിക്കുകയാണോ?

സ്ത്രീ—അതെ......അറിയില്ല ... ചിരിക്കുകതന്നെയായിരിക്കും. താങ്കൾ ബാക്കികൂടി പറയൂ.

നാലാ—ഇന്നു മഹേന്ദ്രൻ ഒരു ശുണ്ഠിക്കാരനാണു്. പക്ഷേ മുമ്പു അയാൾ ചിരിക്കുന്ന പ്രകൃതക്കാരനായിരുന്നു. അകമേ ചിരിക്കുമായിരുന്നു. പക്ഷേ ഏതു തരത്തിലും അയാൾ ഹീനനും നിസ്സാരനുമാണെന്നു് ആർക്കും തെളിയിക്കാൻ കഴിയാത്ത കാലമായിരുന്നു അതു്. അയാൾ എന്തൊക്കെ അല്ല, എന്തൊക്കെ ആവണമെന്നും, അയാൾ എങ്ങനെയാണോ അതു്...എന്നും ആരും അയാളോടു് പറയാനില്ലാതിരുന്ന കാലം.

സ്ത്രീ—ഇക്കാലമത്രയും താങ്കൾ അയാൾ ഒരാളെ മാത്രമേ കണ്ടിട്ടുള്ളോ? അതോ അയാളുടെ കൂടെയുള്ളവർക്കുകൂടി എന്തെങ്കിലും സംഭവിച്ചതുകണ്ടോ?

നാലാ—അതും കണ്ടു. നിങ്ങൾ സ്വന്തം പിടിയിൽ എല്ലാം ഒന്നിച്ചു കൊള്ളിക്കാൻ ശ്രമിച്ചു. പക്ഷേ കയ്യിലുണ്ടായിരുന്നതു കൂടി പോയി. നിങ്ങളുടെ ഉള്ളിൽ എല്ലായ്പ്പോഴും ഒരു ഭയം ഉണ്ടായിരുന്നു. അതുകാരണം നിങ്ങൾ

ചിലപ്പോൾ വീടിനെ ആശ്രയിച്ചു. ചിലപ്പോൾ ബാഹ്യലോകത്തേയും. നിങ്ങൾക്കു ഒരു വലിയ ആഘാതം ഏല്ക്കേണ്ടിവന്നപ്പോൾ ആ ഭയം ഒരു വിപത്തായി പരിണമിച്ചു......നിങ്ങളുടെ അവസാനത്തെ ശ്രമത്തിൽ....

സ്ത്രീ—ഏതു അവസാനത്തെ ശ്രമത്തിൽ?

നാലാ—മനോജിനു വലിയ പേരായിരുന്നു. ആ പേരിന്റെ ബലത്തിൽ എവിടെയെങ്കിലും എത്തിച്ചേരാനുള്ള അവസാനശ്രമത്തിൽ. അത്രയും പേരുള്ള ആൾ നിങ്ങളുടെ മകളേയുംകൊണ്ടു് രാജ്കുമാരനും വീട്ടിൽനിന്നും.. എന്നു നിങ്ങൾക്കു മനസ്സിലായപ്പോൾ നിങ്ങൾ ആകെ പരിഭ്രമിച്ചു.

മൂ. മകൾ—(വേഗം എണീററുകൊണ്ടു്) അങ്ങു് എന്താണീ പറയുന്നതു്, അങ്കിൾ?

നാലാ—നിവൃത്തിയില്ലാതെ പറഞ്ഞുപോകുകയാണു്, ബിന്നീ! നീ ഒരുപക്ഷേ മനോജിനെ ഇപ്പോഴും അത്രത്തോളം അറിയില്ല. എത്രത്തോളം?

മൂ. മകൾ—(കൈകൊണ്ടു് മുഖംപൊത്തി തകർന്ന മട്ടിൽ ഇരിക്കുന്നു) ഹോ!

നാലാ—എത്രത്തോളം ഇവർ അറിഞ്ഞുവോ അത്രയും. തന്മൂലം ഇന്നു് ഇവർക്കു അയാളെ ഇഷ്ടമല്ല. (സ്ത്രീയോടു്) ഇതു ശരിയല്ലേ? ബിന്നി മനോജിന്റെകൂടെ പോയതിനുശേഷം നിങ്ങൾ ധൃതിയിൽ ചിലതൊക്കെ കാട്ടിക്കൂട്ടി... ചിലപ്പോൾ മഹേന്ദ്രനെ പിടിച്ചുകുലുക്കാനും, ചിലപ്പോൾ അശോകനെ ഉപദ്രവിക്കാനും, ചിലപ്പോൾ അവർ രണ്ടുപേരിൽനിന്നും നിരാശരായി മററന്തെങ്കിലും മാർഗ്ഗം കണ്ടുപിടിക്കാനും ശ്രമിച്ചു. അതിനിടയിൽ ജഗമോഹൻ ഇവിടെ തിരിച്ചെത്തിയ വിവരം അറിഞ്ഞു. മുമ്പോട്ടുള്ള വഴി അടഞ്ഞു കണ്ടപ്പോൾ നിങ്ങൾ പുറകോട്ടു പോകാനാരംഭിച്ചു. ഇന്നു് അൽപ്പം മുമ്പു അയാളോടൊപ്പം പുറത്തുപോയിട്ടു് എന്തു സംസാരിച്ചു?

സ്ത്രീ—എന്നിൽനിന്നു എന്തറിയാനും എന്നോടു് എന്തു ചോദിക്കാനുമുള്ള അധികാരം താങ്കൾക്കുണ്ടെന്നു് കരുതുന്നോ?

നാലാ—ഇല്ലെങ്കിൽ വേണ്ട. പക്ഷേ എന്താ നിങ്ങൾ സംസാരിച്ചതെന്നു് ചോദിക്കാതെതന്നെ പറയാൻ എനിക്കു കഴിയും. ഞാൻ ഇപ്പോൾ വളരെ വളരെ ദുഃഖിതയാണെന്നു നിങ്ങൾ പറഞ്ഞു, എനിക്കു നിങ്ങളോടു വളരെ സഹാനുഭൂതിയുണ്ടെന്നു അയാൾ പറഞ്ഞു. എങ്ങനെയെങ്കിലും ഈ വീട്ടിൽനിന്നു മുക്തി നേടാൻ ആഗ്രഹിക്കുന്നുണ്ടെന്നു നിങ്ങൾ പറഞ്ഞു. കുറെ വർഷങ്ങൾക്കുമുമ്പു് നിങ്ങൾക്കു ഈ തീരുമാനത്തിൽ എത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്തു നന്നായിരുന്നുവെന്നു് അയാളും. അന്നു സാധിക്കാത്തതു് ഇന്നു സാധിക്കാമല്ലോ എന്നു നിങ്ങൾ പറഞ്ഞു—സാധിക്കാം എന്നു താനും ആഗ്രഹിക്കുന്നു. പക്ഷേ ഇന്നു് അതിനു പല ബുദ്ധിമുട്ടുകളും ഉണ്ടു്. കുട്ടികളുടെ ഭാവിയും മററും... കൂടാതെ ഇപ്പോഴത്തെ ജോലിയിൽ എനിക്കു താൽപര്യമില്ല.

എപ്പോഴാണിതു പോകുന്നതു എന്നു നിശ്ചയമില്ല. അതുകൊണ്ടു് സ്വന്തം കാര്യം തന്നെ ഇപ്പോഴും എനിക്കു നിശ്ചയമില്ല! നിങ്ങൾ വിഷാദത്തോടെ അതു കേട്ടു. തുവാലകൊണ്ടു കണ്ണുനീരൊപ്പി. ഒടുവിൽ അയാൾ പറഞ്ഞു നിങ്ങൾ താമസിച്ചുപോയി. ഇനിയും തിരിച്ചുപോകാം. നിങ്ങൾ മിണ്ടാതെ എണീററു് അയാളോടൊപ്പം കാറിലിരുന്നു. വഴിയിൽവച്ചു അയാൾ ഒരു കാര്യം കൂടി പറഞ്ഞു—നിങ്ങൾക്കു ഇപ്പോൾ പണം വല്ലതും ആവശ്യമുണ്ടെങ്കിൽ അയാൾ........

സ്ത്രീ—മതി. മതി മതി. മതി മതി മതി. ഞാൻ കേൾക്കേണ്ടതിൽ വളരെ കൂടുതൽ താങ്കളിൽനിന്നും കേട്ടുകഴിഞ്ഞു. ഇനിയും താങ്കൾ ഇവിടെനിന്നും പോവുകയാവും നല്ലതു്. കാരണം........

നാലാ—ജഗമോഹനമായുള്ള നിങ്ങളുടെ സംഭാഷണം എനിക്കു ശരിക്കും ഊഹിക്കാൻ കഴിയും. കാരണം ആ സ്ഥാനത്തു ഞാനായിരുന്നെങ്കിൽ ഞാനും നിങ്ങളോടു് ഇതൊക്കെത്തന്നെ പറയുമായിരുന്നു. ഇനി നാളെയോ മററന്നാളോ ഫോൺ ചെയ്യാം എന്നു പറഞ്ഞിട്ടു അയാൾ നിങ്ങളെ വീട്ടിനു പുറത്തു കൊണ്ടിറക്കി. നിങ്ങൾ മനസ്സിൽ വീർപ്പുമുട്ടലുമായി വീട്ടിലെത്തി. എത്തിയ ഉടൻ കുട്ടിയെ അടിച്ചു. പോയപ്പോൾ ഒരു സമ്പൂർണ്ണ ജീവിതം നിങ്ങളുടെ മുമ്പിലുണ്ടായിരുന്നു. പക്ഷേ തിരിച്ചെത്തിയപ്പോഴേക്കും ആകെക്കൂടി എന്തു കിട്ടി.....തളർന്ന കൈകളിലെ ഒട്ടിപ്പിടിച്ച വിയർപ്പും....

സ്ത്രീ—മതിയെന്നു ഞാൻ താങ്കളോടു പറഞ്ഞില്ലേ! എല്ലാവരും.....എല്ലാവരും........ഒരുപോലെ. നിങ്ങൾ എല്ലാവരും തികച്ചും ഒരുപോലെ! വെവ്വേറെ മുഖംമൂടികൾ. പക്ഷേ മുഖമോ? മുഖം എല്ലാവരുടേതും ഒന്നുതന്നെ.

നാലാ—എന്നിട്ടും നിങ്ങൾക്കു തോന്നിയിരുന്നു നിങ്ങൾക്കു തെരഞ്ഞെടുക്കാൻ കഴിയുമെന്നു്. പക്ഷേ വലത്തുനിന്നു മാറി ഇടത്തോട്ടും, മുമ്പിൽനിന്നു മാറി പുറകോട്ടും, ഈ മൂലയ്ക്കുനിന്നുമാററി ആ മൂലയ്ക്കും എവിടെയെങ്കിലും സത്യത്തിൽ നിങ്ങൾക്കു ഒരു വ്യത്യാസം അനുഭവപ്പെട്ടുവോ? പറയൂ, എവിടെയെങ്കിലും അനുഭവപ്പെട്ടോ?

(കുറെ നേരത്തേക്കു മൗനം. മൂത്ത മകൾ മുഖത്തുനിന്നും കൈമാററി വിഷാദത്തോടെ അവർ രണ്ടുപേരെയും നോക്കുന്നു. പിന്നെ അകത്തെ വാതില്ക്കൽ മുട്ടു കേൾക്കുന്നു)

ഇ.മകൾ—(അകത്തുനിന്നു്) വാതിൽ തുറക്കൂ. തുറക്കു വാതിൽ.

മൂ.മകൾ—(സ്ത്രീയോടു്) എന്തു ചെയ്യണം മമ്മാ? വാതിൽ തുറക്കണോ?

സ്ത്രീ—വരട്ടെ.

നാലാ—പക്ഷേ ഇങ്ങനെ അടച്ചിട്ടാൽ......

സ്ത്രീ—ഞാൻ നേരത്തെ പറഞ്ഞല്ലോ. എൻെറ വീടാണു്. എനിക്കു നന്നായി അറിയാം.

ഇ. മകാം—(അകത്തുനിന്നു) വാതിൽ തുറക്കൂ. (നിരാശയായി) തുറക്കേണ്ട (അകത്തുനിന്നും കുററി ഇടുന്ന ശബ്ദം) ഇനിയും എന്നെക്കൊണ്ടു തുറപ്പിക്കേണ്ടി വരും.

നാലാ—നിങ്ങളുടെ വീടാണ്. നിങ്ങാംക്ക നന്നായിട്ടറിയാം. കുറഞ്ഞ പക്ഷം അങ്ങനെ വിചാരിച്ചുകഴിയുന്നു. അതുകൊണ്ട് വളരെയൊക്കെ ആഗ്രഹമുണ്ടായിട്ടും ഇനിയും ഒന്നും നടക്കുന്ന ലക്ഷണം കാണുന്നില്ല. അതുകൊണ്ട് വീണ്ടുമൊരിക്കൽക്കൂടി നിങ്ങളോടു ചോദിക്കുകയാണ്—സത്യത്തിൽ ഒരു പ്രകാരത്തിലും നിങ്ങാംക്ക ആ മനുഷ്യനു മോചനം കൊടുക്കാൻ കഴിയില്ലേ?

സ്ത്രീ—താങ്കാം വീണ്ടും വീണ്ടും എന്തിനു ഇക്കാര്യം പറയുന്നു?

നാലാ—എന്തിനാണെന്നു ചോദിച്ചാൽ ഇന്നു ആ മനുഷ്യൻ തികച്ചും നിസ്സഹായനായി സ്വയംകരുതുന്നു, മറെറന്തൊക്കെ ഉണ്ടായാലും ജീവിതത്തിൽ നിങ്ങളെക്കൂടാതെ അയാാംക്ക് മറെറാരവലംബം ഇല്ലെന്നു നിങ്ങാം അയാളെ വിശ്വസിപ്പിച്ചിരിക്കുന്നു. ജീവിതത്തിൽ നിങ്ങാംക്ക മറെറാന്നും കിട്ടിയില്ലെങ്കിൽക്കൂടി കുറഞ്ഞപക്ഷം ഈ ഒരു കരു കൈയിലിരിക്കുമല്ലോ എന്നു കരുതിയല്ലേ നിങ്ങാം അങ്ങനെ ചെയ്തതു്?

സ്ത്രീ—എന്തിനു്, എന്തിനു്, എന്തിനുതാങ്കാം കൂടുതൽ കൂടുതൽ കാര്യങ്ങാം പറഞ്ഞിട്ടുപോകുന്നു? താങ്കാം പോകൂ എന്നിട്ടു അയാളെ എന്നെന്നേക്കമായി താങ്കളുടെകൂടെ താമസിപ്പിക്കൂ. ഈ വീട്ടിൽവരുന്നതും താമസിക്കുന്നതും അയാാംക്ക നല്ലതിനായിരിക്കുകയില്ല, എനിക്കും അങ്ങനെതന്നെ. സ്വയം നടക്കുകയും മററുള്ളവരെ നടക്കാനനുവദിക്കുകയും ചെയ്യാത്ത ഒരു പാവയെ എനിക്കും ഇവിടെ തീരെ തീരെ ആവശ്യമില്ല.

നാലാ—(ക്ഷണനേരം മിണ്ടാതെ അവളെ നോക്കിനിന്നിട്ടു നിരാശനായി നിശ്ചയസ്വരത്തിൽ) എങ്കിൽശരി. അയാാം വരികയില്ല. അയാാം ദുർബലനാണു്, പക്ഷേ അത്രയ്ക്കു ദുർബലനല്ല. നിങ്ങളോടു് അടുപ്പമുണ്ടു്, പക്ഷേ അത്രയ്ക്കു് അടുപ്പമില്ല. അയാാം സ്വയം കരുതുന്നപോലെ അത്രയ്ക്കു നിസ്സഹായനല്ല. അയാാംക്ക ശരിക്കുകാണാൻകഴിഞ്ഞാൽ അയാളുടെ മുമ്പിൽ ഒരു ലോകം മുഴുവൻ ഉണ്ടു്. അയാളെ കണ്ണുതുറന്നു അതു കാട്ടാൻ ഞാൻ ശ്രമിക്കും.

സ്ത്രീ—തീർച്ചയായും-തീർച്ചയായും. അതു താങ്കാം അയാാംക്കചെയ്യുന്ന ഉപകാരം ആവും. ഇതിലും വലിയ ഒരു ഉപകാരം ജീവിതത്തിൽ എനിക്കും ചെയ്യാനില്ല.

നാലാ ശരി. ഇനി ഞാൻ പോകുന്നു. നിങ്ങളോടു് പറയാവുന്ന കാര്യങ്ങളൊക്കെ പറഞ്ഞുകഴിഞ്ഞു. ഇനിയും കാര്യങ്ങാം അയാളോടുചെന്നുപറയാം. അതു എത്ര പ്രയാസകരമാണെന്നു് എനിക്കറിയാം.. പക്ഷേ ഇപ്രാവശ്യം ഞാൻ ഇക്കാര്യം അയാളെ പറഞ്ഞുമനസ്സിലാക്കും..

(മകൻ വെളിയിൽനിന്നും വരുന്നു. മുഖം വല്ലാതെ വാടിയിരിക്കുന്നു ഏതോ വലിയകാര്യം എങ്ങോ കേട്ടിട്ട വരികയാണെന്ന തോന്നും)

എന്താ അശോക്? നീ അവിടെനിന്നും ഇങ്ങുപോന്നതു് എന്താണു്?

(മകൻ അയാളുടെ നേരെ നോക്കാതെ മൂത്തമകളുടെ അടുത്തേക്കുപോകുന്നു.)

മകൻ—എണീക്കു ബിന്നി! അകത്തുനിന്നും വടി എടുത്തു ഇങ്ങുതരു.

മൂ. മകൾ—(എണീററുകൊണ്ടു്) വടിയോ! നിനക്കു എന്തിനാണു വടി?

മകൻ—ഡാഡിയെ സ്കൂട്ടർ റിക്ഷയിൽനിന്നു ഇറക്കിക്കൊണ്ടുവരാൻ. അദ്ദേഹത്തിന്റെ ശരീരസ്ഥിതി തീരെ മോശമാണു്.

മൂ. മകൾ—ഡാഡി തിരിച്ചുവന്നോ?

നാലാ—അപ്പോൾ. .അയാൾ അവസാനം വരികതന്നെ ചെയ്തു?

മകൻ—(അയാളുടെ നേരെ നോക്കിയിട്ടു് ക്ഷീണിച്ചസ്വരത്തിൽ) അതെ വന്നു.

(നാലാമന്റെ മുഖത്തു ദുഃഖത്തിന്റെ രേഖകൾ തെളിഞ്ഞു വരുന്നു. അയാൾ സ്ത്രീയെ നോക്കിയിട്ടു് തലകുനിക്കുന്നു. സ്ത്രീ ഒരു കസേരയിൽ ചാരി മിണ്ടാതെ നിൽക്കുന്നു. അവരുടെ ശരീരത്തു് ശ്വാസോച്ഛ്വാസത്തിന്റെ ചലനം മാത്രം.)

(മൂത്ത മകളോടു്) വേഗം വടി ഇങ്ങു് എടുക്കു്. കാരണം....

മൂ.മകൾ—(അകത്തുനിന്നും വാതിൽക്കലേക്കു് പോകുന്നു.) ഇപ്പോൾ തരാം

(പോയി വാതിൽക്കൽ മുട്ടുന്നു)

കിന്നീ! വേഗം വാതിൽ തുറക്കു്.

ഇ.മകൾ—(അകത്തുനിന്നും) വാതിൽ തുറക്കുകയില്ല.

മൂ.മകൾ—നിന്റെ തല തെറിച്ചുപോയിട്ടില്ലല്ലൊ? വേഗം തുറക്കാനാ പറഞ്ഞതു്.

ഇ.മകൾ - തല തെറിച്ചു പോകട്ടെ. വാതിൽ തുറക്കുകയില്ല.

മൂ.മകൾ—(ശക്തിയായി വാതിലിൽ ഇടിച്ചുകൊണ്ടു്) കിന്നീ!

(പെട്ടെന്നു കൈ നിന്നുപോകുന്നു. കാലു തെന്നിപ്പോയതുകൊണ്ടു് ആരോ വാതിലിൽ പിടിച്ചു വീഴാതെ നിൽക്കുന്നതുപോലെ ഒരു ശബ്ദം വെളിയിൽനിന്നും കേൾക്കുന്നു.)

നാലാ—(വാതിൽക്കലേക്കു വരുന്നു) ഇതാരാ ഉമ്മറപ്പടിയിൽ തെന്നി വീണതു്?

മൂ.മകൾ—(അയാളുടെ അങ്ങേപ്പുറത്തു ചെല്ലുന്നു.) ഡാഡിതന്നെയാവും. ഇറങ്ങിനടന്നു വന്നതാവും. (വാതിൽക്കൽനിന്നു ഇറങ്ങി) പതുക്കെ ഡാഡി, പതുക്കെ.... ...

നാലാ—(സ്ത്രീയെ ഒന്നു നോക്കിയിട്ട് വാതിൽക്കൽ നിന്നു ഇറങ്ങി) സൂക്ഷിച്ച് മഹേന്ദ്രനാഥ്.......സൂക്ഷിച്ച്....

(പ്രകാശം അകന്നുപോയി സ്ത്രീയിലും മൂത്ത മകളിലും മാത്രം കേന്ദ്രീകരിക്കുന്നു. സ്ത്രീ സ്ഥിരദൃഷ്ടിയോടെ പുറത്തേക്കു നോക്കിക്കൊണ്ട് പതുക്കെ കസേരയിൽ ഇരിക്കുന്നു. മൂത്തമകൾ അവരെ ഒന്നു നോക്കിയിട്ട് പിന്നെ പതുക്കെ പുറത്തേക്കു നോക്കുന്നു. നേരിയ ശോകസംഗീതം കേൾക്കുന്നു. അതോടൊപ്പം അവർ രണ്ടുപേരുടേയും ദേഹത്തു പ്രകാശം മങ്ങുന്നു. പെട്ടെന്നുമിക്കവാറും ഇരുട്ടിൽ മകൻെറ കൈ പിടിച്ചുകൊണ്ടു വരുന്ന ഒന്നാമൻെറ മങ്ങിയ രൂപം.)

മകൻ—(ഇടറിയ സ്വരത്തിൽ) നോക്കിയിട്ട് ഡാഡി...നോക്കിയിട്ട്...

(അവർ രണ്ടുപേരും മുമ്പോട്ടു നീങ്ങുന്നതോടൊപ്പം സംഗീതം കൂടുതൽ വ്യക്തവും ഇരുട്ടു കൂടുതൽ ഗാഢവും ആയിത്തീരുന്നു.)

ഹിന്ദിസാഹിത്യത്തിൽ വളരെയേറെ പ്രസിദ്ധി നേടിയിട്ടുള്ള രണ്ടു നാടകങ്ങളുടെ സമാഹാരമാണിതു്. ജഗദീശ്ചന്ദ്ര മാഥുറിന്റെ ആദ്യത്തെ രാജാവു്, വൈദികകാല ഭാരതത്തിന്റെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ടിരിക്കുന്നു. മോഹൻരാകേഷിന്റെ അർദ്ധം—അപൂർണ്ണം, ആധുനികജീവിതത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നു. പരീക്ഷണസ്വഭാവം ഈ രണ്ടു നാടകങ്ങളുടേയും സവിശേഷതയാകുന്നു.

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ



രൂപ 9.00

ആദാൻ
പ്രദാൻ

# ആദ്യത്തെ രാജാവ്
# അർദ്ധം-അപൂർണ്ണം

3786

ജഗദീശ്ചന്ദ്ര മാഥൂർ
മോഹൻ രാകേഷ്



Indic Digital Archive Foundation
gpura.org